بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

## ആമുഖം

സർവ സ്തുതിയും അല്ലാഹുവിനാകുന്നു. അവനെ നാം പ്രകീർത്തിക്കുന്നു, അവനോട് സഹായമഭ്യർത്ഥിക്കുന്നു, സന്മാർഗം തേടുന്നു, പാപമോചനം ചോദിക്കുന്നു. നമ്മുടെ മനസ്സുകളുടെ തിന്മകളിൽനിന്നും പ്രവർത്തനങ്ങളുടെ ദോഷങ്ങളിൽനിന്നും അവനോട് രക്ഷചോദിക്കുന്നു. അവൻ നേർമാർഗത്തിലാക്കുന്നവരെ വഴിപിഴപ്പിക്കാനാർക്കുമാകില്ല, അവൻ വഴിതെറ്റിക്കുന്നവരെ നേർമാർഗത്തിലാക്കാനുമാവില്ല. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്നും മുഹമ്മദ് (ﷺ) അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

﴿يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ﴾(١)

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്” (ആലുഇംറാൻ:102)

﴿يَاأَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا﴾ (٢)

---

(١) آل عمران: ١٠٢

(٢) النساء: ١

"മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും, അതിൽനിന്നു തന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾസൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു."(നിസാഅ്:1)

﴿يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَنْ يُطِعِ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا﴾ (١)

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക, അവൻ നിങ്ങളുടെ കർമ്മങ്ങൾ നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു." (അഹ്സാബ്:70, 71)

അല്ലാഹുവിനെ മാത്രം ആരാധിക്കാൻ അവൻ നമ്മോട് അനുശാസിക്കുകയും സൃഷ്ടിപ്പിന്റെ ലക്ഷ്യം അതാണെന്ന് ഉണർത്തുകയും ചെയ്തു. അല്ലാഹു പറഞ്ഞു:

﴿وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ﴾(٢)

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (ദാരിയാത് :56) ഓരോ

---

(١) الأحزاب: ٧٠،٧

(٢) الذاريات: ٥٦

പ്രവാചകനും തന്റെ സമുദായത്തോട് വിളിച്ചു പറഞ്ഞതും അതായിരുന്നു. അല്ലാഹു പറഞ്ഞു:

**﴿أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ﴾** (١)

"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന്" (നഹ്ൽ: 36)

**﴿اعْبُدُوا اللَّهَ مَا لَكُمْ مِنْ إِلَهٍ غَيْرُهُ أَفَلَا تَتَّقُونَ﴾** (٢)

"എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. നിങ്ങളെന്താണ് സൂക്ഷ്മത പുലർത്താത്തത്?" (അഅ്റാഫ്: 65)

ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ (റ) ഈ ആശയം ഇങ്ങനെ വിവരിക്കുന്നു: എല്ലാ അർത്ഥത്തിലും അല്ലാഹുവിനോടുള്ള അടിമത്തം യാഥാർത്ഥ്യമാക്കലാണ് യഥാർത്ഥമതം. അല്ലാഹുവിനോടുള്ള സമ്പൂർണമായ സ്നേഹപ്രകടനമാണത്. അടിമത്തത്തിന്റെ പൂർത്തീകരണമനുസരിച്ചു അടിമക്ക് രക്ഷിതാവിനോടുള്ള സ്നേഹം പൂർണമാകും. അപ്പോൾ രക്ഷിതാവിന് അടിമയോടുള്ള സ്നേഹവും പൂർണമാകും. അല്ലാഹുവിനു വേണ്ടിയുള്ളതല്ലാത്ത എല്ലാ സ്നേഹങ്ങളും നിരർത്ഥകമാണ്. അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടിയല്ലാതെയുള്ള കർമ്മങ്ങളും നിഷ്ഫലമത്രെ.[3]

ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചവർ എത്രയാണുള്ളത്!. അതിനാൽ തന്നെ നമസ്കാരം, സകാത്തു, നോമ്പു, ഹജ്ജു പോലുള്ള സുപ്രധാനമായ ആരാധനാ കർമ്മങ്ങൾ നിർവഹിക്കുന്നതിൽ പോലും ധാരാളം തെറ്റുകൾ നാം കണ്ടുകൊണ്ടിരിക്കുന്നു. സമൂഹ

---

(١) النحل: ٣٦

(٢) الأعراف: ٦٥

(٣) العبودية ص ٤١

ത്തിനു സത്യസന്ധമായ മാതൃക സ്വീകരിക്കാൻ സച്ചരിതരായ പൂർവികരുടെ മാർഗം മനസ്സിലാക്കുവാനും പരിശുദ്ധമായ ശ്രോതസ്സിലേക്ക് മടങ്ങുവാനും വിശ്വാസി സമൂഹം ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിശ്ചയിച്ചിട്ടുള്ള വിധത്തിൽ തന്നെ ശരിയായ ആരാധനാ കർമ്മങ്ങൾ നിർവഹിച്ചാൽ മാത്രമേ വിജയവും മോക്ഷവും കൈവരിക്കാനാകൂ. അല്ലാഹുവിന്റെ റസൂൽ (ﷺ) വരച്ചു കാണിച്ചു തന്ന രീതിയിൽ നിന്നും വിത്യസ്തമായുള്ള ആരാധനകളെല്ലാം നിഷ്ഫലവും തള്ളപ്പെടേണ്ടതുമാണ്. അവിടുന്ന് ഇങ്ങനെ അരുൾ ചെയ്തിരിക്കുന്നു: "നമ്മുടെ നിർദ്ദേശമില്ലാത്ത കർമങ്ങൾ ആരു ചെയ്താലും തള്ളപ്പെടേണ്ടതാണ്." [1] (മുസ്‌ലിം)

പക്ഷെ, അധികപേരും ഈ ആഹ്വാനം ഉൾകൊള്ളാതെ അതിന്റെ ആശയത്തെ വികലമാക്കിയിരിക്കുന്നു. അതിനാൽ ഇത്തരം ധാരണകൾ തിരുത്തേണ്ടതും പൊതുജനങ്ങൾക്ക് വ്യക്തമാകുംവിധം തെളിവുകൾ സഹിതം ഇസ്‌ലാം കാര്യങ്ങൾ ലളിതമായി വിവരിക്കേണ്ടതും അനിവാര്യമായിത്തീർന്നിരിക്കുന്നു. ഈ കൃത്യം എല്ലാവർക്കും ഉപകാരപ്പെടാൻ അല്ലാഹുവോട് ഞാൻ പ്രാർത്ഥിക്കുന്നു. അവന്റെ ഗ്രന്ഥത്തിൽ നിന്നും സന്മാർഗം സ്വീകരിക്കാനും തിരുദൂതരുടെ ചര്യയിൽ സഞ്ചരിക്കാനും നമ്മെയെല്ലാം നാഥൻ അനുഗ്രഹിക്കട്ടെ. (ആമീൻ)

അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് അത്വയ്യാർ
സുൽഫി, സഊദി അറേബ്യ.

---

(١) رواه مسلم في كتاب الأقضية، باب نقض الأحكام الباطلة ورد محدثات الأمور برقم (٤٤٩٣)

# ഭാഗം: ഒന്ന്

# *ഈമാൻ*

സത്യപ്പെടുത്തുക എന്നാണ് 'ഈമാൻ' എന്ന പദത്തിന്റെ ഭഷാർത്ഥം. ഹൃദയം കൊണ്ടുള്ള വിശ്വാസവും നാവുകൊണ്ടുള്ള ഉച്ചാരണവും അവയവങ്ങൾ കൊണ്ടുള്ള പ്രവർത്തനവുമാണ് ഈമാൻ എന്നതിന്റെ സാങ്കേതിക വിവക്ഷ.

﴿قَالَتِ الْأَعْرَابُ آمَنَّا قُلْ لَمْ تُؤْمِنُوا وَلَكِنْ قُولُوا أَسْلَمْنَا وَلَمَّا يَدْخُلِ الْإِيمَانُ فِي قُلُوبِكُمْ﴾ [١]

ഗ്രാമീണ അറബികൾ പറയുന്നു; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. നീ പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ ഞങ്ങൾ കീഴ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞു കൊള്ളുക. വിശ്വാസം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞിട്ടില്ല. (ഹുജറാത്ത്: 14) നബി (ﷺ) പറഞ്ഞു:

الإِيمَان أَنْ تُؤْمِنَ بِاللهِ، وَمَلَائِكَتِهِ، وَكُتُبِهِ، وَرُسُلِهِ، وَالْيَوْمِ الْآخِرِ، وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ [٢]

അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ പ്രവാചകന്മാരിലും അന്ത്യദിനത്തിലും നന്മതിന്മകൾ അല്ലാഹുവിന്റെ വിധിവ്യവസ്ഥ അനുസരിച്ചാണുണ്ടാകുന്നത് എന്നും വിശ്വസിക്കലാണ് ഈമാൻ. (മുസ്‌ലിം) ഇമാം ഹസൻ ബസ്വരി (റ) പറയുന്നു:

لَيْسَ الإِيمَانُ بِالتَّمَنِّي، وَلا بِالتَّحَلِّي، لَكِنْ مَا وَقَرَ فِي الْقَلْبِ، وَصَدَّقَهُ الْعَمَلُ

ഹൃദയത്തിൽ രൂഢമായതും പ്രവർത്തനം സത്യപെടുത്തുന്നതുമാണ് ഈമാൻ. അല്ലാതെ വ്യാമോഹങ്ങൾ കൊണ്ടോ ഉടയാടകൾകൊണ്ടോ ഉണ്ടാകുന്നതല്ല.

---

(١) سورة الحجرات: الآية ١٤

(٢) رواه مسلم في كتاب الإيمان ، بابمعرفةالإيمانوالإسلاموالقدروعلامةالساعة (٨)

'ഇസ്ലാമും' 'ഈമാനും' ഒരുമിച്ചു പറയപ്പെടുമ്പോൾ ബാഹ്യകർമ്മങ്ങളെ 'ഇസ്ലാം' എന്നും ആന്തരിക കർമ്മങ്ങളെ 'ഈമാൻ' എന്നും വിവക്ഷിക്കുന്നു. 'ഇസ്ലാം' എന്നോ 'ഈമാൻ' എന്നോ ഒരുമിച്ചല്ലാതെ വെവ്വേറെ പ്രയോഗിക്കുമ്പോൾ മതത്തെ - വിശ്വാസവും കർമ്മവും - മുഴുവനായും ഉദ്ദേശിക്കപ്പെടുന്നു. രണ്ടും ഒരുമിച്ചു പറയപ്പെടുമ്പോൾ വെവ്വേറെ ഉദ്ദേശം കൽപിക്കപ്പെടുന്നതും രണ്ടും വേർപ്പെടുത്തി പറയപ്പെടുമ്പോൾ ഒരേ ഉദ്ദേശം തന്നെ രണ്ടിനും കൽപിക്കപ്പെടുകയും ചെയ്യുന്ന പദങ്ങളാണ് അവ. (അല്ലാഹു ഏറ്റവും അറിയുന്നവനാണ്).

## ഈമാനിന്റെ അടിത്തറകൾ:

അല്ലാഹു ഖുർആനിലും പ്രവാചകൻ (ﷺ) സുന്നത്തിലും വിശദീകരിച്ചതനുസരിച്ചു വിശ്വാസത്തിന്റെ അടിത്തറകൾ ആറു കാര്യങ്ങളാണ്:

﴿لَيْسَ الْبِرَّ أَنْ تُوَلُّوا وُجُوهَكُمْ قِبَلَ الْمَشْرِقِ وَالْمَغْرِبِ وَلَكِنَّ الْبِرَّ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَالْمَلَائِكَةِ وَالْكِتَابِ وَالنَّبِيِّينَ﴾ [1]

നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകൻമാരിലും വിശ്വസിക്കുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാൻമാർ. (ബഖറ:177)

ഈ പരിശുദ്ധ വചനം ഇസ്ലാമിന്റെ അഞ്ച് അടിത്തറകൾ ഉൾക്കൊള്ളുന്നു.

1. അല്ലാഹുവിലുള്ള വിശ്വാസം

(1) سورة البقرة: الآية ١٧٧

2. അന്ത്യദിനത്തിലുള്ള വിശ്വാസം
3. മലക്കുകളിലുള്ള വിശ്വാസം
4. വേദഗ്രന്ഥത്തിലുള്ള വിശ്വാസം
5. ദൈവദൂതന്മാരിലുള്ള വിശ്വാസം

ശേഷിക്കുന്നത് ഖദ്റിലുള്ളവിശ്വാസമാണ്. അതിനെക്കുറിച്ച് മറ്റൊരു വചനത്തിൽ ഇങ്ങനെ കാണാം

﴿ إِنَّا كُلَّ شَيْءٍ خَلَقْنَاهُ بِقَدَرٍ ﴾ سورة القمر 49

തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു. (ഖമർ: 49)

സുന്നത്തിൽ ഈ വിഷയത്തിലുള്ള ഹദീസുകൾ നിരവധിയാണ്. ഇസ്‌ലാമും ഈമാനും ഇഹ്സാനും വിവരിക്കുന്നതിൽ അടിസ്ഥാനമായിട്ടുള്ള ഒരു ഹദീസു മാത്രം ഇവിടെ ഉദ്ധരിക്കട്ടെ. ജിബ്രീലിന്റെ ഹദീസ് എന്ന് അറിയപ്പെടുന്നതാണത്. അതിൽ ഇങ്ങനെ കാണാം : ആഗതൻ നബി (ﷺ) യോടു ചോദിച്ചു: ഈമാനിനെ കുറിച്ചു പറഞ്ഞു തരൂ! അപ്പോൾ നബി (ﷺ) പറഞ്ഞു: 'ഈമാൻ എന്നാൽ നീ അല്ലാഹുവിലും അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും, അന്ത്യദിനത്തിലും, നന്മ തിന്മകൾ അല്ലഹുവിന്റെ വിധിവ്യവസ്ഥ പ്രകാരം ആണെന്നും വിശ്വസിക്കലാണ്.' ഈമാനിന്റെ ഈ ആറ് റുക്നുകളെകുറിച്ചു അൽപം വിശദമായി നമുക്കു വിശദീകരിക്കാം.

## ***ഒന്ന്: അല്ലാഹുവിലുള്ള വിശ്വാസം***

ഈ പ്രപഞ്ചത്തിന് സൃഷ്ടാവും സംരക്ഷകനും ആരാധ്യനുമായ ഏകനായ ഒരു സൃഷ്ടാവുണ്ട്. അവന്റെ കൽപനകളും നിർദ്ദേശങ്ങളും സർവാത്മനാ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യണം എന്നതാണ് 'അല്ലാഹുവിലുള്ള വിശ്വാസം'

എന്നതിന്റെ വിവക്ഷ. ഈ അർഥത്തിൽ അല്ലാഹുവിലുള്ള വിശ്വാസം താഴെ പറയുന്ന കാര്യങ്ങൾ ഉൾകൊള്ളുന്നു.

### ഒന്ന്: അല്ലാഹുവിന്റെ അസ്തിത്വത്തിലുള്ള വിശ്വാസം

അല്ലാഹുവിന്റെ അസ്തിത്വത്തെ അറിയിക്കുന്ന നാലു കാര്യങ്ങളാണ്:

1) ബുദ്ധി 2) ജ്ഞാനേന്ദ്രിയങ്ങൾ 3) പ്രകൃതി 4) മതം.

### 1. ബുദ്ധിയുടെ തെളിവ്

ഈ പ്രപഞ്ചത്തിലുള്ള മുഴുവൻ പ്രതിഭാസങ്ങളും സൂക്ഷ്മവും സ്ഥൂലവുമായ മുഴുവൻ വസ്തുക്കളും ദൈവാസ്തിത്വത്തെ കുറിക്കുന്ന ബുദ്ധിപരമായ തെളിവുകളാണ്. വാനലോകത്തേയും ഭൗമലോകത്തേയുമെല്ലാം സംവിധാനിച്ചു നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന ഒരു സംവിധായകൻ തീർച്ചയായും അനിവാര്യമാണ്. അതില്ലാതെ ഈ ലോകങ്ങളെല്ലാം സ്വയം നിലവിൽ വരിക എന്നത് തീർത്തും അസംഭവ്യമായ കാര്യമാണ്. അല്ലാഹു പറഞ്ഞു:

﴿أَمْ خُلِقُوا مِنْ غَيْرِ شَيْءٍ أَمْ هُمُ الْخَالِقُونَ * أَمْ خَلَقُوا السَّمَاوَاتِ وَالْأَرْضَ بَلْ لَا يُوقِنُونَ﴾ (١)

"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല." (ത്വൂർ:35,36)

സ്വഹാബിയായ ജുബൈർ ബിൻ മുത്ഇം (റ) ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് തന്നെ ഈ വചനം അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്വാധീനിച്ചിരുന്നു എന്ന് അദ്ദേഹം ഇങ്ങനെ വ്യക്തമാക്കുന്നു: "എന്റെ ഹൃദയം അതിന്റെ പിന്നാലെ പറക്കുന്നപോലെ

(١) سورة الطور: الآيتان ٣٥، ٣٦

യായി". ആകാശഭൂമികളിലെ സൃഷ്ടികളിലുള്ള പ്രകടമായ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ടു അവയെ മനസ്സിലാക്കുക വഴി തന്നെ അറിയാൻ അടിയാറുകളോടു അല്ലാഹു ധാരാളമായി ആവശ്യപ്പെടുന്നുണ്ട്. അല്ലാഹു പറഞ്ഞു:

﴿وَفِي الْأَرْضِ آيَاتٌ لِلْمُوقِنِينَ﴾ [1]

"ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് " അതായതു, നിങ്ങൾ ഈ ഭൂമിയിൽ കണ്ണോടിച്ചു നോക്കി സൃഷ്ടാവായ അല്ലാഹുവിന്റെ സൃഷ്ടി വൈഭവവും മഹത്ത്വവും മനസ്സിലാക്കുവിൻ എന്നർത്ഥം.

**2. ജ്ഞാനേന്ദ്രിയങ്ങളുടെ തെളിവ്:**

മനുഷ്യൻ തന്റെ ജീവിതത്തിൽ പലവിധ ആവശ്യങ്ങൾക്കും വേണ്ടി തന്റെ രക്ഷിതാവിനെ വിളിച്ച് പ്രാർത്ഥിക്കുന്നു. താൻ ഉദ്ദേശിച്ച കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കേണ്ട താമസം ഉടനെ അവന് ഉത്തരം ലഭിക്കുന്നതായി അവൻ കൺമുന്നിൽ കാണുന്നു. ഇതു അല്ലാഹുവിന്റെ അസ്തിത്വത്തെ അറിയിക്കുന്നില്ലേ? ദൈവവനിഷേധികളും അവിശ്വാസികളുമെല്ലാം ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നു. ഒരു പണ്ഡിതൻ എന്നോടു പറഞ്ഞുതന്ന ഒരു സംഭവം ഞാനോർക്കുന്നു. അദ്ദേഹം പറഞ്ഞു: ഞങ്ങൾ ഒരു നാട് സന്ദർശിക്കാനുള്ള യാത്രക്കായി വിമാനം കയറി, ആ യാത്രയിൽ വിമാനത്തിന് എന്തോ തകരാറ് സംഭവിച്ചു, തങ്ങളെല്ലാം നശിക്കുവാൻ പോവുകയാണെന്ന് യാത്രക്കാർ മനസ്സിലാക്കി. ഞാൻ എന്റെ മുസ്ഹഫ് എടുത്ത് ഖുർആൻ ഓതാൻ തുടങ്ങി. അപ്പോൾ നിരീശ്വരവാദിയായ ഒരാൾ എന്റെ അടുത്തു വന്ന് 'ഈ ഖുർആൻ പാരായണം വർദ്ധിപ്പിക്കൂ' എന്ന് ഉച്ചത്തിൽ പറഞ്ഞു. അൽപം കൂടി എന്റെ

[1] سورة الذاريات: الآية ٢٠

അടുത്തേക്കു നിന്ന് അദ്ദേഹം തുടർന്നു: "നിങ്ങൾ ഉച്ചത്തിൽ പാരായണം ചെയ്താലും, അല്ലാഹു നമ്മെ രക്ഷിച്ചേക്കാം!" ആ ഭയാനകമായ അപകടത്തിൽ നിന്നും അല്ലാഹു ഞങ്ങളെ രക്ഷിച്ചു, അല്ലാഹുവിന് സ്തുതി!.

ഈ നിരീശ്വരവാദിയുടെ പ്രവർത്തനത്തിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇതേ കാര്യം തന്നെ പണ്ടുണ്ടായിരുന്ന ബഹുദൈവ വിശ്വാസികളും ചെയ്തിരുന്നതായി അല്ലാഹു ഖുർആനിലൂടെ ഇങ്ങനെ അറിയിക്കുന്നു:

﴿فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ﴾ سورة العنكبوت: الآية 65

"എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കി കൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കും. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്കുചേർക്കുന്നു." (അൻകബൂത്: 65)

ഇതെല്ലാം അല്ലാഹുവിന്റെ അസ്തിത്വത്തിലേക്കുള്ള വ്യക്തമായ തെളിവുകളാണ്.

### 3. മനുഷ്യ പ്രകൃതിയുടെ തെളിവ്

ശുദ്ധപ്രകൃതിയിൽ നിന്ന് വ്യതിയാനം സംഭവിച്ചിട്ടില്ലാത്ത അധിക മനുഷ്യരും അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവരാണ്. മിണ്ടാപ്രാണികളായ മൃഗങ്ങൾ വരെ അല്ലാഹുവിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും വിശ്വസിക്കുന്നവരാണ് എന്നതാണ് യാഥാർത്ഥ്യം. അല്ലാഹു പറഞ്ഞു:

﴿وَإِذْ أَخَذَ رَبُّكَ مِنْ بَنِي آدَمَ مِنْ ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَى أَنْفُسِهِمْ أَلَسْتُ بِرَبِّكُمْ قَالُوا بَلَى شَهِدْنَا أَنْ تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَذَا غَافِلِينَ * أَوْ تَقُولُوا إِنَّمَا أَشْرَكَ آبَاؤُنَا مِنْ قَبْلُ وَكُنَّا ذُرِّيَّةً مِنْ بَعْدِهِمْ أَفَتُهْلِكُنَا بِمَا فَعَلَ الْمُبْطِلُونَ﴾الأعراف ١٧١-١٧٢

നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക). (അവൻ ചോദിച്ചു: ) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വാഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു എന്ന് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്). അല്ലെങ്കിൽ മുമ്പ് തന്നെ ഞങ്ങളുടെപൂർവ്വപിതാക്കൾ അല്ലാഹുവോട് പങ്കുചേർത്തിരുന്നു. ഞങ്ങൾ അവർക്കു ശേഷം സന്തതി പരമ്പരകളായി വന്നവർ മാത്രമാണ്. എന്നിരിക്കെ ആ അസത്യവാദികൾ പ്രവർത്തിച്ചതിന്റെ പേരിൽ നീ ഞങ്ങളെ നശിപ്പിക്കുകയാണോ എന്ന് നിങ്ങൾ പറഞ്ഞേക്കും എന്നതിനാൽ. (അഅ്റാഫ്: 172,173) അല്ലാഹുവിന്റെ അസ്തിത്വത്തിന് സാക്ഷ്യം വഹിച്ചാണ് മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നത് എന്ന് ഈ പരിശുദ്ധ വചനം തെളിയിക്കുന്നു.

**4. മതതത്വങ്ങളുടെ തെളിവ്**

സർവ സൃഷ്ടികൾക്കും നന്മകൾ നേടിത്തരുന്ന ദൈവീക ദർശനങ്ങളുമായാണ് ദൈവദൂതന്മാർ കടന്നുവന്നത്. സർവ്വലോകരക്ഷിതാവായ അല്ലാഹുവാണ് ആ ദർശനങ്ങൾ അവതരിപ്പിച്ചത് എന്നത് ഇവിടെ വ്യക്തമാവുകയാണ്. പ്രത്യേകിച്ചും മനുഷ്യകുലത്തിന്നാകമാനം ദൃഷ്ടാന്തമായിട്ടുള്ള വിശുദ്ധ ഖുർആൻ പോലുള്ളൊരു ഗ്രന്ഥം കൊണ്ടുവരാൻ മനുഷ്യർ അശക്തരാണ്.

അല്ലാഹുവിന്റെ മഹാ അസ്തിത്വം തെളിയിക്കുന്ന ധാരാളം കാര്യങ്ങൾ നമുക്കിവിടെ കാണാൻ കഴിയും. ജന്തുജാലങ്ങൾ മുഴുക്കെയും, ഉയർന്ന് നിൽക്കുന്ന പർവതങ്ങളും താഴ്ന്ന് കിടക്കുന്ന താഴ്വരകളും നദികളും സമുദ്രങ്ങളും, മനുഷ്യ

ലോകത്തുള്ള വർണ - ഭാഷാ വൈവിധ്യവും, ബുദ്ധിയിലും ഗ്രാഹ്യശേഷിയിലും ചലനങ്ങളിലും സന്തോഷത്തിലും സന്താപത്തിലുമുള്ള ഏറ്റവ്യത്യാസങ്ങളും, മനുഷ്യ ശരീരത്തിലെ ഓരോ അവയവവും ഏറ്റവും അനുയോജ്യമായ യഥാസ്ഥാനത്തു ഘടിപ്പിച്ചതുമെല്ലാം അല്ലാഹുവിന്റെ അതുല്ല്യമായ അസ്തിത്വത്തിന് തെളിവാണ്. അല്ലാഹു പറഞ്ഞു:

﴿وَفِي أَنْفُسِكُمْ أَفَلَا تُبْصِرُونَ﴾ (١)

"നിങ്ങളിൽ തന്നെയും (പല ദൃഷ്ടാന്തങ്ങളുണ്ട്) എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലെ ?" (ദാരിയാത്ത്: 21 )

അല്ലാഹുവിന്റെ ആസ്തിക്യത്തെ കുറിച്ചു ചോദിച്ചപ്പോൾ ഒരു അഅ്റാബി നൽകിയ മറുപടി എത്ര സുന്ദരമാണ് : "ആശ്ചര്യം, സുബ്ഹാനല്ലാഹ്! ഒട്ടകക്കാഷ്ഠം ഒട്ടകത്തിന്റെയും കാലടിപ്പാടുകൾ സഞ്ചാരിയുടെയും സാന്നിധ്യം അറിയിക്കുന്നുവല്ലോ. അനേകം നക്ഷത്രമണ്ഡലങ്ങളുള്ള ആകാശവും മലയിടുക്കുകൾ നിറഞ്ഞ ഭൂമിയും തിരമാലകൾ തിങ്ങിയ സമുദ്രവും സൂക്ഷ്മജ്ഞാനിയും അഗാധജ്ഞനുമായ അല്ലാഹുവിന്റെ സാന്നിധ്യം അറിയിക്കുന്നില്ലേ?".

## രണ്ട്: ആരാധ്യതയിലുള്ള (ഉലൂഹിയ്യത്ത്) വിശ്വാസം

അല്ലാഹു മാത്രമാണ് ഏകനായ യഥാർഥ ആരാധ്യൻ. അവന് യാതൊരു പങ്കുകാരുമില്ല, അവനു പുറമെ ആരാധിക്കപ്പെടുന്നവയെല്ലാം വ്യാജ ആരാധ്യ വസ്തുക്കളാണ് എന്ന് നാം ഹൃദയത്തിലുറപ്പിക്കുകയും നാവുകൊണ്ട് ഉച്ചരിക്കുകയും ചെയ്യുക. അല്ലാഹു പറഞ്ഞു:

﴿ ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِنْ دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ﴾ (١)

---

(١) سورة الذاريات: الآية ٢١

"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ". (ഹജ്ജ്:62) ആരാധ്യതയിൽ അല്ലാഹു ഏകനാണ് എന്ന വിശ്വാസത്തിന്റെ തേട്ടമാണ് അല്ലാഹുവിന്നല്ലാതെ ആരാധനയുടെ ഒരു അംശവും അർപ്പിക്കാതിരിക്കുക എന്നത്. ആരാധനക്കർഹനായ യഥാർത്ഥ ആരാധ്യൻ അല്ലാഹു മാത്രമാണ്. അതിനാൽ ഹൃദയം കൊണ്ടോ നാവു കൊണ്ടോ അവയവങ്ങൾ കൊണ്ടോ ചെയ്യുന്ന എല്ലാ ഇബാദത്തുകളും അവന്റെ മുമ്പിൽ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാഹു പറഞ്ഞു:

﴿ يَاأَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ﴾ (٢)

"ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്" (ബഖറ: 24)

﴿وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا﴾ (٣)

"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുവിൻ" (നിസാഅ്:36)

﴿وَقَضَى رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ﴾ (٤)

തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. (ഇസ്രാഅ് :23) നബി (ﷺ) പറഞ്ഞതു കാണുക:

---

(١) سورة الحج: الآية ٦٢

(٢) سورة البقرة: الآية ٢١

(٣) سورة النساء: الآية ٣٦

(٤) سورة الإسراء: الآية ٢٣

قَالَ اللهُ تَبَارَكَ وَتَعَالَى: أَنَا أَغْنَى الشُّرَكَاءِ عَنِ الشِّرْكِ، مَنْ عَمِلَ عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي، تَرَكْتُهُ وَشِرْكَهُ " [١]

ഉന്നതനും അനുഗ്രഹപൂർണനുമായ അല്ലാഹു പറഞ്ഞു: "പങ്ക് ചേർക്കുന്നവരുടെ ശിർക്കിൽ നിന്നും ഞാൻ ധന്യനാണ്. വല്ലവനും ഒരു കർമ്മം ചെയ്യുമ്പോൾ എനിക്കു പുറമേ മറ്റുള്ളവരെ അതിൽ പങ്കുചേർക്കുന്നതായാൽ അവനേയും ആ ശിർക്കിനേയും ഞാൻ തള്ളിക്കളയുന്നതാണ്." (മുസ്‌ലിം)

അതിനാൽ നമസ്കാരം, സകാത്ത്, ഹജ്ജ്, ബലിദാനം, നേർച്ച, പ്രാർഥന, സഹായാർഥന, വണക്കം, താഴ്മ, ഭയം.. തുടങ്ങി ആരാധനകളുടെ മുഴുവൻ ഇനങ്ങളും അല്ലാഹുവിന് മാത്രമാക്കുക എന്നത് ഒരു വിശ്വാസിയുടെ മേൽ നിർബന്ധമാണ്. അല്ലാഹു അല്ലാത്തവരിലേക്ക് അതു തിരിച്ചുവിട്ടാൽ മഹാപാപമായ ശിർക്കായിത്തീരുന്നു.

## മൂന്ന്: നാമവിശേഷണങ്ങളിലുള്ള വിശ്വാസം

അല്ലാഹു ഖുർആനിലോ പ്രവാചക തിരുമേനി സുന്നത്തിലോ അല്ലാഹുവിന് സ്ഥിരീകരിച്ചിട്ടുള്ള നാമ വിശേഷണങ്ങൾ അവന്റെ മഹത്വത്തിനു യോജിച്ച വിധം യാതൊരു മാറ്റത്തിരുത്തലോ, നിഷേധമോ, രൂപപെടുത്തലോ, ഉപമിക്കലോ കൂടാതെ സ്ഥിരപ്പെടുത്തുക എന്നതാണ് അല്ലാഹുവിന്റെ നാമവിശേഷണങ്ങളിലുള്ള വിശ്വാസം എന്നതിന്റെ ഉദ്ദേശം.

﴿ وَلِلَّهِ الْأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا ﴾ [٢]

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക" (അഅ്റാഫ്: 180)

---

(١) رواه مسلم في كتاب الزهد، باب من أشرك في عمله غير الله (٢٢٩٨)

(٢) سورة الأعراف: الآية ١٨٠

അല്ലാഹുവിന്റെ നാമവിശേഷണങ്ങളുടെ മഹത്വം മനസ്സിലാക്കി അതു മുഖേന അല്ലാഹുവെ ആരാധിക്കേണ്ടതു ഓരോവിശ്വാസി യുടേയും ബാധ്യതയാണ്. ഈ നാമങ്ങളിലുള്ള വിശ്വാസം അടിമയുടെ മനസ്സിൽ തന്റെ ആരാധ്യനോടുള്ള സ്നേഹവും ഭയവും പ്രതീക്ഷകളും അങ്കുരിപ്പിക്കുന്നു.

## അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ സൽഫലങ്ങൾ

അല്ലാഹുവിലുള്ള വിശ്വാസത്തിന് മഹത്തായ സൽഫലങ്ങളുണ്ട്. അവയിൽ ചിലത്:

1) ഒരു സൃഷ്ടിയേയും ആശ്രയിക്കേണ്ടതില്ലാത്ത വിധം ഏകദൈവവിശ്വാസം സാക്ഷാൽകൃതമാകുന്നു.

2) അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളുടേയും ഉന്നത ഗുണങ്ങ ളുടേയും തേട്ടമനുസരിച്ച് അവനോടു പരിപൂർണ്ണ സ്നേഹവും ബഹുമാനവും ഉളവാകുന്നു.

3) അല്ലാഹു കൽപിച്ചത് അനുസരിച്ചും വിരോധിച്ചതു ഒഴിവാക്കിയും അവനെ യഥാവിധി ആരാധിക്കാൻ കഴിയുന്നു.

4) സൃഷ്ടികളുടെ അടിമത്ത്വത്തിൽ നിന്നും - അവരെ ആശ്രയിക്കുക, ഭയപ്പെടുക, അഭിലഷിക്കുക, അവർക്ക് വേണ്ടി കർമ്മങ്ങൾ അനുഷ്ടിക്കുക - മനുഷ്യനെ മോചിപ്പിച്ചു അഭിമാന ബോധം നൽകുന്നു.

## *രണ്ട്: മലക്കുകളിലുള്ള വിശ്വാസം*

### ആരാണ് മലക്കുകൾ ?

പ്രകാശത്തിൽ നിന്നും അല്ലാഹു സൃഷ്ടിച്ച അഭൗതിക സൃഷ്ടികളാണ് മലക്കുകൾ. സദാസമയവും അല്ലാഹുവിനോടുള്ള അനുസരണത്തിലും താഴ്മയിലും കഴിയുന്നവരാണവർ. അവർക്കെല്ലാം അല്ലാഹു പ്രത്യേകം നിശ്ചയിച്ചുകൊടുത്ത ജോലികളുണ്ട്. ജിബ്‌രീൽ (عليه السلام) വഹ്‌യ് എത്തിച്ചു കൊടുക്കാൻ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. അർശ് വാഹകരിൽ ഒരാളും കാഹളത്തിൽ ഊതാൻ ഏൽപ്പിക്കപ്പെടുകയും ചെയ്ത മലക്കാണ് ഇസ്‌റാഫീൽ (عليه السلام). മീകാഈൽ (عليه السلام) മഴവർഷിപ്പിക്കാനും സസ്യങ്ങളെയും ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. മലകുൽ മൗതിനെയും സഹായികളെയും മനുഷ്യരുടെയും മറ്റും ആത്മാവുകളെ പിടിച്ചെടുക്കാൻ ഏൽപ്പിക്കപ്പെട്ടിട്ടുണ്ട്. നാം അറിയുന്ന പല ജോലികളിലും വകുപ്പുകളിലുമായി ഏൽപ്പിക്കപ്പെട്ടവർ വേറെയും ഉണ്ട്.

### മലക്കുകളിൽ വിശ്വസിക്കേണ്ടതു എങ്ങിനെ?

1) നമുക്ക് ദൃശ്യമല്ലാത്ത അദൃശ്യസൃഷ്ടി ലോകമാണ് മലക്കുകളുടേത്. ചിലപ്പോൾ അവർ ദൃശ്യമായേക്കാം. എന്നാൽ ദൃശ്യമാകില്ല എന്നതാണ് അവരുടെ കാര്യത്തിലെ അടിസ്ഥാന തത്വം. പ്രകാശത്താൽ പടക്കപ്പെട്ടവരാണവർ. സമ്പൂർണ്ണമായി അല്ലാഹുവിന് കീഴ്പ്പെട്ടു കഴിയുന്നവരുമാണവർ. അല്ലാഹു പറഞ്ഞു:

﴿لَا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ﴾[١]

“അല്ലാഹു അവരോട് കൽപിച്ചകാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപ്പിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും.” (തഹ്‌രീം: 6)

(١) سورة التحريم: الآية ٦

2) അവരിൽ നിന്ന് പേരുകളും ജോലികളും വകുപ്പുകളും അറിയപ്പെട്ടവരിൽ അങ്ങിനെ തന്നെ വിശ്വസിക്കണം.

**മലക്കുകളിലുള്ള വിശ്വാസത്തിന്റെ സൽഫലങ്ങൾ**

1) അല്ലാഹുവിന്റെ മഹത്വവും ശക്തിയും അധികാരവും തിരിച്ചറിയുന്നു.

2) മനുഷ്യരുടെ കാവൽക്കാരായി മലക്കുകളെ നിശ്ചയിച്ച് അല്ലാഹു മനുഷ്യരെ ശ്രദ്ധിക്കുന്നതിന് നന്ദി കാണിക്കുക.

3) അല്ലാഹുവിനെ യഥാവിധി ആരാധിച്ചു നിലകൊള്ളുന്ന മലക്കുകളെ സ്നേഹിക്കുക.

## ***മൂന്ന്: വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം***

സത്യവും നേർവഴിയും വിവരിച്ചുകൊണ്ട് അല്ലാഹുവിൽ നിന്നും അവതീർണ്ണമായതാണ് വേദഗ്രന്ഥങ്ങളെന്നും അവയെല്ലാം അല്ലാഹുവിന്റെ വചനങ്ങൾ തന്നെയാണെന്നും ഉറപ്പിച്ചു സത്യപ്പെടുത്തുക എന്നതാണ് വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം എന്നതുകൊണ്ടു വിവക്ഷിക്കുന്നത്.

**വേദ ഗ്രന്ഥങ്ങളിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നത്:**

1) അവയുടെ അവതരണം സത്യമായും അല്ലാഹുവിൽ നിന്ന് തന്നെയാണെന്ന് വിശ്വസിക്കുക.

2) അവയിൽ നിന്നും പേരുകൾ അറിയപ്പെട്ടത് അതനുസരിച്ചും അല്ലാത്തവ മൊത്തത്തിലും വിശ്വസിക്കുക. ഖുർആൻ മുഹമ്മദ് നബി (ﷺ) ക്കും തൗറാത്തു മൂസാനബി (عليه السلام) ക്കും ഇഞ്ചീൽ ഈസാ നബി (عليه السلام) ക്കും സബൂർ ദാവൂദ് നബി (عليه السلام) ക്കും അവതരിക്കപ്പെട്ടതാണെന്ന് അറിയപ്പെട്ടതാണ്.

3) ഖുർആനിലെയും, പൂർവവേദങ്ങളിലെ മാറ്റത്തിരുത്തലുകൾ സംഭവിച്ചിട്ടില്ലാത്ത സ്ഥിരപ്പെട്ട പ്രവചനങ്ങളെയും സത്യപ്പെടുത്തുക.

4) അവയിൽ നിന്നും കാലഹരണപെട്ടിട്ടില്ലാത്ത നിയമങ്ങൾ പ്രാവർത്തികമാക്കുകയും സർവാത്മനാ അംഗീകരിച്ചു തൃപ്തിപ്പെടുകയും ചെയ്യുക. ഖുർആനിന്റെ അവതരണത്തോടെ മുൻവേദങ്ങളുടെ നിയമങ്ങൽ ദുർബലമായിരിക്കുന്നു.

അല്ലാഹു പറഞ്ഞു:

﴿وَأَنْزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ﴾ (١)

"(നബിയേ) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്." (മാഇദ;48)

ഖുർആനിൽ സ്ഥിരപ്പെട്ടതോ ഖുർആൻ അംഗീകരിച്ചതോ ആയ നിയമങ്ങളല്ലാതെ പ്രാവർത്തികമാക്കാൻപാടില്ല എന്നർത്ഥം.

***വേദ ഗ്രന്ഥങ്ങളിലുളള വിശ്വാസത്തിന്റെ സൽഫലങ്ങൾ:***

1) ഓരോ സമുദായത്തിനും നേർവഴികാണിക്കാൻ പ്രത്യേകം വേദഗ്രന്ഥം ഇറക്കുക വഴി അല്ലാഹു സൃഷ്ടികളെ വളരെയധികം ഗൗനിക്കുന്നു എന്നു മനസ്സിലാക്കാം.

2) ഓരോ സമൂഹത്തിന്റെയും സാഹചര്യങ്ങളനുസരിച്ചു നിയമങ്ങൾ ആവിഷ്കരിക്കാനുള്ള അല്ലാഹുവിന്റെ അഗാധ ജ്ഞാനം തിരിച്ചറിയുക.

അല്ലാഹു പറഞ്ഞു:

﴿لِكُلٍّ جَعَلْنَا مِنْكُمْ شِرْعَةً وَمِنْهَاجًا﴾(١)

---

(١) سورة المائدة: الآية ٤٨

"നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു." (മാഇദ;48)

3) വേദഗ്രന്ഥങ്ങളിറക്കി അനുഗ്രഹിച്ച അല്ലാഹുവോട് നന്ദി ചെയ്യുക.

## നാല്: പ്രവാചകന്മാരിലുള്ള വിശ്വാസം

**ആരാണ് പ്രവാചകന്മാർ?**

തനിക്കും തന്റെ സൃഷ്ടികൾക്കുമിടയിൽ മധ്യവർത്തികളാകാൻ അല്ലാഹു തിരഞ്ഞെടുത്ത പ്രത്യേക വിഭാഗമാണ് മുർസലുകൾ അഥവാ പ്രവാചകൻമാർ. അവർക്ക് വഹ്യ് നൽകി സൃഷ്ടികളോടുള്ള കൽപനാ നിർദ്ദേശങ്ങളും നിയമങ്ങളും അവർ മുഖേന അല്ലാഹു എത്തിച്ചുകൊടുക്കുന്നു. അവരിൽ ആദ്യത്തെ ദൂതൻ നൂഹ് നബിയും അവസാനത്തെയാൾ മുഹമ്മദ് നബിയും (ﷺ) ആണ്.

﴿مَا كَانَ مُحَمَّدٌ أَبَا أَحَدٍ مِنْ رِجَالِكُمْ وَلَكِنْ رَسُولَ اللَّهِ وَخَاتَمَ النَّبِيِّينَ﴾ (٢)

"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു." (അഹ്സാബ്: 40)

ദൈവദൂതന്മാരെല്ലാം തന്നെ അല്ലാഹുവിന്റെ സൃഷ്ടികളും മനുഷ്യരുമാണ്. അവർക്ക് ദൈവീകമായ പ്രത്യേകതയോ ഗുണങ്ങളോ ഇല്ല. അതിനാൽ അവരെ വിളിച്ചു പ്രാർഥിക്കുക, വിപൽ ഘട്ടങ്ങളിൽ സഹായം തേടുക, നേർച്ചകളും ബലികളും സമർപ്പിക്കുക തുടങ്ങിയ ഇബാദത്തിന്റെ ഒരു അംശവും

---

(١) سورة المائدة: الآية ٤٨

(٢) سورة الأحزاب: الآية ٤٠

അവരിലേക്ക് തിരിച്ചുവിടാൻ പാടില്ല. നബിയോടു അല്ലാഹു പറയുന്നു:

﴿قُلْ لَا أَمْلِكُ لِنَفْسِي نَفْعًا وَلَا ضَرًّا إِلَّا مَا شَاءَ اللَّهُ وَلَوْ كُنْتُ أَعْلَمُ الْغَيْبَ لَاسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ إِنْ أَنَا إِلَّا نَذِيرٌ وَبَشِيرٌ لِقَوْمٍ يُؤْمِنُونَ﴾[1]

"(നബിയേ), പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിൻമ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്." (അഅ്റാഫ്: 187)

## *പ്രവാചകന്മാരിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നത്:*

പ്രവാചകന്മാരിലുള്ള വിശ്വാസത്തിൽ നാലു കാര്യങ്ങൾ ഉൾപ്പെടന്നു:

1) അവരുടെ പ്രവാചകത്വം അല്ലാഹുവിൽ നിന്നുള്ള സത്യസന്ദേശമാണ്. അവരിൽ ഓരാളുടെ സന്ദേശം നിഷേധിച്ചാൽ എല്ലാവരേയും നിഷേധിക്കുന്നതുപോലെയാണ്. അതിനാൽ മുഹമ്മദ് നബിയിൽ വിശ്വസിക്കാത്ത ക്രൈസ്തവർ യേശുക്രിസ്തുവിനെ വിശ്വസിക്കുകയോ പിന്തുടരുകയോ ചെയ്യുന്നില്ല. കാരണം, യേശുക്രിസ്തു തന്നെ മുഹമ്മദ് നബിയെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്.

2) മുഹമ്മദ്, ഇബ്രാഹീം, ഈസാ, മൂസാ, നൂഹ് എന്നിങ്ങനെ ഖുർആനിൽ പേരുപറയപെട്ടവരിൽ വിശ്വസിക്കുക. പേര് അറിയപ്പെടാത്തവരിൽ മൊത്തത്തിലും വിശ്വസിക്കുക.

3) അവരിൽ നിന്നും സ്ഥിരപ്പെട്ട പ്രവചനങ്ങൾ സത്യപ്പെടുത്തുക.

---

[1] سورة الأعراف: الآية ١٨٨

4) അവരിൽ നിന്നും നമ്മിലേക്കു നിയോഗിക്കപ്പെട്ട അന്തിമ പ്രചകാനായ മുഹമ്മദ് നബിയിലൂടെ നൽകപെട്ട മതം അനുസരിച്ചു നാം ജീവിക്കുക.

### *പ്രവാചകന്മാരിലുള്ള വിശ്വാസത്തിന്റെ സൽഫലങ്ങൾ:*

1) അല്ലാഹുവിന്റെ മാർഗത്തിലേക്ക് ജങ്ങളെ നയിക്കുകയും, എങ്ങിനെയാണ് അല്ലാഹുവിനെ ആരാധിക്കേണ്ടത് എന്ന് അവരെ പഠിപ്പിക്കുകയും ചെയ്യുന്നതിനായി തന്റെ ദൂതന്മാരെ നിയോഗിച്ചയച്ച അല്ലാഹു മനുഷ്യരെ വളരെയധികം പരിഗണിക്കുകയും കാരുണ്യം ചെയ്യുകയും ചെയ്തു എന്ന് മനസ്സിലാക്കുക.

2) ഈ അനുഗ്രഹത്തിന് അല്ലാഹുവിനോട് നന്ദികാണിക്കുക.

3) ദൈവദൂതന്മാരെ സ്നേഹിക്കുകയും ആദരിക്കുകയും പ്രശംസിക്കുകയും ചെയ്യുക.

## *അഞ്ച്: അന്ത്യദിനത്തിലുള്ള വിശ്വാസം*

### അന്ത്യദിനത്തിന്റെ വിവക്ഷ

ലോകാവസാനം ജനങ്ങളെയെല്ലാം ഉയർത്തെഴുന്നേൽപിച്ച് വിചാരണ നടത്തുകയും പ്രതിഫലം നൽകുകയും ചെയ്യുന്ന ദിവസത്തെയാണ് അന്ത്യദിനം കൊണ്ട് ഉദ്ദേശിക്കുന്നത്. സ്വർഗാവകാശികൾ സ്വർഗത്തിലും നരകാവകാശികൾ നരകത്തിലും സ്ഥാനം ഉറപ്പിക്കുന്ന ആ ദിവസത്തിനു ശേഷം മറ്റൊരു ദിവസം ഇല്ല എന്നതിനാലാണ് അന്ത്യദിനം എന്ന് അതിന് പേര് വന്നത്. അല്ലാഹു പറഞ്ഞു:

﴿وَلَكِنَّ الْبِرَّ مَنْ آمَنَ بِاللهِ وَالْيَوْمِ الْآخِرِ﴾(١)

(١) سورة البقرة: الآية ١٧٧

"എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാൻമാർ". (ബഖറ:177)

﴿وَالَّذِينَ يُؤْمِنُونَ بِمَا أُنْزِلَ إِلَيْكَ وَمَا أُنْزِلَ مِنْ قَبْلِكَ وَبِالْآخِرَةِ هُمْ يُوقِنُونَ﴾

"നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ)" (ബഖറ: 4)

വിശ്വാസകാര്യങ്ങളിലെ അഞ്ചാമത്തെ കാര്യമാണിത്, ഇതിനെ നിഷേധിക്കുന്നവൻ അവിശ്വാസിയായിത്തീരുന്നു. അല്ലാഹു പറഞ്ഞു:

﴿زَعَمَ الَّذِينَ كَفَرُوا أَنْ لَنْ يُبْعَثُوا قُلْ بَلَى وَرَبِّي لَتُبْعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلْتُمْ وَذَلِكَ عَلَى اللَّهِ يَسِيرٌ﴾

"തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു. (നബിയേ), പറയുക: അതെ; എന്റെ രക്ഷിതാവിനെ തന്നെയാണ്, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു." (തഗാബുൻ: 7)

### *അന്ത്യദിനത്തിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നവ:*

1) വിചാരണയിലും പ്രതിഫലത്തിലും വിശ്വസിക്കുക: അതായതു മുഴുവനാളുകളുടെയും കർമ്മങ്ങളെ കുറിച്ചു വിചാരണ നടത്തുകയും ഓരോരുത്തർക്കും അർഹമായ പ്രതിഫലം ലഭിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുക. അല്ലാഹു പറയുന്നു:

﴿إِنَّ إِلَيْنَا إِيَابَهُمْ * ثُمَّ إِنَّ عَلَيْنَا حِسَابَهُمْ﴾

"തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം. പിന്നീട്, തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ. " (ഗാശിയ: 25,26)

2) സ്വർഗനരകങ്ങളിലുള്ള വിശ്വാസം, അവിടെയുള്ള ജീവിതമാണ് സൃഷ്ടികളുടെ ശാശ്വത ജീവിതം. അല്ലാഹുവിനെ അനുസരിച്ച സത്യസന്ധരും ആത്മാർഥതയുള്ളവരുമായ വിശ്വാസികൾക്ക് വേണ്ടി അല്ലാഹു ഒരുക്കി വെച്ചിട്ടുള്ളതാണ് സ്വർഗം. നരകമാകട്ടെ, തന്നെ ധിക്കരിച്ചവരായ സത്യനിഷേധികൾക്കും കപടവിശ്വാസികൾക്കും വേണ്ടി തയ്യാറാക്കിവെച്ചിരിക്കുന്നു.

വിശ്വാസികൾക്ക് വേണ്ടിയുള്ള ഭവനത്തെക്കുറിച്ചു അല്ലാഹു പറഞ്ഞു:

﴿إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أُولَئِكَ هُمْ خَيْرُ الْبَرِيَّةِ * جَزَاؤُهُمْ عِنْدَ رَبِّهِمْ جَنَّاتُ عَدْنٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا﴾

“തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ. അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും; എന്നെന്നേക്കുമായിട്ട്. (ബയ്യിന:7.8)
സത്യനിഷേധികളേയും കപടവിശ്വാസികളേയും കുറിച്ച് ഇങ്ങനെ വിവരിക്കുന്നു:

﴿وَاتَّقُوا النَّارَ الَّتِي أُعِدَّتْ لِلْكَافِرِينَ﴾[1]

“സത്യനിഷേധികൾക്ക് ഒരുക്കിവെക്കപ്പെട്ട നരകാഗ്നിയെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.” (ആലു ഇംറാൻ:131 )
വീണ്ടും കാണുക:

﴿إِنَّ اللَّهَ لَعَنَ الْكَافِرِينَ وَأَعَدَّ لَهُمْ سَعِيرًا * خَالِدِينَ فِيهَا أَبَدًا لَا يَجِدُونَ وَلِيًّا وَلَا نَصِيرًا ﴾[2]

---

(١) سورة آل عمران: الآية ١٣١

(٢) سورة الأحزاب: الآيتان ٦٤، ٦٥

“തീർച്ചയായും അല്ലാഹു സത്യനിഷേധികളെ ശപിക്കുകയും അവർക്കുവേണ്ടി ജ്വലിക്കുന്ന നരകാഗ്നി ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ ശാശ്വതവാസികളായിരിക്കും. യാതൊരു രക്ഷാധികാരിയെയും സഹായിയെയും അവർ കണ്ടെത്തുകയില്ല.”(അഹ്സാബ് : 64-65)

അന്ത്യദിനത്തിലുള്ള വിശ്വാസത്തിന്റെ അനുബന്ധമായി വരുന്ന കാര്യങ്ങളാണ് മരണശേഷമുണ്ടാകുന്ന കാര്യങ്ങളിൽ വിശ്വസിക്കൽ. ഉദാഹരണം:

1. ഖബ്റിലെ പരീക്ഷണം: ഇവിടെ ഉദ്ദേശിക്കുന്നതു, മയ്യിത്തിനെ മറമാടിയ ശേഷം ചോദ്യം ചെയ്യപ്പെടുന്ന കാര്യമാണ്. തന്റെ റബ്ബിനെ കുറിച്ചും മതത്തെ കുറിച്ചും പ്രവാചകനെ കുറിച്ചും ചോദിക്കപ്പെടും. സത്യ വിശ്വാസിയാണെങ്കിൽ ‘എന്റെ റബ്ബ് അല്ലാഹുവാണെന്നും മതം ഇസ്‌ലാമാണെന്നും പ്രവാചകൻ മുഹമ്മദ് (ﷺ) ആണെന്നും’ പറയും അവിശ്വാസിയാണെങ്കിൽ, ‘അയ്യോ, എനിക്കറിയില്ലാ!’ എന്നുമായിരിക്കും പറയുക.

2. ഖബ്റിലെ രക്ഷയും ശിക്ഷയും: സത്യവിശ്വാസിയാണെങ്കിൽ സ്വർഗത്തിലെ തന്റെ സ്ഥാനം കാണിക്കപ്പെടുകയും കണ്ണെത്താത്ത ദൂരത്തോളം ഖബ്ർ വിശാലമാക്കപെടുകയും ആനന്ദത്തോടെ അതിൽ കഴിയുകയും ചെയ്യും. സത്യ നിഷേധിയോ കപടവിശ്വാസിയോ അക്രമിയോ ആണെങ്കിൽ കത്തിയാളുന്ന നരകത്തിലുള്ള തന്റെ സ്ഥാനം കാണിക്കപ്പെടുകയും ഖബർ തങ്ങൾക്ക് ഇടുങ്ങുകയും അവരതിൽ ശിക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുകയും ചെയ്യും.

### *അന്ത്യദിനത്തിലുള്ള വിശ്വാസത്തിന്റെ സൽഫലങ്ങൾ:*

1. പുണ്യകർമ്മങ്ങൾ ചെയ്യാൻ ആഗ്രഹവും താത്പര്യവും ഉണ്ടാവുകയും ആ അവസരം നഷ്ട്ടപെടുമ്പോൾ ദുഃഖമുണ്ടാവുകയും ചെയ്യുന്നു.

2. തെറ്റുകുറ്റങ്ങൾ ചെയ്യുമ്പോൾ പേടിയും ഭയവും തോന്നുന്നു.

3. ഇഹലോകജീവിതത്തിലെ പ്രയാസ വേളകളിൽ പരലോകത്തു ലഭിക്കാനുള്ള സുഖസൗഖ്യങ്ങളോർത്ത് ആശ്വസിക്കുന്നു.

## ആറ്: വിധിവ്യവസ്ഥയിലുള്ള വിശ്വാസം

വിശ്വാസകാര്യങ്ങളിൽ ആറാമത്തേതാണിത്.

സംഭവിച്ചതും സംഭവിക്കാനുള്ളതുമായ എല്ലാ കാര്യങ്ങളെകുറിച്ചും അല്ലാഹു സൂക്ഷ്മമായി അറിയുന്നു, തന്റെ ദാസന്മാരുടെ അവസ്ഥകൾ, ജീവിതോപാധികൾ, ആയുഷ്കാലം, പ്രവർത്തനങ്ങൾ തുടങ്ങിയുള്ള മനുഷ്യരുടെ എല്ലാ കാര്യങ്ങളും അല്ലാഹു അറിയുന്നു, അതൊന്നും തന്നെ അവന് ഗോപ്യമായതല്ല. സൃ ഷ്ടികളുടെയെല്ലാം വിധിവ്യവസ്ഥ നേരത്തെ തന്നെ അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹുവിന്റെ ജ്ഞാനവും, രേഖയും, ഉദ്ദേശവും, സൃഷ്ടിപ്പും കൂടാതെ ഒന്നും തന്നെ സംഭവിക്കുന്നില്ല. ഇതാണ് വിധിവ്യവസ്ഥയിലുള്ള വിശ്വാസം കൊണ്ട് അർഥമാക്കുന്നത്.

***വിധിവിശ്വാസത്തിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നത്:***

1) എല്ലാ കാര്യങ്ങളും പൊതുവായും വിശദമായും അല്ലാഹു അറിയുന്നു എന്ന് വിശ്വസിക്കുക. സംഭവിച്ചതും സംഭവിക്കാനുള്ളതും അല്ലാഹു അറിയുന്നു, എന്ന് മാത്രമല്ല, സംഭവിക്കാതിരുന്നത് സംഭവിച്ചിരുന്നെങ്കിൽ എങ്ങിനെയാകുമായിരുന്നു എന്നും അല്ലാഹു അറിയുന്നു.

2) എല്ലാ വസ്തുതകളും ലൗഹുൽ മഹ്ഫൂളിൽ (സംരക്ഷിത ഫലകത്തിൽ) അല്ലാഹു രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്ന് വിശ്വസിക്കുക.

﴿أَلَمْ تَعْلَمْ أَنَّ اللَّهَ يَعْلَمُ مَا فِي السَّمَاءِ وَالْأَرْضِ إِنَّ ذَلِكَ فِي كِتَابٍ إِنَّ ذَلِكَ عَلَى اللَّهِ يَسِيرٌ﴾ (١)

"ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞ് കൂടേ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ."(ഹജ്ജ്: 70)

നബി (ﷺ) പറഞ്ഞു: 'ആകാശ ഭൂമികളെ സൃഷ്ടിക്കുന്നതിന്റെ അമ്പതിനായിരം വർഷങ്ങൾക്ക് മുമ്പേ സൃഷ്ടികളുടെ വിധിവ്യവസ്ഥ അല്ലാഹു രേഖപ്പെടുത്തിവെച്ചിട്ടുണ്ട്' (മുസ്‌ലിം)

3) അല്ലാഹുവിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടതോ അവന്റെ ദാസന്മാരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടതോ ആകട്ടെ, സൃഷ്ടി പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും അല്ലാഹുവിന്റെ ഉദ്ദേശാനുസരണം മാത്രമാണ് ഉണ്ടാകുന്നത്.

അല്ലാഹു പറഞ്ഞു:

﴿وَرَبُّكَ يَخْلُقُ مَا يَشَاءُ وَيَخْتَارُ﴾ (٢)

"നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു." (ഖസ്വസ്വ്: 68)

﴿هُوَ الَّذِي يُصَوِّرُكُمْ فِي الْأَرْحَامِ كَيْفَ يَشَاءُ﴾(٣)

"ഗർഭാശയങ്ങളിൽ താൻ ഉദ്ദേശിക്കുന്ന വിധത്തിൽ നിങ്ങളെ രൂപപ്പെടുത്തുന്നത് അവനത്രെ." (ആലുഇംറാൻ : 6)

4) സകല വസ്തുക്കളും അല്ലാഹുവിന്റെ സൃഷ്ടികളാണ്. ആകാശത്തിലോ ഭൂമിയിലോ ഉള്ള ഓരോ കണികയെയും അല്ലാഹു തന്നെയാണ് സൃഷ്ടിച്ചത്. അതിന്റെ അനക്കവും അടക്കവും തഥൈവ. അല്ലാഹുവല്ലാതെ ഒരു സൃഷ്ടാവോ രക്ഷിതാവോ ഇല്ല.

---

(١)سورة الحج: الآية ٧٠

(٢) سورة القصص: الآية ٨٦

(٣) سورة آل عمران: الآية ٦

അല്ലാഹു പറഞ്ഞതു കാണുക:

﴿اللَّهُ خَالِقُ كُلِّ شَيْءٍ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ﴾[1]

“അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു.” (സുമർ : 62)

﴿وَاللَّهُ خَلَقَكُمْ وَمَا تَعْمَلُونَ﴾[2]

“അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത്.” (സ്വാഫാത് : 96)

### *വിധിവ്യവസ്ഥയിലുള്ള വിശ്വാസത്തിന്റെ സൽഫലങ്ങൾ:*

1) എല്ലാ കര്യങ്ങളും അല്ലാഹുവിന്റെ വിധി അനുസരിച്ചു സംഭവിക്കുന്നതിനാൽ തനിക്ക് സാധിക്കുന്ന ‘കാരണം’ അടിമ പ്രവർത്തിക്കുന്നതോടൊപ്പം അതിനെ മാത്രം ആശ്രയിക്കാതെ അല്ലാഹുവിനെ തന്നെ ആശ്രയിക്കേണ്ടതാണ്.

2) അല്ലാഹു അടിമക്കായി കണക്കാക്കിയിട്ടുള്ള നന്മകളും വിജയോപാധികളും ലഭിക്കുമ്പോൾ താൻ ആശിച്ചതും മോഹിച്ചതും സാധിച്ചതിൽ ആഹ്ലാദിക്കാതെ അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് തിരിച്ചറിയുക.

3) താൻ നേരിടുന്ന എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ വിധിവ്യവസ്ഥ പ്രകാരമാണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കി ആശ്വസിക്കുകയും സമാധാനിക്കുകയും ചെയ്യുക. എല്ലാം അല്ലാഹുവിന്റെ വിധി അനുസരിച്ചായതിനാൽ ഇഷ്ടപ്പെട്ടതു നഷ്ടപ്പെടുകയോ അനിഷ്ടമായതു സംഭവിക്കുകയോ ചെയ്യുമ്പോൾ അസ്വസ്ഥരാകാതിരിക്കുക.

---

(١) سورة الزمر: الآية ٦٢

(٢) سورة الصافات: الآية ٩٦

# അഖീദയുടെ പ്രാധാന്യം

വിശ്വാസമാണ് പരമ പ്രധാനമായ അടിത്തറയെന്ന് ഉപരിസൂചിത വിശദീകരണങ്ങളിൽ നിന്ന് സൂതരാം വ്യക്തമാണ്. അതില്ലായിരുന്നെങ്കിൽ മനുഷ്യൻ ഈ ലോകത്തു ശിർക്കിന്റെയും ദേഹേഛയുടേയും അന്ധകാരത്തിലകപ്പെട്ട് ഉയറുമായിരുന്നു. വിശ്വാസമാണ് മനുഷ്യജീവിതത്തിന്റെ ചാലക ശക്തി. അതില്ലായിരുന്നെങ്കിൽ മനുഷ്യനും നാൽകാലികളെപ്പോലെ ആകുമായിരുന്നു. സത്യവിശ്വാസം ലഭിക്കാതെപോയവരെ കുറിച്ച് അല്ലാഹു പറഞ്ഞതു കാണുക:

﴿أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ إِنْ هُمْ إِلَّا كَالْأَنْعَامِ بَلْ هُمْ أَضَلُّ سَبِيلًا﴾[1]

“അതല്ല, അവരിൽ അധികപേരും കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യുമെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കന്നുകാലികളെപ്പോലെ മാത്രമാകുന്നു. അല്ല, അവരാകുന്നു കൂടുതൽ വഴിപിഴച്ചവർ.” (ഫുർഖാൻ: 44) മനുഷ്യർക്ക് ഭക്ഷണ-പാനീയങ്ങളേക്കാൾ അത്യാവശ്യമുള്ളതാണ് വിശ്വാസം എന്നതിനാൽ അതിന് കൂടുതൽ പരിഗണനനൽകേണ്ടത് അനിവാര്യമാണ്.

### *ഇസ്‌ലാമിക വിശ്വാസത്തിന്റെ ലക്ഷ്യങ്ങൾ:*

1) അല്ലാഹുവിന്നായി നിഷ്കളങ്കമായ നിയ്യത്തും ഇബാദത്തും അർപ്പിക്കുക, കാരണം അവനാണ് സ്രഷ്ടാവ്. അവന് യാതൊരു പങ്കുകാരുമില്ല. അവനെ മാത്രം ലക്ഷ്യമാക്കേണ്ടതും ആരാധിക്കേണ്ടതും നിർബന്ധമാണ്.

2) സത്യവിശ്വാസത്തിന്റെ അഭാവത്തിൽ ഉടലെടുക്കുന്ന അരക്ഷിതാവസ്ഥയിൽ നിന്നും ബുദ്ധിയേയും ചിന്തയേയും മോചിപ്പിക്കുന്നു. വിശ്വാസമില്ലാത്തവൻ ഒന്നുകിൽ കേവല ഭൗതികതയെ

---

(١) سورة الفرقان: الآية ٤٤

പൂജിക്കുന്ന വിശ്വാസ ശൂന്യമായ ഹൃദയമുള്ളവനോ അല്ലെങ്കിൽ അബദ്ധജഡിലമായ അന്ധവിശ്വാസത്തിൽ തപ്പിത്തടയുന്നവനോ ആയിരിക്കും.

3) മാനസികവും ചിന്താപരവുമായ സ്വസ്ഥത ലഭിക്കുന്നു. വിശ്വാസിയെ തന്റെ സൃഷ്ടാവുമായി ബന്ധപ്പെടുത്തുന്ന ഈ വിശ്വാസം ചിന്താപരമായ ആശയക്കുഴപ്പങ്ങളും മാനസിക അസ്വസ്ഥകളും ഇല്ലാതാക്കുന്നു.

4) അല്ലാഹുവിനെ ആരാധിക്കുന്നതിൽ വ്യതിയാനമുണ്ടാകാതെ തന്റെ പ്രവർത്തനത്തെയും ലക്ഷ്യത്തെയും സുരക്ഷിതമാക്കുന്നു. പ്രവാചകന്മാരാണ് ഈ വിശ്വാസം പഠിപ്പിച്ചു തന്നത് അവരെ പിന്തുടരേണ്ടതു മതത്തിന്റെ അവിഭാജ്യഘടകവുമാണ്. പ്രവാചകന്മാരെ പിന്തുടരുന്നതിൽ പിഴവു സംഭവിച്ചാൽ വിശ്വാസത്തിലും വ്യതിയാനം ഉണ്ടാകും.

5) എല്ലാ കാര്യങ്ങളിലും ഉറച്ച തീരുമാനവും കഠിന പരിശ്രമവും ഉണ്ടാകുക. അതായതു, നൻമചെയ്യാൻ ഒരു അവസരം കിട്ടിയാൽ വേഗത്തിൽ അതു ഉപയോഗപ്പെടുത്തുകയും തിന്മ ചെയ്യാൻ അവസരം ഉണ്ടാകുമ്പോൾ അതിൽ നിന്ന് അകന്ന് നിൽക്കുകയും ചെയ്യുക.

6) അല്ലാഹുവിന്റെ മാർഗത്തിൽ നേരിടുന്ന പ്രതികൂല സാഹചര്യങ്ങളെ തൃണവൽഗണിച്ചും അമൂല്യവും നിസ്സാരവുമായ മുഴുവൻ സമർപ്പിച്ചും തങ്ങളുടെ മതത്തെ സംസ്ഥാപിക്കുവാൻ ശ്രമിക്കുന്ന ശക്തരായ ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കുക.

7) വ്യക്തിയേയും സമൂഹത്തെയും പരിവർത്തിപ്പിച്ച് ഐഹികവും പാരത്രികവുമായ സൗഭാഗ്യത്തിലെത്തിക്കുകയും ഉന്നതമായ പ്രതിഫലവും അനുഗ്രഹങ്ങളും കരസ്ഥമാക്കുകയും ചെയ്യുക.

നമ്മെയും എല്ലാ വിശ്വാസികളേയും അല്ലാഹു അതിനു അനുഗ്രഹിക്കട്ടെ (ആമീൻ)

# വലാഉം ബറാഉം

## വിശ്വാസത്തിൽ അതിന്റെ പ്രാധാന്യം

ഇസ്‌ലാമിക വിശ്വാസത്തിന്റെ അടിസ്ഥാനാശയങ്ങളിൽ പെട്ടതാണ് അതിന്റെ ആദർശം ഉൾകൊണ്ടവരോട് മൈത്രീബന്ധം ഉണ്ടാകുകയും അതിന്റെ ശത്രുക്കളോട് വിരോധമുണ്ടാവുകയും ചെയ്യണമെന്നത്. അതുകൊണ്ട് തൗഹീദിന്റെ ആളുകളെ സ്നേഹിക്കുകയും ശിർക്കിന്റെ ആളുകളെ വെറുക്കുകയും വേണം. അതാണ് ഇബ്രാഹീം (عليه السلام) ന്റെയും അദ്ദേഹത്തിന്റെ അനുയായികളുടേയും മാർഗം. അവരെ പിന്തുടരുവാനാണ് നമ്മോട് കൽപിച്ചിട്ടുള്ളത്. അല്ലാഹു പറഞ്ഞു:

﴿قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ وَالَّذِينَ مَعَهُ إِذْ قَالُوا لِقَوْمِهِمْ إِنَّا بُرَآءُ مِنْكُمْ وَمِمَّا تَعْبُدُونَ مِنْ دُونِ اللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ الْعَدَاوَةُ وَالْبَغْضَاءُ أَبَدًا حَتَّى تُؤْمِنُوا بِاللَّهِ وَحْدَهُ﴾(١)

“നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുമുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു.” (മുംതഹിന: 4)

മുഹമ്മദ് നബി (ﷺ) യിൽ വിശ്വസിച്ച സത്യവിശ്വാസികളോട് അല്ലാഹു പറയുന്നു:

(١) سورة الممتحنة: الآية ٤

﴿يَاأَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا الْيَهُودَ وَالنَّصَارَى أَوْلِيَاءَ بَعْضُهُمْ أَوْلِيَاءُ بَعْضٍ وَمَنْ يَتَوَلَّهُمْ مِنْكُمْ فَإِنَّهُ مِنْهُمْ إِنَّ اللَّهَ لَا يَهْدِي الْقَوْمَ الظَّالِمِينَ ﴾[1]

"സത്യവിശ്വാസികളേ, യഹൂദരെയും ക്രൈസ്തവരേയും നിങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ, അന്യോന്യം ഉറ്റമിത്രങ്ങളാണ് താനും. നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച." (മാഇദ:51)

അപ്പോൾ മൈത്രീ ബന്ധം സ്ഥാപിക്കുന്നതും വിഛേദിക്കുന്നതും ദീനിന്റെ അടിസ്ഥാനങ്ങളിൽപെട്ട മഹത്തായൊരു ആശയമാണ്. എന്നാൽ ഈ തത്വം മനസ്സിലാക്കാത്തവരാണ് അധിക പേരും എന്നത് ഏറെ ദുഃഖകരമായ യാഥാർഥ്യമാണ്. ഈ മതത്തിന്റെ അനുയായികൾ എന്ന് പറയുന്നവരിൽ ചിലർ സർവമത സത്യവാദവും, യഹൂദ-ക്രൈസ്തവർ ആദർശ സഹോദരങ്ങളാണെന്നെല്ലാം വാദിക്കുന്നത് നാം ധാരാളമായി കേൾക്കുന്നു. ഇത്തരം ആളുകൾ മതപരിത്യാഗികളായിത്തീരുമെന്ന് ഭയപ്പെടേണ്ടതുണ്ട്. അല്ലാഹു പറഞ്ഞു:

﴿إِنَّ الدِّينَ عِنْدَ اللَّهِ الْإِسْلَامُ﴾[2]

"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു." (ആലുഇമ്രാൻ:19)

സത്യവിശ്വാസി സത്യനിഷേധികളോട് - അവർ എത്ര അടുത്ത ബന്ധുക്കളാണെങ്കിലും - മൈത്രീബന്ധം സ്ഥാപിക്കുന്നത് അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു. അല്ലാഹു പറഞ്ഞു:

---

(١) سورة المائدة: الآية ٥١

(٢) سورة آل عمران: الآية ١٩

**﴿يَاأَيُّهَا الَّذِينَ آمَنُوا لَا تَتَّخِذُوا آبَاءَكُمْ وَإِخْوَانَكُمْ أَوْلِيَاءَ إِنِ اسْتَحَبُّوا الْكُفْرَ عَلَى الْإِيمَانِ وَمَنْ يَتَوَلَّهُمْ مِنْكُمْ فَأُولَئِكَ هُمُ الظَّالِمُونَ﴾**[١]

"സത്യവിശ്വാസികളേ, നിങ്ങളുടെ പിതാക്കളും നിങ്ങളുടെ സഹോദരങ്ങളും സത്യവിശ്വാസത്തേക്കാൾ സത്യനിഷേധത്തെ പ്രിയങ്കരമായി കരുതുകയാണെങ്കിൽ അവരെ നിങ്ങൾ രക്ഷാകർത്താക്കളായി സ്വീകരിക്കരുത്. നിങ്ങളിൽ നിന്ന് ആരെങ്കിലും അവരെ രക്ഷാകർത്താക്കളായി സ്വീകരിക്കുന്ന പക്ഷം അവർ തന്നെയാണ് അക്രമികൾ." (തൗബ:23)

ഇസ്‌ലാമിക വിശ്വാസത്തിന്റെ വിരോധികളും സത്യനിഷേധികളുമായവരോട് മൈത്രീ ബന്ധം സ്ഥാപിക്കുന്നത് അല്ലാഹു നിഷിദ്ധമാക്കിയപ്പോൾ തന്നെ സത്യവിശ്വാസികളോട് മൈത്രീബന്ധം സ്ഥാപിക്കൽ നിർബന്ധമാക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറഞ്ഞു:

**﴿إِنَّمَا وَلِيُّكُمُ اللَّهُ وَرَسُولُهُ وَالَّذِينَ آمَنُوا الَّذِينَ يُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَهُمْ رَاكِعُونَ * وَمَنْ يَتَوَلَّ اللَّهَ وَرَسُولَهُ وَالَّذِينَ آمَنُوا فَإِنَّ حِزْبَ اللَّهِ هُمُ الْغَالِبُونَ﴾**[٢]

"അല്ലാഹുവും അവന്റെ ദൂതനും, താഴ്മയുള്ളവരായിക്കൊണ്ട് നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന സത്യവിശ്വാസികളും മാത്രമാകുന്നു നിങ്ങളുടെ ഉറ്റമിത്രങ്ങൾ. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും, സത്യവിശ്വാസികളെയും മിത്രങ്ങളായി സ്വീകരിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷി തന്നെയാണ് വിജയം നേടുന്നവർ." (മാഇദ :55,56)

---

(١) سورة التوبة: الآية ٢٣

(٢) سورة المائدة: الآيتان ٥٥،٥٦

### *അവിശ്വാസികളോടുള്ള മൈത്രിയുടെ വിവിധ രൂപങ്ങൾ:*

1) വേഷങ്ങളിലും സംസാരങ്ങളിലും മറ്റും താദാത്മ്യം കാണിക്കുക. സത്യനിഷേധികളുടെ പ്രത്യേകമായ ആചാരങ്ങളോടോ ആരാധനകളോടോ സാദൃശ്യം പുലർത്തുന്നത് നിഷിദ്ധമാണ്. അപ്രകാരം തന്നെയാണ് മീശ നീട്ടുന്നതിലും താടി വടിക്കുന്നതിലും വസ്ത്രം ധരിക്കുന്നതിലും ഭക്ഷണം കഴിക്കുന്നതിലും കുടിക്കുന്നതിലും അവരുടെ പ്രത്യേക രൂപം സ്വീകരിക്കുന്നതും.

2) ദീനിന്റെ സുരക്ഷക്കായി മുസ്ലിം നാടുകളിലേക്ക് മാറിത്താമസിക്കാതെ സത്യനിഷേധികളുടെ നാട്ടിൽ നിവസിക്കുക.

3) മാനസിക ഉല്ലാസവും വിനോദവും ലക്ഷ്യമാക്കി അവരുടെ നാട്ടിലേക്ക് യാത്രപോകുക.

4) മുസ്ലിംകൾക്കെതിരെ അവരെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്യുക.

5) മുസ്ലിംകളുടെ രഹസ്യങ്ങളുൾകൊള്ളുന്ന സുപ്രധാന തസ്ഥികകളിൽ അവരെ നിയമിക്കുന്നതും അവരുടെ സഹായം തേടുന്നതും അവരെ വിശ്വസിക്കുന്നതും രഹസ്യസൂക്ഷിപ്പുകാരോ ഉപദേശികളോ ആക്കുന്നതും.

6) അവരുടെ കാലഗണനയനുസരിച്ച്, പ്രത്യേകിച്ചും കൃസ്തുവർഷം പോലെ മതവിശ്വാസത്തേയോ ആഘോഷത്തേയോ അടിസ്ഥാനമാക്കിയുള്ള കാലഗണന സ്വീകരിച്ച് തീയ്യതി കണക്കാക്കുക.

7) അവരുടെ മതാഘോഷങ്ങളിൽ പങ്കെടുക്കുകയും സഹായിക്കുകയും അനുമോദനങ്ങളർപ്പിക്കുകയും ചെയ്യുക.

8) മുസ്ലിം നാമങ്ങൾ ഒഴിവാക്കി അവരുടെ നാമങ്ങൾ സ്വീകരിക്കുക.

9) അവർക്കു വേണ്ടി മാപ്പിരക്കുന്നതും കാരുണ്യം തേടുന്നതും. അങ്ങിനെ ചെയ്യുന്നതു അവരെ സ്നേഹിക്കലും അവരുടെ ആദർശം ശരിവെക്കലുമാണ്. (ശൈഖ് സ്വാലിഹ് ഫൗസാന്റെ പ്രസംഗത്തിൽ നിന്ന്).

ഭാഗം: രണ്ട്

# *ശിർക്കും അതിന്റെ ഇനങ്ങളും*

അല്ലാഹുവിന്ന് സമൻമാരെ നിശ്ചയിക്കലാണ് ശിർക്ക്

ശിർക്കിന് രണ്ട് ഇനങ്ങളുണ്ട്:

**ഒന്ന്: വലിയ ശിർക്ക്**

**നിർവചനം:** അല്ലാഹുവിന്റെ രക്ഷാകർതൃത്തത്തിലോ (റുബൂബിയ്യത്തിലോ) അരാധ്യതയിലോ (ഉലൂഹിയ്യത്തിലോ) നാമ വിശേഷണത്തിലോ (അസ്മാഉസ്സിഫാത്തിലോ) സമന്മാരെ നിശ്ചയിക്കുന്നതാണ് വലിയ ശിർക്ക് (മആരിജുൽ ഖബൂൽ 2/483, ലജ്നയുടെ ഫതാവ 1/516).

മറ്റൊരു നിർവചനം: അല്ലാഹുവിനോട് പ്രാർഥിക്കുന്നതുപോലെ പ്രാർഥിക്കുകയോ അവനെ ഭയപ്പെടുന്നപോലെ ഭയപ്പെടുകയോ അവനെ സ്നേഹിക്കുന്നത് പോലെ സ്നേഹിക്കുകയോ അവനിൽ പ്രതീക്ഷയർപ്പിക്കുന്നതുപോലെ പ്രതീക്ഷയർപ്പിക്കുകയോ ചെയ്തുകൊണ്ട് അവന് സമന്മാരെ സ്ഥാപിക്കുന്നതാണ് വലിയ ശിർക് (ഇബ്നു സഅദിയുടെ ഖൗലുസദീദ് ശറഹുകിതാബു തൗഹീദ്, പേജ്:24).

(അല്ലാഹുവിന്റെ റുബൂബിയ്യത്തിൽ സമന്മാരെ സ്ഥാപിക്കുക) എന്ന് നാം പറഞ്ഞത് സൃഷ്ടിക്കുക, ഉപജീവനം നൽകുക, ജീവിപ്പിക്കുക, മരിപ്പിക്കുക തുടങ്ങിയ ദൈവിക വിശേഷണങ്ങൾ അവർക്കുണ്ടെന്ന് വിശ്വസിക്കലാണ്.

(അല്ലാഹുവിന്റെ ഉലൂഹിയത്തിൽ സമന്മാരെ സ്ഥാപിക്കുക) എന്ന് പറഞ്ഞത്, അല്ലാഹുവിന് പുറമേ അവരെ ആരാധിക്കുക, അവർക്ക് റുകൂഉം സുജൂദും ചെയ്യുക, അവർക്ക് നേർച്ചയും

ബലിയും നല്‍കുക അല്ലാഹുവിനെ കൂടാതെ അവരെ വിളിച്ചു തേടുക തുടങ്ങിയവ ചെയ്യലാണ്.

(അല്ലാഹുവിന്റെ നാമ വിശേഷണങ്ങളില്‍ സമന്മാരെ സ്ഥാപിക്കുക) എന്ന് നാം പറഞ്ഞത്, 'ഇലാഹ്' എന്നതില്‍ നിന്നും 'ലാത' എന്നും 'അസീസ്' എന്നതില്‍ നിന്നും 'ഉസ്സ' എന്നും നാമങ്ങള്‍ കല്‍പിച്ചതു പോലെയും, വിശേഷണങ്ങളില്‍ സൃഷ്ടികളെ സൃഷ്ടാവിനോട് ഉപമിക്കലുമാണ്.

### *വലിയ ശിര്‍ക്കിന്റെ ഗൗരവം*

തൗബ ചെയ്താലല്ലാതെ വലിയ ശിര്‍ക്ക് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. ആ ശിര്‍ക്കോടെ ഒരാള്‍ അല്ലാഹുവിനെ കണ്ടുമുട്ടിയാല്‍ ശാശ്വതമായി നരകത്തില്‍ കഴിയേണ്ടിവരും. അല്ലാഹു പറഞ്ഞു:

﴿إِنَّ اللَّهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدِ افْتَرَى إِثْمًا عَظِيمًا﴾ النساء /٤٨

"തന്നോട് പങ്കുചേര്‍ക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് അവന്‍ പൊറുത്തുകൊടുക്കുന്നതാണ്. ആര്‍ അല്ലാഹുവോട് പങ്കുചേര്‍ത്തുവോ അവന്‍ തീര്‍ച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്." (നിസാഅ്:48)

അധികപേരും ഈ ശിര്‍ക്കില്‍ അകപ്പെടാനുള്ള പ്രധാന കാരണം മതത്തിന്റെ അടിസ്ഥാന തത്വങ്ങള്‍ പഠിക്കാത്തതും മഹത്തായ തൗഹീദിന്റെ കാര്യത്തില്‍ അശ്രദ്ധ കാണിക്കുകയും അതിന്റെ യാഥാര്‍ത്ഥ്യം മനസ്സിലാക്കുകയോ ഉള്‍കൊള്ളുകയോ ചെയ്യാത്തതുമാണ്. അതുപോലെ ഇസ്‌ലാമിനെ തകര്‍ക്കുന്നതും നശിപ്പിക്കുന്നതുമായ കാര്യങ്ങളെ കുറിച്ച് അറിയാതിരിക്കുകയും അവ തങ്ങളുടെ വിശ്വാസത്തെയും കര്‍മ്മങ്ങളേയും

നിഷ്ഫലമാക്കുന്നതിനെ കുറിച്ച് ബോധമില്ലാത്തതു കൊണ്ടുമാണ്.

### *വലിയ ശിർക്കിന്റെ ഇനങ്ങൾ*

1. ശിർക്കുൽ ഇബാദ : ഇബാദത്തിന്റെ ഏതെങ്കിലും ഒരിനം അല്ലാഹു അല്ലാത്തവരിലേക്ക് സമർപ്പിന്നതാണത്. ഉദാ: പ്രാർഥന, നേർച്ച, ബലിയറുക്കുക.. തുടങ്ങിയവ അല്ലാഹുവല്ലാത്തവരിലേക്ക് സമർപ്പിക്കൽ.

2. ശിർക്കുൽ മഹബ്ബത്: അല്ലാഹുവിനെ പുറമെ പങ്കാളികളെ സ്വീകരിക്കുകയും അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവക് സ്നേഹിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:

﴿وَمِنَ النَّاسِ مَنْ يَتَّخِذُ مِنْ دُونِ اللَّهِ أَنْدَادًا يُحِبُّونَهُمْ كَحُبِّ اللَّهِ﴾ البقرة / ٦٥

“അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു”. (അൽബഖറ:165)

3. ശിർക്കുൽ ഹവാ: ഒരു വ്യക്തി അല്ലാഹുവിനെ അനുസരിക്കുന്നതിനേക്കാൾ തന്റെ ദേഹേഛക്ക് മുൻഗണന നൽകുന്നതാണത്. ഒരാൾ ഇഛിക്കുന്നത് ശിർക്കും കുഫ്റുമായ കാര്യമാണെങ്കിൽ ഇസ്ലാമിൽ നിന്നും പുറത്തു പോകുന്ന ശിർക്കും കുഫ്റും ചെയ്തവനായിത്തീരുന്നു. ഇനി ഒരാൾ പാപം ചെയ്യാനാണ് ഇഛിക്കുന്നതെങ്കിൽ അതും ഒരർഥത്തിൽ ശിർക്കിന്റെ വകുപ്പിൽ പെടും. കാരണം, അല്ലാഹുവിന്റെ കൂടെ അവന്റെ ഇഛയേയും പങ്കാളിയാക്കുകയാണ് അവൻ ചെയ്യുന്നത്.

യഥാർത്ഥത്തിൽ എല്ലാ പാപങ്ങളും ദേഹേഛ വഴി മാത്രമാണ് ഉണ്ടാകുന്നത്. അല്ലാഹു പറഞ്ഞു:

﴿أَرَأَيْتَ مَنِ اتَّخَذَ إِلَهَهُ هَوَاهُ أَفَأَنْتَ تَكُونُ عَلَيْهِ وَكِيلًا﴾ الفرقان ٤٣

“തന്റെ ദൈവത്തെ തന്റെ തന്നിഷ്ടമാക്കി മാറ്റിയവനെ നീ കണ്ടുവോ? എന്നിരിക്കെ നീ അവന്റെ കാര്യത്തിന് ചുമതലപ്പെട്ടവനാകുമോ ?” (അൽഫുർഖാൻ : 43) ദേഹേഛകൊണ്ടാണ് ശിർക്ക് ബിദ്അത്തുകളിൽ മനുഷ്യൻ അകപ്പെടുന്നത്. ദേഹേഛയെ പിന്തുടർന്നവൻ തന്റെ ഇഛക്കൊത്ത് പ്രവർത്തിക്കുക എന്നല്ലാതെ നൻമ സ്വീകരിക്കുകയോ തിന്മ തടുക്കുകയോ ചെയ്യുന്നില്ല.

4. ശിർക്കുത്ത്വാഅത്ത് : അല്ലാഹു ഹറാമാക്കിയത് ഹലാലാക്കുന്നതിലും ഹലാലാക്കിയതു ഹറാമാക്കുന്നതിലും ഒരാൾ മറ്റൊരാളെ അനുസരിച്ചാൽ അല്ലാഹുവിന്ന് അയാളെ പങ്കാളിയാക്കുകയാണ് ചെയ്തത്. അല്ലാഹു പറയുന്നു:

﴿أَمْ لَهُمْ شُرَكَاءُ شَرَعُوا لَهُمْ مِنَ الدِّينِ مَا لَمْ يَأْذَنْ بِهِ اللَّهُ﴾ (١)

“അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ?” (ശൂറാ :21) വീണ്ടും കാണുക:

﴿اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِنْ دُونِ اللَّهِ وَالْمَسِيحَ ابْنَ مَرْيَمَ﴾ (٢)

“അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. ” (തൗബ: 31)

ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു: അദിയ്യു ബിൻ ഹാതിം (റ) നബിയെ സമീപിച്ചപ്പോൾ അവിടുന്ന് ഈ ആയത്ത് പാരായണം ചെയ്യുന്നതു കേൾക്കുകയുണ്ടായി. അപ്പോൾ അദിയ്യ് പറഞ്ഞു: അവർ അവരുടെ പുരോഹിതന്മാരെ ആരാധിക്കുന്നില്ലല്ലോ? നബി (ﷺ) പറഞ്ഞു: അതെ, അവർ

---

(١) سورة الشُّورى: الآية٢١

(٢) سورة التوبة: الآية٣١

ആരാധിക്കുന്നില്ലെങ്കിലും ആ പുരോഹിതന്മാർ വല്ലതും ഹലാലാക്കിയാൽ അതു ഹലാലായും, ഹറാമാക്കിയാൽ അതു ഹറാമായും സ്വീകരിക്കുന്നു. അതു തന്നെയാണ് അവർക്കുള്ള ആരാധന. (തിർമുദി, ബൈഹഖി)

***രണ്ട്: ചെറിയ ശിർക്കും അതിന്റെ ഇനങ്ങളും***

**ചെറിയ ശിർക്ക്** : വലിയ ശിർക്കിന്റെ പരിധിയിലേക്ക് എത്തിയിട്ടില്ലാത്തതും എന്നാൽ മതപ്രമാണങ്ങളിൽ 'ശിർക്ക്' എന്ന് വിശേഷിഷിക്കപ്പെട്ടതുമാണ് ചെറിയ ശിർക്ക്.

***ചെറിയ ശിർക്കിന്റെ ഇനങ്ങൾ:***

അല്ലാഹു അല്ലത്തവരെ കൊണ്ട് സത്യം ചെയ്യുക, ലഘുവായ ലോകമാന്യം, "അല്ലാഹുവും നീയും ഉദ്ധേശിച്ചാൽ" "അല്ലാഹുവും നീയും ഇല്ലായിരുന്നെങ്കിൽ" എന്നിങ്ങനെയുള്ള വാക്ക് പറയൽ, ഉദ്യോഗമോ സർട്ടിഫിക്കറ്റൊ ലക്ഷ്യം വെച്ചോ ലോകമാന്യത്തിനോ കീർത്തിക്കോ വേണ്ടിയോ വിദ്യ അഭ്യസിക്കുന്നത്.. തുടങ്ങിയതുപോലുള്ള നിഷ്കളങ്കതക്കെതിരായ പ്രവർത്തനങ്ങൾ ചെറിയ ശിർക്കിന്റെ ഉദാഹരണങ്ങളാണ്.

***ചെറിയ ശിർക്കിന്റെ ഗൗരവം***

ചെറിയ ശിർക്ക് ചെയ്തവൻ നരകത്തിൽ നിത്യവാസിയാവുകയില്ല. എങ്കിലും ദൈവിക ശിക്ഷക്ക് കാരണമായ വലിയ കുറ്റക്കാരനായിത്തീരുന്നതാണ്. അതൊരിക്കലും നിസ്സാരവൽക്കരിക്കാൻ പാടുള്ളതല്ല. അറിവുള്ളവർ തന്നെ ധാരാളമായി ഈ കുറ്റത്തിൽ അകപ്പെടുന്നു എന്നിരിക്കെ അറിവില്ലാത്തവർ അതിൽ അകപ്പെടുന്നത് പറയേണ്ടതില്ല. ചെറിയ ശിർക്ക് ചെയ്തവൻ വലിയ ശിർക്കിലേക്കും എത്തിയെന്നും വരാം. അതിനാൽ തന്നെ വളരെ സൂക്ഷ്മത കാണിക്കേണ്ടതാണ്.

## *ചെറിയ ശിർക്കിന്റെ വിഭാഗങ്ങൾ*

ചെറിയ ശിർക്ക് രണ്ട് വിഭാഗങ്ങളായി തിരിക്കുന്നു.

**ഒന്ന്: പ്രകടമായ ശിർക്ക്:** ഇതും രണ്ട് വിഭാഗമുണ്ട്:

1. പ്രവർത്തനങ്ങളിലെ ശിർക്ക്
2. വാക്കുകളിലെ ശിർക്ക്.

**പ്രവർത്തനങ്ങളിലെ ശിർക്ക്:** അപകടങ്ങളിൽ നിന്നോ രോഗങ്ങളിൽ നിന്നോ ജിന്നിൽനിന്നോ കണ്ണേറിൽ നിന്നോ രക്ഷകിട്ടാൻ വേണ്ടി വളയമോ ചരടോ മറ്റോ ധരിക്കുന്നതും ഏലസ്സോ ഐക്കല്ലോ തകിടുകളോ ബന്ധിക്കുന്നതും ചെറിയ ശിർക്കാണ്. എന്നാൽ ഇവകൾക്കെല്ലാം സ്വയം തന്നെ ഗുണമോ ദോഷമോ വരുത്താൻ കഴിയുമെന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ വലിയ ശിർക്ക് തന്നെയായിത്തീരുന്നു. എന്നാൽ ഇവയെല്ലാം കേവലം കാരണം മാത്രമാണെന്നാണ് വിശ്വസിക്കുന്നതെങ്കിൽ, കാരണമാക്കാത്തതിനെ കാരണമായി നിശ്ചയിക്കുന്നതിനാൽ ചെറിയ ശിർക്കുമായിത്തീരുന്നു.

**വാക്കുകളിലെ ശിർക്ക്:** പിതാവിനെ കൊണ്ടോ പിതാമഹനെ കൊണ്ടോ കഅ്ബാലയത്തെ കൊണ്ടോ തന്റെ ജീവനെ കൊണ്ടോ മറ്റൊരാളുടെ ജീവനെ കൊണ്ടോ നബി (ﷺ) യെ കൊണ്ടോ സത്യം ചെയ്യുക, 'ഇന്നയിന്ന ഞാറ്റുവേല കൊണ്ടാണ് ഞങ്ങൾക്ക് മഴലഭിച്ചത്', 'അല്ലാഹുവും താങ്കളും ഉദ്ധേശിച്ചപോലെ', 'വീട്ടിലെ താറാവ് ഇല്ലായിരുന്നെങ്കിൽ മോഷ്ടാക്കൾ നമ്മെ കവർച്ചചെയ്തേനെ' പോലുള്ള വാക്കുകൾ ഉച്ചരിക്കുന്നത് വാക്കിലെ ശിർക്കാണ്.

***രണ്ട്: ഗോപ്യമായ ശിർക്ക്***

ഉദ്ധേശങ്ങളിലും വിചാരങ്ങളിലും സംഭവിക്കുന്ന ഈ ശിർക്കാണ് ഏറ്റവും കൂടുതൽ സംഭവിക്കുന്നത്. പാമരൻമാർ എന്നല്ല പണ്ഡിതന്മാർ തന്നെ – അല്ലാഹു അനുഗ്രഹിച്ചവരൊഴികെ – ഇതിൽ നിന്നും രക്ഷപ്പെടുകയില്ല. അതിനാൽ തന്നെ അറ്റമില്ലാത്ത സമുദ്രം പോലെയാണിത്.

***വലിയ ശിർക്കും ചെറിയ ശിർക്കും തമ്മിലുള്ള വ്യത്യാസം***

**വലിയ ശിർക്ക്:**

- ഇത് ചെയ്തവൻ നരകത്തിൽ ശാശ്വതനായി കഴിയേണ്ടിവരുന്നു.
- മുഴുവൻ കർമ്മങ്ങളേയും ഇത് നിഷ്ഫലമാക്കുന്നു.
- ഇതു ചെയ്തവന്റെ രക്തത്തിനും ധനത്തിനും പവിത്രത നഷ്ടപ്പെടുന്നു.
- മരണത്തിന് മുമ്പായി തൗബ ചെയ്താലല്ലാതെ അല്ലാഹു ഇത് ഒരിക്കലും പൊറുക്കുകയില്ല.

**ചെറിയ ശിർക്ക്:**

- ഇത് ചെയ്തവൻ നരകത്തിൽ ശശ്വതനാകുന്നില്ല.
- മുഴുവൻ കർമ്മങ്ങളും നിഷ്ഫലമാക്കുന്നില്ല.
- ഇതു ചെയ്തവന്റെ രക്തത്തിനും ധനത്തിനും പവിത്രത നഷ്ടപ്പെടുന്നില്ല.
- ഇതു ചെയ്തവൻ അല്ലാഹുവിന്റെ ഉദ്ദേശത്തിന് വിധേയനാണ്, അവൻ ഉദ്ദേശിച്ചാൽ ശിക്ഷിക്കും അവൻ ഉദ്ധേശിച്ചാൽ പൊറുത്തുകൊടുക്കുകയും ചെയ്യും.

# ഖബർ സന്ദർശനം

മരണാനന്തരം അല്ലാഹുവിനെ കണ്ടുമുട്ടാൻ ഒരുങ്ങുവാനും ലൗകിക ജീവിതത്തിലെ ക്ലേശങ്ങളിൽനിന്ന് ആശ്വാസം ലഭിക്കാനുമാണ് ഖബറുകൾ സന്ദർശിക്കൽ അല്ലാഹു നിയമമാക്കിയത്. അതേസമയം അല്ലാഹു അനുമതി നൽകിയിട്ടില്ലാത്ത തെറ്റായ ഖബർസന്ദർശനം നടന്നുവരുന്നതിനെ കുറിച്ചു മുന്നറിയിപ്പ് നൽകുകയും ചെയ്തു. അപ്പോൾ ഏതാണ് നിയമവിധേയമായത്? ഏതാണ് നിയമവിരുദ്ധമായത്? നമുക്ക് പരിശോധിക്കാം.

**ഖബർ സന്ദർശനത്തിന്റെ വിഭാഗങ്ങൾ:**

മൂന്ന് വിഭാഗമായി നമുക്ക് ഇതിനെ വിഭജിക്കാം.

1. മതപരമായ (സുന്നത്തായ) സന്ദർശനം
2. നൂതനമായ(ബിദഅത്തായ) സന്ദർശനം.
3. ശിർക്കായ സന്ദർശനം

***ഒന്ന്: മതപരമായ (സുന്നത്തായ) സന്ദർശനം***

ഈ സന്ദർശനത്തിനുള്ള തെളിവ് ബുറൈദ (റ) നിവേദനം ചെയ്യുന്ന ഹദീസാണ്, നബി (ﷺ) പറഞ്ഞു: ഖബറുകൾ സന്ദർശിക്കുന്നത് ഞാൻ നിങ്ങളോട് വിരോധിച്ചിരുന്നല്ലോ?. എന്നാൽ ഇനി മുതൽ ഖബറുകൾ സന്ദർശിച്ചുകൊള്ളുക തീർച്ചയായും അതു പരലോക ചിന്ത നേടിത്തരും. (മുസ്ലിം: 977).

**ഈ സന്ദർശനത്തിന്റെ മര്യാദകൾ**

1. പരലോക ചിന്തക്കും ഖബറാളികളിലൂടെ ഗുണപാഠമുദ്ദേശിച്ചുമായിരിക്കുക .
2. തനിക്കും മരണപെട്ടുപോയ മുസ്ലിംകൾക്കും വേണ്ടിയുള്ള പ്രാർഥനയായിരിക്കണം സന്ദർശനത്തിന്റെ ഉദ്ദേശം.

3. പ്രത്യേക തീർഥയാത്ര നടത്തിക്കൊണ്ടുള്ള സന്ദർശനമാകരുത്. അത് നബി (ﷺ) വിരോധിച്ചിരിക്കുന്നു. അബൂ സഈദ് (റ) നിവേദനം, നബി (ﷺ) പറഞ്ഞു: എന്റെ ഈ പള്ളി (മസ്ജിദുന്നബവി), മസ്ജിദുൽ ഹറാം, മസ്ജിദുൽ അഖ്സാ എന്നീ മൂന്ന് പള്ളികളിലേക്കല്ലാതെ നിങ്ങൾ തീർഥയാത്ര നടത്തരുത്. (മുതഫഖുൻ അലൈഹി)

### *രണ്ട്: നൂതനമായ (ബിദഅത്തായ) സന്ദർശനം*

നബി (ﷺ) യുടെ സുന്നത്തനുസരിച്ചല്ലാതെയുള്ള സന്ദർശനമാണ് ഇവിടെ വിവക്ഷിക്കുന്നത്. അതായത് ഖബറുകളുടെ അരികിൽ വെച്ച് പ്രാർഥിക്കുക, നമസ്കരിക്കുക, ഇഅ്തികാഫ് ഇരിക്കുക, ഖബറാളികളുടെ ജാഹ് കൊണ്ട് തവസ്സുൽ ചെയ്യുക തുടങ്ങിയ ലക്ഷ്യത്തിനുള്ള സന്ദർശനം. ഇവിടെ അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നുവെങ്കിലും അല്ലാഹു നിശ്ചയിക്കാത്ത നൂതന രീതി അവലംബിക്കുകയും പ്രാർഥനയിൽ അതിരുകവിയുകയും ചെയ്തു എന്നതാണ് പ്രശ്നം.

### *മൂന്ന്: ശിർക്കായ സന്ദർശനം*

സന്ദർശകൻ ഖബറാളിയെ ലക്ഷ്യം വെക്കുകയും നഷ്ടപ്പെട്ടതു തിരിച്ചുകിട്ടുക, രോഗശമനം കിട്ടുക തുടങ്ങിയ ആഗ്രഹസഫലീകരണത്തിനും ഗുണലബ്ധിക്കും ദോശ വിമുക്തിക്കും വേണ്ടി അല്ലാഹുവിന് പുറമെ അവരെ വിളിച്ചു തേടുകയും ചെയ്യുന്നു. ഇതു വലിയ ശിർക്കാകുന്നു. തൗബ ചെയ്താലല്ലാതെ അല്ലാഹു ഒരിക്കലും അതു പൊറുക്കുകയില്ല.

അല്ലാഹു പറഞ്ഞു:

﴿وَلَا تَدْعُ مِنْ دُونِ اللَّهِ مَا لَا يَنْفَعُكَ وَلَا يَضُرُّكَ فَإِنْ فَعَلْتَ فَإِنَّكَ إِذًا مِنَ الظَّالِمِينَ* وَإِنْ يَمْسَسْكَ اللَّهُ بِضُرٍّ فَلَا كَاشِفَ لَهُ إِلَّا هُوَ وَإِنْ يُرِدْكَ بِخَيْرٍ فَلَا رَادَّ لِفَضْلِهِ﴾ (١)

“അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. (യൂനുസ്: 106,107) വീണ്ടും കാണുക:

﴿وَمَنْ أَضَلُّ مِمَّنْ يَدْعُو مِنْ دُونِ اللَّهِ مَنْ لاَ يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَنْ دُعَائِهِمْ غَافِلُونَ﴾ (٢)

അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. (അഹ്ഖാഫ്:5)

(١) سورة يونس: الآيتان ١٠٦، ١٠٧

(٢) سورة الأحقاف: الآية ٥

# കപടവിശ്വാസം (നിഫാഖ്)

**നിഫാഖിന്റെ വിവക്ഷ:**

നൻമ പുറത്തുകാണിക്കുകയും തിൻമ ഒളിപ്പിച്ചുവെക്കുകയും ചെയ്യുക. അഥവാ, ഈമാൻ പ്രകടമാക്കുകയും കുഫ്റ് മറച്ചുവെക്കുകയും ചെയ്യുക എന്നതാണ് നിഫാഖ്. 'തനിനിറം വെളിവാക്കൽ' എന്നുകൂടി പേരുള്ള തൗബ സൂറത്തിൽ കപട വിശ്വാസികളെ കുറിച്ച് ധാരാളമായി വിവരിച്ചിട്ടുണ്ട്. വിശ്വാസികൾക്ക് അവരെ കുറിച്ച് മുന്നറിയിപ്പ് നൽകുകയും മുസ്‌ലിംകളോട് അവർക്കുള്ള ശത്രുതയും അവർ മറച്ചുവെക്കുന്ന തിന്മകളും ആ സൂറത്തിൽ പരാമർശിച്ചിട്ടുണ്ട്.

***നിഫാഖിന്റെ ഇനങ്ങൾ***

വലുതെന്നും ചെറുതെന്നും നിഫാഖിനെ രണ്ടായി വിഭജിക്കാം.

**ഒന്ന്: വലിയ നിഫാഖ്:**

വിശ്വാസത്തിലെ നിഫാഖാണിത്. ഇത് ആറ് ഇനമുണ്ട്.

1. തിരുദൂതരെ (ﷺ) നിഷേധിച്ചു തള്ളുക.
2. നബിതിരുമേനി (ﷺ) കൊണ്ടുവന്ന സന്ദേശങ്ങളിൽ ചിലത് നിഷേധിച്ചുതള്ളുക.
3. നബിതിരുമേനി (ﷺ) യോട് വെറുപ്പ് തോന്നുക.
4. നബിതിരുമേനി (ﷺ) കൊണ്ടുവന്ന സന്ദേശങ്ങളിൽ ചിലതിനോട് വെറുപ്പ് തോന്നുക.
5. നബിതിരുമേനി (ﷺ) യുടെ മതം പരാജയപ്പെടുന്നതിൽ സന്തോഷിക്കുക.
6. നബിതിരുമേനി (ﷺ) യുടെ മതം വിജയിച്ചു കാണുന്നത് വെറുക്കുക.

**രണ്ട്: ചെറിയ നിഫാഖ്**

കർമ്മത്തിൽ വരുന്ന നിഫാഖാണിത്. ഇതു ഏറ്റവും വലിയ കുറ്റവും പാപവുമാണെങ്കിലും അതു കൊണ്ടുമാത്രം ഇസ്‌ലാമിൽ നിന്നും പുറത്തുപോകുകയില്ല.

**ചെറിയ നിഫാഖിന്റെ ഇനങ്ങൾ:**

1. കളവ് പറയുക
2. ചതിക്കുക
3. വഞ്ചിക്കുക
4. കരാർ ലംഘിക്കുക.
5. തമ്മിൽ തെറ്റിയാൽ അസഭ്യം പറയുക

നബി (ﷺ) പറഞ്ഞു: മുനാഫിഖിന്റെ അടയാളങ്ങൾ മൂന്നാണ്. സംസാരിക്കുമ്പോൾ കളവ് പറയുക, കരാർചെയ്താൽ ലംഘിക്കുക, വിശ്വസിച്ചാൽ ചതിക്കുക, എന്നിവയാണത്. മറ്റൊരു റിപ്പോർട്ടിലുള്ളത്: കരാർ ചെയ്താൽ ചതിക്കുക, തമ്മിൽ തെറ്റിയാൽ നെറികേടു പറയുക എന്നാണ്. (മുത്തഫഖുൻ അലൈഹി).

ശറഇയ്യായ കാരണമില്ലാതെ ഇശാഇന്റേയും ഫജ്റിന്റെയും ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കാതിരിക്കുന്നതും മുനാഫിഖിന്റെ അടയാളങ്ങളിൽപെടുന്നു. നബി (ﷺ) പറഞ്ഞു: മുനാഫിഖുകൾക്ക് ഏറ്റവും ഭാരം തോന്നുന്ന നമസ്കാരം ഇശാഉം ഫജ്റുമാകുന്നു. അവ രണ്ടിനുമുള്ള പുണ്യം അവർ അറിയുമായിരുന്നെങ്കിൽ ഇഴഞ്ഞുകൊണ്ടാണെങ്കിലും അവരതിന് വന്നെത്തുമായിരുന്നു. (മുത്തഫഖുൻ അലൈഹി).

# *മാരണവും ക്ഷുദ്രവിദ്യകളും*

**മാരണത്തിന്റെ യാഥാർത്ഥ്യം:**

മാരണം (സിഹ്റ്) ഉണ്ടെന്നതും അതു സംഭവിക്കുമെന്നതും യാഥാർത്ഥ്യമാണ്. അങ്ങിനെ ഇല്ലായിരുന്നെങ്കിൽ അതിനെക്കുറിച്ച് മതപരമായ വിരോധങ്ങൾ വരികയോ, അതു ചെയ്തവനെതിരെ താക്കീതോ, അതിൽ ഏർപ്പെടുന്നവർക്ക് ലൗകികവും പാരത്രികവുമായ ശിക്ഷയുണ്ടെന്നോ, അതിൽ നിന്നും രക്ഷ തേടാൻ കൽപിക്കുകയോ, അതിനുള്ള പ്രാർഥനകൾ പഠിപ്പിക്കുകയോ ചെയ്യുമായിരുന്നില്ല. അല്ലാഹു തന്റെ പ്രാവചകൻ മൂസാ (عليه السلام) ക്ക് നൽകിയ ദൃഷ്ടാന്തങ്ങളെ എതിർക്കുവാൻ ഫിർഔൻ മാരണം ഉപയോഗിച്ചതായി ഖുർആനിലൂടെ നമുക്ക് വിവരിച്ചുതരുന്നുണ്ട്.

***സിഹ്റിന് സ്വാധീനശക്തിയുണ്ടോ?***

അതെ, സിഹ്റിന് സ്വാധീന ശക്തിയുണ്ട്. അതിൽ രോഗമുണ്ടാക്കുന്നതും മരണമുണ്ടാക്കുന്നതും ബുദ്ധിയെ ബാധിക്കുന്നതും കാഴ്ചയെ ബാധിക്കുന്നതും ദമ്പതികൾക്കിടയിൽ അകൽച്ചയുണ്ടാക്കുന്നതും ഉണ്ട്. പക്ഷെ സിഹ്റിന് സ്വന്തമായി സ്വതന്ത്രമായ സ്വാധീനശക്തിയില്ല. അല്ലാഹുവിന്റെ വിധിയും തീരുമാനവും അവന്റെ സൃഷ്ടിയും നിയന്ത്രണവും ഉണ്ടായാൽ മാത്രമേ സിഹ്റ് ഫലിക്കുകയുള്ളൂ. നന്മയും തിൻമയും അല്ലാഹുവിന്റെ സൃഷ്ടിയാണ്. സിഹ്റ് തിന്മയിൽപെട്ടതുമാണ്. അല്ലാഹു പറഞ്ഞതു കാണുക:

﴿وَمَا هُمْ بِضَارِّينَ بِهِ مِنْ أَحَدٍ إِلَّا بِإِذْنِ اللَّهِ﴾ (١)

---

(١) سورة البقرة: الآية ١٠٢

എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല. (ബഖറ: 102)

### *മാരണത്തിന്റെ അപകടം വ്യക്തിയിലും കുടുംബത്തിലും*

മനുഷ്യന്റെ മതകാര്യത്തിലും ഭൗതികകാര്യത്തിലും സിഹ്റ് സ്വാധീനിച്ചേക്കാം. മതനിഷ്ഠ ഉപേക്ഷിക്കാനും കുറ്റകൃത്യങ്ങൾ ചെയ്യുവാനുംം അത് പ്രേരിപ്പിച്ചേക്കും. അതു കാരണമായി മാരണക്കാരെയും ക്ഷുദ്രവിദ്യക്കാരെയും സമീപിക്കാനും അങ്ങിനെ പ്രശ്നപരിഹാരം ഉണ്ടാക്കാനും അതുവഴി ശിർക്കിൽ ആപതിക്കാനും ഇടവരുന്നു. നബി (ﷺ) പറഞ്ഞു:

مَنْ أَتَى عرَّافاًأَوْ كَاهِناً فَصَدَّقَهُ بِمَا يقُولُ فَقَدْ كَفَرَ بما أُنْزِلَ على مُحمّد (١)

'ആരെങ്കിലും ജ്യോൽസനേയോ ഗണിതക്കാരനേയോ സമീപിക്കുകയും അവർ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ മുഹമ്മദ് നബിക്ക് അവതരിച്ചു കിട്ടിയതിൽ അവിശ്വസിച്ചവനായി മാറി' (അഹമദ്, ഹാകിം, ബൈഹഖി)

വ്യക്തി സമൂഹത്തിന്റെ ഭാഗമാണല്ലോ?. അതിനാൽ തന്നെ മാരണം സമൂഹത്തിൽ ഉണ്ടാക്കുന്ന ദു:സ്സ്വാധീനം വളരെ വ്യക്തവും പ്രകടവുമാണ്. സമുദായാംഗങ്ങൾക്ക് ഈ രോഗം ബാധിച്ചാൽ എങ്ങിനെ ആ സമുദായം പുരോഗതി പ്രാപിക്കും?. അത് ജനമനസ്സുകളിൽ സംശയങ്ങളും ആശയക്കുഴപ്പങ്ങളും നട്ടുവളർത്തുകയും തദ്വാരാ പരസ്പര ശത്രുതയും വിദ്വേഷവും അസൂയയും ഉടലെടുക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും ഒരാൾ മനസ്സിലാക്കുന്നതു അപരൻ തനിക്ക് മാരണം ചെയ്തിട്ടുണ്ടെന്നാണ്. പിന്നെ അവനോടു പ്രതികാരം ചെയ്യാൻ ഒരുമ്പെടുന്നു. അതിക്രമങ്ങളും കൊലപാതകങ്ങളും

---

(١) رواه أحمد والحاكم والبيهقي

ഉണ്ടാകുന്നു. ഇങ്ങനെ സമൂഹത്തിന്റെ ഭദ്രതയും കെട്ടുറപ്പും ഇസ്ലാമിക സ്വഭാവ സംസ്കാരങ്ങളും തകരുകയും പകരം ഭയവും അസ്വാസ്ത്യങ്ങളും കുറ്റാസക്തിയും ഉടലെടുക്കുകയും ചെയ്യുന്നു.

***മാരണത്തിന്റെയും മാരണക്കാരുടേയും വിധി***

മാരണം അഭ്യസിക്കുന്നവൻ അവിശ്വാസിയാണെന്ന് അല്ലാഹു തന്നെ അവന്റെ ഗ്രന്ഥത്തിൽ പറയുന്നത് കാണുക:

﴿وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولَا إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ﴾ (١)

"എന്നാൽ അവർ ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇത് ഉപയോഗിച്ച്) ദൈവനിഷേധത്തിൽ ഏർപ്പെടരുത് എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നില്ല" (ബഖറ:102)

പ്രയോഗിക്കാനായാലും പ്രതിരോധിക്കാനായാലും മാരണവിദ്യ പഠിക്കുന്നത് നിഷിദ്ധമാണ്. വിനാശകരമായ ഏഴ് കാര്യങ്ങളെക്കുറിച്ച് നബി (ﷺ) പറഞ്ഞു: ഏഴ് വൻപാപങ്ങളിൽ നിന്നും നിങ്ങൾ അകന്ന് നിൽക്കുവീൻ.. (ബുഖാരി) മാരണത്തെ അതിൽ എണ്ണിപറയുകയുണ്ടായി

മാരണവൃത്തിയിലേർപ്പെടുന്നവന്റെ ഇസ്ലാമികവിധി വധശിക്ഷയാണെന്നാണ് ഭൂരിപക്ഷ പണ്ഡിതൻമാരുടെയും അഭിപ്രായം. ഇതേ വീക്ഷണമാണ് സ്വഹാബിമാരിൽ നിന്നും ഉദ്ധരിക്കപ്പെട്ടു കാണുന്നത്. ജുൻദുബ് (റ) പറയുന്നു: സാഹിറിനുള്ള ശിക്ഷ വധിക്കപ്പെടുകയെന്നതാണ്. (തുർമുദി). ബജാല (റ) പറയുന്നു: "മാരണവൃത്തിയിലേർപ്പെടുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും വധിക്കുവീൻ" എന്ന് ഉമർ (റ) എഴുതി അറിയിച്ചു. അങ്ങിനെ ഞങ്ങൾ മൂന്ന് മാരണക്കാരെ വധിച്ചു. (അഹമദ്,

(١) سورة البقرة: الآية ١٠٢

മുസന്നഫ് അബുറസാഖ്) മഹതിയായ ഹഫ്സാബീവി (റ) തനിക്കെതിരെ മാരണം പ്രയോഗിച്ച വേലക്കാരിയെ വധിക്കാൻ നിർദ്ദേശിച്ചു. അങ്ങിനെ അവൾ വധിക്കപ്പെടുകയുണ്ടായി. (ബുഖാരി തന്റെ താരീഖുൽ കബീറിൽ)

### *മാരണത്തിൽ നിന്ന് എങ്ങിനെ സ്വയരക്ഷ നേടാം ?*

1- കറകളഞ്ഞ തൗഹീദ് ഉൾകൊള്ളുക. അല്ലാഹു ഒഴികെയുള്ള മറ്റൊരു ശക്തിയിലും തന്റെ മനസ്സിനെ ബന്ധിക്കാതെ ശിർക്കിന്റെ എല്ലാ വശങ്ങളിൽ നിന്നും അകന്ന് നിൽക്കുക. ചെറുതും വലുതുമായ എല്ലാവിധ പാപങ്ങളിൽ നിന്നും അകന്ന് നിൽക്കുക. മാരണക്കാരുടെ തിന്മകളെ പ്രതിരോധിക്കുന്നതിൽ ഈ കാര്യങ്ങൾക്ക് വലിയ സ്വാധീനമുണ്ട്.

2- ഇഖ്ലാസ്വ് (ആത്മാർഥത): പിശാചിൽ നിന്നും രക്ഷപ്പെടാനുള്ള പ്രധാന മാർഗമാണ് ഇഖ്ലാസ്വ്. പിശാച് പറയുന്നതു വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നത് കാണുക:

﴿قَالَ رَبِّ بِمَا أَغْوَيْتَنِي لَأُزَيِّنَنَّ لَهُمْ فِي الْأَرْضِ وَلَأُغْوِيَنَّهُمْ أَجْمَعِينَ * إِلَّا عِبَادَكَ مِنْهُمُ الْمُخْلَصِينَ﴾ (1)

"അവൻ പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എന്നെ വഴികേടിലാക്കിയതിനാൽ, ഭൂലോകത്ത് അവർക്കു ഞാൻ (ദുഷ്പ്രവൃത്തികൾ) അലംകൃതമായി തോന്നിക്കുകയും, അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും ചെയ്യും; തീർച്ച. അവരുടെ കൂട്ടത്തിൽ നിന്ന് നിന്റെ നിഷ്കളങ്കരായ ദാസൻമാരൊഴികെ." (ഹിജ്റ് : 39,40)

3- സംഘമായി നിലക്കൊള്ളുക, നബി (ﷺ) പറഞ്ഞു: സ്വർഗത്തിന്റെ പരിമളം ആഗ്രഹിക്കുന്നവർ ഐക്യത്തെ മുറുകെ പിടിക്കട്ടെ. തീർച്ചയായും പിശാച് ഒറ്റക്ക് കഴിഞ്ഞുകൂടുന്നവരോടൊപ്പ

(١)سورة الحجر: الآيتان ٣٩، ٤٠

മാണ്. രണ്ടാളായാൽ പിശാച് അവരിൽ നിന്നും അകലുന്നു. (തുർമുദി)

4- അഞ്ച് സമയങ്ങളിലെ നമസ്കാരം പ്രത്യേകിച്ച് ഫജ്റ് നമസ്കാരം ജമാഅത്തായി തന്നെ നിർവഹിക്കുക. ജമാഅത്ത് നമസ്കാരത്തിൽ അലംഭാവം കാണിച്ചാൽ മനുഷ്യനെ വഴിപിഴപ്പിക്കുന്നത് പിശാചിന് എളുപ്പമായിത്തീരുന്നു.

5- വിശുദ്ധ ഖുർആനും തിരുസുന്നത്തും മുറുകെ പിടിക്കുക. പിശാചിൽ നിന്നും സംരക്ഷണം നൽകുന്ന ഏറ്റവും ശക്തമായ മാർഗമാണിത്. ഖുർആനും സുന്നത്തും പഠിക്കുന്നതിലും പ്രാവർത്തികമാക്കുന്നതിലും കണിഷതപുലർത്തുന്നത് മാരണക്കാരിൽ നിന്നും ഗണിതക്കാരിൽ നിന്നുമുണ്ടാകുന്ന തിന്മകളെ തടയുന്നു. അഅ്മശ് പറഞ്ഞതായി ഇബ്നുൽ ജൗസി ഉദ്ധരിക്കുന്നു: ജിന്നുകളോട് സംസാരിച്ചിരുന്ന ഒരാളോട് അവർ പറഞ്ഞത്രേ: "സുന്നത്തിനെ പിന്തുടരുന്നവനേക്കാൾ ഞങ്ങൾക്ക് പ്രായാസമുള്ള ആരും ഇല്ല. എന്നാൽ താന്തോന്നികളായവരെ കൊണ്ട് എല്ലാ കളിയും ഞങ്ങൾ കളിക്കും." (തൽബീസുഇബ്ലീസ്: 39)

6-അല്ലാഹുവിനെ കുറിച്ചുള്ള സൂക്ഷ്മതാബോധവും ധർമ്മനിഷ്ഠയും. അല്ലാഹു പറഞ്ഞു:

﴿وَنَجَّيْنَا الَّذِينَ آمَنُوا وَكَانُوا يَتَّقُونَ﴾ (١)

"വിശ്വസിക്കുകയും ധർമ്മനിഷ്ഠ പുലർത്തിക്കൊണ്ടിരിക്കുകയും ചെയ്തവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു." (ഫുസ്സിലത്ത്: 18)

7- പാപങ്ങളിൽ നിന്നും മുക്തമായി ആത്മാർഥമായി പശ്ചാതപിക്കുക.

8- ദാനധർമ്മങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും നടത്തുക. അപകടങ്ങളും ദുരന്തങ്ങളും തടുക്കുവാനുംം ലഘൂകരിക്കുവാ

(١) سورة فصلت: الآية ١٨

നുമുള്ള പ്രധാന മാർഗമാണ് ദരിദ്രരെയും അശരണരെയും സഹായിക്കുക എന്നത്.

9- മതപരമായ മന്ത്രം ചെയ്യുക, അതിൽ മൂന്ന് കാര്യങ്ങൾ പൂർത്തിയായിരിക്കേണ്ടതുണ്ട്:

1) അല്ലാഹുവിന്റെ വചനം കൊണ്ടോ അല്ലെങ്കിൽ അവന്റെ നാമ-വിശേഷണങ്ങൾ കൊണ്ടോ ആയിരിക്കണം.

2) അറബിയിലോ ആശയം വ്യക്തമായ മറ്റു ഭാഷയിലോ ആയിരിക്കണം.

3) ഈ മന്ത്രം സ്വന്തമായി സ്വാധീനിക്കില്ലെന്നും അതൊരു കാരണം മാത്രമാണ് സ്വാധീനമുണ്ടാക്കുന്നത് യഥാർത്ഥത്തിൽ അല്ലാഹു മാത്രമാണെന്നും വിശ്വസിക്കുക.

## ഭാഗം: മൂന്ന്

# *രണ്ട് സാക്ഷ്യങ്ങൾ*

**തൗഹീദ് എന്ന വിജ്ഞാന ശാഖ:** അല്ലാഹുവിന്ന് അനിവാര്യമായ മഹത്ത്വവും സമ്പൂർണവുമായ വിശേഷണങ്ങളേയും, അവന് അനുയോജ്യമല്ലാത്ത അസംഭവ്യമായവയേയും, അവനിലേക്ക് ചേർത്തിപറയാവുന്ന പ്രവർത്തനങ്ങളേയും, അല്ലാഹുവിന് മാത്രം അവകാശപെട്ട ആരാധനകളേയും അവന്റെ കൽപനകൾ അനുസരിക്കപ്പെടുകയും വിരോധങ്ങൾ വിലക്കപ്പെടുകയും ചെയ്യുകവഴി അവനോടുള്ള ബാധ്യത നിർവഹിക്കുന്നതിനേയും സംബന്ധിച്ച് ചർച്ച ചെയ്യുന്ന വിജ്ഞാന ശാഖയാണ് തൗഹീദ്. പ്രവാചകൻമാർക്കും ദൈവദൂതൻമാർക്കും അനിവാര്യമായി ഉണ്ടാകേണ്ടതും ഉണ്ടാകാൻ പാടില്ലാത്തതും അവരിലേക്ക് ചേർത്തിപറയാവുന്നതുമായ കാര്യങ്ങളും, അവർക്ക് അവതരിച്ചുകിട്ടിയ വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസവും പരിശുദ്ധരായ മലക്കുകളിലുള്ള വിശ്വാസവും ഉയർത്തെഴുനേൽപിന്റെയും പ്രതിഫലത്തിന്റെയും ദിവസത്തിലുള്ള വിശ്വാസവും വിധിവ്യവസ്ഥയിലുള്ള വിശ്വാസവും അതിന്റെ ചർച്ചയിൽ ഉൾപെടുന്നു. വിശ്വാസത്തെ നന്നാക്കുകയും നല്ലപര്യവസാനവും ഇഹപരവിജയവുമാണ് ഇതിന്റെ സത്ഫലം.

### *ഇസ്ലാം എന്നതിന്റെ അർഥം*

കീഴ്പ്പെടുക സമർപ്പിക്കുക എന്നെല്ലാമാണ് അതിന്റെ ഭാഷാർത്ഥം.

സാങ്കേതികമായി: പ്രകടമായ പ്രവർത്തനങ്ങളാണ് അതിന്റെ ഉദ്ദേശം. അതായത് അല്ലാഹുവിന്റെ ഏകത്വം അംഗീകരിച്ച് അവന് സർവ്വവും സമർപ്പിച്ചും, പുണ്യകർമ്മങ്ങളനുഷ്ഠിച്ച് അവന് കീഴ്പെട്ടും ശിർക്കിൽ നിന്ന് മുക്തമായും ജീവിക്കുക എന്നർഥം.

അല്ലാഹു പറഞ്ഞു:

﴿وَمَنْ أَحْسَنُ دِينًا مِمَّنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ﴾ (١)

"സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്‌പെടുത്തിയവനേക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട് ?"

﴿وَمَنْ يُسْلِمْ وَجْهَهُ إِلَى اللَّهِ وَهُوَ مُحْسِنٌ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى﴾ (٢)

"വല്ലവനും സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടിക്കയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്." (ലുഖ്മാൻ 22)

﴿فَإِلَٰهُكُمْ إِلَٰهٌ وَاحِدٌ فَلَهُ أَسْلِمُوا وَبَشِّرِ الْمُخْبِتِينَ﴾ (٣)

"നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. അതിനാൽ അവന്നു മാത്രം നിങ്ങൾ കീഴ്‌പെടുക. (നബിയേ), വിനീതർക്ക് നീ സന്തോഷവാർത്ത അറിയിക്കുക." (ഹജ്ജ്: 34)

﴿إِنَّ الدِّينَ عِنْدَ اللَّهِ الْإِسْلَامُ﴾ (٤)

"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു." (ആലുഇംറാൻ: 19).

അഞ്ച് അടിസ്ഥാനകാര്യങ്ങളെ ഉൾകൊള്ളുന്നതാണ് ഇസ്‌ലാം. ദീർഘമായ ജിബ്‌രീലിന്റെ ഹദീസാണ് അതിന് തെളിവ്. നബി (ﷺ) പറഞ്ഞു: ഇസ്‌ലാം എന്നാൽ അല്ലാഹു അല്ലാതെ ആരാധനക്കർഹനില്ലെന്നും മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദൂതനാണെന്നും നീ സാക്ഷ്യം വഹിക്കുകയും, നമസ്‌കാരം മുറപ്രകാരം നിർവഹിക്കുകയും, സകാത്ത് നൽകുകയും, റമദാൻ നോമ്പെടുക്കുകയും, കഴിവുണ്ടെങ്കിൽ മക്കയിലെ കഅബാലയത്തിലെത്തി ഹജ്ജ് നിർവഹിക്കുകയും ചെയ്യലാണ്.

---

(١) سورة النساء: الآية ١٢٥

(٢) سورة لقمان: الآية ٢٢

(٣) سورة الحج: الآية ٣٤

(٤) سورة آل عمران: الآية١٩

# തൗഹീദിന്റെ ഇനങ്ങൾ

തൗഹീദ് രണ്ട് വിഭാഗങ്ങളാണ്:

***ഒന്ന്: അറിവിലും വിശ്വാസത്തിലുമുള്ളത് (തൗഹീദുൽ ഇൽമി)***

വൈജ്ഞാനിക തൗഹീദ് എന്ന് ഇതിനെ വിളിക്കാം. രേഖകളും അറിവുകളുമായി ബന്ധപെട്ടതാണിത്. "ഖുൽ ഹുവല്ലാഹു അഹദ്.." എന്ന അദ്ധ്യായം ഇത് തെളിയിക്കുന്നു. തൗഹീദിന്റെ ഭാഗമായ രക്ഷാകതൃത്വത്തിലെ ഏകത്വവും (തൗഹീദുൽ റുബൂബിയ്യയും) നാമ വിശേഷണങ്ങളിലെ ഏകത്വവും (തൗഹീദുൽ അസ്മാഉ വസ്സിഫാത്) ഇത് ഉൾകൊള്ളുന്നു.

***രണ്ട്: ഉദ്ദേശത്തിലും ലക്ഷ്യത്തിലുമുള്ളത് (തൗഹീദുൽ ഇറാദ)***

ആരാധനയിലെ ഏകത്വം എന്നോ പ്രാർഥനയിലെ ഏകത്വം എന്നോ ഇതിനെ വിളിക്കാവുന്നതാണ്. ആരാധനാകർമ്മങ്ങളുടെ പ്രകടഭാവങ്ങളായ നമസ്കാരം, ഹജ്ജ്, ദുആ, നേർച്ച, ബലി.. തുടങ്ങിയ ആരാധനകൾ അല്ലാഹുവിന് മാത്രം സമർഷിക്കുക എന്നതാണ് ഈ തൗഹീദ് കൊണ്ട് ഉദ്ദേശം "ഖുൽ യാ അയ്യുഹൽ കാഫിറൂൻ" എന്ന അദ്ധ്യായം ഇത് തെളിയിക്കുന്നു.

വിശദമായി പറഞ്ഞാൽ തൗഹീദിന്റെ ഇനങ്ങൾ മൂന്നാണ്: തൗഹീദുൽ റുബൂബിയ്യ, തൗഹീദുൽ ഉലൂഹിയ്യ, തൗഹീദുൽ അസ്മാഉ വസ്സിഫാത്ത്.

### *തൗഹീദുൽ റുബൂബിയ്യഃ*

സൃഷ്ടിക്കുക, ഉപജീവനം നൽകുക, കാര്യങ്ങൾ നിയന്ത്രിക്കുക, ജീവിപ്പിക്കുക, മരിപ്പിക്കുക, പുനർജീവിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലെ അല്ലാഹുവിന്റെ ഏകത്വമാണിത്. അല്ലാഹു തന്നെയാണ് സൃഷ്ടാവും അന്നദാതാവും ജീവിപ്പിക്കു

ന്നവനും മരിപ്പിക്കുന്നവനും കാര്യങ്ങൾ നിയന്ത്രിക്കുന്നവനും മഴ വർഷിപ്പിക്കുന്നവനും. മക്കയിലെ ബഹുദൈവാരാധകരും ഇത് അംഗീകരിച്ചിരുന്നു. പക്ഷെ ആ അംഗീകാരം അവർക്ക് ഉപകാരപ്പെടുകയോ അതുകൊണ്ടവർ മുസ്‌ലിംകളാവുകയോ ചെയ്തില്ല. അല്ലാഹു പറയുന്നു:

﴿وَلَئِنْ سَأَلْتَهُمْ مَنْ خَلَقَ السَّمَاوَاتِ وَالْأَرْضَ لَيَقُولُنَّ اللَّهُ﴾ (١)

"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: അല്ലാഹു എന്ന് "(സുമർ: 38)

﴿الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ﴾ (٢)

"ലോക രക്ഷിതാവായ അല്ലാഹുവിനാണ് സർവസ്തുതിയും" എന്ന ഈ പരിശുദ്ധ വചനവും തൗഹീദിന്റെ ഈ ഇനത്തിന്ന് തെളിവാണ്.

അല്ലാഹുവിന്റെ അസ്തിത്വം അംഗീകരിക്കുകയോ അവൻ സൃഷ്ടാവും അന്നദാതാവും നിയന്താവും ആണെന്ന് സമ്മതിക്കുകയോ ചെയ്തതുകൊണ്ട് മാത്രം ഒരാളും ഇസ്‌ലാമിൽ പ്രവേശിക്കില്ല. എത്രയോ ബഹുദൈവാരാധകർ തൗഹീദുൽ റുബൂബിയ്യ അംഗീകരിച്ചിരുന്നു. എന്നാൽ അവർ ആരാധനയിലെ ഏകത്വം അംഗീകരിച്ചിരുന്നില്ല അതുകൊണ്ടുതന്നെ അവർ മുസ്‌ലിംകളുമല്ല.

തുഹീദുൽറുബൂബിയ്യയാണ് പ്രവാചകന്മാർ പഠിപ്പിച്ച തൗഹീദെന്നും അത് തങ്ങൾ അംഗീകരിച്ചാൽ പൂർണ്ണമായ തൗഹീദ് സ്വീകരിച്ചവരായി എന്നുമാണ് അധികപേരും കരുതു

(١) سورة الزمر: الآية ٣٨

(٢) سورة الفاتحة: ٢

ന്നത്. ഇത് വലിയൊരബദ്ധമാണ്. അതുകൊണ്ട് അല്ലാഹുവിന് പുറമെ പലരേയും ആരാധിക്കുന്ന ഇത്തരക്കാർ വാദിക്കുന്നത് അല്ലാഹുവിന് പുറമെ സൃഷ്ടാവും നിയന്താവും ഉണ്ടെന്ന് വിശ്വസിക്കൽ മാത്രമാണ് ശിർക്കെന്നും തങ്ങളുടെ പ്രവർത്തനം ഒരിക്കലും ശിർക്കല്ല എന്നുമാണ്. തൗഹീദിനെ കുറിച്ചുള്ള അറിവില്ലായ്മയാണ് ഈ പടുശിർക്കിലേക്ക് അവരെ എത്തിച്ചത്.

### *തൗഹീദുൽ ഉലൂഹിയ്യഃ*

അല്ലാഹുവിൽ ഒന്നിനേയും പങ്കുചേർക്കാതെ ഇബാദത്തുകൾ ഏകനായ അല്ലാഹുവിന്ന് മാത്രം സമർപ്പിക്കലാണിത്. പ്രാർഥനയും ബലിയും നേർച്ചയും നമസ്കാരവും ഭയവും പ്രതീക്ഷയർപ്പിക്കലും ഭരമേൽപിക്കലും സഹായതേട്ടവും എല്ലാവിധ ആരാധനകളും രക്ഷിതാവായ അല്ലാഹുവിന്ന് മാത്രം സമർപ്പിക്കണം. ആരെങ്കിലും അതിൽനിന്ന് വല്ലതും അല്ലാഹുവല്ലാത്തവർക്ക് തിരിച്ചുവിട്ടാൽ അവൻ ഒരിക്കലും മുവഹ്ഹിദാകില്ല. തൗഹീദുൽ റുബൂബിയ്യ അംഗീകരിച്ചാലും അവൻ മുശ്‌രിക്ക് തന്നെ.

തൗഹീദുൽ ഉലൂഹിയ്യഃക്കു വേണ്ടിയാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടതും വേദഗ്രന്ഥങ്ങൾ അവതരിക്കപ്പെട്ടതും. അത് ശരിക്കും മനസ്സിലാക്കുകയാണെങ്കിൽ അധിക ജനങ്ങളും അതു പാഴാക്കുകയോ അതിൽ വീഴ്ചവരുത്തുകയോ അതിന്റെ അവകാശങ്ങൾ മനസ്സിലാക്കാതെപോകുകയോ ചെയ്തിട്ടുണ്ടെന്ന് കാണാൻ കഴിയും. അല്ലാഹുവിന്ന് പുറമെ വിഗ്രഹങ്ങളെ ആരാധിക്കുന്നത് ഒഴിവാക്കിയത് കൊണ്ട് മാത്രം തൗഹീദുണ്ടാകില്ല. അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്ന സകലതിനേയും കയ്യൊഴിക്കുകയും എല്ലാവിധ ശിർക്കിൽ നിന്നും അതിന്റെ വാക്താക്കളിൽ നിന്നും ഒഴിവാകുകയും ഏകനായ അല്ലാഹുവിന്ന് മാത്രം മുഴുവൻ ആരാധനകളും സമർപ്പിക്കപ്പെ

ടുകയും ചെയ്യേണ്ടതുണ്ട്. അല്ലാഹുവിനെ ആരാധിക്കുകയും അതോടൊപ്പം അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുകയും ചെയ്യുന്നില്ലെങ്കിൽ ശക്തമായ പാശത്തെ പിടിച്ചവനായിത്തീരില്ല. അല്ലാഹുവിന്റെ വചനം കാണുക:

﴿فَمَنْ يَكْفُرْ بِالطَّاغُوتِ وَيُؤْمِنْ بِاللَّهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى﴾[1]

"ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു" (ബഖറ: 256) നബി (ﷺ) പറയുന്നു: അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്ന് പ്രഖ്യാപിക്കുകയും അവന് പുറമെ ആരാധിക്കപ്പെടുന്ന സകലതിനേയും നിഷേധിക്കുകയും ചെയ്തവന്റെ രക്തവും ധനവും പവിത്രമാണ് അവന്റെ വിചാരണ അല്ലാഹുവിങ്കലാണ് (മുസ്ലിം).

ദുർമൂർത്തികളിൽ അവിശ്വസിക്കുന്നില്ലെങ്കിൽ 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന ശക്തമായ പിടിവള്ളിയിൽ പിടിക്കാനാകില്ല. മാത്രമല്ല, അവൻ അതിനെ കയ്യൊഴിച്ചവനും അവഗണിച്ചവനും അതിന്റെ അവകാശങ്ങൾ പാഴാക്കിയവനുമായിത്തീരുന്നു. അവന്റെ ധനമൊ രക്തമൊ രക്ഷിക്കപ്പെടുകയുമില്ല. എല്ലാ ദൈവദൂതന്മാരുടേയും തൗഹീദിന്റെ അടിസ്ഥനവും മതത്തിന്റെ തന്നെ അടിസ്ഥാനവും അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനു പുറമെയുള്ള സകല ആരാധ്യവസ് തുക്കളേയും കയ്യൊഴിക്കുകയും ചെയ്യുക എന്നതാണ്. അതാണ് ഇബ്റാഹീം (عليه السلام) ന്റെ മാർഗം അല്ലാഹു പറയുന്നു:

(١) سورة البقرة: الآية ٢٥٦

﴿قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ وَالَّذِينَ مَعَهُ إِذْ قَالُوا لِقَوْمِهِمْ إِنَّا بُرَآءُ مِنْكُمْ وَمِمَّا تَعْبُدُونَ مِنْ دُونِ اللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ الْعَدَاوَةُ وَالْبَغْضَاءُ أَبَدًا حَتَّى تُؤْمِنُوا بِاللَّهِ وَحْدَهُ﴾ (١)

“നിങ്ങൾക്ക് ഇബ്രാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു”. (മുംതഹിന: 4)

﴿وَإِذْ قَالَ إِبْرَاهِيمُ لِأَبِيهِ وَقَوْمِهِ إِنَّنِي بَرَاءٌ مِمَّا تَعْبُدُونَ * إِلَّا الَّذِي فَطَرَنِي فَإِنَّهُ سَيَهْدِينِ * وَجَعَلَهَا كَلِمَةً بَاقِيَةً فِي عَقِبِهِ لَعَلَّهُمْ يَرْجِعُونَ﴾(٢)

“ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു): തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവനൊഴികെ. കാരണം തീർച്ചയായും അവൻ എനിക്ക് മാർഗദർശനം നൽകുന്നതാണ്. അദ്ദേഹത്തിന്റെ പിൻഗാമികൾ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു”. (സുഖ്റുഫ്: 26–28)

നമ്മുടെ ഈ കാലഘട്ടത്തിൽ തൗഹീദുൽ ഉലൂഹിയ്യ എന്ന ആരാധനയിലെ തൗഹീദിനെ കുറിച്ച് ചിന്തിച്ചാൽ അതിന്റെ ഫലങ്ങളും അടയാളങ്ങളും നഷ്ടപെട്ട രൂപത്തിലാണ് അധിക ജനങ്ങളുടേയും അവസ്ഥ. രണ്ട് ഉദാഹരണങ്ങളിലൂടെ ഇത് വ്യക്തമാക്കാം:

---

(١) سورة الممتحنة: الآية ٤

(٢) سورة الزخرف: الآيات ٢٦-٢٨

***ഒന്ന്: ബലിയറുക്കൽ***

ആരാധനകളിൽ ഏറ്റവും മഹത്തായ ഒരു ആരാധനാ കർമ്മമത്രെ ബലിയറുക്കൽ. അല്ലാഹു നബിയോട് പറയുന്നു:

﴿فَصَلِّ لِرَبِّكَ وَانْحَرْ﴾[1]

"ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക" (കൗഥർ: 2)
ബലിയറുക്കൽ ആരാധനയാണല്ലോ ? അതിനാൽ തന്നെ അത് അല്ലാഹു അല്ലാത്തവരിലേക്ക് തിരിച്ചുവിട്ടാൽ ശിർക്ക് തന്നെ. അലി (റ) നിവേദനം ചെയ്യുന്നു: നബി (ﷺ) പറഞ്ഞു: അല്ലാഹു വല്ലാത്തവർക്ക് വേണ്ടി ബലിയറുത്തവനെ അല്ലാഹു ശപിച്ചിരിക്കുന്നു (മുസ്ലിം). ആരാധനയിലുള്ള ഈ ഏകത്വത്തെ കുറിച്ച് അറിവില്ലാത്തതിനാൽ അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ബലിയറുക്കുന്നത് ഇന്ന് വർദ്ധിച്ചിരിക്കുന്നു. ചില വിവരദോഷികൾ വല്ല സ്ഥലങ്ങളിലും താമസമാക്കുമ്പോൾ ജിന്നുകളുടെ ഉപദ്രവമുണ്ടാകാതിരിക്കാൻ അവർക്കുവേണ്ടി ബലിയറുക്കുന്നു. ഇതെല്ലാം ശിർക്കിൽ പെട്ടതാണ്.

***രണ്ട്: അല്ലാഹുവല്ലാത്തവരെ വിളിച്ചുതേടൽ***

പ്രാർഥന ഏറ്റവും വലിയ ഒരു ആരാധനയാണ്. ഗുണലബ്ധിക്കും ദോശവിമുക്തിക്കും ഏറ്റവും ശക്തവും പ്രബലവുമായ ഒരു കാരണമാണത്. അടിമ തന്റെ രക്ഷിതാവിന്റെ ആശ്രിതനും ആവശ്യക്കാരനുമാണ് എന്നതിന്റെ അടയാളവുമാണ് പ്രാർഥന. അല്ലാഹു തന്റെ ദാസൻമാരോട് അതിനായി കൽപിക്കുന്നത് കാണുക:

﴿وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ﴾[2]

---

(١) سورة الكوثر: الاية ٢

(٢) سورة غافر: الآية ٦٠

"നിങ്ങൾ എന്നെ വിളിച്ചുതേടുവീൻ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകുമെന്ന് നിങ്ങളുടെ രക്ഷിതാവ് പ്രസ്താവിച്ചു"(ഗാഫിർ: 60) നബി (ﷺ) പറഞ്ഞു: (الدعاء هو العبادة) പ്രാർഥന അതു തന്നെയാണ് ഇബാദത്ത്. (തുർമുദി) പ്രാർഥന ഏറ്റവും മഹത്തായ ഒരു ആരാധനയാണെങ്കിൽ അത് അല്ലാഹുവല്ലാത്തവരിലേക്ക് തിരിച്ചുവിടുന്നത് ശിർക്കാകുന്നു. ഇനി ഇന്നത്തെ മുസ്‌ലിംകളെന്ന് പറയുന്നവരിലേക്ക് നോക്കുക. അവർ ഖബറാളികളേയും അദൃശ്യരേയും തങ്ങളുടെ വിളികേൾ ക്കുന്നവരോടെന്നപോലെ വിളിച്ചു തേടുകയും, മുമ്പിലുള്ള കഴിവുള്ളവരോടെന്നപോലെ അവരോട് രക്ഷതേടുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞു:

﴿وَالَّذِينَ تَدْعُونَ مِنْ دُونِهِ مَا يَمْلِكُونَ مِنْ قِطْمِيرٍ * إِنْ تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ﴾ (١)

"അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ) പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല". (ഫാത്വിർ:13-14)

മരണപെട്ടുപോയ അമ്പിയാക്കളോടോ പുണ്യവാളൻമാരോടോ ആഗ്രഹപൂർത്തീകരണത്തിനും ശഫാഅത്തിനുമെല്ലാം വിളിച്ചു തേടുന്നത് അല്ലാഹുവിൽ പങ്കുചേർക്കാലാണ്. അത് ആരാധനയിലുള്ള തൗഹീദിന് എതിരുമാണ്. തൗബ ചെയ്തു മടങ്ങിയിട്ടില്ലെങ്കിൽ അല്ലാഹു ഒരിക്കലും പൊറുക്കാത്ത

(١) سورة فاطر: الآيتان١٣، ١٤

പാപമാണത്. അതിൽ തന്നെ മരണപെട്ടാൽ നരകത്തിൽ ശാശ്വതമായി കഴിയേണ്ടിവരും.

## *തൗഹീദുൽ അസ്മാഉ വസ്സിഫാത്ത്*

നാമ-വിശേഷണങ്ങളിലെ ഏകത്വം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് അല്ലാഹു സ്വയം നിശ്ചയിച്ചിട്ടുള്ളതോ അല്ലാഹുവിന്റെ ദൂതൻ അല്ലാഹുവിനെ കുറിച്ച് പ്രസ്താവിച്ചിട്ടുള്ളതോ ആയ നാമങ്ങളും വിശേഷണങ്ങളും തനതായ രൂപത്തിൽ സ്വീകരിക്കുക എന്നതാണ്. അതിൽ മാറ്റിമറിക്കലോ (തഹ്രീഫ്) വ്യാഖാനമോ (തഅ്വീൽ) രൂപംകൽപ്പിക്കലോ (തക്‌യീഫ്) ഉദാഹരിക്കലോ (തംസീൽ) പാടില്ല. അതിനുള്ള തെളിവുകൾ:

അല്ലാഹു പറഞ്ഞു: ﴿وَلِلَّهِ الْأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا﴾[1]

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക" (അഅ്റാഫ്:180)

﴿اللَّهُ لَا إِلَهَ إِلَّا هُوَ لَهُ الْأَسْمَاءُ الْحُسْنَى﴾ [2]

"അല്ലാഹു - അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ" (ത്വാഹാ:8) നബി (ﷺ) പറഞ്ഞു: അല്ലാഹുവിന്ന് തൊണ്ണൂറ്റിയൊൻപത് നാമങ്ങളുണ്ട് നൂറിന് ഒന്ന് കുറവ്, ആരെങ്കിലും അത് ക്ലിപ്തപ്പെടുത്തിയാൽ സ്വർഗത്തിൽ പ്രവേശിച്ചതുതന്നെ. (ബുഖാരി, മുസ്ലിം). അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ നിഷേധിക്കൽ സൃഷ്ടാവിനെ തന്നെ നിഷേധിക്കലാണ്. ഒരാൾ മുസ്ലിമായിത്തീരണമെങ്കിൽ അല്ലാഹുവിന്റെ നാമവിശേഷണങ്ങളിൽ വിശ്വസിക്കേണ്ടതുണ്ട്. തൗഹീദിന്റെ ഈ വശം നന്നായി ഗ്രഹിക്കുകയും ചിന്തിക്കുക

---

(١) سورة الأعراف: الآية١٨٠

(٢) سورة طه: الآية٨

യും ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ചും പണ്ഡിതരെന്ന് വിചാരിക്കപ്പെടുന്ന ചിലരും മറ്റുളള കുറേയാളുകളും അബദ്ധത്തിൽ അകപ്പെട്ട ഒരു വിഷയമാണിത്. സൃഷ്ടികളോട് അല്ലാഹു സാദൃശ്യപ്പെടാതിരിക്കാനായി അല്ലാഹു തന്നെക്കുറിച്ച് വിശേഷിപ്പിച്ച പലതും അവർ നിഷേധിച്ചുതളളി. ശരിയായ അറിവില്ലാതെ അവർ വഴിതെറ്റുകയായിരുന്നു. അങ്ങിനെ ഖുർആനിനും സുന്നത്തിനും സച്ചരിതരായ പൂർവികരുടെ ഏകോപിച്ച നിലപാടുകൾക്കും അവർ എതിരായിമാറി.

***കർമ്മങ്ങളിൽ തൗഹീദിന്റെ സ്വാധീനവും മഹത്വവും***

1) തൗഹീദ് സാക്ഷാൽക്കരിച്ചവൻ ഒരു വിചാരണയും ശിക്ഷയുമില്ലാതെ സ്വർഗത്തിൽ പ്രവേശിക്കും.

2) പാപങ്ങൾ പൊറുക്കപെടുവാനും മായ്ക്കപ്പെടുവാനും അത് കാരണമായിത്തീരും.

3) നരകത്തിൽ ശാശ്വതമായിത്തീരുന്നതിനെ അതു തടയും.

4) ഇഹത്തിലും പരത്തിലും സന്മാർഗവും നിർഭയത്വവും അത് നേടിത്തരും.

5) എല്ലാ വാക്കുകളും പ്രവർത്തനങ്ങളും തൗഹീദിനെ ആശ്രയിച്ചാണ് സ്വീകരിക്കപ്പെടുക.

6) ദുരന്തങ്ങളെ ലഘൂകരിക്കുകയും വേദനകളെ ശമിപ്പിക്കുകയും ചെയ്യും.

7) തൗഹീദുളളവർക്ക് വിജയവും സഹായവും നൽകുമെന്ന് അല്ലാഹു ഏറ്റെടുത്തിരിക്കുന്നു.

***ലാഇലാഹ ഇല്ലാല്ലാഹ് എന്നതിന്റെ അർഥം***

'ലാഇലാഹ ഇല്ലാല്ലാഹ്' എന്നതിന് ഖുർആനും സുന്നത്തും നൽകുന്ന അർത്ഥകൽപന *'യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുവാൻ അർഹൻ മറ്റാരുമില്ല'* എന്നാണ്. പരിശുദ്ധ വചനത്തിന്റെ ഈ അർത്ഥപ്രകാരം നിഷേധത്തിന്റെ

യും സ്ഥിരീകരണത്തിന്റെയും രണ്ട് ആശയങ്ങളാണ് അതുൾക്കൊള്ളുന്നത്. അല്ലാഹു ഒഴികെയുള്ള സകലതിന്റെയും ആരാധനാർഹതയെ അത് നിഷേധിക്കുന്നു. അല്ലാഹുവിന്റെ ആധിപത്യത്തിൽ യാതൊരു പങ്കുകാരുമില്ലെന്നപോലെ ആരാധനകൾ ഏകനായ അല്ലാഹുവിന് മാത്രം അവകാശപെട്ടതും അതിൽ യാതൊരു പങ്കുകാരുമില്ലെന്നും സ്ഥാപിക്കുന്നു. അല്ലാഹു പറഞ്ഞു:

﴿ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِنْ دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ﴾ (١)

"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ." (ഹജ്ജ്:62)

***മുഹമ്മദു റസൂലുല്ലാഹ് എന്നതിന്റെ വിവക്ഷ:*** മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദാസനും മുഴുവൻ മനുഷ്യരിലേക്കും ജിന്നിലേക്കുമുള്ള അവന്റെ ദൂതനാണെന്ന് സത്യപ്പെടുത്തുകയും ഹൃദയത്തിൽ ഉറപ്പിച്ചു പ്രഖ്യാപിക്കുകയും ചെയ്യുക. അദ്ദേഹം അല്ലാഹുവിന്റെ സാക്ഷിയും സുവിശേഷകനും മുന്നറിയിപ്പുകാരനും അവന്റെ അനുമതിയോടെ പ്രബോധനം ചെയ്യുന്നവനും പ്രകാശിക്കുന്ന ഗോപുരവുമാണ്. നബി (ﷺ) അറിയിച്ച സംഭവിച്ചതോ വരാൻപോകുന്നതോ അനുവദിച്ചതോ നിഷിദ്ധമാക്കിയതോ ആയ മുഴുവൻ കാര്യങ്ങളേയും സത്യപ്പെടുത്തണം. അദ്ദേഹത്തിന്റെ ആജ്ഞകൾ അനുവർത്തിക്കുകയും വിരോധങ്ങൾ വർജ്ജിക്കുകയും വേണം. പൂർണ്ണമായ തൃപ്തിയോടെയും സമർപ്പണത്തോടെയും അവിടുത്തെ കൽപനകളെ

---

(١) سورة الحج: الآية ٦٢

ശിരസ്സാവഹിക്കുകയും ചര്യകളെ പിന്തുടരുകയും നിയമങ്ങളെ അനുധാവനം ചെയ്യുകയും വേണം.

ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹാബ് (മൂന്ന് അടിസ്ഥാന തത്ത്വങ്ങൾ എന്ന തന്റെ ഗ്രന്ഥത്തിൽ) പറയുകയുണ്ടായി: മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നതിന്റെ അർഥം അവിടുന്ന് കൽപിച്ചത് അനുസരിക്കുകയും അറിയിച്ചതെല്ലാം സത്യപെടുത്തുകയും, വിലക്കിയതും വിരോധിച്ചതും വർജിക്കുകയും ചെയ്യുന്നതോടൊപ്പം അവിടുന്ന് മാതൃക കാണിച്ചതുകൊണ്ടല്ലാതെ അല്ലാഹുവിനെ ആരാധിക്കാതിരിക്കുകയും ചെയ്യുക എന്നതാണ്.

### ഇബാദത്ത്

അല്ലാഹു പറയുന്നു:

﴿وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ﴾ (١)

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (ദാരിയാത്: 56) നമ്മെ സൃഷ്ടിച്ചതിന്റെ ലക്ഷ്യമാണ് മഹത്തായ ഈ വചനം വ്യക്തമാക്കുന്നത്. അല്ലാഹുവിന്റെ ഭൂമിയിൽ അവനെ മാത്രം ആരാധിക്കുക എന്നതാണ് ആ ലക്ഷ്യം. ഈ കർത്തവ്യം നിർവഹിക്കുന്നവൻ താൻ സൃഷ്ടിക്കപ്പെട്ട ലക്ഷ്യം പൂർത്തിയാക്കി. അതിൽ വീഴ്ച വരുത്തിയവൻ താൻ സൃഷ്ടിക്കപ്പെട്ട മഹത്തായ ലക്ഷ്യത്തെ കുറിച്ച് ബോധമില്ലാതെ ജീവിതം പാഴാക്കിയവനായി. നമ്മെ അല്ലാഹു സൃഷ്ടിച്ചത് അവനെ ആരാധിക്കുവാനാണല്ലോ?. ആരാധന എന്നാൽ അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന പ്രത്യക്ഷവും പരോക്ഷവുമായ മുഴുവൻ വാക്കുകളും പ്രവർത്തികളും ഉൾകൊള്ളുന്നതും അതിന് എതിരായിട്ടു

(١) سورة الذاريات: الآية ٥٦

ളളതിൽ നിന്ന് വിട്ടുനിൽക്കുന്നതിനുമുള്ള സമഗ്ര നാമമാ ണ്. അല്ലാഹു പറഞ്ഞു:

﴿قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ * لَا شَرِيكَ لَهُ وَبِذَٰلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ﴾ (١)

"പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാ ധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോക രക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന് പങ്കുകാരേ യില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവ ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്." (അൻആം:162,163)

***ഇബാദത്തിന്റെ നിബന്ധനകൾ***

***ഒന്ന്: സത്യസന്ധമായ തീരുമാനം:*** ഇബാദത്ത് ഉണ്ടാവാൻ ഈ നിബന്ധന ആവശ്യമാണ്. അതായത് തന്റെ വാക്കിനെ പ്രവൃ ത്തി സത്യപ്പെടുത്തും വിധം അലംഭാവവും അലസതയും ഉപേ ക്ഷിച്ചു കഠിനപ്രയത്നം നടത്തുക എന്ന ഉദ്ദേശം. അല്ലാഹു പറഞ്ഞു:

﴿يَاأَيُّهَا الَّذِينَ آمَنُوا لِمَ تَقُولُونَ مَا لَا تَفْعَلُونَ * كَبُرَ مَقْتًا عِنْدَ اللَّهِ أَنْ تَقُولُوا مَا لَا تَفْعَلُونَ﴾(٢)

"സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു" (സ്വഫ്: 302)

***രണ്ട്: ഉദ്ദേശ ശുദ്ധി:*** പ്രത്യക്ഷവും പരോക്ഷവുമായ മുഴുവൻ വാക്കുകളും പ്രവർത്തികളും അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രം ചെയ്യുക എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

﴿وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ﴾ (١)

---

(١) سورة الأنعام: الآيتان ١٦٢، ١٦٣

(٢) سورة الصف: الآيتان ٢، ٣

"കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കി കൊണ്ട് ഋജുമനസ് കരായ നിലയിൽ അവനെ ആരാധിക്കുവാനല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല" (ബയ്യിന: 5)

**മൂന്ന്: *മതനിയമങ്ങളോട് യോജിച്ചായിരിക്കുക:*** അല്ലാഹു നിശ്ചയിച്ച വിധത്തിൽ മാത്രമേ അല്ലാഹുവിനെ ആരാധിക്കാവൂ. അതാണ് പരിശുദ്ധ ഇസ്‌ലാം മതം. ആ മതമല്ലതെ മറ്റൊരു മതം അല്ലാഹു സ്വീകരിക്കുകയില്ല തന്നെ. അല്ലാഹു പറഞ്ഞു:

﴿وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ﴾ [2]

"ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർഷണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല". (ആലുഇംറാൻ:85) മഹതി ആയിശ (റ) നിവേദനം, നബി (ﷺ) പറഞ്ഞു: "നമ്മുടെ ഈ കാര്യത്തിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്". (ബുഖാരി, മുസ്‌ലിം)

ഈ മൂന്ന് നിബന്ധനകളും കൂടാതെ ഇബാദത്തിന് യാതൊരു നിലനിൽപുമില്ല. ഇബാദത്തുണ്ടാകാൻ സത്യസന്ധമായ തീരുമാനം വേണം. നിഷ്കളങ്കമായ ഉദ്ദേശവും നബിചര്യയോട് യോചിക്കലും അതു സ്വീകരിക്കപ്പെടാനുള്ള നിബന്ധനയാണ്. ഈ മൂന്ന് നിബന്ധനകളും പൂർത്തിയായില്ലെങ്കിൽ ഒരു ഇബാദത്തും സ്വീകാര്യമാകില്ല.

***ഇബാദത്തു നിർമ്മിക്കപ്പെടുന്ന അടിസ്ഥാനങ്ങൾ***

രണ്ട് അടിസ്ഥാനങ്ങളിലാണ് ഇബാദത്ത് ആരാധന നിർമ്മിക്കപ്പെടുന്നത്.

***ഒന്ന്: പൂർണമായ സ്നേഹം***

***രണ്ട്: പൂർണമായ താഴ്മ***

---

(1) سورة البينة: الآية٥

(2) سورة آل عمران: الآية ٨٥

ഇവ രണ്ടും പൂർത്തിയാകാതെ ഒന്നുകൊണ്ട് മാത്രം ഒരു ഈബാദത്തും പ്രയോജനപ്പെടില്ല. ഒരു പൂർവ്വ പണ്ഡിതൻ പറഞ്ഞു: "സ്നേഹം കൊണ്ട് മാത്രം അല്ലാഹുവിനെ ആരാധിക്കുന്നവൻ മതനിർമ്മത വാദിയാണ്, പ്രത്യാശ കൊണ്ടു മാത്രം അവനെ ആരാധിക്കുന്നവൻ മുർജിഇയ്യുമാണ്[1] ഭയം കൊണ്ട് മാത്രം അല്ലാഹുവിനെ ആരാധിക്കുന്നവൻ ഹറൂരിയ്യാണ്[2] എന്നാൽ സ്നേഹത്തോടെയും ഭയത്തോടെയും പ്രത്യാശയോടെയും അല്ലാഹുവിനെ ആരാധിക്കുന്നവനാണ് യഥാർത്ഥ മുവഹിദായ സത്യവിശ്വാസി" (മആരിജുൽ ഖബൂൽ1/397)

സത്യവിശ്വാസികളെ വിശേഷിപ്പിച്ച് അല്ലാഹു പറഞ്ഞു:

﴿وَالَّذِينَ آمَنُوا أَشَدُّ حُبًّا لِلَّهِ﴾ (٣)

"എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ" (ബഖറ:165)

﴿إِنَّ الَّذِينَ هُمْ مِنْ خَشْيَةِ رَبِّهِمْ مُشْفِقُونَ﴾ (٤)

"തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ അശങ്കാകുലരാണവർ" (മുഅ്മിനൂൻ:57)

﴿إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ﴾ (٥)

"തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധ്യതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും

---

(1) വിശ്വാസത്തിന്റെ നിർവചനത്തിൽ കർമ്മത്തെ ഒഴിവാക്കി അവതരിപ്പിച്ചവരാണവർ അതിൽ തന്നെ അവർ പല വിഭാഗങ്ങളായി മാറി.

(2 ) *ഖവാരിജുകളുടെ മറ്റൊരു പേരാണത്. ഹറൂരി പട്ടണക്കാർ എന്നതിൽ നിന്നാണ് ആ പേര് വന്നത്. വൻപാപം ചെയ്തവരെല്ലാം കാഫിറാണ് എന്ന് പ്രസ്താവിക്കുന്നവരാണ് ഇവർ*

(٣) سورة البقرة: الآية ١٦٥

(٤) سورة المؤمنون: الآية ٥٧

(٥) سورة الأنبياء: الآية ٩٠

നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു" (അമ്പിയാഅ്: 90)

## ഇബാദത്തിന്റെ ഇനങ്ങൾ

ഇബാദത്തിന് ധാരാളം ഇനങ്ങളുണ്ട്. പ്രാർഥന, ഭയം, പ്രത്യാശ, ഭരമേൽപ്പിക്കൽ, ആഗ്രഹം, ആശങ്ക, അറവ്, നേർച്ച, റുകൂഅ്, സുജൂദ്, ത്വവാഫ്, സത്യംചെയ്യൽ, ഭയം, ഭക്തി, സഹായ ചോദ്യം, രക്ഷാതേട്ടം, തുടങ്ങിയവ ഇബാദത്തുകളിൽ ചിലതാണ്. പരിശുദ്ധ ഖുർആനിലെ മിക്ക അദ്ധ്യായങ്ങളും ഇതു സമർത്ഥിക്കുകയും ഇതിലേക്ക് ശ്രദ്ധക്ഷണിക്കുകയും ചെയ്യുന്നു. ഖുർആൻ മുഴുവനായി തന്നെ തൗഹീദിന്റെയോ അതിന്റെ അവകാശങ്ങളുടേയോ പ്രതിഫലത്തിന്റേയോ വിഷയത്തിലുള്ളതാണ്. അല്ലെങ്കിൽ നേർ വിപരീതമായ ശിർക്കിനെ കുറിച്ചോ അതിന്റെ അനുയായികളെ കുറിച്ചോ അവർക്കുള്ള പ്രതിഫലത്തെ കുറിച്ചോ പരാമർശിക്കുന്നതായിരിക്കും. ഈ പരമയാഥാർത്ഥ്യം വിവരിക്കാനും അതിലേക്ക് പ്രബോധനം ചെയ്യാനുമാണ് അല്ലാഹു മുഴുവൻ പ്രവാചകന്മാരെയും നിയോഗിച്ചത്.

അല്ലാഹു പറഞ്ഞു:

﴿وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ﴾ (١)

"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യുവീൻ എന്ന സന്ദേശവുമായി എല്ലാ സമുദായത്തിലേക്കും നാം ദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്" (നഹ്ൽ:36)

തൗഹീദ് സാക്ഷാൽക്കരിച്ചവൻ ഈ ലോകത്ത് നേർമാർഗം സിദ്ധിച്ചവനായി. അവന്റെ പാപങ്ങളും കുറ്റങ്ങളും

---

(١) سورة النحل: الآية ٣٦

പൊറുക്കപ്പെടുകയും ശാശ്വതമായ പരലോക ശിക്ഷയില്‍ നിന്ന് സുരക്ഷിതനുമായി. അല്ലാഹു പറഞ്ഞു:

﴿الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُمْ بِظُلْمٍ أُولَئِكَ لَهُمُ الْأَمْنُ وَهُمْ مُهْتَدُونَ ﴾[1]

"വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തില്‍ അന്യായം കൂട്ടികലര്‍ത്താതിരിക്കുകയും ചെയ്തവരാരോ അവര്‍ക്കാണ് നിര്‍ഭയത്വമുള്ളത്. അവര്‍ തന്നെയാണ് നേര്‍മാര്‍ഗം പ്രാപിച്ചവര്‍" (അന്‍ആം:82) നബി (ﷺ) പറഞ്ഞു:

**وَحَقَّ العِبَادِ عَلَى اللَّهِ أَنْ لاَ يُعَذِّبَ مَنْ لاَ يُشْرِكُ بِهِ شَيْئًا**[2]

"അടിമകള്‍ക്ക് അല്ലാഹുവില്‍ നിന്ന് ലഭിക്കാനുള്ള അവകാശം അവനില്‍ യാതൊന്നും പങ്കുചേര്‍ക്കാത്തവരെ ശിക്ഷിക്കാതിരിക്കുകയാണ്". (ബുഖാരി,മുസ്‌ലിം)

---

(١) سورة الأنعام: الآية ٨٢

(٢) رواه البخاري كتاب اللباس، باب إرداف الرجل خلف الرجل،(٢٧٠١)، ومسلم (كتاب الإيمان، باب الدليل على أن من مات على التوحيد دخل الجنة، (٣٠)

## ഭാഗം: നാല്

# *നമസ്കാരം*

### *ശുദ്ധീകരണം*

ശുദ്ധീകരണം നിർബന്ധമാണെന്ന് ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും മനസ്സിലാക്കാം. അല്ലാഹു പറഞ്ഞു:

﴿وَإِنْ كُنْتُمْ جُنُبًا فَاطَّهَّرُوا﴾ (١)

" നിങ്ങൾ അശുദ്ധരായാൽ ശുദ്ധീകരിക്കുവീൻ" (മാഇദ:6)

﴿إِنَّ اللَّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ﴾(٢)

"ധാരാളം പശ്ചാത്തപിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. ശുദ്ധിവരുത്തുന്നവരേയും അവൻ ഇഷ്ടപ്പെടുന്നു". (ബഖറ:222)

നബി (ﷺ) പറഞ്ഞു: "നമസ്കാരത്തിന്റെ താക്കോൽ ശുദ്ധീകരണമാകുന്നു".

### *ശുദ്ധീകരണത്തിന്റെ ഇനങ്ങൾ:*

രണ്ടിനം ശുദ്ധീകരണമുണ്ട്: ഒന്ന്: ആത്മീയ ശുദ്ധീകരണം രണ്ട്: ബാഹ്യ ശുദ്ധികരണം.

**ഒന്ന്:** ആത്മീയ ശുദ്ധീകരണം: പാപങ്ങളിൽ നിന്നും കുറ്റങ്ങളിൽ നിന്നും ആത്മാർഥമായ പശ്ചാതാപത്തിലൂടെ മനസ്സിനെ ശുദ്ധീകരിക്കുക എന്നതാണ് അതുകൊണ്ട് ഉദ്ദേശം. ശിർക്ക്, സന്ദേഹം, അസൂയ, വിദ്വേശം, വഞ്ചന, അഹങ്കാരം, സ്ഥാനമോഹം അധികാരമോഹം ഇവയിൽ നിന്നുള്ള ശുദ്ധീകരണം കൊണ്ടും നിഷ്കളങ്കത, നൻമയെ സ്നേഹിക്കുക, വിവേകം, വിട്ടുവീഴ്ച, സത്യസന്ധത, കർമ്മങ്ങളിലൂടെ അല്ലാഹുവിന്റെ പ്രീതി

---

(١) سورة المائدة: الآية ٦

(٢) سورة البقرة: الآية ٢٢٢

ലക്ഷ്യമാക്കുക തുടങ്ങിയ മാർഗങ്ങളിലൂടേയും മാത്രമേ അത് സാധ്യമാവൂ.

**രണ്ട്:** ബാഹ്യ ശുദ്ധീകരണം: മാലിന്യങ്ങളിൽ നിന്നും അശുദ്ധാവസ്ഥയിൽ നിന്നും ശുദ്ധിയാവുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. നമസ്കരിക്കുന്നയാളുടെ വസ്ത്രം, ശരീരം, സ്ഥലം എന്നിവയിൽ നിന്ന് ശുദ്ധമായ വെള്ളം കൊണ്ട് മ്ലേഛ വസ്തുക്കൾ നീക്കുമ്പോൾ മാലിന്യങ്ങളിൽ നിന്നും ശുദ്ധമാവുകയും കുളിക്കുക, വുളൂഅ് എടുക്കുക, തയമ്മം ചെയ്യുക എന്നിവ കൊണ്ട് അശുദ്ധാവസ്ഥയിൽ നിന്ന് ശുദ്ധിയാവുകയും ചെയ്യുന്നു.

## മലമൂത്ര വിസർജ്ജന മര്യാദകൾ

*ഒന്ന്: മലമൂത്ര വിസർജനത്തിന് മുമ്പ് ശ്രദ്ധിക്കേണ്ടവ:*

1- ജനങ്ങളുടെ ദൃഷ്ടിയിൽ നിന്നും അകന്ന് ഒഴിഞ്ഞ സ്ഥലത്തായിരിക്കുക.

2- അല്ലാഹുവിന്റെ നാമം പരാമർശിച്ചതൊന്നും കൂടെ എടുക്കാതിരിക്കുക.

3- കക്കൂസിലേക്ക് പ്രവേശിക്കുമ്പോൾ ഇടതുകാൽ ആദ്യം എടുത്തുവെക്കുക

4- പ്രവേശിക്കുന്നതിന് മുമ്പ് പ്രാർഥന ചൊല്ലുക:

بِسْمِ اللهِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ والْخَبَائِثِ

"അല്ലാഹുവിന്റെ നാമത്തിൽ, ആൺപിശാചിൽ നിന്നും പെൺപിശാചിൽ നിന്നും അല്ലാഹുവേ നിന്നോട് ഞാൻ രക്ഷതേടുന്നു"

5- തന്റെ നഗ്നത വെളിവാകാതിരിക്കാൻ നിലത്തോട് അടുക്കുന്നത് വരെ വസ്ത്രം ഉയർത്താതിരിക്കുക

6- ഖിബ്‌ലക്ക് മുന്നിട്ടോ പിന്നിട്ടോ ഇരിക്കാതിരിക്കുക

7- ജനങ്ങൾ വിശ്രമിക്കുന്ന തണൽ, വഴികൾ, വെള്ളസ്ഥലങ്ങൾ, ഫലവൃക്ഷങ്ങളുടെ ചുവട് എന്നിവിടങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്താതിരിക്കുക.

*രണ്ട് : വിസർജന ശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

1 - എല്ലുകൊണ്ടോ കാഷ്ഠം കൊണ്ടോ ഉപകാരവസ്തുക്കൾ കൊണ്ടോ ഭക്ഷണം പോലുള്ള ആദരിക്കേണ്ട വസ്തുക്കൾ കൊണ്ടോ ശൗച്യം ചെയ്യരുത്.

2 - വലതുകൈകൊണ്ട് ശൗച്യം ചെയ്യുകയോ തടവുകയോ ലിംഗം സ്പർശിക്കുകയോ ചെയ്യരുത്.

3 - വെള്ളമല്ലാത്ത വസ്തുക്കൾ കൊണ്ട് ശൗച്യം ചെയ്യുമ്പോൾ ഒറ്റയായി അവസാനിപ്പിക്കുക. ഉദാഹരണമായി മൂന്ന് കല്ലുകൾ കൊണ്ട് ശുചിയാക്കുക. ശുദ്ധിയായില്ലെങ്കിൽ അഞ്ച് കല്ലുകൾ ഉപയോഗിക്കുക.

4 - വെള്ളവും കല്ലും കൂടി ഉപയോഗിച്ചാണ് ശുചീകരിക്കുന്നതെങ്കിൽ ആദ്യം കല്ലുപയോഗിക്കുകയും പിന്നീട് വെള്ളം കൊണ്ട് കഴുകുകയും ചെയ്യുക. രണ്ടിൽ ഏതെങ്കിലും ഒന്നുകൊണ്ട് മതിയാക്കുന്നതിനും വിരോധമില്ല.

5 - വിസർജന സ്ഥലത്ത് നിന്ന് പുറത്ത് വരുമ്പോൾ ആദ്യം വലതുകാൽ എടുത്തുവെക്കുക.

6 - പുറത്തുവരുമ്പോൾ غُفْرَانَكَ (അല്ലാഹുവേ, നിന്നോട് ഞാൻ പാപമോചനം തേടുന്നു) എന്ന് പ്രാർത്ഥിക്കുക

## വുളൂഅ്

നമസ്കരിക്കുന്നയാൾ അതിലേക്ക് പ്രവേശിക്കുന്നതിന്ന് മുമ്പ് വലിയ അശുദ്ധിയിൽ നിന്നും ചെറിയ അശുദ്ധിയിൽ നിന്നും ശുദ്ധിയായിരിക്കൽ നിർബന്ധമാണ്. (സംയോഗം, ഇന്ദ്രിയസ്ഖലനം പോലുള്ള കാരണങ്ങളാൽ കുളി നിർബന്ധമായ അവസ്ഥയാണ് വലിയ അശുദ്ധി. മലമൂത്രവിസർജ്ജനം പോലുള്ള കാരണങ്ങളാൽ വുളൂ നിർബന്ധമായ അവസ്ഥയാണ് ചെറിയ അശുദ്ധി) കുളിക്കുന്നതിലൂടെ വലിയ അശുദ്ധിയും വുളൂഅ് ചെയ്യുന്നതിലൂടെ ചെറിയ അശുദ്ധിയും നീങ്ങും. വെള്ളം ലഭിക്കാതിരിക്കുകയോ, വെള്ളം ഉപയോഗിക്കുന്നത് പ്രയാസമായിത്തീരുകയോ ആണെങ്കിൽ വുളുവിനും കുളിക്കും പകരമായി തയമ്മം ചെയ്താൽ മതി.

### *വുളൂഇന്റെ വിവക്ഷ*

മുഖം, കൈകാലുകൾ, തല എന്നീ നാല് അവയവങ്ങളിൽ ഖുർആനിലും സുന്നത്തിലും വിവരിച്ചപോലെ പ്രത്യേക രീതിയിൽ ശുദ്ധജലം ഉപയോഗിക്കുന്നതിനാണ് വുളൂഅ് എന്ന് പറയുക.

**തെളിവുകൾ:** അല്ലാഹു പറയുന്നു:

﴿يَاأَيُّهَا الَّذِينَ آمَنُوا إِذَا قُمْتُمْ إِلَى الصَّلَاةِ فَاغْسِلُوا وُجُوهَكُمْ وَأَيْدِيَكُمْ إِلَى الْمَرَافِقِ وَامْسَحُوا بِرُءُوسِكُمْ وَأَرْجُلَكُمْ إِلَى الْكَعْبَيْنِ وَإِنْ كُنْتُمْ جُنُبًا فَاطَّهَّرُوا﴾ (١)

“സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ട് കൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും നെരിയാണിവരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക. നിങ്ങൾ ജനാബത്ത് (വലിയ

(١) سورة المائدة: الآية ٦

അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക." (മാഇദ:6) നബി (ﷺ) പറഞ്ഞു: "നിങ്ങളിലൊരാൾ ചെറിയ അശുദ്ധിയിലാണെങ്കിൽ വുളു എടുക്കുന്നതുവരെ അവന്റെ നമസ്കാരം സ്വീകരിക്കപ്പെടില്ല" (ബുഖാരി, മുസ്‌ലിം )

### *വുളൂഇന്റെ ശ്രേഷ്ഠത*

വുളൂവിന് ധാരളം ശ്രേഷ്ഠതകളുണ്ട്. ചിലത് സൂചിപ്പിക്കാം: അല്ലാഹു പറഞ്ഞു:

﴿مَا يُرِيدُ اللَّهُ لِيَجْعَلَ عَلَيْكُمْ مِنْ حَرَجٍ وَلَكِنْ يُرِيدُ لِيُطَهِّرَكُمْ وَلِيُتِمَّ نِعْمَتَهُ عَلَيْكُمْ لَعَلَّكُمْ تَشْكُرُونَ﴾[1]

"നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും, തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം" (മാഇദ:6)

അബൂഹുറൈറ (റ) നിവേദനം, നബി (ﷺ) പറഞ്ഞു: വുളൂവിന്റെ അടയാളമായി അന്ത്യനാളിൽ കൈകാലുകൾ പ്രകാശിച്ചുകൊണ്ടാണ് എന്റെ ഉമ്മത്തീങ്ങൾ വിളിക്കപ്പെടുക അതിനാൽ തന്റെ പ്രാകാശം നീട്ടാൻ സാധിക്കുന്നവൻ അങ്ങിനെ ചെയ്യട്ടെ (ബുഖാരി, മുസ്‌ലിം)

ഉസ്മാൻ (റ)നിവേദനം, നബി (ﷺ) പറഞ്ഞു: ആരെങ്കിലും വുളൂ ചെയ്യുകയും ആ വുളൂ നന്നാക്കുകയും ചെയ്താൽ തന്റെ ശരീരത്തിൽ നിന്നുള്ള പാപങ്ങളെല്ലാം പുറത്തുപോകുന്നതാണ്, നഖങ്ങൾക്കടിയിലൂടെ വരെ അത് പുറത്തുപോകും. (മുസ്‌ലിം)

---

(١) سورة المائدة: الآية ٦

അബൂഹുറൈറ (റ) ൽ നിന്ന് നിവേദനം: തീർച്ചയായും അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: ഒരു മുസ്ലിമായ അല്ലെങ്കിൽ മുഅ്മിനായ അടിമ വുദൂഅ് എടുക്കുകയും മുഖം കഴുകുകയും ചെയ്താൽ ആ വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന തുള്ളി വെള്ളത്തോടൊപ്പം അവന്റെ കണ്ണുകൊണ്ട് നോക്കിയ പാപങ്ങൾ പുറത്ത് പോകും. അവൻ ഇരു കൈകളും കഴുകിയാൽ ആ വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന തുള്ളി വെള്ളത്തോടൊപ്പം അവന്റെ കൈകൾ കൊണ്ട് അവൻ പിടിച്ച പാപങ്ങൾ പുറത്ത് പോകും. അവൻ തന്റെ രണ്ട് കാലുകളും കഴുകിയാൽ ആ വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന തുള്ളി വെള്ളത്തോടൊപ്പം അവന്റെ കാലുകൾ കൊണ്ട് അവൻ നടന്ന പാപങ്ങൾ പുറത്ത് പോകും. അങ്ങിനെ പാപങ്ങളിൽ നിന്ന് അവൻ പരിശുദ്ധനായിത്തീരും. (മുസ്ലിം)

ഉമർ (റ) വിൽ നിന്ന് നിവേദനം നബി (ﷺ) പറഞ്ഞു: നിങ്ങളിലൊരാൾ വുളൂഅ് എടുക്കുകയും അനന്തരം

أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

(അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല, അവൻ ഏകനാണ് അവന് പങ്കുകാരില്ല. മുഹമ്മദ് അവന്റെ ദൂതനും ദാസനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു) എന്ന് പറയുകയും ചെയ്താൽ സ്വർഗത്തിലെ എട്ട് കവാടങ്ങളും അവന് വേണ്ടി തുറക്കപ്പെടും. അതിൽ അവനിഷ്ടമുള്ളതിലൂടെ അവന് പ്രവേശിക്കാം. (മുസ്ലിം) തുർമുദിയുടെ റിപ്പോർട്ടിൽ

اللَّهُمَّ اجْعَلْنِي مِنَ التَّوَّابِينَ، وَاجْعَلْنِي مِنَ الْمُتَطَهِّرِينَ

(അല്ലാഹുവേ, നീ എന്നെ പശ്ചാത്തപിക്കുന്നവരിലും ശുദ്ധിവരുത്തുന്നവരിലും ഉൾപ്പെടുത്തേണമേ) എന്ന് കൂടിയുണ്ട്.

## *വുളൂഇന്റെ ഫർളുകൾ*

വുളൂഇന്റെ ഫർളുകൾ ആറാകുന്നു:

1 – മുഖം ഒരു പ്രാവശ്യം കഴുകുക: നെറ്റിയുടെ മുകൾ ഭാഗം മുതൽ താടിയുടെ അറ്റം വരേയും ഒരു ചെവിക്കുറ്റി മുതൽ മറ്റെ ചെവിക്കുറ്റി വരേയുമുള്ള സ്ഥലമാണ് കഴുകേണ്ടത്. അല്ലാഹു പറഞ്ഞു:

﴿فَاغْسِلُوا وُجُوهَكُمْ﴾

"നിങ്ങളുടെ മുഖങ്ങളും കഴുകുക" (മാഇദ: 6)

വായയിൽ വെള്ളം കൊപ്ലിക്കുന്നതും മൂക്കിൽ വെള്ളം കയറ്റി ചീറ്റുന്നതും മുഖം കഴുകുന്നതിന്റെ പരിധിയിൽ ഉൾപ്പെടും. നബി (ﷺ) പറയുകയുണ്ടായി: നിങ്ങളിലൊരാൾ വുളൂഅ് ചെയ്യുമ്പോൾ മൂക്കിൽ വെള്ളം പ്രവേശിപ്പിക്കുകയും ചീറ്റിക്കളയുകയും ചെയ്യട്ടെ. (മുസ്‌ലിം)

2 – രണ്ട് കയ്യും മുട്ടുൾപ്പെടെ കഴുകുക അല്ലാഹു പറഞ്ഞു:

﴿وَأَيْدِيَكُمْ إِلَى الْمَرَافِقِ﴾

"നിങ്ങളുടെ ഇരു കൈകളും മുട്ടുൾപ്പടെ കഴുകുക" (മഇദ:6)

3 – നെറ്റി മുതൽ പിരടി വരെ തല തടവൽ. അല്ലാഹു പറഞ്ഞു:

﴿وَامْسَحُوا بِرُءُوسِكُمْ﴾

"നിങ്ങളുടെ തലകൾ തടവുകയും ചെയ്യുവീൻ" (മാഇദ: 6)

4 – രണ്ട് കാലുകളും ഞെരിയാണിയുൾപ്പെടെ കഴുകൽ അല്ലാഹു പറഞ്ഞു:

﴿وَأَرْجُلَكُمْ إِلَى الْكَعْبَيْنِ﴾

"നിങ്ങളുടെ കാലുകൾ ഞെരിയാണിയുൾപ്പടെ കഴുകുകയും ചെയ്യുവീൻ" ( മാഇദ:6)

5 – ക്രമപ്രകാരം ചെയ്യുക. മുഖം, കൈ, തല, കാലുകൾ എന്നീ ക്രമത്തിലാണ് വുളൂഅ് ചെയ്യേണ്ടത്. അല്ലാഹുവിന്റെ വചനത്തിൽ ഈ ക്രമത്തിലാണ് അത് പരാമർശിക്കപ്പെട്ടിട്ടുള്ളത്.

6 – തുടർച്ചയായി ചെയ്യുക, അതായത് വുളുവിന്റെ അവയവങ്ങൾ കഴുകുന്നതിനിടയിൽ താമസം വരുത്താതെ ഒരേ സമയത്തു തന്നെ വുളു പൂർത്തിയാക്കുക. എന്നാൽ നേരിയ താമസമാണെങ്കിൽ ഇളവ്നൽകപ്പെടും.

### *വുളൂഇന്റെ സുന്നത്തുകൾ*

1 – മിസ്‌വാക് ചെയ്യുക (പല്ല് തേക്കുക)

2 – ബിസ്മി ചൊല്ലുക

3 – മുൻകൈ രണ്ടും മൂന്ന് പ്രവശ്യം കഴുകുക. രാത്രി ഉറക്കിൽ നിന്ന് എഴുന്നേറ്റതാണെങ്കിൽ വെള്ളപ്പാത്രത്തിൽ കൈ പ്രവേശിപ്പിക്കുന്നതിന്ന് മുമ്പ് അവ കഴുകൽ നിർബന്ധമാണ്. നബി (ﷺ) പറഞ്ഞു: നിങ്ങളിലൊരാൾ ഉറക്കിൽ നിന്ന് എഴുന്നേറ്റാൽ പാത്രത്തിൽ കൈ മുക്കുന്നതിന്ന് മുമ്പ് മൂന്ന് പ്രാവശ്യം കഴുകട്ടെ, അവ രാത്രി എവിടെയെല്ലാമായിരുന്നു എന്ന് നിങ്ങളറിയുന്നില്ലല്ലോ. (ബുഖാരി, മുസ്ലിം)

4 – മുഖം കഴുകുന്നതിന്റെ മുൻപായി വായ കൊപ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും നോമ്പുകാരനല്ലെങ്കിൽ പരമാവധി ഉള്ളിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുക

5 – തിങ്ങിയ താടി തിക്കകറ്റി കഴുകുക

6 – വിരലുകൾക്കിടയിൽ കഴുകുക

7 – രണ്ടോ മൂന്നോ തവണ കഴുകുക

8 – വലത്തേതിനെ മുന്തിക്കുക, ഇടത്തേതിന് മുമ്പായി വലത്തെ അവയവം ആദ്യം കഴുകുക

9 – വുളുവിന് ശേഷം സുന്നാത്തായ പ്രാർഥന ചൊല്ലുക. അതിൽ സുന്നത്തായി വന്ന പ്രാർഥന താഴെ:

أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ، اللَّهُمَّ اجْعَلْنِي مِنَ التَّوَّابِينَ، وَاجْعَلْنِي مِنَ الْمُتَطَهِّرِينَ [1]

(അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനും മുഹമ്മദ് നബി (ﷺ) അവന്റെ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. (മുസ്‌ലിം) അല്ലാഹുവേ, പശ്ചാത്തപിക്കുന്നവരിലും ശുദ്ധിവരുത്തുന്നവരിലും എന്നെ ഉൾപെടുത്തി അനുഗ്രഹിക്കണേ. (തുർമുദി)

***വുളൂഇൽ വെറുക്കപ്പെടുന്ന കാര്യങ്ങൾ:***

1 - മലിനസ്ഥലത്ത് വെച്ച് വുളു ചെയ്യൽ: കാരണം മാലിന്യങ്ങൾ തന്നിലേക്ക് തെറിച്ചുവരാൻ സാധ്യതയുണ്ട്.

2 - മൂന്ന് തവണയിൽ അധികരിപ്പിക്കൽ.

3 - വെള്ളം അമിതമായി ഉപയോഗിക്കൽ.

4 - വുളൂവിന്റെ സുന്നത്തുകളിൽ ഉപേക്ഷ വരുത്തൽ.

***വുളൂഇന്റെ രൂപം***

വുളൂ നിർവഹിക്കുന്നതിന് രണ്ടു രൂപങ്ങളുണ്ട്,

**ഒന്ന്: പര്യാപ്തമായ രൂപം:** അതായതു വുളൂ ചെയ്യുന്നു എന്ന നിയ്യത്തോടെ ബിസ്മി ചൊല്ലി വായിൽ വെള്ളം കൊപ്ലിക്കുക യും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും മുഖം കഴുകുകയും ചെയ്യുക, ശേഷം ഇരു കൈകളും മുട്ടുൾപ്പെടെ കഴുകുക, പിന്നീട് ഇരു ചെവിയും ഉൾപ്പെടെ തല തടവുക, അനന്തരം ഇരു കാലുകളും ഞെരിയാണി ഉൾപ്പെടെ കഴുകുക. എല്ലാ അവയവ ങ്ങളും ഒരോപ്രാവശ്യമാണ് കഴുകുന്നത്. ഇതാണ് വുളുവിന്റെ ഏറ്റവും മിതമായ രൂപം.

---

(١) رواه مسلم، رقم (٢٣٤).دون قوله: «اللهم اجعلني من التوابين، واجعلني من المتطهرين»، وقد رواه الترمذي، رقم (٥٥)، وصححه الألباني ..

**രണ്ട്: സമ്പൂർണമായ രൂപം:** വുളു എടുക്കുന്നു എന്ന് കരുതി, ബിസ്മി ചൊല്ലി, മുൻകൈ രണ്ടും മൂന്ന് പ്രാവശ്യം കഴുകുക. ശേഷം മൂന്ന് പ്രാവശ്യം വായ കൊപ്ലിക്കുകയും അതോടൊപ്പം മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യുക. പിന്നീട് മൂന്ന് പ്രാവശ്യം മുഖം കഴുകുക, ശേഷം വലതുകൈ മുട്ടുൾപ്പടെ മൂന്ന് പ്രാവശ്യവും പിന്നെ ഇടതു കൈ മുട്ടുൾപ്പടെ മൂന്ന് പ്രാവശ്യവും കഴുകുക. പിന്നീട് തല മുഴുവനായും - രണ്ട് പെരുവിരലുകളും ചെവിയിൽ വെച്ച് നെറ്റിയുടെ മുകളിൽ നിന്ന് തുടങ്ങി പിരടിയിലേക്കും തിരിച്ച് തുടങ്ങിയ സ്ഥലത്തേക്കും കൊണ്ടുവന്ന് - ഒരു പ്രാവശ്യം തടവുക. ശേഷം കൈകൾ ചെവിക്കുറ്റിയിൽ പ്രവേശിപ്പിച്ച് തള്ളവിരൽ കൊണ്ട് ചെവിയുടെ പുറംഭാഗം തടവുക. പിന്നെ ഞെരിയാണി ഉൾപ്പടെ വലതു കാലും അനന്തരം ഇടതുകാലും മൂന്ന് പ്രാവശ്യം വീതം കഴുകു ക. അതിന് ശേഷം വുളുവിന് ശേഷമുള്ള പ്രാർഥന ചൊല്ലുക.

***വുളൂഅ് മുറിയുന്ന കാര്യങ്ങൾ***

1 - മലം, മൂത്രം, കീഴ്‌വായു പോലുള്ള എന്തെങ്കിലും മുൻദ്വാരത്തിലൂടെയോ പിൻദ്വാരത്തിലൂടെയോ പുറപ്പെടുക.

2 - ബോധക്ഷയമോ, ലഹരിയോ, ഭ്രാന്തോ കാരണമായി ബുദ്ധിശക്തി നീങ്ങുക.

3 - സ്വബോധം നഷ്ടപ്പെടുന്നവിധം ഉറങ്ങുക.

4 - വികാരത്തോടെ മുൻകൈയുടെ പള്ളകൊണ്ടോ വിരലുകൾ കൊണ്ടോ ലിംഗം സ്പർശിക്കുക.

5 - ഇസ്‌ലാം മതപരിത്യാഗം ചെയ്യുക (മുർത്തദ്ദാവുക).

6 - ഒട്ടകത്തിന്റെ മാംസം ഭക്ഷിക്കുക.

7 - വികാരത്തോടെ സ്ത്രീ പുരുഷന്മാർ തമ്മിൽ സ്പർശിക്കുക.

### *ചില സുപ്രധാന വിഷയങ്ങൾ*

വിഷയം 1: അംഗശുദ്ധിയുണ്ടെന്ന് ഉറപ്പുള്ള ഒരാൾ ചെറിയ അശുദ്ധി ഉണ്ടായോ എന്ന് സംശയിച്ചാൽ ഉറപ്പുള്ളത് (അംഗശുദ്ധി) സ്വീകരിക്കണം.

വിഷയം 2: ചെറിയ അശുദ്ധി ഉണ്ടായെന്ന് ഉറപ്പുള്ള ഒരാൾ അംഗശുദ്ധിയുണ്ടോ എന്ന് സംശയിച്ചാൽ ഉറപ്പുള്ളത്, (ചെറിയഅശുദ്ധി) സ്വീകരിച്ച് അംഗശുദ്ധി ഉണ്ടാക്കണം.

വിഷയം 3: ഭക്ഷണയോഗ്യമായവയുടെ കാഷ്ഠവും മൂത്രവും മനുഷ്യന്റെ ശുക്ലവും ശുദ്ധമാണ്.

വിഷയം 4: ഒരു വെള്ളം ശുദ്ധമാണോ അശുദ്ധമാണോ എന്ന് സംശയിച്ചാൽ ഏറ്റവും ഉറപ്പുള്ളത് എല്ലാ വസ്തുക്കളും ശുദ്ധമാണ് എന്ന അടിസ്ഥാന നിയമം സ്വീകരിക്കുക.

വിഷയം 5: ശുദ്ധമായ വെള്ളം ഏത് അശുദ്ധമായത് ഏത് എന്ന് അറിയാതെ വന്നാൽ പരമാവധി ശുദ്ധമായത് കണ്ടെത്തിയ ശേഷം വുളൂ എടുക്കുക.

### *ഖുഫ്ഫയിൽൽ തടവൽ*

തോൽ, ചണം, കോട്ടൺ പോലുള്ള വസ്തുക്കളാൽ ഉണ്ടാക്കപ്പെട്ട പാദരക്ഷകൾക്കാണ് ഖുഫ്ഫ എന്ന് പറയുന്നത്.

***ഖുഫ്ഫയിൽ തടവുന്നതിനുള്ള തെളിവ്:***

നബി ചര്യയിൽ ഇതിനുള്ള തെളിവുകൾ മുതവാതിറായി വന്നിട്ടുണ്ട്.

അബ്ദുല്ലാഹിബ്ന് ഉമർ, സഅദ് (റ) വിൽ നിന്ന് ഉദ്ധരിക്കുന്നു: തീർച്ചയായും നബി (ﷺ) തന്റെ ഖുഫ്ഫകളിൽ തടവി. (ബുഖാരി). അംറ് (റ) പറയുന്നു: നബി (ﷺ) തന്റെ തലപ്പാവിന് മുകളിലും കാലുറകൾക്ക് മുകളിലും തടവുന്നതായി ഞാൻ കണ്ടു. (ബുഖാരി)

മുഗീറ (റ) പറഞ്ഞു: നബി (ﷺ) പറഞ്ഞു: അതു രണ്ടും വിട്ടേക്കുക ഞാൻ അവയെ ശുദ്ധിയോടെയാണ് ധരിച്ചിട്ടുള്ളത്,

എന്നിട്ട് തിരുമേനി അതിന്മേൽ തടവുക മാത്രം ചെയ്തു. (ബുഖാരി, മുസ്‌ലിം)

***കാലുറമേൽ തടവുന്നതിനുള്ള നിബന്ധനകൾ:***

കാലുറമേൽ തടവുന്നതിന് താഴെവരുന്ന നിബന്ധനകൾ പൂർത്തിയാകണം

1. അംഗശുദ്ധിയോടെ ധരിച്ചതാവുക. മുഗീറ (റ) വിൽ നിന്നും അദ്ദേഹം പറഞ്ഞു: ഞാൻ നബി (ﷺ) യുടെ കൂടെയുള്ള ഒരു യാത്രയിൽ അദ്ദേഹത്തിന്റെ ഖുഫ്ഫ അഴിക്കാൻ കുനിഞ്ഞപ്പോൾ, അവിടുന്ന് ഇങ്ങനെ പറഞ്ഞു: അതു രണ്ടും വിട്ടേക്കുക ഞാൻ അവയെ ശുദ്ധിയോടെയാണ് ധരിച്ചിട്ടുള്ളത്, എന്നിട്ട് തിരുമേനി അതിന്മേൽ തടവുക മാത്രം ചെയ്തു (ബുഖാരി).

2. ഖുഫ്ഫയും ഷോക്സും നജസിൽ നിന്നും ശുദ്ധമായതാവുക, നജസായതാണെങ്കിൽ തടകാവതല്ല.

3. നിർബന്ധമായും കഴുകേണ്ട ഭാഗം മറയുന്നതാവുക.

***തടവുന്നതിനുള്ള കാലപരിധി:***

നാട്ടിൽ താമസിക്കുന്നവന് ഒരു രാത്രിയും ഒരു പകലും, യാത്രക്കാരന് മൂന്ന് രാത്രിയും മൂന്ന് പകലും. ആദ്യം തടവിയതു മുതലാണ് സമയപരിധി ആരംഭിക്കുക എന്നതാണ് ശരിയായ അഭിപ്രായം.

***തടവേണ്ട രൂപം:***

കൈ വെള്ളത്തിൽ മുക്കി കാലുറയുടെ മുകൾഭാഗം - അടിയിലോ മടമ്പിലോ വേണ്ട - വിരലുകൾ മുതൽ കണങ്കാൽ വരെ ഒരു പ്രാവശ്യം തടവുക.

***തടവുന്നതിനെ അസാധുവാക്കുന്നവ:***

1 - ഖുഫ്ഫ അഴിക്കുക.

2 - വലിയ അശുദ്ധി ഉണ്ടാവുക.

3 - തടവുന്നതിനുള്ള കാലപരിധി അവസാനിക്കുക.

# കുളി

**കുളി നിർബന്ധമാകുന്ന കാര്യങ്ങൾ**

1 – ജനാബത്ത്: സംയോഗം മൂലമോ മറ്റോ ഇന്ദ്രിയസ്ഖലനം ഉണ്ടാകുക, സ്ത്രീപുരുഷന്മാരുടെ ലൈംഗികാവയവങ്ങൾ തമ്മിൽ സ്പർശിക്കുക – ഇന്ദ്രിയസ്ഖലനം ഉണ്ടായിട്ടില്ലെങ്കിലും– എന്നിവ കുളി നിർബന്ധമാക്കുന്ന കാരണങ്ങളാണ്. സ്ത്രീയിൽ നിന്നോ പുരുഷനിൽ നിന്നോ ഉറക്കത്തിലോ ഉണർച്ചയിലോ ആസ്വാദനത്തോടെ ഉണ്ടാകുന്നതാണ് ഇന്ദ്രിയസ്ഖലനം. അല്ലാഹു പറഞ്ഞു:

﴿وَإِنْ كُنْتُمْ جُنُبًا﴾

നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക. (മാഇദ:6) നബി (ﷺ) പറഞ്ഞു: രണ്ട് ലിംഗങ്ങളും തമ്മിൽ ചേർന്നാൽ കുളിനിർബന്ധമായി (അഹ്മദ്)

2 – ഋതുരക്തമോ പ്രസവരക്തമോ അവസാനിക്കുക. അല്ലാഹു പറഞ്ഞു:

﴿فَاعْتَزِلُوا النِّسَاءَ فِي الْمَحِيضِ وَلَا تَقْرَبُوهُنَّ حَتَّى يَطْهُرْنَ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ اللَّهُ﴾

അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്നു നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക. (ബഖറ:222) നബി (ﷺ)

പറഞ്ഞു: നിനക്ക് പതിവായിട്ടുള്ള ആർത്തവസമയം കാത്തു നിൽക്കുകയും ശേഷം കുളിക്കുകയും ചെയ്യുക (മുസ്‌ലിം).

***കുളിയുടെ രൂപം***

കുളിക്കുന്നതിന്ന് രണ്ട് രൂപങ്ങളുണ്ട്:

**ഒന്ന് : സമ്പൂർണമായ രൂപം:** തന്റെ കുളിയിലൂടെ വലിയ അശുദ്ധിയെ നീക്കുന്നു എന്ന് കരുതി ബിസ്മി ചൊല്ലി മുൻ കൈ രണ്ടും മൂന്ന് പ്രാവശ്യം കഴുകുക, പിന്നീട് ഗുഹ്യസ്ഥാന ങ്ങൾ കഴുകി അഴുക്കുകൾ നീക്കുക, പിന്നീട് വുളൂഅ് ചെയ്യുക - ആ സമയത്ത് കാൽ കഴുകുന്നത് നീട്ടിവെക്കുകയും കുളി കഴിഞ്ഞ ശേഷം കഴുകുകയും ചെയ്യാവുന്നതാണ് - പിന്നീട് തലയിൽ മൂന്ന് പ്രാവശ്യം വെള്ളമൊഴിച്ച് ചെവികളുൾപ്പെടെ മൂന്ന് പ്രാവശ്യം കഴുകുക. പിന്നീട് വലത് ഭാഗം മുകളിൽ നിന്നും താഴേക്കും പിന്നെ ഇടതു ഭാഗവും അതുപോലെ കഴുകുക. പൊക്കിൾകുഴി കക്ഷം മുട്ടുകൾ പോലുള്ള വെള്ളം എത്താൻ പ്രയാസമുള്ള സ്ഥലങ്ങൾ പ്രത്യേകം കഴുകുക.

**രണ്ട്: മതിയായ രൂപം:** വായ കൊപ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റിചീറ്റുകയും ചെയ്യുന്നതോടൊപ്പം ശരീരത്തിൽ മുഴുവൻ വെള്ളമൊഴിച്ച് കഴുകുക.

## *തയമ്മും*

വെള്ളം കൊണ്ടുള്ള ശുദ്ധീകരണത്തിന് പകരം തയമ്മും ചെയ്യു ക എന്നത് ഇസ്ലാമിക സമൂഹത്തിന്ന് മാത്രം നൽകപ്പെട്ട ഒരു പ്രത്യേകതയാണ്.

ശുദ്ധമായ ഭൂമിയുടെ ഉപരിതലം കൊണ്ട് മുഖവും മുൻകൈകളും തടവി കൊണ്ടുള്ള ഇബാദത്താണ് തയമ്മും.

### *തയമ്മും ചെയ്യേണ്ടത് എപ്പോൾ?*

1. വെള്ളം ലഭിക്കാതിരുന്നാൽ.

2. രോഗമോ മുറിവോ കാരണമായി വെള്ളം ഉപയോഗിക്കുന്നത് ഉപദ്രവകരമാകുമെന്ന് ഭയപ്പെട്ടാൽ.

3. അതിശക്തമായ തണുപ്പുള്ള വെള്ളമായിരിക്കുകയോ, ചൂടാക്കാൻ സംവിധാനമില്ലാതിരിക്കുകയോ, ആ വെള്ളം ഉപയോഗിക്കുന്നത് ഉപദ്രവകരമാണെന്ന് ഭയപ്പെടുകയോ ചെയ്താൽ.

4. വെള്ളം തനിക്കോ മറ്റുള്ളവർക്കോ കുടിക്കാൻ ആവശ്യമാവുകയും ദാഹം ഭയപ്പെടുകയും ചെയ്താൽ.

### *തയമ്മം അസാധുവാകുന്ന കാര്യങ്ങൾ*

1 - വെള്ളം ലഭിക്കുക

2 - നേരത്തെ വിവരിക്കപ്പെട്ട വുളു മുറിയുന്ന കാര്യങ്ങളിൽ ഏതെങ്കിലും സംഭവിക്കുക.

### തയമ്മുമിന്റെ രൂപം

നിയ്യത്ത് മനസ്സിൽ കരുതി, ബിസ്മി ചൊല്ലി, ഇരു കൈപ്പത്തികൾ മണ്ണിൽ അടിക്കുക. പിന്നീട് അതുകൊണ്ട് മുഖവും രണ്ട് മുൻകൈയുടെ പുറംഭാഗവും തടവുക.

# ഹൈളും നിഫാസും ഇസ്തിഹാളയും

**ഹൈള് (ആർത്തവ രക്തം)**

സ്ത്രീ പ്രായപൂർത്തിയെത്തുമ്പോൾ നിശ്ചിത സമയങ്ങളിൽ ഗർഭാശയത്തിൽ നിന്നും യോനിയിലൂടെ പുറപ്പെടുന്ന രക്തമാണ് ആർത്തവ രക്തം. അതിന്റെ ഏറ്റവും കുറഞ്ഞ സമയം ഒരു രാത്രിയും ഒരു പകലുമാണ്. പതിനഞ്ച് ദിവസമാണ് ഏറ്റവും കൂടിയ പരിധി.

**പ്രസവ രക്തം (നാഫാസ്):** പ്രസവകാരണമായി സ്ത്രീയുടെ യോനിയിലൂടെ പുറപ്പെടുന്ന രക്തമാണിത്. ഇതിന്ന് ഏറ്റവും കുറഞ്ഞ സമയ പരിധി ഇല്ല. ഏറ്റവും കൂടിയത് നാൽപത് ദിവസമാണ്. പ്രസവാശുദ്ധിയിലുള്ളവർ ശുദ്ധിയായി എന്ന് കണ്ടാൽ കുളിച്ച് നമസ്കാരം ആരംഭിക്കുകയാണ് വേണ്ടത്.

**ഇസ്തിഹാള:** പതിനഞ്ച് ദിവസത്തിലധികമായിട്ടും രക്തം നിലക്കാതിരിക്കുന്നതാണ് ഇസ്തഹാളത്ത്.

**ഹൈള് - നിഫാസ് ചില നിയമങ്ങൾ**

1 - ആർത്തവകാരിയേയും പ്രസവാശുദ്ധിയുള്ളവളേയും സംയോഗം ചെയ്യുന്നത് നിഷിദ്ധമാണ്. അല്ലാഹു പറഞ്ഞു:

﴿وَلَا تَقْرَبُوهُنَّ حَتَّى يَطْهُرْنَ﴾

"അവർ ശുദ്ധിയാകുന്നത് വരെ നിങ്ങൾ അവരെ സമീപിക്കരുത്" (ബഖറ:222)

2 - നമസ്കാരവും നോമ്പും അവർക്ക് നിഷിദ്ധമാണ്. നോമ്പ് പിന്നീട് നോറ്റ് വീട്ടണം എന്നാൽ നമസ്കാരം വീട്ടേണ്ടതില്ല.

3 - ശുദ്ധിയാവുകയും കുളിക്കുകയും ചെയ്യുന്നത് വരെ കഅബാലയത്തെ ത്വവാഫ് ചെയ്യാൻ പാടില്ല.

4 - കയ്യുറയോ മറ്റോ ധരിച്ചുകൊണ്ടല്ലാതെ അവർ മുസ്ഹഫ് സ്പർശിക്കാൻ പാടുള്ളതല്ല.

**മുസ്‌തഹാളയുടെ (ബ്ലീടിങ്ങുള്ളവൾ) അവസ്ഥകൾ:**

*മുസ്‌തഹാളയുടെ അവസ്ഥകൾ മൂന്നാണ്.*

1 – ആർത്തവ കാലപരിധി അറിയപ്പെട്ടവൾ ആ കാലപരിധി കാത്തിരിക്കുകയും പിന്നീട് കുളിച്ച് നമസ്കരിക്കുകയും ചെയ്യുക.

2 – ആർത്തവ കാലപരിധി അറിയപ്പെടാത്തവളും അത് തിരിച്ചറിയാൻ മാർഗമില്ലാത്തവളും തങ്ങളെപോലുള്ളവരുടെ കാലപരിധി സ്വീകരിക്കുകയാണ് വേണ്ടത്. അതല്ലെങ്കിൽ ആർത്തവത്തിന്റെ പൊതുവിലുള്ള കാലപരിധി അഥവാ ആറോ ഏഴോ ദിവസം ആർത്തവമായി കണക്കാക്കുക

3 – പതിവായ കാലപരിധിയില്ലെങ്കിലും കറുപ്പു നിറം കൊണ്ടോ മറ്റോ തന്റെ ആർത്തവരക്തം തിരിച്ചറിയുവാൻ കഴിയുന്നവർ ആ കാലപരിധി കഴിഞ്ഞാൽ കുളിക്കുകയും നമസ്കരിക്കുകയും ചെയ്യുക.

**മുസ്‌തഹാളയുടെ നിയമങ്ങൾ**

ബ്ലീടിങ്ങുള്ളവൾ (മുസ്‌തഹാള) കുളിക്കുകയും നോമ്പെടുക്കുകയും നമസ്കരിക്കുകയും വേണം. എന്നാൽ ഓരോ നമസ്കാരത്തിനും പ്രത്യേകം വുളു എടുക്കേണ്ടതുണ്ട്. ഭർത്താവിന്ന് അവരെ സമീപിക്കുന്നത് അനുവദനീയവുമാണ്. ചുരുക്കത്തിൽ ആർത്തവകാലത്ത് വിലക്കപ്പെട്ടതെല്ലാം അനുവദിക്കപ്പെടും.

## നമസ്കാരം (സ്വലാത്ത്)

**നമസ്കാരത്തിന്റെ വിവക്ഷ:**

സ്വലാത്ത് എന്നാൽ ഭാഷയിൽ പ്രാർഥന എന്നാണർഥം.

തക്ബീർ കൊണ്ട് ആരംഭിക്കുകയും സലാം കൊണ്ട് അവസാനിക്കുകയും ചെയ്യുന്നതിനിടയിലുള്ള പ്രത്യേകമായ ചില വാക്കുകളും പ്രവർത്തികളും അടങ്ങിയ ഇബാദത്തിനാണ് സാങ്കേതികമായി നമസ്കാരം എന്ന് പറയുന്നത്.

***ഇസ്ലാമിൽ നമസ്കാരത്തിന്റെ സ്ഥാനവും മഹത്വവും***

1 – ഒഴിച്ചു കൂടാനാകാത്ത ഇസ്ലാമിന്റെ സ്തംഭങ്ങളിൽ ഒന്നാണ് നമസ്കാരം. മുആദ് (റ) നിവേദനം, നബി (ﷺ) പറഞ്ഞു: മുഴുവൻകാര്യങ്ങളുടെയും ശിരസ്സും തൂണും ഉച്ചിയും ഞാൻ പറഞ്ഞുതരട്ടെയോ? ഞാൻ പറഞ്ഞു: അതെ, പ്രവാചകരേ. അവിടുന്ന് അരുളി: കാര്യങ്ങളുടെ ശിരസ്സ് ഇസ്ലാമാണ് അതിന്റെ നട്ടെല്ല് നമസ്കാരമാണ്. അതിന്റെ ഉച്ചി ജിഹാദാണ്.... (തുർമുദി)

2 – നമസ്കാരം അല്ലാഹുവിനെക്കുറിച്ച് സ്മരണയുണ്ടാക്കുന്നു. യാതൊരു ഇടയാളനുമില്ലാതെ അല്ലാഹുവിന്റെ തിരുസവിധത്തിലാണ് നമസ്കരിക്കുന്നവൻ നിൽക്കുന്നത്. അല്ലാഹു തന്നോടൊപ്പമുള്ളതായും അവന്റെ സാമീപ്യവും അടുപ്പവും തനിക്ക് ലഭിക്കുന്നതായും നമസ്കരിക്കുന്നവൻ അനുഭവിക്കുന്നു. മനസ്സിൽ എന്തെന്നില്ലാത്ത നിർഭയത്വവും സമധാനവും ശുഭാപ്തിയും കരുത്തും കരസ്ഥമാകുന്നു. ഭയഭക്തിയോടെ റുകൂഉം സുജൂദും ചെയ്യുന്നു. അല്ലാഹുവിൽ നിന്നുള്ള സഹായവും ശക്തിയും ലഭിക്കുന്നു.

3 – നമസ്കാരം മ്ലേഛവൃത്തിയിൽ നിന്നും നിഷിദ്ധകർമ്മങ്ങളിൽ നിന്നും തടയുന്നു. അഞ്ച് നേരവും തന്റെ രക്ഷിതാവിന്റെ മുമ്പിൽ ഭയഭക്തിയോടെ റുകൂഇലും സുജൂദിലും കഴിയുന്ന

ഒരു വിശ്വാസിക്ക് തന്റെ സൃഷ്ടാവിനോടുള്ള പ്രതിബദ്ധത വർദ്ധിക്കുന്നു. മാനസിക ഉല്ലാസവും ഔന്നത്യബോധവും ഉയരുന്നു. അതിനാൽ തന്നെ തന്റെ രക്ഷിതാവിനെ ധിക്കരിക്കുന്നതിൽ നിന്നും അകന്ന് നിൽക്കുന്നു. സദാസമയവും അല്ലാഹുവിനെക്കുറിച്ചുള്ള നിരീക്ഷണവും ചിന്തയും മനസ്സിനെ സജീവമാക്കുന്നു.

4. നമസ്കാരം നന്മയുടെ സാകല്യമാണ്. അത് ഹൃദയത്തിന് സ്വസ്ഥതയും സൗഭാഗ്യവും, ആത്മാവിന് സന്തോഷവും സമാധാനവും, ശരീരത്തിന് നവോന്മേഷവും ചടുലതയും പ്രധാനം ചെയ്യുന്നു.

ഇങ്ങനെയുള്ള ധാരാളം സത്ഫലങ്ങൾ വിശ്വാസിക്ക് ഇഹലോകത്ത് തന്നെ നമസ്കാരത്തിലൂടെ നേടിയെടുക്കാൻ കഴിയുന്നു.

### *ഇസ്‌ലാമിൽ നമസ്കാരത്തിന്റെ വിധി*

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണ് നമസ്കാരം. നബി (ﷺ) മക്കയിൽ നിന്നും മദീനയിലേക്ക് പാലായനം ചെയ്യുന്നതിന് ഒരു വർഷം മുമ്പുണ്ടായിട്ടുള്ള ഇസ്റാഇന്റെ രാത്രിയിലാണ് അതു നിർബന്ധമാക്കപ്പെട്ടത്. ബുദ്ധിയുള്ള, പ്രായപൂർത്തിയെത്തിയ, മുസ്‌ലിമായ ഓരോ സ്ത്രീയും പുരുഷനും നിർബന്ധമായും അഞ്ച് സമയങ്ങളിലായി ളുഹ്റ്, അസ്വർ, മഗ്‌രിബ്, ഇശാഅ്, ഫജ്ർ എന്നീ അഞ്ച് ഫർളുനമസ്കാരങ്ങൾ നിർവഹിക്കണം. നബി (ﷺ) ആദ്യമായി നമസ്കരിച്ച ഫർള് നമസ്കാരം ളുഹ്ർ ആയിരുന്നു.

ഇവ ഫർളാണെന്നതിനുള്ള തെളിവ് ഖുർആനും സുന്നത്തും പണ്ഡിതൻമാരുടെ ഇജ്മാഉമാണ്. മതത്തിന്റെ വളരെ പ്രഥമവും അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ടതുമായ കാര്യമാണിത്. അല്ലാഹു പറയുന്നു:

﴿ إِنَّ الصَّلَاةَ كَانَتْ عَلَى الْمُؤْمِنِينَ كِتَابًا مَوْقُوتًا ﴾[1]

“തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു.” (നിസാഅ്:103)

﴿وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَأَقْرِضُوا اللَّهَ قَرْضًا حَسَنًا وَمَا تُقَدِّمُوا لِأَنْفُسِكُمْ مِنْ خَيْرٍ تَجِدُوهُ عِنْدَ اللَّهِ هُوَ خَيْرًا وَأَعْظَمَ أَجْرًا وَاسْتَغْفِرُوا اللَّهَ إِنَّ اللَّهَ غَفُورٌ رَحِيمٌ﴾ [2]

നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവിന്ന് ഉത്തമമായ കടം നൽകുകയും ചെയ്യുക. സ്വദേഹങ്ങൾക്ക് വേണ്ടി നിങ്ങൾ എന്തൊരു നൻമ മുൻകൂട്ടി ചെയ്ത് വെക്കുകയാണെങ്കിലും അല്ലാഹുവിങ്കൽ അത് ഗുണകരവും ഏറ്റവും മഹത്തായ പ്രതിഫലമുള്ളതുമായി നിങ്ങൾ കണ്ടെത്തുന്നതാണ്. നിങ്ങൾ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (മുസ്സമ്മിൽ: 20) നബി (ﷺ) മുആദ് (റ)വിനെ യമനിലേക്ക് നിയോഗിക്കുമ്പോൾ ഇങ്ങനെ പറഞ്ഞു: ഓരോ രാത്രിയിലും പകലിലുമായി അഞ്ച് നമസ്കാരം അല്ലാഹു നിർബന്ധമാക്കിയിട്ടുണ്ടെന്ന് നീ അവരെ അറീയിക്കുക. (ബുഖാരി, മുസ്‌ലിം). ഇബ്നു ഉമർ (റ) നിവേദനം നബി (ﷺ) പറഞ്ഞു: ഇസ്ലാം അഞ്ച് കാര്യങ്ങളിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സാക്ഷ്യവും നമസ്കാരം മുറപ്രകാരം നിർവഹിക്കലും നിർബന്ധ സകാത്ത് നൽകലും ഹജ്ജ് നിർവഹിക്കലും റമളാനിൽ നോമ്പനുഷ്ഠിക്കലുമാണ് അവ. (ബുഖാരി, മുസ്‌ലിം)

---

(١) سورة النساء (١٠٣)

(٢) سورة المزمل (٢٠)

ഈ വിഷയത്തിൽ പണ്ഡിതന്മാർക്ക് ഏകാഭിപ്രായമാണെന്നത് ഇസ്‌ലാമിനെക്കുറിച്ച് പ്രാഥമികജ്ഞാനമുള്ളവർക്കെല്ലാം അറിയുന്നതാണ്. മുസ്‌ലിംകളിൽ അറിയപ്പെടുന്ന ഒരാളും തന്നെ നമസ്കാരത്തിന്റെ വിധിയെ നിഷേധിച്ചിട്ടില്ല. നവീനവാദക്കാർ വരെ അത് അംഗീകരിക്കുന്നവരാണ്.

### *നമസ്കാരം ഉപേക്ഷിക്കുന്നവന്റെ വിധി*

നമസ്കാരം ഉപേക്ഷിക്കുന്നവന്റെ അവസ്ഥകൾ താഴെ വിവരിക്കുന്ന രൂപത്തിലായിരിക്കും.

1 - അതിന്റെ നിർബന്ധത്തെ നിഷേധിക്കുന്നു. ഇതു പരിശോധിക്കേണ്ടതാണ് അറിവില്ലാതെയാണ് നിഷേധിച്ചതെങ്കിൽ - പുതുതായി ഇസ്‌ലാം സ്വീകരിച്ചവരിലും കുഗ്രാമങ്ങളിൽ കഴിയുന്നവരിലും അങ്ങിനെ സംഭവിച്ചേക്കാം - അതിന്റെ നിർബന്ധത്തെ അവരെ ബോധ്യപ്പെടുത്തുക എന്നല്ലാതെ അവരെ മതനിഷേധി എന്ന് വിധിക്കാൻ പാടില്ല. കാരണം അത്തരക്കാർ ഒഴിവുകഴിവുള്ളവരാണ്.

എന്നാൽ മുസ്‌ലിംകൾക്കിടയിൽ ജീവിക്കുവാനും അഞ്ചുനേര ത്തെ നമസ്കാരം അവർ കൃത്യമായി ചെയ്തു വരുന്നത് കണ്ടു മനസ്സിലാക്കാനും സൗകര്യമുള്ളവർ അറിവില്ലാത്തതിനാലാണ് നമസ്കാരത്തിന്റെ നിർബന്ധത്തെ നിഷേധിക്കുന്നതെന്ന് വാദിച്ചാൽ അത് അസ്വീകാര്യമാണ്. അല്ലാഹുവിനേയും പ്രവാചകനെയും മുസ്‌ലിംകളുടെ ഏകാഭിപ്രായത്തെയും നിരാകരിച്ചതിനാൽ തന്നെയാണ് ഈ നിഷേധമെന്ന് കണക്കാക്കുകയും അത്തരക്കാർ ഇസ്‌ലാമിൽ നിന്നും പുറത്തുപോയ മതഭ്രഷ്ഠരാണെന്നും പശ്ചാതപിച്ചില്ലെങ്കിൽ ശിക്ഷാർഹരുമാണ് എന്നതാണ് യാഥാർത്ഥ്യം.

2 - നമസ്കാരത്തിന്റെ നിബന്ധനകളോ റുക്നുകളോ നിർവ്വഹിക്കാൻ ശാരീരിക ശേഷിയില്ലാത്തതിനാലോ രോഗിയായതി

നാലോ ആണ് ഉപേക്ഷിക്കുന്നതെങ്കിൽ ഈ വക കാരണങ്ങൾ കൊണ്ടൊന്നും നമസ്കരിക്കേണ്ട ബാധ്യത ഒഴിവാകില്ലെന്നും കഴിയും വിധം നമസ്കരിക്കൽ നിർബന്ധമാണെന്നും ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടതാണ്.

3 - അലംഭാവവും അലസതയും കാരണമായി നമസ്കാര സമയം കഴിഞ്ഞിട്ടും നമസ്കരിക്കാത്തവരുടെ കാര്യത്തിൽ പണ്ഡിതന്മാർക്ക് ഭിന്നാഭിപ്രായമുണ്ട്. സ്ഥിരമായി നമസ്കാരം ഉപേക്ഷിക്കുന്നവനെ സത്യനിഷേധിയായി കണക്കാക്കി തടവിലാക്കുകയും താക്കീതുകൾ നൽകുകയും വധശിക്ഷയെ കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യണം എന്നും എന്നിട്ടും നമസ്കരിക്കുന്നില്ലെങ്കിൽ വാളുകൊണ്ട് വധിക്കപ്പെടണമെന്നുമാണ് ഏറ്റവും പ്രബലമായ അഭിപ്രായം

### *നമസ്കാരത്തിന്റെ റുക്നുകൾ*

നിർവഹിക്കാൻ വിട്ടുപോയാൽ നമസ്കാരം അസാധുവായി ത്തീരുന്ന 14 റുക്നുകളുണ്ട്. അവ:

1 - നിൽക്കാൻ കഴിവുള്ളവൻ നിന്നു നമസ്കരിക്കുക

2 - തക്ബീറതുൽ ഇഹ്റാം കൊണ്ട് ആരംഭിക്കുക

3 - ഫാതിഹ ഓതുക

4 - റുകൂഅ് ചെയ്യുക

5 - റുക്കൂഇൽ നിന്നും ഉയരുക (ഇഅ്തിദാൽ).

6 - മുഖം, രണ്ട് കൈകൾ, രണ്ട് കാൽമുട്ടുകൾ, രണ്ട് പാദങ്ങൾ എന്നീ ഏഴ് അവയവങ്ങളിലായി സുജൂദ് ചെയ്യുക.

7 - സുജൂദിൽ നിന്നും ഉയരുക

8 - രണ്ടു സുജൂദുകൾക്കിടയിൽ ഇരിക്കുക

9 - മുകളിൽ പറഞ്ഞ എല്ലാ ഘടകങ്ങളിലും അടക്കമുണ്ടാവുക

10 - അവസാനത്തെ തശഹ്ഹുദ് ചൊല്ലുക

11 - അവസാനത്തെ തശഹ്ഹുദിനായി ഇരിക്കുക

12 – നബി (ﷺ)യുടെ മേൽ സ്വലാത്ത് ചൊല്ലുക

13 – എല്ലാ റുക്നുകളും ക്രമപ്രകാരം ചെയ്യുക

14 – സലാം വീട്ടുക

***നമസ്കാരത്തിന്റെ ശർത്വുകൾ (നിബന്ധനകൾ)***

1 – മുസ്‌ലിമായിരിക്കുക: കാഫിറിൽ നിന്നും അതു സ്വീകരിക്കപ്പെടില്ല. എന്നാൽ അതിന്റെ പേരിൽ പരലോകത്ത് അവൻ ചോദ്യം ചെയ്യപ്പെടും എന്നതാണ് ശരിയായ വീക്ഷണം.

2 – ബുദ്ധിയുണ്ടായിരിക്കുക: ബുദ്ധിയില്ലാത്തവൻ ശാസനാ യോഗ്യനല്ല.

3 – വകതിരിവെത്തുക: അധിക പണ്ഡിതന്മാരും അതിന്ന് ഏഴ് വയസ്സ് കണക്കാക്കിയിരിക്കുന്നു.

4 – നമസ്കാര സമയമാവുക.

5 – അംഗശുദ്ധിയുണ്ടാവുക.

6– നമസ്കരിക്കുന്നവന്റെ ശരീരം, വസ്ത്രം, സ്ഥലം എന്നിവ മാലിന്യങ്ങളിൽ നിന്നും ശുദ്ധമാവുക.

7 – നഗ്നത മറക്കുക.

8 – ഖിബ്‌ലക്ക് മുന്നിടുക.

9 – നിയ്യത്ത് ഉണ്ടായിരിക്കുക.

***നമസ്കാരത്തിന്റെ വാജിബുകൾ***

വാജിബ് എന്നാൽ നിർബന്ധമെന്ന നിലക്ക് കൽപിക്കപ്പെട്ട കാര്യങ്ങളാണ്. മനപൂർവം അതു ഉപേക്ഷിച്ചാൽ നമസ്കാരം അസാധുവായിത്തീരും. മറന്നുകൊണ്ടാണെങ്കിൽ നമസകാരത്തിന്റെ അവസാനത്തിൽ മറവിക്കുള്ള സുജൂദ് ചെയ്താൽ മതിയാകും.

**നമസ്കാരത്തിന്റെ വാജിബുകൾ എട്ടാണ്**

1 – തക്ബീറതുൽ ഇഹ്റാം ഒഴികെ നമസ്കാരത്തിലെ എല്ലാ തക്ബീറുകളും

2 – "സമിഅല്ലാഹു ലിമൻ ഹമിദ" എന്ന് പറയൽ

3 – "റബ്ബനാ വലകൽ ഹംദ്" എന്ന് പറയൽ

4 – റുകൂഇൽ "സുബ്ഹാന റബ്ബിയൽ അളീം" എന്ന് പറയൽ

5 – സുജൂദിൽ "സുബ്ഹാന റബ്ബിയൽ അഅ്‌ലാ" എന്ന് പറയൽ

6 – രണ്ട് സുജൂദുകൾക്കിടയിൽ മഗ്ഫിറത്ത് ചോദിക്കൽ

7 – ഒന്നാമത്തെ തശഹ്ഹുദ് ചൊല്ലൽ

8 – ഒന്നാമത്തെ തശഹ്ഹുദിനായി ഇരിക്കൽ

### *നമസ്കാരത്തിന്റെസുന്നത്തുകൾ*

മറന്നോ ബോധപൂർവമോ ഉപേക്ഷവരുത്തിയാലും നമസ്കാരം അസാധുവാകാത്ത കർമ്മങ്ങളാണ് സുന്നത്തുകൾ. നമസ്കാരത്തിന്റെ സുന്നത്തുകൾ ധാരാളമുണ്ട്. അവയിൽ ചിലത്:

1 – തക്ബീറത്തുൽ ഇഹ്റാമിന്റെ വേളയിൽ കൈ രണ്ടും ഉയർത്തൽ

2 – റുകൂഇന്റെ വേളയിൽ കൈ രണ്ടും ഉയർത്തൽ

3 – റുകൂഇൽ നിന്ന് ഉയരുമ്പോൾ കൈ രണ്ടും ഉയർത്തൽ

4 – നിറുത്ത വേളയിലെല്ലാം വലത് കൈ ഇടത് കയ്യുടെ മുകളിലായി നെഞ്ചിന്മേൽ വെക്കൽ

5 – സുജൂദിന്റെ സ്ഥാനത്തേക്ക് നോക്കൽ

6 – പ്രാരംഭ പ്രാർഥന ചൊല്ലൽ

7 – അഊദു ചൊല്ലൽ.

ഇതിനെല്ലാം പുറമെ വേറെയും സുന്നത്തുകളുണ്ട്.

## ജമാഅത്ത് (സംഘടിത) നമസ്കാരം

### *അതിന്റെ മഹത്വം*

ജമാഅത്ത് നമസ്കാരത്തിന്റെ ശ്രേഷ്ഠത വ്യക്തമാക്കുന്ന ധാരാളം തെളിവുകൾ കാണാം:

1 - ഇബ്നു് ഉമർ (റ) നിവേദനം: നബി (ﷺ) പറഞ്ഞു: സംഘമായി നമസ്കരിക്കുന്നത് ഒറ്റക്ക് നമസ്കരിക്കുന്നതിനേക്കാൾ ഇരുപത്തേഴിരട്ടി മഹത്വമേറിയതാണ്. (ബുഖാരി, മുസ്ലിം)

2 - അബൂഹുറൈറ (റ) നിവേദനം നബി (ﷺ) പറഞ്ഞു: സംഘമായുള്ള ഒരാളുടെ നമസ്കാരം തന്റെ വീട്ടിലോ അങ്ങാടിയിലോ ഉള്ള നമസ്കാരത്തേക്കാളും ഇരുപത്തിയഞ്ച് ഇരട്ടി കൂടുതൽ പുണ്യമുള്ളതാണ്. (ബുഖാരി)

3 - അബൂഹുറൈറ (റ)നിവേദനം നബി (ﷺ) യുടെ അരികിൽ അന്ധനായ ഒരു സ്വഹാബി വന്നു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എന്നെ പള്ളിയിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ എനിക്കൊരു സഹായി ഇല്ല, അതിനാൽ എനിക്ക് വീട്ടിൽ വെച്ച് നമസ്കരിക്കാനും ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കാതിരിക്കാനും ഇളവ് നൽകിയാലും. നബി (ﷺ) ഇളവ് അനുവദിച്ചു, അദ്ദേഹം പിരിഞ്ഞു പോകുമ്പോൾ നബി അദ്ദേഹത്തെ തിരിച്ചു വിളിച്ചു ചോദിച്ചു: "പള്ളിയിൽ നിന്നും നമസ്കാരത്തിനുള്ള ബാങ്ക് കേൾക്കാറുണ്ടോ?" അദ്ദേഹം പറഞ്ഞു: "അതെ, കേൾക്കാറുണ്ട്." അപ്പോൾ നബി(ﷺ) പറഞ്ഞു: "എങ്കിൽ താങ്കൾ അതിന്ന് ഉത്തരം നൽകിയേ പറ്റൂ." (മുസ്‌ലിം)

**അതിന്റെ നിയമങ്ങൾ**

യാത്രയിലാണെങ്കിലും നാട്ടിലാണെങ്കിലും പുരുഷൻമാർ സംഘമായി നമസ്കരിക്കൽ നിർബന്ധമാണ്. അല്ലാഹു പറഞ്ഞു:

﴿ وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ الصَّلَاةَ فَلْتَقُمْ طَائِفَةٌ مِّنْهُم مَّعَكَ ﴾ (١)

"(നബിയേ,) നീ അവരുടെ കൂട്ടത്തിലുണ്ടായിരിക്കുകയും, അവർക്ക് നേതൃത്വം നൽകിക്കൊണ്ട് നമസ്കാരം നിർവഹിക്കു

(١) سورة النساء: الآية ١٠٢

കയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിന്റെ കൂടെ നിൽക്കട്ടെ..."(നിസാഅ്: 102)

ശറഹുൽ മുൻതഹാ എന്ന ഗ്രന്ഥത്തിൽ പറയുന്നു : ഈ ആയത്തിലുള്ള കൽപന നിർബന്ധത്തെ അറിയിക്കുന്നതാണ്. യുദ്ധ സന്ദർഭത്തിൽ പോലും ജമാഅത്തു നിർബന്ധമാണെങ്കിൽ നിർഭയാവസ്ഥയിൽ അതു പ്രത്യേകം പറയേണ്ടതില്ലല്ലോ?. അബൂഹുറൈറ (റ) ഉദ്ധരിക്കുന്ന ഹദീസിൽ നബി (ﷺ) പറഞ്ഞു: കപടവിശ്വാസികൾക്ക് ഏറ്റവും ഭാരം തോന്നുന്ന നമസ്കാരം ഇശായും ഫജ്റുമാണ്, അതിൽ രണ്ടിലുമുള്ള പ്രതിഫലം അവർ അറിയുമായിരുന്നെങ്കിൽ ഇഴഞ്ഞുകൊണ്ടാണെങ്കിലും അവർ അതിന് വന്നെത്തുമായി രുന്നു. നമസ്കാരത്തിന് ഇഖാമത്ത് വിളിക്കാൻ ഒരാളോടും മറ്റൊരാളെ ഇമാമായി നിർത്താനും, എന്നിട്ട് ഞാനും കുറച്ചാളുകളും നമസ്കരിക്കാത്തവരുടെ വീടുകളിലേക്ക് വിറകുമായി ചെന്ന് അവരെ അതിലിട്ട് കരിച്ചുകളയാനും ഉദ്ദേശിച്ചു പോയി (ബുഖാരി, മുസ്‌ലിം). അന്ധനായ മനുഷ്യൻ തനിക്ക് ഒരു സഹായി ഇല്ലാത്തതിനാൽ വീട്ടിൽ വെച്ച് നമസ്കരിക്കാൻ ഇളവു ചോദിച്ചപ്പോൾ പള്ളിയിൽ നിന്നും ബാങ്ക് വിളി കേൾക്കുന്നുണ്ടെങ്കിൽ അതിന്ന് ഉത്തരം നൽകിയേപറ്റൂ എന്ന ഹദീസും ഇതു നിർബന്ധമാണെന്ന് വ്യക്തമാക്കുന്നു. (ശറഹുൽ മുൻതഹാ 1/244, മുഗ്നിയുടെ ശറഹുൽ കബീർ 1/2)

### *ജമാഅത്തിന് എത്ര ആളുകളുണ്ടാകണം ?*

രണ്ട് വ്യക്തികളാണെങ്കിലും ഒരാൾ ഇമാമും രണ്ടാമൻ മഅ്മൂമും ആയി ജമാഅത്തായി നമസ്കരിക്കാവുന്നതാണ്. സ്ത്രീകളാണെങ്കിലും അങ്ങിനെ തന്നെ. മാലിക് ബിൻ ഹുവൈ

രിസ് ഉദ്ധരിക്കുന്ന ഹദീസിൽ നിങ്ങൾ രണ്ടിൽ ഏറ്റവും പ്രായം കൂടിയവൻ ഇമാം നിൽക്കുക എന്ന് കാണാം (ബുഖാരി മുസ്‌ലിം).

***ജമാഅത്ത് ഉപേക്ഷിക്കാവുന്ന ഇളവുകൾ***

രോഗമുണ്ടാകുന്നത് ഭയപ്പെട്ട് കഴിയുക, മലമൂത്ര വിസർജനത്തിന് മുട്ടിനിൽക്കുക, നഷ്ടപ്പെട്ട തന്റെ സ്വത്തുകൾ തിരിച്ചുവരുന്നത് നോക്കി നിൽക്കുക, തന്റെ സ്വത്തുകളോ തന്റെ മേൽനോട്ടത്തിലുള്ളതോ നഷ്ടപെടുമെന്നോ അപകടം സംഭവിക്കുമെന്നോ ഭയപ്പെടുക തുടങ്ങിയ കാരണങ്ങളുള്ളവർക്ക് ജമാഅത്തിൽ പങ്കെടുക്കുന്നതിൽ ഇളവുണ്ട്.

***മഅ്മൂമുമായി ബന്ധപെട്ട നിയമങ്ങൾ***

സ്ഥിരമായി ഇമാമുള്ള ഒരു പള്ളിയിൽ അദ്ദേഹത്തിന്റെ അനുമതിയില്ലാതെ സമയം തീരാറായിട്ടില്ലെങ്കിൽ ഇമാമുനിൽക്കാൻ പാടില്ല.

ഫറളായ നമസ്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെട്ടാൽ സുന്നത്ത് നമസ്ക്കാരം ആരംഭിക്കാൻ പാടില്ല നബി(ﷺ) പറഞ്ഞു: "ഇഖാമത്തു വിളിക്കപ്പെട്ടാൽ ആ ഫറളുനമസ്ക്കാരമല്ലാതെ മറ്റൊരു നമസ്ക്കാരവുമില്ല." (മുസ്ലിം)

ഇമാം റുക്കൂഅ് ചെയ്യുന്നതിന്റെ മുമ്പോ സുജൂദ് ചെയ്യുന്നതിന്റെ മുമ്പോ മഅ്മൂം അത് ചെയ്യാൻ പാടില്ല. ഇനി, ചെയ്തു പോയാൽ മടങ്ങൽ നിർബന്ധവുമാണ്. നമസ്കാരത്തിന്റെ ഏതൊരു പ്രവർത്തനവും ഇമാമിനെ മുൻകടന്ന് ചെയ്യുന്നത് പാപമാണ്. അറിവില്ലാതെയോ മറന്നോ സംഭവിക്കുന്നത് മാത്രമാണ് ഇതിൽ നിന്ന് ഒഴിവുള്ളത്.

സ്വഫ്ഫിന് പുറകിൽ മഅ്മൂം ഒറ്റക്ക് നമസ്കരിക്കുന്നത് സ്വീകാര്യമല്ല. മുകളിലെ സ്വഫ്ഫ് പൂർത്തിയായി തനിക്ക് നിൽക്കാൻ ഒരിടവും ലഭിച്ചില്ലെങ്കിൽ ഇതിൽ ഇളവുണ്ട്. നബി (ﷺ)

പറഞ്ഞത് കാണുക: സ്വഫ്ഫിനു പുറകിൽ തനിയെ നമസ്കരിക്കുന്നവന്റെ നമസ്കാരം സ്വീകാര്യമല്ല (ഇബ്നുമാജ)

**ഇമാമുമായി ബന്ധപെട്ട നിയമങ്ങൾ**

ഇമാമു നിൽക്കാൻ ഏറ്റവും അർഹൻ ഏറ്റവും കൂടുതൽ ഖുർആൻ വശമുള്ളയാളാണ്. പിന്നെ സുന്നത്ത് ഏറ്റവും അറിയുന്നയാൾ പിന്നെ ഏറ്റവും ആദ്യം ഹിജ്റ പുറപ്പെട്ടയാൾ പിന്നെ ഏറ്റവും ആദ്യം ഇസ്ലാം ഉൾകൊണ്ടയാൾ പിന്നെ ഏറ്റവും പ്രായം കൂടിയയാൾ (മുഗ്നി 2/17)

രോഗിയേയും പ്രായം കൂടിയവരേയും അത്യാവശ്യക്കാരനേയും പരിഗണിച്ച് ഇമാം നമസ്കാരം ചുരുക്കുന്നത് സുന്നത്താണ്.

**രോഗിയുടെ നമസ്കാരം**

വടിയിൽ ഊന്നിക്കൊണ്ടോ ചുമരിൽ ചാരിയോ ഫറള് നമസ്കാരം നിന്ന് നമസ്കരിക്കാൻ സാധിക്കുന്ന രോഗി അങ്ങിനെ ചെയ്യൽ നിർബന്ധമാണ്. സാധിക്കില്ലെങ്കിൽ ഇരുന്ന് നമസ്കരിച്ചാൽ മതി. ഇരുന്ന് നമസ്കരിക്കുമ്പോൾ ചമ്രംപടിഞ്ഞിരിക്കുന്നതാണ് സുന്നത്ത്. ഇരുന്ന് നമസ്ക്കരിക്കാൻ സാധിക്കില്ലെങ്കിൽ ഒരു പാർശ്വത്തിലേക്ക് കിടന്നാണ് നമസ്കരിക്കേണ്ടത്. അതിനും സാധ്യമല്ലെങ്കിൽ തനിക്ക് സാധിക്കുന്നവിധം നമസ്കരിക്കണം. മലർന്ന് കിടന്നാണെങ്കിലും കുഴപ്പമില്ല അല്ലാഹു പറഞ്ഞു:

﴿ فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ ﴾[١]

നിങ്ങൾക്ക് സാധിക്കുന്ന വിധം അല്ലാഹുവിനെ സൂക്ഷിക്കുവീൻ ( തഗാബുൻ: 16)

(١) سورة التغابن: الآية ١٦

﴿ لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا ﴾ [1]

അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. (ബഖറ:286)

മുകളിൽ പറഞ്ഞ രൂപമൊന്നും സാധ്യമല്ലെങ്കിൽ തന്റെ ശിരസ്സുകൊണ്ട് ആംഗ്യം കാണിക്കുകയോ അതിനും സാധ്യമല്ലെങ്കിൽ കണ്ണുകൊണ്ട് ആംഗ്യം കാണിക്കുകയും ഹൃദയത്തിൽ കരുതുകയും ചെയ്യുക. (മുഗ്നി 1/813)

ഓരോ നമസ്കാരവും അതാതിന്റെ സമയത്ത് നിർവഹിക്കാൻ രോഗിക്ക് പ്രയാസമുണ്ടെങ്കിൽ ളുഹ്റും അസറും ഒരുമിച്ചും മഗ്‌രിബും ഇശായും ഒരുമിച്ചും രണ്ടിൽ ഏതെങ്കിലും ഒരു നമസ്കാരത്തിന്റെ സമയത്ത് ജംആക്കി നിർവഹിക്കാവുന്നതാണ്. രോഗിയുടെ സൗകര്യമനുസരിച്ച് ആദ്യ നമസ്കാരത്തിന്റെ സമയമോ അവസാനത്തേതിന്റെ സമയമോ തിരഞ്ഞെടുക്കാം.

രോഗിക്ക് സ്വന്തമായി അംഗശുദ്ധിവരുത്താൻ കഴിയില്ലെങ്കിൽ കൂടെയുള്ളവർക്ക് വുളൂ ചെയ്തു കൊടുക്കാവുന്നതാണ്. ഇനി വെള്ളം ലഭിക്കാതിരിക്കുകയോ തയമ്മം ചെയ്യാൻ മണ്ണ് ലഭിക്കാ തിരിക്കുകയോ അല്ലെങ്കിൽ സഹായികളാരും ഇല്ലാതിരിക്കുകയോ ചെയ്താൽ യഥാവസ്ഥയിൽ നമസ്കരിക്കുക. ഒരു കാരണവശാലും നമസ്കാരം സമയം തെറ്റിക്കാൻ അനുവാദമില്ല. (ഫതാവാ ഇബ്നു ബാസ്)

രോഗി തന്റെ മുഖം കൊണ്ടോ കാലുകൊണ്ടോ കഴിയും വിധം ഖിബ്‌ലയിലേക്ക് മുന്നിടണം. അതിന് സാധിക്കില്ലെങ്കിൽ യഥാസ്ഥിതിയിൽ തന്നെ നമസ്ക്കരിച്ചാൽ മതി.

---

(١) سورة البقرة: الآية ٢٨٦

## ജുമഅ നമസ്കാരം

**ജുമഅയുടെ നിയമങ്ങൾ:**

ജുമുഅ നമസ്കാരം നിർബന്ധമാണ്. ഖുർആനും സുന്നത്തും ഇജ്മാഉം അതു ഖണ്ഡിതമായി തെളിയിക്കുന്നു. ഓരോവ്യക്തിയും നിർവഹിക്കേണ്ട നിർബന്ധ ബാധ്യതയാണത്. പരിഗണനീയമായ കാരണം കൊണ്ട് ജുമുഅ നഷ്ടപെട്ടാൽ പകരമായി ളുഹുർ നമസ്കരിക്കേണ്ടതാണ്.

**ജുമഅ നിർബന്ധമാവുന്നത് ആർക്കെല്ലാം?**

താഴെ പറയുന്ന എട്ട് നിബന്ധനകൾ പൂർത്തിയായവർക്ക് ജുമുഅ നിർബന്ധമാണ്:

1 ) മുസ്‌ലിമായിരിക്കുക.

2) പ്രായപൂർത്തിയെത്തുക.

3) ബുദ്ധിയുണ്ടായിരിക്കുക.

4) പുരുഷനായിരിക്കുക.

5) സ്വതന്ത്രനായിരിക്കുക.

6) സ്വദേശത്തായിരിക്കുക.

7) ജുമുഅ നടക്കുന്നിടത്തോ അടുത്തോ താമസിക്കുന്നവനാവുക.

**ജുമഅ നിയമമാക്കിയതിലെ തത്വം**

അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഹത്വം തന്റെ ദാസൻമാരെ ഓർമ്മപ്പെടുത്തുന്നതിനാണ് ജുമുഅ മതപരമാക്കി നിശ്ചയിച്ചിട്ടുള്ളത്.

ജുമുഅയിൽ ഖുതുബ - പ്രസംഗം- നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആ പ്രസംഗത്തിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഓർമ്മിപ്പിക്കുന്നു. അതിനു നന്ദികാണിക്കുവാൻ പ്രചോദിപ്പിക്കു

ന്നു. ജുമുഅഃ ബോധവൽക്കരണവും ഉത്ബോധനവും ഉപദേശ വും ഉൾകൊള്ളുന്നു. അല്ലാഹുവിനോടുള്ള കരാർ പുതുക്കുന്നു. അതിലൂടെ പരസ്പര സാഹോദര്യവികാരം ഉണർത്തുകയും ഐക്യം ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

**ജുമുഅഃയുടെ നിബന്ധനകൾ**

1) സമയമാവുക: ജുമുഅയുടെ സമയത്തിന് മുമ്പോ ശേഷമോ അത് നിർവഹിച്ചാൽ സാധുവാകില്ല എന്നാണ് പണ്ഡിതന്മാരുടെ ഏകകണ്ഠാഭിപ്രായം.

2) ജമാഅത്തായി - സംഘമായി - നിർവഹിക്കുക. ഒറ്റക്കായി നമസ്കരിക്കാൻ പാടില്ല.

3) ജനവാസ സ്ഥലത്തായിരിക്കുക.

4) ജുമുഅ നമസ്കാരത്തിന്റെ മുമ്പായി രണ്ട് ഖുതുബ (പ്രസംഗം) നടത്തുക.

# രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ

രണ്ട് പെരുന്നാൾ നമസ്കാരങ്ങളും മതപരമായി കൽപ്പിക്കപ്പെട്ടതാണെന്നതിൽ പണ്ഡിതൻമാർ ഏകാഭിപ്രായക്കാരാണെങ്കിലും അതിന്റെ വിധിയുടെ കാര്യത്തിൽ ഭിന്നാഭിപ്രായക്കാരാണ്.

പൊതു ബാധ്യത (ഫർളുകിഫായ) ആണെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെടുമ്പോൾ പ്രബലമായ സുന്നത്ത് (സുന്നത്തു മുഅക്കദ) ആണെന്ന് മറ്റു ചിലരും അഭിപ്രായപ്പെടുന്നു. കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ ഇതിന്റെ വിഷദമായ ചർച്ചയുണ്ട്.

**പെരുന്നാൾ നമസ്കാര സമയം**

സൂര്യനുദിച്ചുയർന്ന് അൽപം കഴിഞ്ഞതു മുതൽ സൂര്യൻ മധ്യത്തിൽ നിന്നും തെറ്റുന്നത് വരെയാണ് പെരുന്നാൾ നമസ്കാര സമയം എന്നതാണ് പണ്ഡിതൻമാരുടെ പൊതുവായ അഭിപ്രായം. സൂര്യോദയ സമയത്ത് നമസ്കരിക്കുന്നത് നിഷിദ്ധമാണ്. ഉദിച്ചതു മുതൽ ഒരു കുന്തത്തോളം ഉയരുന്നതു വരെ - ചില പണ്ഡിതർ ഇത് 12 മിനിറ്റാണെന്ന് കണക്കാക്കിയിരിക്കുന്നു - നമസ്കരിക്കുന്നത് കറാഹത്തുമാണ്.

**പെരുന്നാൾ നമസ്കാര സ്ഥലം**

താമസ സ്ഥലങ്ങൾക്ക് പുറത്ത് ഈദ് ഗാഹിൽ വെച്ച് നമസ്കരിക്കലാണ് സുന്നത്ത്. നബി (ﷺ) തടസ്സം നേരിട്ടില്ലെങ്കിൽ ഈദ് ഗാഹിൽ വെച്ചാണ് നമസ്കരിച്ചിരുന്നത്.

**പെരുന്നാൾ നമസ്കാര രൂപം**

പെരുന്നാൾ നമസ്കാരം രണ്ട് റകഅത്താണ്. ഒന്നാമത്തെ റകഅത്തിൽ സാധാരണ നമസ്കാരം പോലെ തക്ബീറത്തുൽ ഇഹ്റാം കെട്ടുക. ശേഷം ആറ് തക്ബീറുകൾ ചൊല്ലു

ക. പിന്നെ ഫാതിഹയും ശേഷം അഅ്‌ലാ സൂറത്തോ, ഖാഫ് സൂറത്തോ ചൊല്ലുക. പിന്നീട് തക്ബീർ ചൊല്ലി റുകൂഅ് ചെയ്യുക. അങ്ങിനെ ആ റക്അത്ത് പൂർത്തിയായാൽ രണ്ടാമത്തെ റക്അത്തിലേക്ക് എഴുന്നേൽക്കുക. സുജൂദിൽ നിന്ന് ഉയരുമ്പോഴുള്ള തക്ബീർ കൂടാതെ അഞ്ച് തക്ബീർ തുടർച്ചയായി ചൊല്ലുക. അനന്തരം ഫാതിഹയും ഗാശിയ സൂറത്തും ചൊല്ലുക, ഖമർ സൂറത്ത് ചൊല്ലുന്നതും സുന്നത്താണ്. ഒന്നാം റക്അത്തിൽ ഫാതിഹക്ക് ശേഷം അഅ്‌ലാ സൂറത്താണ് ചൊല്ലിയതെങ്കിൽ രണ്ടാം രക്അത്തിൽ ഗാശിയ സൂറത്താണ് ചൊല്ലേണ്ടത്. ഒന്നാം റക്അത്തിൽ ഖാഫ് സൂറത്താണ് ചൊല്ലിയതെങ്കിൽ രണ്ടാമത്തേതിൽ ഖമർ ചൊല്ലണം.

## *ഗ്രഹണ നമസ്കാരം*

**സൂര്യ ഗ്രഹണവും ചന്ദ്രഗ്രഹണവും**

അല്ലാഹുവിന്റെ മഹാ ദൃഷ്ടാന്തങ്ങളിൽ പെട്ട രണ്ട് അടയാളങ്ങളാണ് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും. തന്റെ അടിയാറുകൾ തെറ്റുകുറ്റങ്ങളിൽ നിന്ന് പശ്ചാതപിച്ച് തന്നിലേക്ക് മടങ്ങുവാനുള്ള അല്ലാഹുവിന്റെ താക്കീതാണത്. സൃഷ്ടാവിന്റെ മഹാ ശക്തി വെളിപ്പെടുന്ന ഒരു രംഗം കൂടിയാണിത്. ഏതെങ്കിലും വ്യക്തിയുടെ ജനനമോ മരണമോ കാരണമായിട്ടല്ല സൂര്യ ഗ്രഹണവും ചന്ദ്രഗ്രഹണവും സംഭവിക്കുന്നത്. മറിച്ച്, രാജാധിരാജനായ അല്ലാഹുവിന്റെ വിധിവിലക്കുകൾ ലംഘിച്ചുകൊണ്ടുള്ള മനുഷ്യരുടെ അധർമ്മങ്ങളാണ് അതിന്ന് കാരണം എന്ന് പറയാം.

**ഗ്രഹണ നമസ്കാര രൂപം**

രാത്രിയാണെങ്കിലും പകലാണെങ്കിലും "അസ്സലാതു ജാമിഅ" എന്ന് വിളിച്ച് പറയുക. പിന്നീട് ഇമാം തക്ബീർ ചൊല്ലി ഫതിഹായും സൂറത്തും ഉച്ചത്തിൽ സുദീർഘമായി പാരായണം ചെയ്യുക. ശേഷം സുദീർഘമായി റുകൂഅ് ചെയ്യുക. റുകൂഇൽ നിന്ന് ഉയർന്ന് കൊണ്ട് വീണ്ടും ഫാതിഹായും സൂറത്തും ഓതുക. ഇത് ആദ്യത്തേതിനേക്കാൾ അൽപം ഹ്യസ്വമായിരിക്കണം. പിന്നീട് ആദ്യത്തേതിനേക്കാൾ ലഘുവായ റുകൂഅ് ചെയ്യുക. വീണ്ടും റുകൂഇൽ നിന്നും ഉയരുക. പിന്നെ സുദീർഘമായ രണ്ട് സുജൂദുകൾ ചെയ്യുക. ഒന്നാമത്തേതിനേക്കാൾ രണ്ടാമത്തേത് ലഘുവായിരിക്കണം. ഈ രൂപത്തിൽ രണ്ടാമത്തെ റക്അത്തും ഒന്നാമത്തേതിനേക്കാൾ ലഘുവായി നിർവ്വഹിക്കുക.

## *മഴക്ക്വേണ്ടിയുള്ള നമസ്കാരം*

മഴ കിട്ടാതെ ഭൂമിയിൽ വരൾച്ചയുണ്ടായാൽ വിശ്വാസികൾ അല്ലാഹുവിൽ അഭയം തേടുകയും വളരെ താഴ്മയോടെ അല്ലാഹുവിന്റെ സഹായത്തിനും മഴക്കും വേണ്ടി പ്രാർഥിക്കണമെന്നും അല്ലാഹു കൽപ്പിച്ചു. അതു സംഘമായോ ഒറ്റക്കോ നമസ്കരിച്ചും ജുമുഅ ഖുതുബയിൽ പ്രാർഥിച്ചും നിർവഹിക്കാവുന്നതാണ്. മനുഷ്യർ തങ്ങളുടെ രക്ഷിതാവിന്റെ ആശ്രിതരാണെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. അല്ലാഹു പറഞ്ഞു:

﴿يَاأَيُّهَا النَّاسُ أَنْتُمُ الْفُقَرَاءُ إِلَى اللَّهِ وَاللَّهُ هُوَ الْغَنِيُّ الْحَمِيدُ﴾ (١)

(١) سورة فاطر: الآية ١٥

“മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു” (ഫാത്വിർ 15)

**മഴക്ക്‌വേണ്ടിയുള്ള നമസ്കാരത്തിന്റെ വിധി**

നബി (ﷺ) യുടേയും സ്വഹാബത്തിന്റെയും പിൻകാല വിശ്വാസികളുടേയും പ്രവർത്തനത്തിൽ നിന്നും ഈ നമസ്കാരം പ്രബലമായ സുന്നത്താണ് എന്ന് മനസ്സിലാക്കാം.

**മഴക്ക് വേണ്ടിയുള്ള നമസ്കാര രൂപം**

പെരുന്നാൾ നമസ്കാരത്തിന്റെ മാതൃകയിലാണ് ഈ നമസ്കാരം നിർവഹിക്കേണ്ടത്. മൈതാനത്തു വെച്ച് ഖുതുബക്ക് മുമ്പായി രണ്ട് റക്അത്ത് നമസ്കരിക്കുകയും, അതിൽ ഉച്ചത്തിൽ ഖുർആൻ പാരായണം ചെയ്യുകയും ചെയ്യുക.

## *സുന്നത്ത് (ഐഛിക) നമസ്കാരം*

അല്ലാഹുവിന്റെ മഹാ കാരുണ്യത്തിന്റെ ഭാഗമായാണ് സുന്നത്ത് നമസ്കാരങ്ങൾ നമുക്ക് നിശ്ചയിച്ചു തന്നിട്ടുള്ളത്. ഓരോ ഫർളായ ഇബാദത്തിന്റേയും കൂടെ അതേ ഇനത്തിലുള്ള സുന്നത്തുകളും നിശ്ചയിക്കപെട്ടിട്ടുണ്ട്. ആ ഫർളായ ഇബാദത്തിൽ സംഭവിച്ചേക്കാവുന്ന അപാകതകൾ പരിഹരിക്കാൻവേണ്ടി കൂടിയാണിത്.

സുന്നത്തു നമസ്കാരങ്ങൾ നിർവഹിക്കൽ നിർബന്ധമില്ലെങ്കിലും അതു നിർവഹിക്കുമ്പോൾ കൂടുതൽ പുണ്യവും പ്രതിഫലവും ലഭിക്കും.

**സുന്നത്ത് നമസ്കാരങ്ങളെ രണ്ടായി വിഭജിക്കാം:-**

1) പ്രബലമായ സുന്നത്ത് നമസ്കരം

2) പ്രബലമല്ലാത്ത സുന്നത്തു നമസ്കാരം

നബി (ﷺ) നാട്ടിലുള്ളപ്പോൾ പതിവായി നിർവഹിച്ചിരുന്നതും മറ്റുള്ളവരോട് നിർദ്ദേശിച്ചിരുന്നതുമായ എന്നാൽ യാത്ര പോലുള്ള കാരണങ്ങൾ ഉണ്ടാവുമ്പോൾ മാത്രം ഒഴിവാക്കിയിരുന്നതുമായ നമസ്കാരമാണ് പ്രബലമായ സുന്നത്ത് നമസ്കരങ്ങൾ. ഇതു പന്ത്രണ്ട് റക്അത്താണ്. അവ: ളുഹ്റിന്റെ മുമ്പ് നാലും ശേഷം രണ്ടും മഗ്രിബിന് ശേഷം രണ്ടും ഇശാഇന് ശേഷം രണ്ടും ഫജ്റിന് മുമ്പ് രണ്ടും റക്അത്തുകളാണ്.

എന്നാൽ വല്ലപ്പോഴൊക്കെ നബി (ﷺ) നമസ്ക്കരിച്ചിരുന്നതാണ് പ്രബലമല്ലാത്ത സുന്നത്തുകൾ. ഉദാഹരണമായി, അസറിന് മുമ്പ് രണ്ടോ അല്ലെങ്കിൽ നാലോ റക്അത്തുകളും മഗ്രിബിന് മുമ്പ് രണ്ടും ഇശാക്ക് മുമ്പ് രണ്ടും റകഅത്തുകൾ നമസ്കരിക്കുന്നതും ഈ ഗണത്തിൽ പെട്ടതാണ്.

## *തറാവീഹ് നമസ്കാരം*

സ്ത്രീകൾക്കും പുരുഷൻമാർക്കും തറാവീഹ് നമസ്ക്കാരം സുന്നത്താണ്. ഇശാ നമസ്കാര ശേഷമാണ് ഇതു നിർവഹിക്കപ്പെടുക. രാത്രിയുടെ അവസാനം വരെ ഇതിന്റെ സമയം നീണ്ടു കിടക്കുന്നു. സംഘമായും (ജമാഅത്തായും) ഒറ്റയായും ഇതു നമസ്കരിക്കാമെങ്കിലും സംഘമായി നമസ്കരിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠം.

ഈ നമസ്കാരത്തിന്റെ മഹത്വം സൂചിപ്പിച്ചു കൊണ്ട് നബി (ﷺ) പറഞ്ഞു: വിശ്വാസത്തോടും പ്രതിഫലമാഗ്രഹിച്ചും റമദാനിൽ ആരെങ്കിലും രാത്രി നമസ്കരിച്ചാൽ കഴിഞ്ഞുപോയ എല്ലാ പാപങ്ങളും പൊറുക്കപ്പെടുന്നതാണ്. (ബുഖാരി)

**തറാവീഹിന്റെ റക്അത്തുകളുടെ എണ്ണം:** ഏറ്റവും പ്രബലമായ അഭിപ്രായം നിറുത്തവും റുകൂഉം സ്ജൂദും ദീർഘിപ്പിച്ചു

കൊണ്ട് പതിനൊന്നോ അല്ലെങ്കിൽ പതിമൂന്നോ റക്അത്ത് നമസ്കരിക്കുന്നതാണ്. അതിനുള്ള തെളിവ് ആയിശാ (റ) യിൽ നിന്നുമുള്ള ഹദീസാണ്. മഹതിയോട് നബി (ﷺ) യുടെ റമദാനി ലെ രാത്രി നമസ്കാരത്തെ കുറിച്ച് ചോദിച്ചപ്പോൾ അവർ ഇങ്ങ നെ പറഞ്ഞു: "റമദാനിലാകട്ടെ അല്ലാത്ത കാലത്താകട്ടെ നബി (ﷺ) പതിനൊന്ന് റക്അത്തിൽ കൂടുതൽ നമസ്കരിച്ചിരുന്നില്ല. നാല് റക്അത്ത് ആദ്യം നമസ്കരിക്കും അതിന്റെ ദൈർഘ്യമോ ഭംഗിയോ എന്നോട് ചോദിക്കേണ്ട (അത്രയും കൂടുതലാണ്) പിന്നെയും നാല് റക്അത്തുകൂടി നമസ്കരിക്കും അതിന്റെ യും ദൈർഘ്യമോ ഭംഗിയോ എന്നോട് ചോദിക്കേണ്ട (അത്രയും കൂടുതലാണ്) പിന്നെ മൂന്ന് റക്അത്തും കൂടി നമസ്കരിക്കും". (ബുഖാരി, മുസ്ലിം)

പതിമൂന്ന് റക്അത്താകാം എന്ന് പറഞ്ഞത് ഇബ്നു അബ്ബാസ് (റ) വിൽ നിന്നുമുള്ള ഒരു ഹദീസിൽ വന്നതിനാലാണ്, അദ്ദേഹം പറയുന്നു: 'നബി (ﷺ) യുടെ രാത്രി നമസ്കാരം പതിമൂന്ന് റക്അത്തായിരുന്നു' (ബുഖാരി, മുസ്ലിം)

## ജനാസ നമസ്കാരം

കർമ്മങ്ങളുടെ ലോകത്തു നിന്ന് പ്രതിഫലത്തിന്റെ ലോകത്തേക്ക് യാത്രയാകുന്ന വിശ്വാസികളുടെ ആത്മാവുകളെ ആദരിക്കാനാണ് മയ്യിത്ത് നമസ്കാരം അല്ലാഹു നിശ്ചയിച്ചിട്ടു ള്ളത്. സത്യവിശ്വാസികളായ തന്റെ ദാസന്മാർക്കുള്ള വമ്പിച്ച അനുഗ്രഹവും കൂടിയാണ് മഹത്തായ ഈ ഇസ്‌ലാമിക ചിഹ്നം. പരസ്പര സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഉദാത്ത മാതൃകയുമാണിത്. തന്റെ സഹോദരന്റെ അസാന്നിധ്യ ത്തിൽ അവർക്കു വേണ്ടി പ്രാർഥിക്കുകയും മയ്യിത്ത് മറമാടു ന്നതു വരെ അവന്റെ ജനാസയെ അനുഗമിക്കുന്നതുൾപ്പെടെ ശക്തമായ ആദർശ ബന്ധത്തിന്റെ മഹത്തായ പ്രകടനമാണ് ഈ കർമം. മരണപെട്ടുപോയ മുസ്‌ലിംകൾക്ക് അല്ലാഹുവിന്റെ കരുണാകടാക്ഷങ്ങൾ വർഷിക്കട്ടേ... എന്ന് പ്രാർഥനകൾക്ക് ഉത്തരം നൽകുന്ന കാരുണ്യവാനായ അല്ലാഹുവിനോട് നമുക്ക് പ്രാർഥിക്കാം.

**ജനാസ നമസ്കാരത്തിന്റെ വിധി**

മയ്യിത്ത് നമസ്കാരം 'ഫർളുകിഫായ' (സമൂഹബാധ്യത) യാണ്. സമൂഹത്തിൽ ചിലരെങ്കിലും ആ കാര്യം നിർവഹിച്ചാൽ എല്ലാവരുടേയും ബാധ്യത ഒഴിവാകുന്നു. നബി (ﷺ) യുടെ വാക്കും പ്രവർത്തിയും അതാണ് തെളിയിക്കുന്നത്.

**ജനാസ നമസ്കാര നിബന്ധനകൾ**

ഫർളു നമസ്കാരത്തിന്റെ നിബന്ധനകളായ, മുസ്ലിമായിരിക്കു ക, നിയ്യത്തുണ്ടായിരിക്കുക, ശാസനയേറ്റവനായിരിക്കുക (തക്‌ലീഫ്), ഖിബ്‌ലക്ക് മുന്നിടുക, നഗ്നത മറക്കുക, നമസ്കരി ക്കുന്നവന്റെ വസ്ത്രം ശരീരം സ്ഥലം എന്നിവ ശുദ്ധമായിരി

ക്കുക എന്നീ കാര്യങ്ങൾ തന്നെയാണ് മയ്യിത്ത് നമസ്കാരത്തിന്റേയും നിബന്ധനകൾ.

**മയ്യിത്തിനുണ്ടാകേണ്ട നിബന്ധനകൾ:** മുസ്ലിമായിരിക്കുക, ശുദ്ധിയുള്ളതായിരിക്കുക, നാട്ടിലുള്ള മയ്യത്താണെങ്കിൽ നമസ്കരിക്കുന്നവന്റെ മുമ്പിൽ ഹാജരായിരിക്കുക എന്നിവ മയ്യിത്തിനുണ്ടാകേണ്ട നിബന്ധനകളാണ്.

**ജനാസ നമസ്കാരത്തിന്റെ റുക്നുകൾ**

1) നിൽക്കാൻ കഴിവുള്ളവർ നിൽക്കുക.

2) നാല് തക്ബീറുകൾ ചൊല്ലുക.

3) ഒന്നാം തക്ബീറിന് ശേഷം ഫാതിഹാ സൂറത്ത് ഓതുക

4) രണ്ടാം തക്ബീറിന് ശേഷം നബി (ﷺ) യുടെ മേൽ സ്വലാത്ത് ചൊല്ലുക.

5) മൂന്നാം തക്ബീറിന് ശേഷം മയ്യിത്തിന് വേണ്ടിയുള്ള പ്രാർഥന ചൊല്ലുക.

6) ഈ റുക്നുകൾ ക്രമപ്രകാരം ചെയ്യുക.

7) സലാം വീട്ടുക.

**ജനാസ നമസ്കാര രൂപം**

മയ്യിത്ത് പുരുഷന്റേതാണെങ്കിൽ തലയുടെയും സ്ത്രീയുടേതാണെങ്കിൽ മധ്യ ഭാഗത്തുമാണ് ഇമാം നിൽക്കേണ്ടത്. ഒന്നാമത്തെ തക്ബീർ ചൊല്ലി ഫാതിഹ ഓതുക. രണ്ടാമത്തെ തക്ബീറിന് ശേഷം നബിയുടെ മേൽ സ്വലാത്ത് ചൊല്ലുക. നാം നമസ്കാരത്തിലെ അവസാനത്തെ അത്തഹിയ്യാത്തിൽ ചൊല്ലുന്ന (അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദ് വ അലാ ആലി മുഹമ്മദ് കമാ സ്വല്ലൈത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ.....) എന്ന സ്വലാത്ത് ചൊല്ലുക. അനന്തരം മൂന്നാം തക്ബീർ ചൊല്ലി മയ്യിത്തിന് വേണ്ടി പ്രാർത്ഥിക്കുക, മയ്യിത്തിന്റെ മാതാപിതാക്കളേയും മറ്റു വിശ്വാസികളേയും പ്രാർഥനയി

ൽ ഉൾപെടുത്തുക. പിന്നീടു നാലാം തക്ബീർ ചൊല്ലി അൽപം ശാന്തമായ ശേഷം വലത് ഭാഗത്തേക്ക് സലാം വീട്ടുക.

**ചില സുപ്രധാന വിഷയങ്ങൾ**

1 - ഇമാമിന്റെ കൂടെയുള്ള മയ്യിത്ത് നമസ്കാരത്തിൽ ഏതെങ്കിലും തക്ബീർ നഷ്ടപ്പെട്ടാൽ അവസാനത്തിൽ വീണ്ടെടുക്കാവുന്നതാണ്. ഇനി അങ്ങിനെ വീണ്ടെടുക്കാതെ ഇമാമിന്റെ കൂടെ തന്നെ സലാം വീട്ടിയാലും നമസ്കാരം ശരിയാവുന്നതാണ്.

2 - മുസ്ലിംകളുടേയും അമുസ്ലിംകളുടേയും മയ്യിത്തുകൾ കൂടിക്കലർന്നാൽ മുസ്ലിംകൾക്കുള്ള എന്ന നിയ്യത്തോടെ എല്ലാവരേയും കൂട്ടി മയ്യിത്ത് നമസ്കരിക്കാം.

3 - മയ്യിത്ത് നാല് മാസം പ്രായമെത്തിയ ഗർഭസ്ഥ ശിശു (ചാപിള്ള) വാണെങ്കിൽ മയ്യിത്ത് കുളിപ്പിക്കുകയും നമസ്കരിക്കുകയും വേണം.

4 - തീ കത്തിയതിനാലോ പൊട്ടിപ്പൊളിഞ്ഞതിനാലോ കുളിപ്പിക്കാൻ പറ്റാത്ത അവസ്ഥയിലുള്ള മയ്യിത്തിനെ തയമ്മും ചെയ്യിച്ചാൽ മതി. മയ്യിത്തിന്റെ ചില ഭാഗങ്ങൾ മാത്രമാണെങ്കിലും നമസ്കരിക്കാവുന്നതാണ്.

5 - മയ്യിത്ത് നമസ്കരിക്കാതെ മറമാടപ്പെട്ടെങ്കിൽ ആ ഖബറിനരികിൽ വെച്ച് നമസ്കരിച്ചാൽ മതി.

# ഭാഗം: അഞ്ച്

## *സകാത്ത്*

സക്കാത്ത് എന്നതിന് ഭാഷയിൽ വളർച്ച, ശുദ്ധീകരണം എന്നെല്ലാം അർഥമുണ്ട്. സകാത്ത് ധനത്തെ വളർത്തുകയും അത് നൽകുന്നവനെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

പ്രത്യേക ധനത്തിൽ നിന്നും പ്രത്യേക വിഭാഗക്കാർക്ക് നിശ്ചിത സമയത്ത് നൽകേണ്ട നിർബന്ധ അവകാശത്തിനാണ് സകാത്ത് എന്ന് സാങ്കേതികമായി പറയുന്നത്. അല്ലാഹുവിന്റെ പ്രീതി നേടുന്നതിനും മനസ്സിനേയും സമ്പത്തിനേയും സമൂഹത്തേയും ശുദ്ധീകരിക്കുന്നതിനും വേണ്ടിയുള്ളതാണിത്.

### **പ്രാധാന്യവും അതു നിയമമാക്കിയതിലെ യുക്തിയും**

സകാത്തിന് ഇസ്‌ലാമിൽ വളരെയധികം പ്രാധാന്യമുണ്ട്. അതു നിയമമാക്കിയതിലെ യുക്തി അതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. അതുകൊണ്ട് സകാത്ത് നിയമമാക്കിയതിലെ വൈവിധ്യമാർന്ന തത്വങ്ങൾ താഴെ കുറിക്കുന്നു. അതിലൂടെ കണ്ണോടിക്കുന്നവർക്ക് ഈ മഹാ സ്തംഭത്തിന്റെ പ്രാധാന്യം കണ്ടെത്താൻ കഴിയും.

1 – നികൃഷ്ട സ്വഭാവങ്ങളായ പിശുക്ക്, ലുബ്ധത, അത്യാഗ്രഹം വ്യാമോഹം തുടങ്ങിയവയിൽ നിന്ന് സകാത്ത് മനുഷ്യമനസ്സിനെ ശുദ്ധീകരിക്കുന്നു.

2 – അതിലൂടെ ദരിദ്രർക്ക് ആശ്വാസവും ആവശ്യക്കാർക്കും കഷ്ടപ്പെടുന്നവർക്കും നിരാലമ്പർക്കും തങ്ങളുടെ ആഗ്രഹ പൂർത്തീകരണവും സാധിക്കുന്നു.

3 – സമൂഹത്തിന്റെ ക്ഷേമത്തിനും നിലനിൽപ്പിനും ആധാരമായിട്ടുള്ള പൊതുനൻമകൾ നിറവേറ്റപ്പെടുന്നു.

4 – സമ്പത്ത് ധനികരുടെ അടുത്ത് മാത്രം കുമിഞ്ഞ് കൂടുന്നതും വ്യവസായികളുടേയോ വ്യാപാരികളുടേയോ കൈകളിൽ മാത്രം പരിമിതമാകുന്നതും നിയന്ത്രിക്കുകയും ഒരു പ്രത്യേക വിഭാഗത്തിൽ പരിമിതപെട്ട് പോകുന്നതിനെ തടയുകയും ചെയ്യുന്നു.

5 – സമ്പന്നർ പാവപെട്ടവരോടും കഴിവുള്ളവർ ഇല്ലാത്തവരോടും അനുകമ്പ കാണിക്കുന്ന ഒരു കുടുംബത്തെപോലെ ഇസ്ലാമിക സമൂഹത്തെ അത് മാറ്റുന്നു.

6 – സമ്പന്നരോട് പാവപെട്ടവരുടെ മനസ്സിൽ ഉണ്ടാകാൻ സാധ്യതയുള്ള എതിർപ്പിന്റേയും വിദ്വേഷത്തിന്റേയും തീവ്രത അത് ശമിപ്പിക്കുന്നു.

7 – മോഷണം, പിടിച്ചുപറി, കൊള്ള.. പോലുള്ള സാമ്പത്തിക കുറ്റങ്ങളെ ഇല്ലാതെയാക്കുന്നു

8 – സമ്പത്തിനെ സംസ്കരിക്കുകയും വളർത്തുകയും ചെയ്യും.

9 – അനുഗ്രഹങ്ങൾ വർഷിക്കാൻ അത് കാരണമാകുന്നു.

**നിർബന്ധമാണെന്നതിനുള്ള തെളിവുകൾ**

വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റേയും വ്യക്തമായ പ്രസ്താവനകൾ സകാത്ത് നിർബന്ധമാണെന്ന് തെളിയിക്കുന്നു. ഇസ്‌ലാം മതമെന്ന കെട്ടിടത്തിന്റെ ശക്തമായ തൂണുകളിലൊന്നാണിതെന്ന് നബി (ﷺ) വിശദീകരിച്ചു. അതെ, ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ മൂന്നാമത്തേതാണിത്: അല്ലാഹു പറയുന്നു:

﴿وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَارْكَعُوا مَعَ الرَّاكِعِينَ﴾ البقرة. الآية ٤٣

നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, (അല്ലാഹുവിന്റെ മുമ്പിൽ) തലകുനിക്കുന്നവരോടൊപ്പം നിങ്ങൾ തലകുനിക്കുകയും ചെയ്യുവിൻ. (ബഖറ:43)

﴿وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَمَا تُقَدِّمُوا لِأَنْفُسِكُمْ مِنْ خَيْرٍ تَجِدُوهُ عِنْدَ اللَّهِ إِنَّ اللَّهَ بِمَا تَعْمَلُونَ بَصِيرٌ﴾(١)

നിങ്ങൾ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുക. നിങ്ങളുടെ സ്വന്തം ഗുണത്തിനായി നിങ്ങൾ നല്ലതായ എന്തൊന്ന് മുൻകൂട്ടി ചെയ്താലും അതിന്റെ ഫലം അല്ലാഹുവിങ്കൽ നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാകുന്നു. (ബഖറ:110)

﴿ فَإِنْ تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَخَلُّوا سَبِيلَهُمْ إِنَّ اللَّهَ غَفُورٌ رَحِيمٌ﴾(٢)

ഇനി അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന പക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കികൊടുക്കുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്. (തൗബ: 5)

**ചില നബിവചനങ്ങൾ ശ്രദ്ധിക്കുക:**

1 - പ്രസിദ്ധമായ 'ജിബ്‌രീലിന്റെ ഹദീസിൽ' പറയുന്നു:

ഇസ്‌ലാം എന്നത്, അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദൂതനാണെന്നും നീ സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, റമദാൻ നോമ്പെടുക്കുക, നിനക്ക് സാധിക്കുമെങ്കിൽ കഅബാലയത്തിലെത്തി ഹജ്ജ് ചെയ്യുക എന്നിവയാണ്. (ബുഖാരി, മുസ്‌ലിം)

2 - ഇബ്നു ഉമർ (റ) പറഞ്ഞു: നബി (ﷺ) അരുളി:

---

(١) سورة البقرة: الآية ١١٠

(٢) سورة التوبة: الآية ٥

ഇസ്‌ലാം അഞ്ച് കാര്യങ്ങളിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു: അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം നിലനിർത്തൽ, സകാത്ത് നൽകൽ, റമദാൻ നോമ്പെടുക്കൽ, സാധിക്കുന്നവർ കഅ്ബാലയത്തിലെത്തി ഹജ്ജ് നിർവഹിക്കൽ എന്നിവയാണത്. (ബുഖാരി, മുസ്‌ലിം)

സകാത്ത് ഇസ്ലാമിന്റെ അവിഭാജ്യവും സുപ്രധാനവുമായ ഘടകങ്ങളിലൊന്നാണെന്നും, അതിനെ മാറ്റിയാൽ ഇസ്ലാം അപൂർണ്ണമായിരിക്കുമെന്നും മുകളിലെ ആയത്തുകളും ഹദീസുകളും വളരെ വ്യക്തമായി തെളിയിക്കുന്നു. ഇതു പോലുള്ള വചനങ്ങളുടെ അടിസ്ഥാനത്തിലാണ് മുസ്ലിംകൾ ഏകകണ്ഠമായി സകാത്ത് നിർബന്ധമാണെന്നും അതു കൊടുത്തുവീട്ടൽ അനിവാര്യവുമാണെന്നും പറയുന്നത്.

**സകാത്തും നികുതിയും തമ്മിലുള്ള വ്യത്യാസം**

1 - അല്ലാഹുവിലേക്കടുക്കുവാനുള്ള പുണ്യകർമ്മം എന്ന നിലക്കാണ് സകാത്ത് നൽകുന്നത് എന്നാൽ നികുതിയിൽ അങ്ങിനെയുള്ള ഒരാശയമില്ല. അത് കേവലം ലൗകികമായ ഒരു നിയമവും നടപടിയും മാത്രമാണ്.

2 - സകാത്തിന്റെ നിരക്കുകൾ അല്ലാഹു നിശ്ചയിച്ചതാണ്. നികുതി ഭരണാധികാരികൾ ആവരുടെ ആവശ്യത്തിനും താത്പര്യത്തിനുമനുസരിച്ച് നിശ്ചയിക്കുന്നതാണ്.

3 - സകാത്തിന്റെ അവകാശികളെ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് മാത്രമേ അത് വിതരണം ചെയ്യപ്പെടാവൂ. എന്നാൽ നികുതി രാഷ്ട്രത്തിന്റെ പൊതു ഖജനാവിൽ ശേഖരിക്കപ്പെടുകയും രാഷ്ട്രത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി ചിലവഴിക്കപ്പെടുകയും ചെയ്യുന്നു.

4 - ഇസ്ലാമും മുസ്ലിംകളും ഭൂമിയിൽ നിലനിൽക്കുന്ന കാലം സകാത്ത് എന്ന നിർബന്ധ കർമ്മം മാറ്റമില്ലാതെ നിലനിൽക്കും. എന്നാൽ നികുതിക്ക് സ്ഥായിയായ രൂപമോ സ്വഭാവമോ ഇല്ല.

**സകാത്തിന്പകരം നികുതി അടച്ചാൽ മതിയോ ?**

സകാത്തിന്റെയും നിുതിയുടേയും ഇടയിലുള്ള ഉപരി സൂചിത വ്യത്യാസത്തിൽ നിന്ന് തന്നെ നികുതി ഒരിക്കലും സകാത്തന് പകരമാകില്ല എന്ന് വ്യക്തമായി മനസ്സിലാക്കാവുന്ന താണ്. ഇനി നാം അത് അനുവദിച്ചാൽ ഇസ്ലാമിന്റെ ഒരു അവി ഭാജ്യ ഘടകത്തെ നിഷ്കാസനം ചെയ്യലാകും. സകാത്ത് ഒരു പ്രത്യേക വിഭാഗക്കാർക്ക് മാത്രമേ വിതരണം ചെയ്യാവൂ. അത് സമാഹരിക്കുന്നതിനും കണക്കാക്കുന്നതിനും മുകളിൽ സൂചിപ്പിച്ചപോലെ ധാരാളം നിബന്ധനകളുണ്ട്. അതൊന്നും നമുക്ക് മാറ്റിമറിക്കാൻ പാടില്ലാത്തതാണ്.

ചുരുക്കത്തിൽ, നികുതി ഒരിക്കലും സകാത്തിന്റെ സ്ഥാനത്ത് വരില്ല. പണ്ഡിതന്മാരിൽ പ്രമുഖരും സൂക്ഷ്മദൃക്കുക ളുമായവരുടെ വീക്ഷണവും അതാണ്. സകാത്ത് അല്ലാഹു നിശ്ചയിച്ചതും നികുതി മനുഷ്യർ ആവിഷ്കരിച്ചതുമാണ്.

**സകാത്തിന്റെ നിബന്ധനകൾ**

**സകാത്ത് ദാതാവിനുണ്ടാവേണ്ട നിബന്ധനകൾ:**

1 - മുസ്‌ലിമായിരിക്കുക. അമുസ്‌ലിമിന്ന് സകാത്ത് നിർബന്ധമി ല്ല. രണ്ട് സാക്ഷ്യവും നിർവഹിച്ച ശേഷം അനിവാര്യമായിത്തീ രുന്ന നിർബന്ധ കർമ്മമാണിത്.

2 - സ്വതന്ത്രനായിരിക്കുക. അടിമയുടെ മേൽ സകാത്ത് നിർബന്ധമില്ല, കാരണം അടിമക്ക് ഉടമസ്ഥാവകാശമില്ല.

3 - നിയ്യത്തുണ്ടായിരിക്കുക. സക്കാത്ത് നൽകുന്നവൻ താൻ ഈ നൽകുന്നത് നിർബന്ധമായ സകാത്തിന്റെ വിഹിതമാണ് എന്ന് ഉദ്ദേശിച്ചിരിക്കണം.

***സകാത്തിന്റെ സ്വത്തിനുണ്ടാകേണ്ട നിബന്ധനകൾ:***

1 – ധനത്തിന്റെ പൂർണമായ ഉടമസ്ഥതയുണ്ടായിരിക്കുക: മറ്റാർക്കും അവകാശമില്ലാത്തതും തനിക്ക് യഥേഷ്ടം കൈകാര്യം ചെയ്യാൻ സാധിക്കുന്നതുമായിരിക്കുക.

2 – വളർച്ചയുള്ളതായിരിക്കുക: അതായത് ഉടമസ്ഥന് ലാഭമോ വരുമാനമോ നേടിത്തരുന്നതായിരിക്കുക.

3 – 'നിസ്വാബ്' എത്തുക: സകാത്ത് നിർബന്ധമാകുന്ന ചുരുങ്ങിയ പരിധിക്കാണ് നിസ്വാബ് എന്ന് പറയുക. കൂടുതൽ വിവരണം വഴിയെ വരുന്നുണ്ട്.

4 – വർഷം പൂർത്തിയാവുക: സ്വത്തിന് നിസാബ് എത്തിയതിന് ശേഷം ചന്ദ്രമാസ പ്രകാരം പന്ത്രണ്ട് മാസം തികയുക.

5 – അടിസ്ഥാനാവശ്യങ്ങൾ കഴിഞ്ഞ് മിച്ചമുള്ളതാവുക: ദൈനംദിന ചിലവ്, യുദ്ധസാമഗ്രികൾ, ചൂടിലും തണുപ്പിലും ധരിക്കാനുള്ള വസ്ത്രങ്ങൾ... തുടങ്ങി തന്റെ അടിസ്ഥാന ആവശ്യങ്ങൾ കഴിഞ്ഞ് മിച്ചമുള്ള സ്വത്തായിരിക്കണം.

***സകാത്ത് തടയുന്നവന്റെ വിധി***

ഇത്തരക്കാർ രണ്ട് രൂപത്തിലായിരിക്കും:

1) സകത്തിന്റെ നിർബന്ധവിധിയെ നിഷേധിക്കുന്നവർ: ഇതും രണ്ടു തരത്തിലായിരിക്കും:

**ഒന്ന്:** പുതുതായി ഇസ്‌ലാം സ്വീകരിച്ച വ്യക്തിയാവുക അല്ലെങ്കിൽ, അറിവു ലഭിക്കാത്ത ഗ്രാമത്തിൽ വളർന്നവനാവുക. ഇത്തരം അവസ്ഥയിൽ തെളിവ് ബോധ്യപ്പെടുത്തിയ ശേഷമല്ലാതെ അവിശ്വാസിയായി പ്രഖ്യാപിക്കാൻ പാടില്ല. നേരെമറിച്ച്, അതിന്റെ നിർബന്ധവിധി ബോധ്യപ്പെടുത്തിയ ശേഷം സകാത്തിന്റെ വിഹിതം പിടിച്ചെടുക്കണം. വീണ്ടും നിഷേധിക്കുകയാണെങ്കിൽ അവിശ്വാസിയായി പ്രഖ്യാപിക്കുകയും സകാത്ത് പിടിച്ചെടുക്കാൻ ബലപ്രയോഗം നടത്തുകയും ചെയ്യണം.

**രണ്ട്:** ഇസ്‌ലാമിക സമൂഹത്തിൽ ജീവിക്കുന്നതിനാൽ സകാത്തിന്റെ നിർബന്ധവിധിയറിയാതിരിക്കാൻ സാധ്യത ഇല്ലാതിരിക്കുക. ഈ അവസ്ഥയിൽ അവിശ്വാസിയായി പ്രഖ്യാപിക്കുകയും അയാളോട് യുദ്ധം ചെയ്യുകയും ചെയ്യണം.

2) നിർബന്ധ വിധിയെ അംഗീകരിക്കുന്നു. എന്നാൽ പിശുക്ക് കാരണം സകാത്ത് നൽകാതിരിക്കുക. ഇത്തരക്കാരെ അവിശ്വാസിയായി പ്രഖ്യാപിക്കാൻ പാടില്ല മിറച്ച് ബലാൽക്കാരമായി സക്കാത്ത് അവരിൽ നിന്നും പിടിച്ചെടുക്കണം. ഇസ്‌ലാമിക ഭരണാധികാരിക്ക് അയാളെ ശിക്ഷിക്കാവുന്നതുമാണ്. എന്നാൽ ഭരണാധികാരി നീതിമാനല്ലാതിരിക്കുകയോ സകാത്തിന്റെ അവകാശികൾക്ക് അത് നൽകാതിരിക്കുകയോ ചെയ്യുന്ന ആളാണെങ്കിൽ ശിക്ഷിക്കാൻ അവകാശമില്ല. സകാത്ത് പിടിച്ചെടുത്താൽ മാത്രം മതി.

## *സകാത്ത് നിർബന്ധമാകുന്ന സ്വത്തുകൾ*

നാലിനം സ്വത്തുക്കളിലാണ് സകാത്ത് നിർബന്ധം:

**1. സ്വർണ്ണവും വെള്ളിയും അതിന്റെ സ്ഥാനത്ത് നിൽക്കുന്നവയും:**

എഴുപത് ഗ്രാം സ്വർണ്ണം [1] ഉടമസ്ഥന്റെ കയ്യിൽ ഒരു വർഷം പൂർത്തിയാകുമ്പോൾ അതിന് സകാത്ത് നിർബന്ധമായിത്തീരും. അതിന്റെ രണ്ടര ശതമാനം സകാത്ത് നൽകണം.

200 ദിർഹം വെള്ളിയുണ്ടെങ്കിൽ നിസ്വാബ് എത്തുന്നു. അതിന്റെ രണ്ടര ശതമാനം (അഞ്ച് ദിർഹം) സകാത്തായി നൽകണം. കൂടുതൽ ഉണ്ടാകുമ്പോൾ അതിനനുസരിച്ച് കണക്കാക്കണം.

(1) സ്വർണ്ണത്തിന്റെ നിസ്വാബ് 20 മിഥ്ഖാൽ ആണ്. ഇരുപത് മിഥ്ഖാൽ 85 ഗ്രാം ആണെന്നാണ് അധിക പണ്ഡിതൻമാരുടെയും അഭിപ്രായം. ഗ്രന്ഥകാരൻ 70 ഗ്രാം ആണെന്ന അഭിപ്രായക്കാരനാണ്. (വി.വ)

### സ്വർണ്ണത്തിന്റെയും വെള്ളിയുടേയും സകാത്ത് പണമായി നൽകൽ

സകാത്തിന്റെ നിസ്വാബ് എത്തിയ സ്വർണമോ വെള്ളിയോ കൈവശമുള്ള ഒരാൾ അതിന്റെ സകാത്ത് നിലവിലുള്ള നാണയമായി നൽകാൻ ഉദ്ദേശിച്ചാൽ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യണം:

1) ഒരു ഗ്രാം സ്വർണത്തിനോ വെള്ളിക്കോ സകാത്ത് നിർബന്ധമായ സമയത്തുള്ള വില മനസ്സിലാക്കുക.

2) തന്റെ കയ്യിലുള്ള നിസാബെത്തിയ സ്വർണത്തിന്റെയോ വെള്ളിയുടേയോ വില കണക്കാക്കുകയും അതിന്റെ രണ്ടര ശതമാനം സകാത്ത് നൽകുകയും ചെയ്യുക.

### നിലവിലുള്ള നാണയങ്ങളുടെ നിസ്വാബ്

സ്വർണ്ണത്തിനും വെള്ളിക്കും സകാത്ത് നൽകേണ്ടതു ള്ളൂ എന്നാണല്ലോ ഖുർആനിലും ഹദീസിലും ഉള്ളത്. എന്റെ കയ്യിൽ സ്വർണമോ വെള്ളിയോ ഇല്ല. പൈസയും നോട്ടുകളും മാത്രമേ ഉള്ളൂ അതിനാൽ എനിക്ക് സകാത്ത് നിർബന്ധമില്ല എന്ന് ചിന്തിക്കുന്നവരുണ്ടാകാം.

നമുക്ക് അദ്ദേഹത്തോട് പറയാനുള്ളത്: 70 ഗ്രാം സ്വർണത്തിന് സമാനമായതോ അല്ലെങ്കിൽ 460 ഗ്രാം [1] വെള്ളി ക്ക് സമാനമായതോ ആയ സംഖ്യ താങ്കളുടെ ഉടമസ്ഥതയിൽ ഉണ്ടെങ്കിൽ രണ്ടര ശതമാനം സകാത്തായി നൽകൽ താങ്കൾക്കും നിർബന്ധമാണ്.

### 2 - കച്ചവട ചരക്കുകൾ

ലാഭം ഉദ്ദേശിച്ചുകൊണ്ട് വിൽക്കാനോ വാങ്ങാനോ തയ്യാറാക്കി വെച്ച വസ്തുക്കളാണ് അത് കൊണ്ടുദ്ദേശം.

(1 ) സ്വർണത്തിൻെറ നിസ്വാബ്: 85 ഗ്രാമും വെള്ളിയുടേത് 595 ഗ്രാം എന്നതുമാണ് പ്രബലമായ അഭിപ്രായം. (വി.വ:)

**കച്ചവടച്ചരക്കുകൾക്കുള്ള നിബന്ധനകൾ**

1. പൂർണ്ണ ഉടമസ്ഥതയുള്ളതായിരിക്കുക.

2. നിസാബ് എത്തുക. അതിനായി സ്വർണത്തിന്റെയോ വെള്ളിയുടെയോ നിസാബ് മാനദണ്ഡമാക്കുക.

3. ഒരു വർഷം പൂർത്തിയാവുക.

**എത്ര നൽകണം**

രണ്ടര ശതമാനമാണ് സകാത്തായി നൽകേണ്ടത്.

**ചരക്കുകളുടെ ഇനങ്ങൾ**

കച്ചവട ചരക്കുകൾ രണ്ടിനമുണ്ട്:

1. റൊക്ക കച്ചവടം: വില ഉയരാൻ കാത്ത് നിൽക്കാതെ കച്ചവടം നടത്തുന്ന ചരക്കുകൾ. ഇത്തരം ചരക്കുകളുടെ സകാത്തിനെ കുറിച്ചാണ് മുകളിൽ പരാമർശിച്ചത്.

2. ശേഖരിച്ച് വെക്കുന്നവ: വില ഉയരുന്നത് പ്രതീക്ഷിച്ച് സൂക്ഷിച്ച് വെക്കുന്ന ചരക്കുകൾ. ഇത്തരം ചരക്കുകൾക്ക് അത് വിൽപന നടത്തുമ്പോൾ ഒരു വർഷത്തെ സകാത്ത് നൽകുകയാണ് വേണ്ടത്. എത്ര കൂടുതൽ വർഷങ്ങൾ കാത്തിരുന്നാലും ശരി.

***3. കാലികൾ***

ആട്, മാട്, ഒട്ടകം എന്നീ കാലികളെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

***കാലികളുടെ സകാത്തിന്റെ നിബന്ധനകൾ***

1. നിസാബ് എത്തുക.

ഒട്ടകത്തിന്റെ നിസാബ് അഞ്ചും, ആടിന്റേത് നാൽപതും, മാടിന്റെത് മുപ്പതും എണ്ണമാണ്.

ഇതിന് താഴെയുള്ളവക്ക് സകാത്ത് നിർബന്ധമില്ല.

2. ഉടമസ്ഥന്റെ അടുത്ത് ഒരു വർഷം പൂർത്തിയാവുക

3. വർഷത്തിൽ അധിക കാലവും മേച്ചിൽ സ്ഥലങ്ങളിൽ മേഞ്ഞു തിന്നുന്നവയായിരിക്കുക.

4. കൃഷിപ്പണിക്കോ മറ്റോ ഉപയോഗിക്കുന്നവയാകാതിരിക്കുക.

കാലികളുടെ നിസാബും അവയുടെ സകാത്തിന്റെ തോതും വിവരിക്കുന്നചാർട്ടുകൾ:

**ഒട്ടകത്തിന്റെ സകാത്ത് വിശദമാക്കുന്ന ചാർട്ട്**

| മുതൽ | വരെ | നിർബന്ധമായ സകാത്ത് |
|---|---|---|
| 5 | 9 | ഒരു ആട് |
| 10 | 14 | രണ്ട് ആട് |
| 15 | 19 | മൂന്ന് ആട് |
| 20 | 24 | നാല് ആട് |
| 25 | 35 | ഒരു വയസ്സ് പൂർത്തിയായ ഒരു പെണ്ണൊട്ടകം |
| 36 | 45 | രണ്ട് വയസ്സ് പൂർത്തിയായ ഒരു ഒട്ടകക്കുട്ടി |
| 46 | 60 | മൂന്ന് വയസ്സ് പൂർത്തിയായ ഒരു ഒട്ടകക്കുട്ടി |
| 61 | 75 | നാല് വയസ്സ് പൂർത്തിയായ ഒരു ഒട്ടകക്കുട്ടി |
| 76 | 90 | രണ്ട് വയസ്സ് പൂർത്തിയായ രണ്ട് പെണ്ണൊട്ടകം |
| 91 | 121 | മൂന്ന് വയസ്സ് പൂർത്തിയായ രണ്ട് ഒട്ടകക്കുട്ടികൾ |

**മാടുകളുടെ സകാത്ത് വിഷദമാക്കുന്ന ചാർട്ട്**

| മുതൽ | വരെ | നിർബന്ധമായ സകാത്ത് |
|---|---|---|
| 30 | 39 | ഒരു വയസ്സ് പൂർത്തിയായ പശുക്കുട്ടി |
| 40 | 59 | രണ്ട് വയസ്സ് പൂർത്തിയായ പശുക്കുട്ടി |
| 60 | 69 | ഒരോ വയസ്സ് പൂർത്തിയായ രണ്ട് പശുക്കുട്ടികൾ |
| 70 | 79 | ഒന്നും രണ്ടും വർഷം പൂർത്തിയായ രണ്ട് പശുക്കുട്ടികൾ |

**ആടുകളുടെ സകാത്ത് വിഷദമാക്കുന്ന ചാർട്ട്**

| മുതൽ | വരെ | നിർബന്ധമായ സകാത് |
|---|---|---|
| 40 | 120 | ഒരു ആട് |
| 121 | 200 | രണ്ട് ആട് |
| 201 | 399 | മൂന്ന് ആട് |
| 400 | 499 | നാല് ആട് |
| 500 | 599 | അഞ്ച് ആട് |

### *4. കാർഷികോൽപന്നങ്ങൾ*

കാർഷിക വിളകളിൽ ഗോതമ്പ്, ബാർളി, ഉണക്ക മുന്തിരി, കാരക്ക എന്നിവക്ക് സകാത്ത് നിർബന്ധമാണ്. ഈ നാല് ഇനങ്ങൾ ഒഴികെയുള്ളവയുടെ കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമുണ്ട്. മറ്റു വിളകളിലും സകാത്ത് നിർബന്ധമുണ്ട് എന്നാണ് ഭൂരിപക്ഷാഭിപ്രായം. ജനങ്ങൾ പൊതുവേ ഭക്ഷണമായി ഉപയോഗിക്കുന്നതും അളന്നെടുക്കാവുന്നതും സൂക്ഷിച്ചു വെക്കാവുന്നതുമായ[1] കാർഷിക വസ്തുക്കൾക്ക് സകാത്ത് നിർബന്ധമാണ്. അതല്ലാത്തവക്ക് നിർബന്ധമില്ല എന്നാണ് നമ്മുടെ അഭിപ്രായം.

### *കാർഷികോൽപന്നങ്ങളുടെ നിസ്വാബ്*

---

(1) *ഭക്ഷ്യവസ്തുവും സൂക്ഷിച്ചു വെക്കുന്നതും എന്ന് പണ്ഡിതന്മാർ പറയുന്നത്, സാധാരണ ഗതിയിൽ ജനങ്ങൾ ഭക്ഷ്യവസ്തുവായി ഉപയോഗിക്കുന്ന ഗോതമ്പ്, നെല്ല്, യവം പോലുള്ള ധാന്യങ്ങളെയാണ്. അവക്ക് സകാത്തുണ്ട്. എന്നാൽ കശുവണ്ടി, പിസ്ത, തേങ്ങ തുടങ്ങിയ കാർഷികോൽപന്നങ്ങൾക്ക് സകാത്തില്ല, കാരണം അവ ഭക്ഷ്യവസ്തുവായി ജനങ്ങൾ ഉപയോഗിക്കുന്നില്ല. അതുപോലെ തന്നെയാണ് ആപ്പിൾ, ആപ്രികോട്ട്.. പോലുള്ള പഴങ്ങളും. ഇതൊന്നും സൂക്ഷിച്ചുവെക്കുന്ന ഉൽപന്നങ്ങളല്ല. അതായത്, കുറേ കാലത്തേക്ക് കേടു വരാതെ സൂക്ഷിക്കാൻ കഴിയുന്നതുമല്ല. കാരക്ക, മുന്തിരി, ഗോതമ്പ്, യവം അരി പോലുള്ളവ അളന്നെടുക്കാവുന്നതും സൂക്ഷിക്കാൻ കഴിയുന്നതുമാണ്.*

അഞ്ച് വസ്ഖ് ആണ് കാർഷികോൽപന്നങ്ങളുടെ നിസ്വാബ്. അത് ഏകദേശം 600 കിലോ വരും. അതിൽ കുറവുള്ള കാർഷിക വസ്തുക്കൾക്ക് സകാത്ത് നിർബന്ധമില്ല. നബി (ﷺ) പറഞ്ഞു: അഞ്ച് വസ്ഖിന് താഴെയുള്ള കാരക്കയാണെങ്കിൽ അതിന് സകാത്തില്ല. (ബുഖാരി)

**കാർഷികോൽപ്പന്നങ്ങളുടെ സകാത്തിൽ അറിഞ്ഞിരിക്കേണ്ടത്**

1 – കാർഷികോൽപ്പന്നങ്ങൾക്ക് സകാത്ത് നിർബന്ധമാകുന്നത് അവ മൂപ്പെത്തുമ്പോഴാണ്. ചിലത് മഞ്ഞ നിറമോ, ചുവപ്പോ ആകുമ്പോഴും മുന്തിരിയും ഒലിവും മധുരിക്കാൻ തുടങ്ങുമ്പോഴാണ് പാകമാകുന്നത്.

2 – കാര്യമായ ചിലവോ അദ്ധ്വാനമോ ഇല്ലാതെയും പുഴയിൽ നിന്നോ ഉറവയിൽ നിന്നോ നനച്ചുണ്ടാക്കുന്നതുമായ കാർഷികോൽപ്പന്നങ്ങളാണെങ്കിൽ പത്തിലൊന്ന് സകാത്ത് നൽകണം. എന്നാൽ നനക്കാൻ ക്ലേശിക്കുന്നതും ജോലിക്കാരെ കൊണ്ട് നനച്ചുണ്ടാക്കുന്നതുമാണെങ്കിൽ പത്തിലൊന്നിന്റെ പകുതിയാണ് സകാത്ത് നൽകേണ്ടത്.

നബി (ﷺ) പറഞ്ഞു: മഴ മുഖേനയോ അരുവികൾ മുഖേനയോ നനഞ്ഞതാണെങ്കിലും വെള്ളം ആവശ്യമില്ലാത്തതാണെങ്കിലും പത്തിലൊന്നും തേവി നനച്ചതാണെങ്കിൽ പത്തിലൊന്നിന്റെ പകുതിയുമാണ് സകാത്ത് നൽകേണ്ടത്. (ബുഖാരി)

3 – ഇടക്കെല്ലാം തേവിയോ മറ്റോ നനക്കുന്നതും മറ്റു ചിലപ്പോൾ അതാവശ്യമില്ലാത്തതുമായ കൃഷിയാണെങ്കിൽ പത്തിലൊന്നിന്റെ നാലിൽ മൂന്ന് സകാത്തായി നൽകണം.

**സകാത്തിൽ അറിഞ്ഞിരിക്കേണ്ട പൊതു വിഷയങ്ങൾ**

1 – എപ്പോൾ വേണമെങ്കിലും തിരിച്ചുതരാൻ കഴിവുള്ള ഒരാളുടെ പക്കലുള്ള കടത്തിന് സകാത്ത് നൽകണം. കടം തിരിച്ചു തരുമ്പോൾ കഴിഞ്ഞ വർഷങ്ങൾക്കെല്ലാം ഒരുമിച്ച് സകാത്ത്

കൊടുത്താൽ മതി. കടം തിരിച്ചെടുക്കുന്നതിന് മുമ്പു തന്നെ സകാത്ത് നൽകുന്നതാണ് ഏറ്റവും ശ്രേഷ്ഠം. എന്നാൽ കടം വീട്ടാൻ കഴിവില്ലാത്ത ഒരാളുടെ പക്കലുള്ള കടത്തിന്റെ സകാത്ത്, അത് തിരിച്ചു കിട്ടുമ്പോൾ വർഷം പൂർത്തിയായിട്ടുണ്ടെങ്കിൽ ഒരു വർഷത്തേക്ക് മാത്രം നൽകിയാൽ മതി.

2 – പള്ളികൾ മദ്രസകൾ പോലുള്ള പൊതു സ്ഥാപനങ്ങളുടെ പേരിലുള്ള വഖ്ഫു സ്വത്തുക്കൾക്ക് സകാത്തില്ല.

3 – വീടുകൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ ഉപകരണങ്ങൾ,. പോലുള്ളവ വിൽപനക്ക് വെച്ചതാണെങ്കിൽ വർഷം തികയുമ്പോൾ രണ്ടര ശതമാനം സക്കാത്ത് നൽകണം. വാടകക്ക് നൽകുന്നതാണെങ്കിൽ വർഷം തികയുമ്പോൾ വാടക സംഖ്യയിൽ നിന്ന് രണ്ടര ശതമാനം സകാത്ത് നൽകേണ്ടതാണ്.

4 – കന്നുകാലികൾ, കൃഷിയുൽപന്നങ്ങൾ എന്നിവയുടെ സക്കാത്തിന് കടബാധ്യത തടസ്സമല്ല.

5 – സകാത്ത് നിർബന്ധമായ അവസ്ഥയിൽ ഒരാൾ മരണപ്പെട്ടാൽ അനന്തരസ്വത്ത് വീതം വെക്കുന്നതിന് മുമ്പ് സകാത്തിന്റെ വിഹിതം നൽകേണ്ടതാണ്.

6 – നിസാബ് തികയാത്ത അൽപം സ്വർണവും അൽപം വെള്ളിയും ഒരാളുടെ ഉടമസ്ഥതയിൽ ഉണ്ട്. രണ്ടും കൂടി ചേർത്തുവെച്ചാൽ നിസാബ് തികയുന്നു എങ്കിൽ രണ്ടിന്റേയും തോതനുസരിച്ച് സകാത്ത് നൽകണം. ഒന്നിൽ നിന്ന് തന്നെ രണ്ടിന്റേയും സകാത്ത് നൽകിയാലും സ്വീകാര്യമാണെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു. ഇങ്ങനെ നിസ്വാബ് തികയാത്തവ ഒരുമിച്ച് ചേർക്കേണ്ടതില്ലെന്നാണ് ശൈഖ് ഉഥൈമീൻ (റ) അഭിപ്രായപ്പെടുന്നത്.

7 – **നിധിലഭിച്ചാൽ:** അജ്ഞാന കാലത്ത് ഭൂമിയിൽ കുഴിച്ചിട്ട ധനം കണ്ടെടുക്കുന്നതിനാണ് നിധി എന്ന് പറയുന്നത്.

ഇത്തരം നിധികൾ ലഭിക്കുമ്പോൽ തന്നെ അതിന്റെ അഞ്ചിൽ ഒന്ന് (20 ശതമാനം) ദരിദ്രർക്കും അഗതികൾക്കും സകാത്തായി നൽകേണ്ടതാണ്. നബി (ﷺ) പറഞ്ഞു: നിധിയിൽ അഞ്ചിലൊന്ന് സകാത്തുണ്ട്. (ബുഖാരി).

8 – നിധികൾക്ക് നിസാബ് എത്തുകയോ വർഷം തികയുകയോ വേണമോ? എല്ലാ സ്വത്തുക്കളേയും പോലെ ഇതിനും നിസ്വാബ് എത്തിയിരിക്കണം എന്നതാണ് ഏറ്റവും ശരിയായി തോന്നുന്നത്. എന്നാൽ നിധി ലഭിക്കുമ്പോൾ തന്നെ സകാത്ത് നൽകേണ്ടതിനാൽ അവ കാർഷികോൽപന്നങ്ങൾ പോലെയാണ്.

9 – ഷെയറുകളുടേയും പ്രോഫിറ്റ് കാർഡുകളുടേയും (ഇൻസുറൻസ്) സകാത്ത്.

**ഷെയർ:** നിശ്ചിതമായ ലാഭം ലഭിക്കുന്നതിനായി ഏതെങ്കിലും കമ്പനിയിലോ സ്ഥാപനത്തിലോ വ്യക്തികൾ നിക്ഷേപിക്കുന്ന ധനമാണ് ഷെയർ.

**പ്രൊഫിറ്റ് കാർഡുകൾ (ഇൻസുറൻസ്):** ഒരു നിശ്ചിത ലാഭം ലഭിക്കേണ്ടതിന് പ്രത്യേകമായ കാലയളവിൽ നിശ്ചിത തുക അടക്കണമെന്ന സാമ്പത്തിക കരാറാണിത്. ഇതു പലിശയിൽ അധിഷ്ഠിതമായതിനാൽ നിഷിദ്ധമാണ്.

**ഷെയറുകളുടേയും പ്രോഫിറ്റ് കാർഡുകളുടേയും സകാത്ത് എങ്ങിനെ നൽകാം?**

1. ഷെയറുകളുടെ ഉടമസ്ഥന്ന് രണ്ടിൽ ഒരുമാർഗം തിരഞ്ഞെടുക്കാം:

**ഒന്ന്:** തന്റെ നിക്ഷേപ സ്വത്തിന്ന് എല്ലാ വർഷവും സകാത്ത് നൽകുക. പിന്നീട് ലാഭം ലഭിക്കുന്ന മുറക്ക് അതിന്റെ ഒരു വർഷത്തേക്കോ അല്ലെങ്കിൽ കഴിഞ്ഞ എല്ലാ വർഷത്തേക്കോ ഉള്ള സകാത്ത് നൽകുക.

**രണ്ട്:** എല്ലാ വർഷവും തന്റെ ഓഹരിയുടെ മൂല്യം അതെടുത്തിട്ടുള്ള അധികൃതരിൽ നിന്നോ അല്ലെങ്കിൽ അതിന്റെ പരിചയക്കാരിൽ നിന്നോ ചോദിച്ച് മനസ്സിലാക്കി ലാഭമാണെങ്കിലും നഷ്ടമാണെങ്കിലും സകാത്ത് നൽകുക. സ്വർണത്തിന്റേയോ വെള്ളിയുടെയോ മാണദണ്ഡമനുസരിച്ച് സകാത്ത് കണക്കാക്കി രണ്ടര ശതമാനമാണ് സകാത്ത് നൽകേണ്ടത്.

**ഇൻഷൂറൻസിന്റെ സകാത്ത്**

ഇവിടെ ഇൻസുറൻസ് കൊണ്ട് ഉദ്ദേശിക്കുന്നത് മുകളിൽ സൂചിപ്പിച്ചപോലെ അവധി നിശ്ചയിക്കപെട്ട ഒരുതരം വായ്പയാണ്. മുകളിൽ കടത്തിന്റെ സകാത്ത് വിവരിച്ചതിലാണ് ഇതും ഉൾപ്പെടുക. അതായത്, ഏതു സമയത്തും തിരിച്ച് നൽകാൻ സാധിക്കുന്നവരുടെ കയ്യിലുള്ള കടമാണെങ്കിൽ എല്ലാ സ്വത്തുക്കളേയും പോലെ വർഷം തികയുമ്പോൾ സകാത്ത് കണക്കാക്കി നൽകുക. കടം തിരിച്ചുതരാൻ കഴിയാത്തവനെ പോലെയാണെങ്കിൽ തിരിച്ചുകിട്ടിയതിന് ശേഷം ഒരു വർഷത്തെ സകാത്ത് നൽകുക.

10 - അധിക ധനത്തിന്റെ സകാത്ത്

അധിക ധനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കച്ചവടത്തിൽ ലഭിക്കുന്ന ലാഭമോ കാലി സമ്പത്താണെങ്കിൽ പെറ്റുപെരുകിയുണ്ടാകുന്നതോ ആണ്. ഇവയുടെ സകാത്തിന് വർഷം തികയേണ്ടതില്ല. മൂലസ്വത്തുക്കളുടെ കൂടെ തന്നെ സകാത്ത് നൽകുകയാണ് വേണ്ടത്. കാലി സമ്പത്തിലൂടെയോ കച്ചവടത്തിലൂടെയോ അല്ലാതെയാണ് അധിക ധനം ഉണ്ടായതെങ്കിൽ നിസാബ് എത്തി ഒരു വർഷം പൂർത്തിയാകുമ്പോൾ സകാത്ത് നൽകുക.

ഉപഹാരമായോ അനന്തരമായോ ലഭിക്കുന്ന സ്വത്തിന് വർഷം പൂർത്തിയാകുന്നതുവരെ സകാത്തില്ല.

**11 - സകാത്ത് നിർബന്ധമായ ഉടനെ നൽകൽ വാജിബാണോ?**

നിസാബെത്തുകയും വർഷം തികയുകയും ചെയ്താൽ ഉടനെ സകാത്ത് നൽകൽ വാജിബാണ് എന്നതാണ് ഏറ്റവും പ്രബലമായ അഭിപ്രായം. മതപരമായ കൽപനകൾ ഉടനെ നിർവഹിക്കുക എന്നതാണ് അടിസ്ഥാന നിയമം.

ചില സന്ദർഭങ്ങളിൽ സകാത്തിന്റെ അവകാശികളുടെ നൻമക്കായി സകാത്ത് നൽകൽ പിന്തിപ്പിക്കാവുന്നതാണ്. ഉദാഹരണമായി, ധാരാളം ആളുകൾ റമദാനിൽ സകാത്ത് നൽകുന്നു. അപ്പോൾ പാവപെട്ടവർക്ക് ധന്യതയുടെ കാലമാണ്. എന്നാൽ റമദാനല്ലാത്ത ശൈത്യകാലത്താണെങ്കിൽ സകാത്ത് നൽകുന്നവർ വളരെ കുറവും ദരിദ്രരുടേയും മറ്റു ആവശ്യക്കാരുടേയും പഞ്ഞകാലവുമായിരിക്കും. ഇത്തരം മഹത്തായ ലക്ഷ്യങ്ങൾക്ക് സകാത്ത് പിന്തിപ്പിക്കുന്നതിന് വിരോധമില്ല. രണ്ട് നിബന്ധനകൾ അപ്പോൾ പാലിച്ചിരിക്കണം.

1) തന്റെ മറ്റു സ്വത്തുകളിൽ നിന്ന് സകാത്തിനെ മാറ്റി വെക്കുക.

2) സകാത്തിന്റെ കണക്കും മറ്റു വിശദീകരണങ്ങളും രേഖപെടുത്തി വെക്കുക.

വിശ്വസ്തത നഷ്ടമായിട്ടുള്ള ഈ കാലത്ത് സകാത്തിന്റെ യഥാർത്ഥ അവകാശികളെ കണ്ടെത്താൻ വേണ്ടിയും സകാത്ത് പിന്തിപ്പിക്കാവുന്നതാണ്.

## സകാത്തിന്റെ അവകാശികൾ

ആർക്കെല്ലാമാണ് സകാത്ത് നൽകപ്പെടേണ്ടത് എന്ന് വിവരിക്കുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. സകാത്തിന്റെ യഥാർത്ഥ അവകാശികൾ എട്ട് വിഭാഗമാണെന്ന് അല്ലാഹു വളരെ കൃത്യമായി വ്യക്തമാക്കിയിരിക്കുന്നു. അവർ:

1) ദരിദ്രർ

2) അഗതികൾ

3) സകാത്തിന്റെ ജോലിക്കാർ

4) ഹൃദയം ഇണക്കപ്പെട്ടവർ

5) അടിമ മോചനം

6) കടബാധിതർ

7) അല്ലാഹുവിന്റെ മാർഗത്തിൽ.

8) വഴി പോക്കർ

**1) ദരിദ്രർ**

യാതൊരുവിധ സ്വത്തും ഇല്ലാത്തവനാണ് 'ഫഖീർ' (ദരിദ്രൻ). തനിക്ക് മതിയാകാത്ത അൽപം സ്വത്ത് മാത്രമുള്ള വൻ എന്നും പറയപ്പെട്ടിട്ടുണ്ട്. ദാരിദ്ര്യം കണക്കാക്കുന്നത് ആ വ്യക്തിക്ക് മതിയായത് മാത്രം പരിഗണിച്ചല്ല. മറിച്ച് ആ വ്യക്തിക്കും അയാളുടെ ആശ്രിതർക്കും മതിയായതുണ്ടാവുക എന്നത് പരിഗണിച്ചാണ്. ഭക്ഷിക്കാനും കുടിക്കാനും ധരിക്കാനും താമസിക്കാനുമുള്ള വകയുണ്ടാവുക മാത്രമല്ല, തന്റെ ചാരിത്ര്യം സംരക്ഷിക്കപ്പെടുന്നത് വരെ അതുൾകൊള്ളുന്നു. ഒരാൾക്ക് വിവാഹം ആവശ്യമാണ് അയാൾക്ക് ആവശ്യമുള്ള ഭക്ഷണവും വെള്ളവും വസ്ത്രവും പാർപ്പിടവുമെല്ലാം ഉണ്ടെന്ന് സങ്കൽപിക്കുക പക്ഷെ മഹ്ർ നൽകാനുള്ള മതിയായ ധനമില്ലെങ്കിൽ അയാൾക്ക് മതിയാകുന്നത്ര സകാത്തിന്റെ വിഹിതത്തിൽ നിന്നും നൽകാവുന്നതാണ്.

ദരിദ്രനായ ഒരാൾക്ക് സമ്പാദിക്കാനുള്ള കഴിവുണ്ട്. പക്ഷെ, വിജ്ഞാന സമ്പാദനത്തിൽ മുഴുകാൻ ഉദ്ദേശിക്കുന്ന അയാൾക്ക് സകാത്തു നൽകാമോ? തീർച്ചയായും നൽകാം, വിജ്ഞാനം നേടുക എന്നത് അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിന്റെ ഒരു ഭാഗമാണ്.

**2) അഗതികൾ (മസാകീൻ)**

തന്റെ ആവശ്യങ്ങൾ നിറവേറ്റാൻമാത്രം മതിയായത് കയ്യിലില്ലാത്ത ഫഖീറിനേക്കാൾ കുറഞ്ഞ ദാരിദ്ര്യമുള്ളവനാണ് മിസ്കീൻ. നബി (ﷺ) പറഞ്ഞു: ജനങ്ങളോട് യാചിച്ച് നടക്കുകയും ഒന്നോ രണ്ടോ ഭക്ഷണപ്പൊതി കൊണ്ടോ കാരക്ക കൊണ്ടോ തിരിച്ചു പോകുന്നവനല്ല മിസ്കീൻ. തനിക്ക് വേണ്ടത്ര സമ്പത്തില്ലാത്ത വരും എന്നാൽ മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടാത്തതിനാൽ ആരും ധർമ്മം നൽകാത്തവരും ജനങ്ങളോട് ചോദിച്ച് വാങ്ങാത്തവരുമാണ് മിസ്കീൻ. ഫഖീറിന്റെ നിയമം തന്നെയാണ് മിസ്കീനിനും.

**3) സകാത്തിന്റെ ജോലിക്കാർ**

സകാത്തിന്റെ സ്വത്തുകൾ പിരിച്ചെടുക്കുന്നതിനായി ഭരണാധികാരി നിയോഗിക്കുന്നവരാണിവർ. ഈ ജോലിക്ക് പുറപ്പെട്ടതു മുതൽ തിരിച്ചെത്തുന്നതുവരെ തങ്ങൾക്കും സഹായികൾക്കുമുള്ള മുഴുവൻ ചിലവുകളും സകാത്തിന്റെ സ്വത്തിൽ നിന്ന് തന്നെ ഭരണാധികാരി നൽകേണ്ടതാണ്. ഇവർ ദാരിദ്ര്യം ഒട്ടുമില്ലാത്ത സമ്പന്നരാണെങ്കിലും സകാത്തിന്റെ സ്വത്തിൽ നിന്ന് അവർക്ക് വേതനം നൽകാം.

**4) ഹൃദയം ഇണക്കപെട്ടവർ**

തങ്ങളുടെ ബന്ധു ജനങ്ങൾക്കിടയിൽ അനുസരിക്കപ്പെടുന്ന നേതാക്കൻമാരാണിവർ. ഇവരുടെ ഹൃദയം ഇണക്കപ്പെടേണ്ടതിന് മൂന്ന് കാരണങ്ങളുണ്ട്.

1) ഇസ്ലാം സ്വീകരിക്കുമെന്ന പ്രതീക്ഷയുള്ളവർ: അങ്ങിനെ പ്രതീക്ഷയില്ലെങ്കിൽ സകാത്തിന്റെ വിഹിതം നൽകാൻ പാടില്ല. ഇസ്ലാം സ്വീകരിക്കുമോ എന്നത് മുസ്ലിംകളോടുള്ള അനുകമ്പ,

ഇസ്ലാമിനെ അറിയാനുള്ള താത്പര്യം തുടങ്ങിയ സാഹചര്യ തെളിവുകളിലൂടെ മനസ്സിലാക്കാം.

2) ദ്രോഹം തടുക്കുക എന്ന ലക്ഷ്യം: മുസ്‌ലിംകളെ അങ്ങേയറ്റം ദ്രോഹിക്കുകയും അവരുടെ സ്വത്തുക്കളും അഭിമാനവും അക്രമിക്കുകയും ചെയ്യുന്ന അക്രമിയുടെ ശല്യം സമ്പത്ത് കൊടുത്താൽ തീരുമെങ്കിൽ സകാത്തിന്റെ വിഹിതത്തിൽ നിന്നും നൽകാം.

3) സകാത്ത് നൽകുന്നതിലൂടെ വിശ്വാസം നന്നാകാനും ശക്തിപ്പെടാനും സാധ്യതയുള്ള ദുർബല വിശ്വാസികൾക്കും നിർബന്ധ കർമ്മങ്ങളിൽ കണിശതയില്ലാത്തവർക്കും വിശ്വാസ ദൃഢീകരണത്തിന് സക്കാത്ത് നൽകാം

**5) അടിമ മോചനം**

അടിമകൾ പലതരത്തിലുള്ളവരാണ്.

1) മോചനക്കരാറിൽ ഏർപ്പെട്ടവർ: തങ്ങളുടെ ഉടമസ്ഥരിൽ നിന്നും സ്വയം വിലനൽകി മോചിതരാകുന്ന ഇത്തരക്കാർക്ക് സകാത്തിന്റെ വിഹിതം നൽകി സ്വതന്ത്രരാക്കാവുന്നതാണ്.

2) ശത്രുപക്ഷത്ത് ബന്ധിക്കപ്പെട്ട മുസ്ലിം: മോചനദ്രവ്യം നൽകിയാൽ മോചിതരാവുമെങ്കിൽ അയാളുടെ മോചനത്തിന് സകാത്തിൽ നിന്നും നൽകാവുന്നതാണ്.

3) അടിമകളെ വില നൽകി മോചിപ്പിക്കുന്നതിനും സകാത്ത് ഉപയോഗിക്കാം.

**6) കടക്കാർ**

അല്ലാഹുവിനേയും റസൂലിനേയും ധിക്കരിക്കാത്ത നിലയിൽ കടബാധ്യതയിലകപ്പെട്ടവന് സ്വന്തമായി അത് വീട്ടാൻ സാധിക്കുന്നില്ലെങ്കിൽ സകാത്തിന്റെ വിഹിതം നൽകി കടം വീട്ടാവുന്നതാണ്.

കടബാധ്യതയുള്ളവർ രണ്ട് തരക്കാരാണ്:

1) ബന്ധങ്ങൾ നന്നാക്കുന്നതിന് കടം വന്നവൻ. രണ്ട് സംഘങ്ങൾക്കിടയിൽ ഭിന്നതയും കലഹവും ഉടലെടുത്തു അവരെ യോചിപ്പിലെത്തിക്കനായുള്ള ശ്രമത്തിന് സാമ്പത്തിക ചിലവുണ്ട്. ഉദാഹരണമായി രണ്ട് വിഭാഗത്തോടും മധ്യസ്ഥനായി പറയുന്നു: ഒത്തുതീർപ്പിലെത്തിയാൽ നിങ്ങളുടെ സാമ്പത്തിക ബാധ്യത താൻ ഏറ്റെടുത്തിരിക്കുന്നു, അവർ അത് സ്വീകരിക്കു കയും ചെയ്തു. ഈ ഘട്ടത്തിൽ ആ മധ്യസ്ഥൻ ധനികനാണെ ങ്കിൽ പോലും പ്രശ്നം അവസാനിപ്പിക്കാൻ സകാത്തിന്റെ വിഹിതം ഉപയോഗിക്കാവുന്നതാണ്.

2) ദാരിദ്രത്താൽ കടം വന്നവൻ: അത് വീട്ടാൻ അയാൾ അശക്തനുമാണ്. അയാൾക്കും അയാളുടെ കുടുംബത്തിനു മുള്ള ചിലവ് മാത്രമേ അയാളുടെ പക്കലുള്ളൂ. എങ്കിൽ കടം വീട്ടാൻ സകാത്തിന്റെ വിഹിതം നൽകാവുന്നതാണ്.

**കടമുള്ള വ്യക്തിക്ക് ഉടമസ്ഥൻ സകാത്തിന്റെ നിയ്യത്തോടെ ഇളവു നൽകിയാൽ സാധുവാകുമോ?**

ഒന്നു കൂടി വിശദമാക്കിയാൽ, ഒരു വ്യക്തിക്ക് മറ്റൊരാ ളിൽ നിന്നും ഒരു നിശ്ചിത തുക തിരിച്ചുകിട്ടാനുണ്ട്. അത്രത ന്നെ സംഖ്യ സകാത്ത് നൽകാനും ബാധ്യതയുണ്ട് തന്റെ കടക്കാരൻ ദരിദ്രനായതിനാൽ തിരിച്ചുകിട്ടാനുള്ള സംഖ്യ സകാത്തായി കണക്കാക്കി ഇളവ് നൽകാമോ?

ഏറ്റവും ശരിയായ അഭിപ്രായം, ഇത് അസ്വീകാര്യവും നിഷി ദ്ധവുമാണ് എന്നാണ്. സകാത്ത് ശരിയാകാൻ നൽകുകയും സ്വീകരിക്കുകയും വേണം. ഇത് നല്ലതിന് പകരം ചീത്ത ചിലവഴി ക്കുന്നതിന് തുല്യമാണ്.

**7) അല്ലാഹുവിന്റെ മാർഗത്തിൽ**

അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്ന യോദ്ധാ ക്കൾ, അവരുടെ ആയുധങ്ങൾ, അവർക്ക് ആവശ്യമായ മറ്റു

സഹായങ്ങൾ എന്നിവയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അതിനെല്ലാം സകാത്തിന്റെ വിഹിതം ഉപയോഗിക്കാം. ചില പണ്ഡിതൻമാർ അല്ലാഹുവിന്റെ മാർഗത്തിലുള്ള എല്ലാ പുണ്ണ്യകർമ്മങ്ങളേയും ഇതിൽ ഉൾപ്പെടുത്തിക്കാണുന്നെങ്കിലും അത് ചിന്തിക്കേണ്ട വിഷയമാണ്. പരിശുദ്ധ ഖുർആനോ തിരുസുന്നത്തോ അങ്ങിനെ വ്യക്തമാക്കാത്തതിനാൽ അത് ശരിയാകാൻ തരമില്ല. അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമ്മ സമരവും അതിന് സഹായകമായ കാര്യങ്ങളും മാത്രമേ അതിൽ ഉൾപ്പെടൂ എന്ന് പരിമിതമാക്ക ലാണ് ഏറ്റവും ശരിയായത്.

**8) വഴിപോക്കർ**

തന്റെ യാത്രക്കിടയിൽ തടസ്സം നേരിടുകയും നാട്ടിലേക്ക് തിരിച്ചെത്താൻ മാർഗമില്ലാതിരിക്കുകയും ചെയ്ത യാത്രക്കാരനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അയാളുടെ നാട്ടിൽ അയാൾ ധനികനാണെങ്കിലും ഈ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായത് സകാത്തിൽ നിന്നും നൽകാവുന്നതാണ്. യാത്രയിൽ വന്നുചേർന്ന പ്രതിസന്ധിയാണ് ഇവിടെ പരിഗണിക്കുന്നത്. പക്ഷെ ഈ യാത്ര അനുവദനീയമായ കാര്യത്തിനായിരിക്കണം എന്ന നിബന്ധനയുണ്ട്. കുറ്റകരമായ യാത്രയാണെങ്കിൽ ഇത് വഴി പാപത്തിന്ന് കൂട്ടുനിൽക്കലായിത്തീരും.

**സകാത്ത് നൽകപ്പെടാൻ പാടില്ലാത്തവർ**

1) ധനികൻമാർ

2) അവിശ്വാസികൾ, അവർക്ക് സകാത്ത് നൽകുന്നത് സത്യനിഷേധത്തിന് അവരെ സഹായിക്കലും അവർക്ക് അംഗീകാരം നൽകലുമായിരിക്കും.

3) താൻ ചിലവിന് നൽകാൻ ബാധ്യസ്ഥരായവർ: ഭാര്യ, മതാപിതാക്കൾ, പിതാമഹൻമാർ, പിതാമഹതികൾ, മക്കൾ

പേരമക്കാൾ തുടങ്ങിയവർക്കൊന്നും സകാത്ത് വിതരണം ചെയ്യാൻ പാടില്ല.

4) നബി (ﷺ) യുടെ കുടുംബത്തിനും സകാത്ത് നൽകാൻ പാടില്ല. ഹാശിം കുടുംബവും അബ്ദുൽ മുത്തലിബ് കുടുംബവും ഇതിലുൾപെടുന്നു. ഹാശിം കുടുംബം മാത്രമേ ഉൾപ്പെടൂ എന്ന് പറഞ്ഞവരുമുണ്ട്.

## സകാത്തുൽ ഫിത്വ്ർ

**ഫിത്ർ സകാത്തിന്റെ വിധി:**

എല്ലാ ഓരോ മുസ്‌ലിമിനും നിർബന്ധമായ സക്കാത്താണിത്. ഇബ്നു ഉമർ (റ) പറഞ്ഞു: ചെറിയവരോ വലിയവരോ ആണോ പെണ്ണോ അടിമയോ സ്വതന്ത്രനോ ആയ എല്ലാവിശ്വാസിയുടെ മേലും ഒരു സ്വാഅ് (2.4 കി ഗ്രം) കാരക്കയോ ബാർളിയോ റമദാനിലെ സകാതുൽ ഫിത്റായി നബി (ﷺ) നിർബന്ധമാക്കി. (ബുഖാരി, മുസ്‌ലിം)

**ഇത് നിയമമാക്കിയതിലെ തത്വം**

1 – പാവപെട്ടവർക്ക് ഇതൊരു സഹായമാണ്. പെരുന്നാൾ ദിനത്തിൽ യാചിക്കുന്നതിൽ നിന്നും അവരെ തടയുകയും ധനികരോടൊപ്പം സന്തോഷത്തിലും അഹ്ലാദത്തിലും അവർക്കും പങ്കെടുക്കാനാകുകയും ചെയ്യുന്നു.

2 – നോമ്പുകാരന് സംഭവിച്ച കുറവുകളെയും അരുതാത്ത വാക്കുകളെയും പാപങ്ങളെയും ശുദ്ധീകരിക്കുന്നു.

**സകാത്തുൽ ഫിത്വ്ർ വിതരണം ചെയ്യേണ്ട സമയം**

പെരുന്നാൾ മാസപിറവിയോടെ സകാത്ത് ഫിത്വ്ർ വിതരണം ചെയ്യൽ നിർബന്ധമാണ്.

**വിതരണ സമയങ്ങൾ:**

**അവദനീയമായ സമയം:** പെരുന്നാൾ മാസപ്പിറവിയുടെ ഒന്നോ രണ്ടോ ദിവസം മുമ്പ് തന്നെ വിതരണം ചെയ്യൽ അനുവദനീയമാണ്

**ശ്രേഷ്ഠമായ സമയം:** പെരുന്നാൾ ദിനം സുബ്ഹി നമസ്കാരം കഴിഞ്ഞതു മുതൽ പെരുന്നാൾ നമസ്കാരത്തിന്റെ അൽപം മുമ്പ് വരെയുള്ള സമയമാണ് ഏറ്റവും ശ്രേഷ്ഠമായ സമയം.

**ഫിത്ർ സകാത്തിന്റെ അവകാശികൾ:**

പാവപെട്ടവർക്കും അഗതികൾക്കുമാണ് ഇത് വിതരണം ചെയ്യേണ്ടത്. ഈ സകാത്ത്, നൽകുന്നവന്റെ നാട്ടിലുള്ളവർക്ക് മാത്രം നൽകണമെന്നില്ല. മുസ്ലിംകളുടെ പൊതു നൻമ ഉദ്ദേശിച്ച് വിതരണം മറ്റു സ്ഥലങ്ങളിലേക്കും മാറ്റാവുന്നതാണ്.

**സകാത്തുൽ ഫിത്റിന് പകരം വില കണക്കാക്കി നൽകിയാൽ മതിയാകുമോ?**

ഫിത്ർ സകാത്ത് വില കണക്കാക്കി നൽകുന്നത് അനുവദനീയമല്ല എന്നതാണ് ഏറ്റവും ശരിയായ അഭിപ്രായം. ഒരു നിശ്ചിത വസ്തു ഫിത്ർ സകാത്തായി നൽകണമെന്ന് നിർബന്ധമാക്കിയ ഇബാദത്താണിത്. ആ നിശ്ചയിക്കപ്പെട്ട വസ്തുവിന് പുറമെയുള്ളത് സകാത്തായി നൽകാവതല്ല.

## ഭാഗം: ആറ്

## നോമ്പ് (വ്രതാനുഷ്ഠാനം)

അല്ലാഹു വ്രതാനുഷ്ഠാനം നിയമമാക്കുകയും ഇസ്ലാം കാര്യങ്ങളിലെ നലാമത്തേതാക്കുകയും ചെയ്തു. ഇതിന്റെ വിധികളും വ്യക്തമായ വിശദീകരണങ്ങളും നൽകുന്ന ധാരാളം വചനങ്ങൾ ഖുർആനിലും ഹദീസിലും കാണാം.
വ്രതാനുഷ്ഠാനത്തെ കുറിച്ചുള്ള ഒരു ചെറിയ വിശദീകരണം താഴെ കൊടുക്കുന്നു.

**വ്രതം: ഭഷാർത്ഥം:**

തടുക്കുക, വിട്ടുനിൽക്കുക ഉപേക്ഷിക്കുക എന്നെല്ലാമാണ് صوم എന്ന പദത്തിന്റെ ഭാഷാർത്ഥം. ആ അർഥത്തിലാണ് മറിയം ബീവി (അ) പറഞ്ഞതായി ഖുർആൻ പറയുന്നത്:

﴿إِنِّي نَذَرْتُ لِلرَّحْمَنِ صَوْمًا فَلَنْ أُكَلِّمَ الْيَوْمَ إِنْسِيًّا﴾ (1)

പരമകാരുണികന്ന് വേണ്ടി ഞാൻ ഒരു വ്രതം നേർന്നിരിക്കയാണ് അതിനാൽ ഇന്നു ഞാൻ ഒരു മനുഷ്യനോടും സംസാരിക്കുകയില്ല തന്നെ. (മറിയം: 26 )

ഭാഷാ പണ്ഡിതൻമാർ പറഞ്ഞു: صَامَ، صَوْمًا، صِيَامًا എന്നാൽ ഭക്ഷണ പാനീയങ്ങളിൽ നിന്നും ലൈംഗിക സമ്പർക്കത്തിൽ നിന്നും വിട്ടു നിന്നു എന്നാണ്. പുല്ല് തിന്നാതെ മാറി നിൽക്കുന്ന കുതിരക്ക് 'സാഇം'എന്ന് പറയാറുണ്ട്.

**വ്രതം: സാങ്കേതിക നിർവചനം**

അല്ലാഹുവിന്ന് ആരാധന ചെയ്യുന്നു എന്ന ഉദ്ദേകത്തോടെ പ്രത്യേക ആളുകൾ ചില നിബന്ധനകളോടെ നിശ്ചിത

(1) سورة مريم: الآية ٢٦

സമയത്തേക്ക് ചില പ്രത്യേക വസ്തുക്കളിൽ നിന്ന് അകന്ന് നിൽക്കുന്നതിനാണ് സാങ്കേതികമായി നോമ്പ് എന്ന് പറയുന്നത്. അല്ലാഹു പറയുന്നു:

﴿وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّوا الصِّيَامَ إِلَى اللَّيْلِ﴾ (١)

നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നത് വരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യുക. (ബഖറ:187)

നിയ്യത്തോടെയല്ലാതെ നോമ്പ് ശരിയാവുകയില്ല. സുബ്ഹി മുതൽ സൂര്യാസ്തമയം വരെ ചില നിബന്ധനകൾക്ക് വിധേയമായി കഴിയുകയും വേണം. ആ നിബന്ധനകൾ പാലിക്കാതെയും നോമ്പ് ശരിയാവുകയില്ല.

**ഇസ്‌ലാമിൽ വ്രതത്തിന്റെ സ്ഥാനം**

1 - ഇസ്ലാമിന്റെ പഞ്ച സ്തംഭങ്ങളിലൊന്നാണ് വ്രതാനുഷ്ഠാനം. ആരാധനകളിൽ ഏറ്റവും ശ്രേഷ്ഠമായ ഒരു കർമ്മമാണിത്. നോമ്പിനെ അല്ലാഹു തന്നിലേക്ക് ചേർത്തുകൊണ്ട് പറയുന്നത് കാണുക: മനുഷ്യൻ ചെയ്യുന്ന എല്ലാ കർമ്മങ്ങളും അവന് തന്നെയുള്ളതാണ്; നോമ്പൊഴികെ അത് എനിക്കുള്ളതാണ് , ഞാനതിന്ന് പ്രതിഫലം നൽകും. (ബുഖാരി, മുസ്‌ലിം)

2 - സൃഷ്ടാവിന്റേയും അടിമയുടേയും ഇടക്കുള്ള രഹസ്യ ബന്ധമാണ് വ്രതം. സത്യവിശ്വാസിയുടെ ഹൃദയത്തിലുള്ള ആത്മാർത്ഥമായ ദൈവിക ബോധമാണ് വ്രതത്തിലൂടെ രൂപപ്പെടുന്നത്. ഒരു നിലക്കുമുള്ള ലോകമാന്യതയും കയറിക്കൂടാനാകാത്ത

(١) سورة البقرة: الآية ١٨٧

കർമ്മമാണിത്. അല്ലാഹുവിനെ കുറിച്ചുള്ള നിരീക്ഷണത്തിലും ഭയത്തിലും സത്യവിശ്വാസിയെ അത് വളർത്തി വലുതാക്കും. അധിക മനുഷ്യർക്കും അപ്രാപ്യമായ സുമോഹന സ്വപ്നവും അത്യുന്നതമായ ലക്ഷ്യസാക്ഷാത്കാരവും അതിലൂടെ കരഗതമാകും.

3 – മുസ്ലിം സമുദായത്തിന് നിയമവും വ്യവസ്ഥയും ഐക്യവും സമത്വവും നീതി ബോധവും അത് പരിശീലിപ്പിക്കും. വിശ്വാസികളുടെ മനസ്സുകളിൽ ദീനാനുകമ്പയും കാരുണ്യവും വളർത്തുകയും തിൻമയിൽ നിന്നും നാശത്തിൽ നിന്നും സമൂഹത്തെ സംരക്ഷിക്കുകയും ചെയ്യും.

4 – തന്റെ സഹോദരന്റെ വേദനയും ദുഃഖവും അറിയാനും അങ്ങിനെ പാവപെട്ടവരോടും ദരിദ്രവാസികളോടും ഔദാര്യവും ദാക്ഷിണ്യവും കാണിക്കാനും വ്യതം സത്യവിശ്വാസിയെ പ്രേരിപ്പിക്കും. അങ്ങിനെ മുസ്ലിംകൾക്കിടയിൽ സാഹോദര്യവും സ്നേഹവമുണ്ടാക്കുന്നു.

5 – വ്രതാപനുഷ്ഠാനം ആത്മ നിയന്ത്രണത്തിനും ഉത്തരവാദിത്ത നിർവഹണത്തിനും ക്ലേശങ്ങൾ സഹിക്കുന്നതിനും പ്രത്യേകമായ പരിശീലനമാണ്.

## വ്രതത്തിന്റെ മഹത്ത്വങ്ങൾ

ഒരു മുസ്‌ലിം അനുഷ്ഠിക്കുന്ന ഇസ്‌ലാമിലെ ഏതൊരാരാധനയും ശ്രേഷ്ഠതകളിൽ നിന്ന് മുക്തമല്ല എന്നതിന് നാം അല്ലാഹുവിനെ സ്തുതിക്കുന്നു. നമസ്കാരത്തിനും സക്കാത്തിനും ഹജ്ജിനും ശ്രേഷ്ഠതയുള്ള പോലെ നോമ്പിനും ചില ശ്രേഷ്ഠതകളുണ്ട്. അവ:

1 – പാപങ്ങളിൽ ആപതിക്കുന്നതിൽ നിന്നും വ്രതം ഒരു രക്ഷാകവചമാണ്. അബൂഹുറൈറ (റ) നിവേദനം: നബി (ﷺ) പറഞ്ഞു: നോമ്പ് ഒരു പരിചയാണ്. നിങ്ങളിൽ ഒരാൾ നോമ്പു

കാരനാണെങ്കിൽ സ്ത്രീവിഷയ കാര്യങ്ങളിൽ ഏർപ്പെടുകയോ അവിവേകം പ്രവർത്തിക്കുകയോ ചെയ്യരുത്. ആരെങ്കിലും തന്നെ ആക്രമിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്താൽ ഞാൻ നോമ്പുകാരനാണെന്ന് പറയുക. എന്റെ ജീവൻ ആരുടെ കയ്യിലാണോ ആ രക്ഷിതാവ് തന്നെ സത്യം, നോമ്പുകാരന്റെ വായയിൽ നിന്നുണ്ടാകുന്ന ഗന്ധം കസ്തൂരിയേക്കാൾ അല്ലാഹുവിങ്കൽ പരിമളമുള്ളതാണ്. (അല്ലാഹു പറയും) ഭക്ഷണ പാനീയങ്ങൾ എനിക്ക് വേണ്ടിയാണ് അവൻ ഉപേക്ഷിച്ചത്. നോമ്പ് എനിക്കുള്ളതാണ്. ഞാൻ തന്നെ അതിന് പ്രതിഫലം നൽകും. ഒരു നൻമക്ക് പത്ത് പ്രതിഫലം ഉണ്ട്. (ബുഖാരി, മുസ്‌ലിം)

2 – പാപങ്ങൾക്കും കുറ്റങ്ങൾക്കും വ്രതം പ്രായശ്ചിത്തമാണ്. ഹുദൈഫ (റ) പറയുന്നു: നബി (ﷺ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: ഒരു മനുഷ്യന്റെ സ്വത്തുക്കൾ സ്വന്തക്കാർ, അയൽവാസികൾ എന്നിവ കൊണ്ടുള്ള പരീക്ഷണങ്ങളെ നമസ്കാരവും നോമ്പും ദാനധർമ്മവും മായ്ച്ചുകളയും. (ബുഖാരി, മുസ്‌ലിം)

3 – നോമ്പുകാർക്ക് മാത്രം പ്രവേശിക്കാവുന്ന ഒരു കവാടം അല്ലാഹു സ്വർഗത്തിൽ പ്രത്യേകം ഒരുക്കിയിരിക്കുന്നു. സഹ്ൽ (റ) പറയുന്നു: നബി (ﷺ) പറഞ്ഞു: തീർച്ചയായും സ്വർഗത്തിൽ 'റയ്യാൻ ' എന്നൊരു കവാടമുണ്ട് . അന്ത്യനാളിൽ നോമ്പുകാർ മാത്രമാണ് അതിലൂടെ പ്രവേശിക്കുക, അവരല്ലാതെ ആരും തന്നെ അതിലൂടെ പ്രവേശിക്കില്ല. "നോമ്പുകാർ എവിടെ?" എന്ന് അവിടെനിന്ന് വിളിക്കപ്പെടുമ്പോൾ അവരെല്ലാവരും എഴുന്നേറ്റ് ചെല്ലും. അവരല്ലാതെ ആരും അതിലൂടെ പ്രവേശിക്കില്ല. അവർ പ്രവേശിക്കുന്നതോടെ അത് അടക്കപ്പെടും അതിലൂടെ മറ്റാരും പ്രവേശിക്കില്ല (ബുഖാരി, മുസ്‌ലിം)

## വ്രതം: നിർബന്ധമാണെന്നതിന് തെളിവ്

റമദാൻ വ്യതമെടുക്കുക എന്നത് ഇസ്ലാമിന്റെ ഒരു പ്രധാന സ്തംഭവും അല്ലാഹു നിർബന്ധമാക്കിയവയിലെ മുഖ്യ മായതും മുസ്ലിംകൾക്കിടയിൽ സർവാംഗീകൃതവുമായ കാര്യമാണ്. ഖുർആനും സുന്നത്തും ഇജ്മാഉം ഇത് ഫർളാണെന്ന് തെളിയിക്കുന്നു. വിശുദ്ധ ഖുർആനിൽ നിന്ന്:

﴿ يَاأَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ * أَيَّامًا مَعْدُودَاتٍ﴾ إلى قوله: ﴿ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللَّهَ عَلَى مَا هَدَاكُمْ وَلَعَلَّكُمْ تَشْكُرُونَ﴾ (١)

സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപ്പിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്. എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്). (ഞെരുങ്ങിക്കൊണ്ട് മാത്രം) അതിനു സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നൻമചെയ്താൽ അതവന്ന് ഗുണകരമാകുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നതാകുന്നു നിങ്ങൾക്ക് കൂടുതൽ ഉത്തമം. ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ

(١) سورة البقرة: الآيات ١٨٣-١٨٥

അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ. അതു കൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ ( ഇങ്ങനെ കൽപിച്ചിട്ടുള്ളത്. ) (ബഖറ :183 - 185)

സുന്നത്തിൽ നിന്ന്:

ഇബ്നു ഉമർ (റ) പറഞ്ഞു: നബി(ﷺ) അരുളി: ഇസ്‌ലാം അഞ്ച് കാര്യങ്ങളിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു: അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം നിലനിർത്തൽ, സകാത്ത് നൽകൽ, റമദാൻ നോമ്പെടുക്കൽ, സാധിക്കുന്നവർ കഅബാലയത്തിലെത്തി ഹജ്ജ് നിർവഹിക്കൽ എന്നിവയാണത്. (ബുഖാരി, മുസ്‌ലിം)

ഇജ്മാഅ്: റമദാൻ നോമ്പ് ഇസ്‌ലാമിന്റെ പഞ്ച സ്തംഭങ്ങളിലൊന്നാണെന്നും അതിന്റെ നിർബന്ധത്തെ നിഷേധിക്കുന്നവൻ കാഫിറായിത്തീരുമെന്നും മുസ്‌ലിം സമുദായം ഏകോപിച്ച കാര്യമാണ്.

**ആർക്കെല്ലാമാണ് വ്രതം നിർബന്ധമുള്ളത്?**

പ്രായപൂർത്തിയെത്തിയ ബുദ്ധിയുള്ള നാട്ടിൽ സ്ഥിരതാമസക്കാരനായ ആരോഗ്യമുള്ള തടസ്സങ്ങളിൽ നിന്ന് മുക്തനായ എല്ലാ മുസ്‌ലിമിനും നോമ്പെടുക്കൽ നിർബന്ധമാണ്.

*(എല്ലാ മുസ്‌ലിമും)* എന്ന വാക്കിലൂടെ അവിശ്വാസി ഒഴിവായി. അവർക്ക് നോമ്പ് നിർബന്ധമില്ല നോമ്പെടുക്കുന്നത് സാധുവുമല്ല, കാരണം അവിശ്വാസി എന്നനിലയിൽ ഇബാദത്തെടുക്കാൻ യോഗ്യനല്ല. എന്നാൽ എപ്പോഴാണോ ഇസ്‌ലാം സ്വീകരിക്കുന്നത് അപ്പോൾ തന്നെ വ്രതമെടുക്കൽ നിർബന്ധമാണ്. മുമ്പ് നഷ്ടപ്പെട്ടത് വീണ്ടെടുക്കേണ്ടതില്ല.

*(ബുദ്ധിയുള്ള)* എന്ന വാക്കിലൂടെ ബുദ്ധിയില്ലാത്ത ഭ്രാന്തൻ, മന്ദബുദ്ധി, വാർദ്ധക്യാധിക്യത്താൽ ബുദ്ധി മറിഞ്ഞവർ എല്ലാം ഒഴിവായി.

*(പ്രായപൂർത്തിയെത്തിയ)* എന്ന വാക്കിലൂടെ പ്രായപൂർത്തിയെത്താത്ത കുട്ടികൾ ഒഴിവായി. പ്രായ പൂർത്തിയെത്തുന്നത് വരെ അവർക്ക് ശാസനയില്ല. താഴെ പറയുന്ന മൂന്നിൽ ഒരുകാര്യമുണ്ടായാൽ പ്രായപൂർത്തിയായി:

1- സ്വപ്നസ്ഖലനത്തിലൂടെയോ മറ്റോ ഇന്ദ്രിയം പുറപ്പെടുക.

2- ഗുഹ്യരോമം ഉണ്ടാവുക.

3- പതിനഞ്ച് വയസ്സ് പൂർത്തിയാവുക

4- സ്ത്രീകൾക്ക്: ആർത്തവ രക്തം പുറപ്പെടുക.

*(നട്ടിൽ സ്ഥിരതാമസക്കാരനായ)* എന്ന വാക്കിലൂടെ യാത്രക്കാർ ഒഴിവായി. അവർക്ക് നോമ്പെടുക്കൽ നിർബന്ധമില്ല. അവർക്ക് നോമ്പെടുക്കുന്നതിനും മുറിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. ഏറ്റവും എളുപ്പമുള്ളത് ചെയ്യുകയാണ് അവർക്ക് ഉത്തമം.

*(ആരോഗ്യമുള്ള)* എന്ന വാക്കിലൂടെ വാർദ്ധക്യം കൊണ്ടോ രോഗം കൊണ്ടോ അശക്തരായവർ ഒഴിവാണ്. അവർക്ക് നോമ്പെടുക്കൽ നിർബന്ധമില്ല. റമദാനിന് ശേഷം നോറ്റ് വീട്ടിയാൽ മതി. വാർദ്ധക്യം കൊണ്ടാണ് ഒഴിവായതെങ്കിൽ ഓരോ ദിവസത്തിനും പകരമായി ഒരു പാവപെട്ടവന് ഭക്ഷണം നൽകി പ്രായശ്ചിത്തം നൽകിയാൽ മതി.

*(തടസ്സങ്ങളിൽ നിന്ന് മുക്തനായ)* എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് നോമ്പെടുക്കുന്നതിനുള്ള തടസ്സമായ സ്ത്രീകൾക്കുള്ള ആർത്തവം, പ്രസവം പോലുള്ള കാര്യങ്ങളാണ്.

**മാസപ്പിറവി കാഴ്ചയും വിധികളും**

താഴെ പറയുന്ന രണ്ടിൽ ഒരു കാര്യത്തിലൂടെ റമദാൻ മാസപ്പിറവി സ്ഥിരീകരിക്കപ്പെടും.

1) മാസപ്പിറവി കാണുക.

2) ശഅബാൻ മാസം മുപ്പത് പൂർത്തിയാവുക.

**മാസപ്പിറവിയുടെ കാഴ്ച എങ്ങിനെ സ്ഥിരപ്പെടുത്താം?**

റമദാൻ മാസപ്പിറവി കണ്ടതായി ഒരു വിശ്വസ്ഥനായ സാക്ഷിയിലൂടെ സ്ഥിരപ്പെടണം. എന്നാൽ മാസം അവസാനിക്കുന്നത് രണ്ട് സാക്ഷികളിലൂടെ മാത്രമേ സ്ഥിരപ്പെടുകയുള്ളൂ. കാഴ്ചയുടെ സാക്ഷ്യം സ്വീകരിക്കണമെങ്കിൽ സാക്ഷി മുസ്‌ലിമും പ്രായപൂർത്തിയെത്തിയവനും ബുദ്ധിയുള്ളവനും സംസാരത്തിലും കാഴ്ചയിലും വിശ്വസ്ഥനുമായിരിക്കണം എന്ന നിബന്ധനയുണ്ട്.

**സംശയമുള്ള ദിവസത്തെ നോമ്പ്**

സംശയമുള്ള ദിനം എന്നത് കൊണ്ടുദ്ദേശം ശഅബാൻ മുപ്പതാണ്. തലേ ദിവസം ആകാശം മേഘാവൃതമായതിനാലോ അന്തരീക്ഷം പൊടി മൂടിയതിനാലോ മാസപ്പിറവി കാണാൻ സാധിച്ചില്ല. ആ ദിവസം നോമ്പെടുക്കരുതെന്നാണ് ഏറ്റവും പ്രബലമായ അഭിപ്രായം. നബി (ﷺ) പറഞ്ഞു : "കാഴ്ചക്ക് സാധിക്കാതെ മേഘം മൂടിയാൽ കണക്ക് പൂർത്തിയാക്കുവീൻ" (ബുഖാരി, മുസ്‌ലിം) മറ്റൊരു റിപ്പോർട്ടിൽ ശഅബാൻ മാസം മുപ്പത് എണ്ണം പൂർത്തിയാക്കുവീൻ എന്നാണുള്ളത് (ബുഖാരി)

**നോമ്പു മുറിക്കാവുന്ന ഇളവുകൾ**

1 – യാത്ര. അള്ളാഹു പറഞ്ഞു:

﴿ فَمَنْ كَانَ مِنْكُمْ مَرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ ﴾

‘നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താല്‍ മറ്റു ദിവസങ്ങളില്‍ നിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.)’ (അല്‍ ബഖറ: 184) ഈ വചനം വളരെ വ്യക്തമായി പ്രസ്താവിക്കുന്നത് യാത്രക്കാരന് നോമ്പ് മുറിക്കാം എന്നും നഷ്ടപ്പെടുന്ന അത്രയും എണ്ണം നോമ്പ് പിന്നീട് നോറ്റുവീട്ടണം എന്നുമാണ്.

2 – നോമ്പെടുക്കുന്നതിന് അശക്തനായവന്‍: ഒരിക്കലും സുഖപ്പെടുമെന്ന പ്രതീക്ഷയില്ലാതെ തുടര്‍ന്ന് കൊണ്ടിരിക്കുന്നതാണെങ്കില്‍. അല്ലാഹു പറഞ്ഞു:

﴿ فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ ﴾

നിങ്ങള്‍ക്ക് സാധിക്കുന്ന വിധം അല്ലാഹുവിനെ സൂക്ഷിക്കുവീന്‍ (തഗാബുന്‍: 16)

﴿ لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا ﴾

അല്ലാഹു ഒരാളോടും അയാളുടെ കഴിവില്‍ പെട്ടതല്ലാതെ ചെയ്യാന്‍ നിര്‍ബന്ധിക്കുകയില്ല. (ബഖറ:286)

എന്നാല്‍ ഇത്തരം കാരണങ്ങളുള്ളവര്‍ ഒഴിവാക്കിയ നോമ്പിന് പകരമായി ഒരു അഗതിക്ക് ഒരു നേരത്തെ ഭക്ഷണം നല്‍കണം.

3 – ശമനം പ്രതീക്ഷിക്കാത്ത – കിഡ്നി തകരാറിലാവുക, കാന്‍സര്‍ ബാധിക്കുക പോലുള്ള – മാരക രോഗങ്ങള്‍ ബാധിച്ചവര്‍. അവര്‍ക്ക് നോമ്പ് ഒഴിവാക്കാം. പിന്നീട് നോറ്റു വീട്ടിയാല്‍ മതി. ഇത്തരക്കാര്‍ മൂന്ന് വിഭാഗക്കാരാണ്:

1 നോമ്പെടുക്കുന്നതിന് യാതൊരു വിധ ബുദ്ധിമുട്ടോ പ്രയാസമോ ഇല്ലാത്തവർ, അവർ നോമ്പെടുക്കൽ നിർബന്ധമാണ്.

2. നോമ്പെടുക്കുന്നത് ഉപദ്രവകരമല്ലെങ്കിലും ക്ലേശകരമാണ്. അവർ നോമ്പ് ഒഴിവാക്കണം. ഇത്തരം ഘട്ടത്തിൽ നോമ്പെടുക്കുന്നത് അല്ലാഹു നൽകിയ ഇളവിനെ തള്ളിക്കളയലും ആത്മപീഠനം നടത്തലുമാണ്.

3. നോമ്പെടുക്കുന്നത് ഉപദ്രവകരമായവർ: അത്തരക്കാർ നോമ്പ് മുറിക്കൽ നിർബന്ധവും നോമ്പെടുക്കൽ നിഷിദ്ധവുമാണ്. അല്ലാഹു പറഞ്ഞു:

﴿وَلَا تَقْتُلُوا أَنْفُسَكُمْ إِنَّ اللَّهَ كَانَ بِكُمْ رَحِيمًا﴾

'നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു'. (നിസാഅ്: 29)

4 - ആർത്തവകാരികളും പ്രസവാശുദ്ധിയുള്ളവളും: ഇത്തരക്കാർ നോമ്പെടുക്കൽ നിഷിദ്ധമാണ്. ഈ അവസ്ഥയിൽ അവർ നോമ്പെടുത്താൽ സ്വീകാര്യവുമല്ല. അവർക്ക് നഷ്ടപെട്ട അത്രയും നോമ്പ് പിന്നീട് അവർ നോറ്റുവീട്ടുകയാണ് ചെയ്യേണ്ടത്.

അബൂ സഈദ് നിവേദനം ചെയ്യുന്ന ഹദീസിൽ നബി(ﷺ) പറഞ്ഞു: 'സ്ത്രീ ആർത്തവഘട്ടത്തിൽ നമസ്കാരവും നോമ്പും ഉപേക്ഷിക്കാറില്ലേ?. അതാണ് മതത്തിലുള്ള അവരുടെ കുറവ്.' അവർ പിന്നീട് നോറ്റുവീട്ടണം എന്നതിനുള്ള തെളിവ്: അല്ലാഹു പറഞ്ഞു: 'പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.') (അൽബഖറ: 185) ആയിശ (റ) പറയുന്നു: പ്രവാചകൻ (ﷺ) യുടെ കാലത്ത് ഞങ്ങൾ ആർത്തവകാരികളാകാറുണ്ടായിരുന്നു. അപ്പോൾ നോമ്പ് നോറ്റ് വീട്ടാൻ ഞങ്ങൾ

കൽപിക്കപ്പെടാ റുണ്ടായിരുന്നു. നമസ്കാരം മടക്കാൻ ഞങ്ങൾ കൽപിക്കപ്പെടാറുണ്ടായിരുന്നില്ല. (ബുഖാരി, മുസ്‌ലിം).

5 - ഗർഭിണിയും മുലയൂട്ടുന്നവളും

ഇവർക്ക് മൂന്ന് അവസ്ഥകളുണ്ട്:

1) തങ്ങളുടെ ആരോഗ്യത്തിലും തങ്ങളുടെ കുഞ്ഞുങ്ങളുടെ കാര്യത്തിലും ആശങ്കയുള്ളവർ: ഇവർ നോമ്പ് ഒഴിവാക്കുകക യും പിന്നീട് നോറ്റ് വീട്ടുകയും ചെയ്താൽ മതി. നബി(ﷺ) പറഞ്ഞു: 'അല്ലാഹു യാത്രക്കാരന് നമസ്കാരത്തിന്റെ പകുതി യും നോമ്പും ഒഴിവാക്കിയിരിക്കുന്നു. ഗർഭിണിക്കും മുലയൂട്ടു ന്നവൾക്കും നോമ്പും ഒഴിവാക്കിയിരിക്കുന്നു.' (അബൂദാവൂദ്)

2) തങ്ങളുടെ കുട്ടിളുടെ കാര്യത്തിൽ ഭയപ്പെടുക: ഇവർ നോമ്പ് നോറ്റ് വീട്ടുന്നതോടൊപ്പം പ്രായശ്ചിത്തം കൂടി നൽകണമെ ന്നാണ് പ്രബലമായ പണ്ഡിതാഭിപ്രായം.

3) തങ്ങളുടെ ആരോഗ്യത്തിന്റെ കാര്യത്തിൽ ഭയപ്പെടുക: അവർ പിന്നീട് നോറ്റുവീട്ടിയാൽ മാത്രം മതിയാകും.

**നോമ്പ് മുറിയുന്ന കാര്യങ്ങൾ:**

താഴെ പറയുന്ന ഏഴു കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് സംഭവിച്ചാൽ നോമ്പ് നഷ്ടപ്പെടും:

1. സംയോഗം.
2. ഇന്ദ്രിയം സ്ഖലിപ്പിക്കുക.
3. മനഃപൂർവം ഭക്ഷണ പാനീയങ്ങൾ കഴിക്കുക
4. ഭക്ഷണ പാനീയങ്ങൾക്ക് പകരമാകാവുന്ന ഇഞ്ചക്ഷൻ, രക്തം കയറ്റുക തുടങ്ങിയവ ചെയ്യുക.
5. മനഃപൂർവമായി ഛർദ്ദിക്കുക. എന്നാൽ താൻ ഉദ്ദേശിക്കാതെ ഛർദ്ദിയുണ്ടാകുന്നത് നോമ്പിനെ ബാധിക്കുകയില്ല.

6. കൊമ്പ് വെക്കുക. ഞരമ്പിലൂടെയല്ലാതെ തന്നെ ശരീരത്തിൽ നിന്നും പ്രത്യേക രീതിയിൽ ചീത്ത രക്തം എടുത്തുകളയുന്ന രീതിയാണിത്.

7. ആർത്തവ രക്തമോ പ്രസവ രക്തമോ പുറപ്പെടുക.

**നോമ്പിന്റെ മാര്യാദകൾ**

നോമ്പിന് നിർബന്ധമായ (വാജിബായ) മര്യാദകളും സുന്നത്തായ മര്യാദകളും ഉണ്ട്.

**നിർബന്ധ മര്യാദകൾ**

1. കളവ് വർജ്ജിക്കുക: കളവ് എല്ലാ സമയത്തും നിഷിദ്ധമാണെ ങ്കിലും നോമ്പുകാരന്ന് അത് കടുത്ത ഹറാമാണ്.

2. പരദൂഷണം (ഗീബത്) പറയരുത്

3. ഏഷണി പറയരുത്. രണ്ടാളുകൾക്കിടയിലെ ബന്ധം തകർക്കാൻ ഒരാളുടെ വാർത്ത മറ്റൊരാളിലേക്ക് എത്തിച്ചു കൊടുക്കലാണിത്. വൻപാപങ്ങളിൽ പെട്ട ഒന്നാണിത്.

4. കച്ചവടം വ്യാപാരം തൊഴിൽ തുടങ്ങി എല്ലാ രംഗങ്ങളിലും വഞ്ചന വർജ്ജിക്കുക.

5. കള്ള സത്യം ചെയ്യരുത്. നോമ്പിന്റെ മഹത്തായ ആശയത്തി ന് അത് എതിരാണ്. നബി(ﷺ) പറഞ്ഞു: വ്യാജവാക്കും പ്രവർ ത്തിയും ഉപേക്ഷിക്കാത്തവൻ ഭക്ഷണ പാനീയങ്ങൾ വർജ്ജിക്ക ണമെന്ന് അല്ലാഹുവിന്ന് യാതൊരു ആവശ്യവുമില്ല (ബുഖാരി).

**നോമ്പുകാരന്ന് സുന്നത്തായ മര്യാദകൾ**

1. അത്താഴം കഴിക്കുക. നബി (ﷺ) പറഞ്ഞു: നിങ്ങൾ അത്താഴ ഭക്ഷണം കഴിക്കുവീൻ, തീർച്ചയായും അത്താഴ ഭക്ഷണത്തിൽ അനുഗ്രഹമുണ്ട്. (ബുഖാരി, മുസ്‌ലിം)

2. അത്താഴം കഴിക്കുന്നത് പരമാവധി പിന്തിപ്പിക്കുക. കാരണം അത് നബിചര്യയാണ്. സൈദ് (റ) പറയുന്നു: ഒരിക്കൽ ഞങ്ങൾ

നബി (ﷺ) യുടെ കൂടെ അത്താഴം കഴിച്ചു അനന്തരം നബി (ﷺ) സുബ്ഹി നമസ്കാരത്തിന് എഴുന്നേറ്റു. അനസ് ബിൻ മാലിക് (റ) സൈദ് (റ) നോട് ചോദിച്ചു: അപ്പോൾ ബാങ്കിന്റേയും അത്താഴത്തിന്റേയും ഇടയിൽ എത്ര സമയം ഉണ്ടായിരുന്നു? അദ്ദേഹം പറഞ്ഞു: അമ്പത് ആയത്തുകൾ ഓതുന്നത്ര സമയം. ((ബുഖാരി, മുസ്ലിം)

3. സമയമായാൽ ഉടനെ നോമ്പ് തുറക്കുക. നബി (ﷺ) പറഞ്ഞു: നോമ്പു തുറക്കാൻ ധൃതികാണിക്കും കാലം ജനങ്ങൾ നൻമയിലായിരിക്കും (ബുഖാരി, മുസ്ലിം)

4. അനാവശ്യ സംസാരങ്ങളിൽ നിന്ന് നാവിനെ സൂക്ഷിക്കുക.

5. അല്ലാഹു നിഷിദ്ധമാക്കിയത് കാണുന്നതിൽ നിന്ന് കണ്ണിനെ താഴ്ത്തുക. ഓരോ അവയവത്തിനെന്നപോലെ കണ്ണിനും വ്രതമുണ്ട്. കണ്ണിന്റെ വ്രതം നിഷിദ്ധ കാര്യങ്ങളിൽ നിന്നും താഴ്ത്തുക എന്നതാണ്.

6. ഖുർആൻ പാരായണം, പ്രാർഥനകൾ, ദിക്റുകൾ, നമസ്കാരം, ദാനധർമ്മങ്ങൾ എന്നിവ അധികരിപ്പിക്കുക.

## സുന്നത്ത് നോമ്പുകൾ

ഹദീസുകളിൽ വന്നിട്ടുള്ള ഐഛികനോമ്പുകളാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

1. ശവ്വാലിലെ ആറ് നോമ്പ്: നബി(ﷺ) പറഞ്ഞു: വല്ലവനും റമദാൻ നോമ്പെടുക്കുകയും പിന്നീട് ശവ്വാലിൽ നിന്ന് ആറെണ്ണം അതിനോട് ചേർക്കുകയും ചെയ്താൽ വർഷം മുഴുവനും നോമ്പെടുത്തവനെപോലെയാണ്.

2. ഹാജിമാരല്ലാത്തവർക്കുള്ള അറഫാ നോമ്പ്: നബി (ﷺ) പറഞ്ഞു: അറഫാ ദിനത്തിലെ നോമ്പ് കഴിഞ്ഞതും വരാൻ പോകു

ന്നതുമായ ഓരോ വർഷത്തെ പാപങ്ങളെ മായ്ചുകളയും. (ബുഖാരി, മുസ്‌ലിം).

3. ആശൂറാഅ് നോമ്പ്: മുഹറം പത്തിനും അതിന് ഒരു ദിവസം മുമ്പോ ഒരു ദിവസം ശേഷമോ നോമ്പെടുക്കുക. നബി (ﷺ) പറഞ്ഞു: മുഹറം പത്തിന്റെ നോമ്പ് കഴിഞ്ഞ ഒരു വർഷത്തെ പാപങ്ങൾ പൊറുപ്പിക്കുന്നതാണ് (മുസ്‌ലിം)

4. അയ്യാമുൽ ബീളിന്റെ നോമ്പ്: ഓരോ അറബിമാസത്തിലേയും പതിമൂന്ന്, പതിനാല്, പതിനഞ്ച് ദിവസങ്ങളിൽ നോമ്പെടുക്കുന്നതാണിത്. ഇതിന്റെ ശ്രേഷ്ഠതയായി നബി (ﷺ) പറഞ്ഞു: ഓരോ മാസത്തിലേയും മൂന്ന് ദിവസത്തെ നോമ്പ് വർഷം മുഴുവനും നൊമ്പെടുത്തതിന് സമാനമാണ്. (ബുഖാരി, മുസ്‌ലിം).

5. തിങ്കളാഴ്ചയിലെയും വ്യാഴാഴ്ചയിലെയും നോമ്പ്: നബി(ﷺ) പറഞ്ഞു: തിങ്കളാഴ്ചയും വ്യാഴാഴ്ചയും കർമ്മങ്ങൾ പ്രദർശിപ്പിക്കപ്പെടും. ഞാൻ നോമ്പുകാരനായിരിക്കെ എന്റെ കർമ്മങ്ങൾ പ്രദർശിക്കപ്പെടാനാണ് ഞാനിഷ്ടപ്പെടുന്നത്. (തുർമുദി)

6. മുഹറം മാസത്തിലും ശഅബാൻ മാസത്തിലും നോമ്പ് അധികരിപ്പിക്കൽ: നബി(ﷺ) പറഞ്ഞു: റമദാൻ കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹറമാണ്. (മുസ്‌ലിം) ആയിശാ(റ) പറഞ്ഞു: ശഅബാൻ മാസത്തെപോലെ നബി(ﷺ) കൂടുതൽ സുന്നത്ത് നോമ്പെടുത്ത മറ്റൊരു മാസവുമില്ല. (ബുഖാരി)

7. ഓരോ ദിവസവും ഇടവിട്ട് നോമ്പെടുക്കൽ: നബി (ﷺ) പറഞ്ഞു: അല്ലാഹുവിന് ഏറ്റവും ഇഷ്ടപെട്ട നോമ്പ് ദാവൂദ് നബി (عليه السلام) യുടെ നോമ്പാണ് അദ്ദേഹം ഒന്നിടവിട്ട ദിവസങ്ങളിൽ നോമ്പെടുത്തിരുന്നു. (ബുഖാരി, മുസ്‌ലിം)

**സുന്നത്ത് നോമ്പുകളുടെ സത്ഫലങ്ങൾ**

1 - അല്ലാഹുവിലേക്ക് കൂടുതല്‍ അടുക്കുവാനുള്ള മാര്‍ഗങ്ങളില്‍ പെട്ടതാണിത്. റമദാനിന് ശേഷവും നോമ്പെടുക്കാന്‍ സാധിക്കുന്നത് തന്റെ കര്‍മ്മങ്ങള്‍ അല്ലാഹുവിങ്കല്‍ സ്വീകരിക്കപ്പെടുന്നതിന്റെ അടയാളമായി മനസ്സിലാക്കാം.

2 - റമദാനിന്ന് ശേഷം നോമ്പെടുക്കുന്നതിലൂടെ തന്റെ രക്ഷിതാവിനോട് നന്ദികാണിക്കുകയാണ് ചെയ്യുന്നത്. വിശ്വാസത്തോടെയും പ്രതിഫലം ആഗ്രഹിച്ചും റമദാന്‍ നോമ്പെടുത്താല്‍ കഴിഞ്ഞുപോയ പാപങ്ങളെല്ലാം പൊറുക്കപ്പെടുമല്ലോ. ഈ അനുഗ്രഹത്തിനുള്ള നന്ദിയായിട്ടാണ് റമദാനിന് ശേഷവും വ്രതമെടുക്കുന്നത്.

3 - ഐച്ഛിക നോമ്പിലൂടെ തന്റെ ജീവിതം മുഴുവനും രക്ഷിതാവിനുള്ള ആരാധനയില്‍ കഴിയുവാനുള്ള പ്രതിജ്ഞ എടുക്കുകയാണ്. പുണ്യകര്‍മ്മങ്ങള്‍ക്കുള്ള അവസരം അവസാനിക്കുന്നില്ല.

4 - ഐച്ഛിക നോമ്പ് കാരണമായി അല്ലാഹു തന്റെ ദാസനെ ഇഷ്ടപ്പെടുകയും അവന്റെ പ്രാര്‍ഥനകള്‍ക്ക് ഉത്തരം നല്‍കുകയും പാപങ്ങള്‍ പൊറുത്തുകൊടുക്കുകയും ചെയ്യും.

അല്ലാഹു നമ്മുടെ കര്‍മ്മങ്ങള്‍ക്ക് മഹത്തായ പ്രതിഫലം നല്‍കട്ടെ, നമ്മെ അനുഗ്രഹിക്കട്ടെ, തീര്‍ച്ചയായും അവന്‍ പ്രാര്‍ഥന കേള്‍ക്കുന്നവനും ഉത്തരം നല്‍കുന്നവനുമാണ്.

## ഭാഗം ഏഴ്

## ഹജ്ജ്

ലക്ഷ്യംവെക്കുക എന്നാണ് ഭാഷയിൽ ഹജ്ജ് എന്നതിനർത്ഥം.

നിശ്ചിത കാലത്ത് ത്വവാഫും സഅ്യും അറഫാ നിർത്തവും ഉൾപ്പെടെയുള്ള ആരാധനാ കർമ്മങ്ങൾ നിർവഹിക്കാൻ പ്രത്യേക നിയ്യത്തോടെ പരിശുദ്ധ കഅ്ബാ മന്ദിരം ലക്ഷ്യം വെക്കുന്നതിനാണ് ഹജ്ജ് എന്ന് പറയുക.

**ഹജ്ജ്: നിയമമാക്കിയതിന്റെ അടിസ്ഥാനം**

ഖുർആനും സുന്നത്തും മുസ്‌ലിം ഉമ്മത്തിന്റെ ഏകോപിച്ച അഭിപ്രായവും ഹജ്ജ് ഫർളാണെന്ന് സ്ഥിരീകരിക്കുന്നു.

അല്ലാഹു പറഞ്ഞു:

﴿وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا وَمَنْ كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ﴾[1]

ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു. (ആലു ഇംറാൻ 97)

അബ്ദുല്ലാഹിബിൻ ഉമർ (റ) പറയുന്നു: നബി (ﷺ) പറഞ്ഞു: ഇസ്‌ലാം അഞ്ച് കാര്യങ്ങളിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു... അതിൽ ഹജ്ജിനെയും എണ്ണിയിട്ടുണ്ട്.

മറ്റൊരു ഹദീസ്: അബൂഹുറൈറ (റ) പറഞ്ഞു: നബി (ﷺ) ഒരിക്കൽ പ്രസംഗിക്കവെ പറഞ്ഞു: ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബന്ധമാക്കിയിരിക്കുന്നു. അതിനാൽ

(1) سورة آل عمران: الآية ٩٧

നിങ്ങൾ ഹജ്ജ് ചെയ്യുവീൻ.. അപ്പോൾ ഒരാൾ ചോദിച്ചു: എല്ലാ വർഷവുമോ റസൂലേ ? നബി (ﷺ) മൗനം പാലിച്ചു. മൂന്ന് പ്രാവശ്യം അദ്ദേഹം ആ ചോദ്യം ആവർത്തിച്ചു. നബി (ﷺ) പറഞ്ഞു; ഞാൻ അതെ എന്ന് പറഞ്ഞാൽ അത് നിർബന്ധമാവുകയും നിങ്ങൾക്കത് സാധിക്കാതെവരികയും ചെയ്യും (മുസ്ലിം) ഇതല്ലാതെയും ധാരാളം തെളിവുകൾ ഖുർആനിലും സുന്നത്തിലും കാണാവുന്നതാണ്.

ഹജ്ജ് ഫർളാണെന്നതിന്ന് ഇജ്മാഅ് ഉള്ളതായി ധാരാളം പണ്ഡിതന്മാർ സൂചിപ്പിച്ചിട്ടുണ്ട്. 'കാസാനി' തന്റെ 'ബദാഇഅ സ്വനാഇഅ്' എന്ന ഗ്രന്ഥത്തിലും (2/118) 'ഇബ്നു ഖുദാമ' തന്റെ 'മുഗ്നി' യിലും (5/6) അത് ഉദ്ധരിച്ചിട്ടുണ്ട്.

**ഹജ്ജിന്റെ മഹത്വങ്ങൾ**

ഹജ്ജിന്റെ മഹത്തരമായ ധാരാളം ശ്രേഷ്ഠതകൾ ഖുർആനും സുന്നത്തും വിശദീകരിക്കുന്നുണ്ട്. നബിചര്യയിൽ നിന്നും ചിലത് താഴെ കൊടുക്കുന്നു:

1 - ശിർക്കും കുഫ്റും ഉൾപ്പടെ എല്ലാ പാപങ്ങളെയും ഹജ്ജ് തകർത്ത് കളയും:

അംറു ബിൻ ആസ്വ് (റ) പറയുന്നു: എന്റെ മനസ്സിൽ ഇസ്ലാമിനെ അല്ലാഹു ആക്കിയപ്പോൾ ഞാൻ നബി (ﷺ) യെ സമീപിച്ചു. ഞാൻ പറഞ്ഞു പ്രാവാചകരേ, കൈ നീട്ടൂ ഞാൻ താങ്കളോട് ബൈഅത്ത് ചെയ്യാം. അവിടുന്ന് വലതു കൈ നീട്ടി. അപ്പോൾ ഞാൻ എന്റെ കൈ ചുരുട്ടിപിടിച്ചു. തിരുമേനി ചോദിച്ചു: അംറേ ഇതെന്താണ്? ഞാൻ പറഞ്ഞു: എനിക്കൊരു നിബന്ധനയുണ്ട്. അദ്ദേഹം ചോദിച്ചു : എന്ത് നിബന്ധനയാണ്? ഞാൻ പറഞ്ഞു: എന്റെ പാപങ്ങൾ പൊറുക്കപ്പെടണം. അവിടുന്ന് അരുളി: ഇസ്ലാം അതിന് മുമ്പുള്ള (പാപങ്ങളെ) നിഷ്ഫലമാ

ക്കുമെന്നും ഹിജ്റ അതിന് മുമ്പുള്ളതെല്ലാം നിഷ്ഫലമാക്കു മെന്നും ഹജ്ജ് അതിന് മുമ്പുള്ളതെല്ലാം ഇല്ലാതാകുമെന്നും നിനക്കറിയില്ലേ? (മുസ്‌ലിം 121)

2 - ഹാജി ഉമ്മ തന്നെ പ്രസവിച്ച ദിവസത്തെപോലെ പാപമോചിതനായി ഹജ്ജിൽ നിന്നും മടങ്ങുന്നു.

അബൂഹുറഹ (റ) നിവേദനം നബി (ﷺ) പറഞ്ഞു: സ്ത്രീ വിഷയ സംബന്ധമായ കാര്യങ്ങളോ മറ്റു അധർമ്മങ്ങളോ പ്രവർ ത്തിക്കാതെ ഈ ദേവാലയത്തിങ്കൽ വന്ന് ഹജ്ജ് നിർവഹി ക്കുന്നവൻ തന്നെ മാതാവ് പ്രസവിച്ച ദിവസത്തെ പോലെ (പാപമുക്തനായി) മടങ്ങുന്നതാണ്. (ബുഖാരി, മുസ്‌ലിം).

3 - ഹജ്ജ് ജിഹാദിന്റെ ഒരിനവും അതിൽ ശ്രേഷ്ഠത കൂടിയതുമാണ്.

ആയിശാ (റ) നിവേദനം, ഞാൻ പറഞ്ഞു: പ്രവാചകരേ ഏറ്റവും ശ്രേഷ്ഠമായ കർമ്മം ജിഹാദാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങൾ (സ്ത്രീകൾ) ജിഹാദിന് പുറപ്പെടട്ടെ? അവിടുന്ന് അരുളി: വേണ്ട. ഏറ്റവും ശ്രേഷ്ഠമായ ജിഹാദ് പുണ്യക രമായ ഹജ്ജാണ്. (ബുഖാരി, മുസ്‌ലിം).

4 - അത്യുന്നതമായ ലക്ഷ്യമായ സ്വർഗം നേടാൻ കഴിയും.

അബൂഹുറൈറ (റ) നിവേദനം നബി (ﷺ) പറഞ്ഞു: പുണ്യകര മായ ഹജ്ജിന്ന് സ്വർഗമല്ലാതെ പ്രതിഫലമില്ല. (ബുഖാരി, മുസ്‌ലിം).

**ഹജ്ജിന്റെ ലക്ഷ്യങ്ങൾ**

ഹജ്ജ്കർമ്മം നിശ്ചയിച്ചതിന്ന് അതിമഹത്തായ പല ലക്ഷ്യങ്ങളുമുണ്ട്. അവ ക്ലിപ്തപ്പെടുത്താൻ നമുക്ക് ഒരിക്കലും സാധിക്കുന്നതല്ല. എങ്കിലും അതിന്റെ ചില ലക്ഷ്യങ്ങൾ താഴെ വിവരിക്കാം:-

1. ഹജ്ജ് അല്ലാഹുവിന്റെ ആജ്ഞ അനുവർത്തിക്കലും അവന്റെ വിളിക്കുത്തരം നൽകലുമാണ്. ഇതിലൂടെ നിഷ്കളങ്കമായ വിധേയത്ത്വവും സത്യസന്ധമായ കീഴ്‌വണക്കവും സാധ്യമാകുന്നു.

2. വഹ്‌യിന്റെ ആത്മാവുമായി ബന്ധമുണ്ടാകുന്നു. പരിശുദ്ധ ഭൂമി ദിവ്യസന്ദേശം അവതരിച്ച സ്ഥാനം കൂടിയാണല്ലോ. മുസ്‌ലിംകൾ ആ പുണ്യഭൂമിയിലെത്തുമ്പോൾ അല്ലാഹുവിന്റെ മതം ഉൾകൊള്ളുകയും പ്രചരിപ്പിക്കുകയും ആ മാർഗത്തിൽ കഠിന പരിശ്രമം നടത്തുകയും ചെയ്ത ആദ്യ തലമുറയുടെ സമീപത്തെത്തുകയാണ്.

3. ഹജ്ജിലൂടെ മഹിതമായ മനുഷ്യസമത്വത്തിന്റെ പ്രായോഗിക വിളംബരം നടക്കുന്നു. ഭൗതികതയുടെ യാതൊരു അടയാളം കൊണ്ടും വേർതിരിക്കാതെയാണ് അറഫാ മൈതാനിയിൽ ജനകോടികൾ ഒരുമിക്കുന്നത്.

4. ഹജ്ജിലൂടെ പരസ്പരം അറിയുകയും അടുക്കുകയും ചെയ്യുക എന്ന തത്വം ശക്താമാകുന്നു. അറിഞ്ഞും അറിയിച്ചും കൂട്ടായ ആശയകൈമാറ്റം നടത്തിയും സമുദായത്തെ ഉന്നതിയിലേക്ക് നയിക്കാൻ സാധിക്കും.

**ഹജ്ജ് നിർബന്ധമാകുന്നതിനുള്ള നിബന്ധനകൾ**

1 - മുസ്ലിമായിരിക്കുക, അവിശ്വാസിയുടെ സാധുവാകില്ല.

2 - ബുദ്ധിയുണ്ടായിരിക്കുക.

ഭ്രാന്തന്റെ ഹജ്ജ് സാധുവാകില്ല ബുദ്ധിയുണ്ടായിരിക്കുക എന്നത് ദൈവിക ശാസനയേൽക്കാൻ അനിവാര്യമാണ്. ഭ്രാന്തന് മത ശാസനയില്ല. അതിനാൽ ഹജ്ജ് അയാൾക്ക് നിർബന്ധവുമില്ല.

3 - പ്രായ പൂർത്തിയെത്തുക. പ്രായപൂർത്തിയെത്താത്ത കുട്ടി ഹജ്ജ് ചെയ്യാൻ കൽപിക്കപെട്ടിട്ടില്ല. എന്നാൽ അവൻ

ഹജ്ജ് ചെയ്യുകയാണെങ്കിൽ സാധുവായിത്തീരും. പക്ഷെ ഇസ്ലാമിലെ നിർബന്ധമായ ഹജ്ജിന് അതു പകരമാകില്ല.

4 - സ്വതന്ത്രനായിരിക്കുക. അടിമത്തം ഹജ്ജിന്റെ നിർബന്ധത്തെ ഒഴിവാക്കുന്നു. അടിമ ഹജ്ജ് ചെയ്യുകയാണെങ്കിൽ അതൊരു സുന്നത്തായ ഹജ്ജായി സ്വീകരിക്കപ്പെടും. ഇസ്ലാമിലെ നിർബന്ധ ഹജ്ജ് വീണ്ടും അനിവാര്യമായിരിക്കും എന്നാണ് അധിക പണ്ഡിതന്മാരുടേയും മതം. ഇസ്ലാമിലെ നിർബന്ധമായ ഹജ്ജിന് പകരമായി അതു തന്നെ മതി എന്ന് മറ്റു ചില പണ്ഡിതരും അഭിപ്രായപ്പെടുന്നു.

5 - ഹജ്ജ് ചെയ്യാനുള്ള കഴിവുണ്ടായിരിക്കുക. അല്ലാഹു പറഞ്ഞു:

﴿وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا وَمَنْ كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ﴾[١]

ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു. (ആലു ഇംറാൻ 97)

**കഴിവുകൾ രണ്ടു തരമുണ്ട്**

ഒന്ന്: സ്ത്രീകൾക്കും പുരുഷന്മാർക്കും ബാധകമായ കഴിവുകൾ.

രണ്ട്: സ്ത്രീകൾക്ക് മാത്രമായി ബാധകമായ കഴിവുകൾ.

**സ്ത്രീകൾക്കും പുരുഷന്മാർക്കും ബാധകമായ കഴിവുകൾ**

അവ നാലെണ്ണമാണ്:

1 - യാത്രാ വാഹനത്തിനും ഭക്ഷണത്തിനുമുള്ള കഴിവ്: മനുഷ്യൻ യാത്ര ചെയ്യുന്ന ഒട്ടകം, കഴുത, കാർ, വിമാനം

---

(١) سورة آل عمران: الآية ٩٧

പോലുള്ള യാത്രക്കുള്ള വാഹനം ഉണ്ടായിരിക്കുക. യാത്രയിൽ ഭക്ഷണത്തിനും വെള്ളത്തിനും മറ്റു യാത്രാ സാമഗ്രികൾക്കു മുള്ള കഴിവും ഉണ്ടായിരിക്കണം.

2 – ആരോഗ്യമുണ്ടായിരിക്കുക.

3 – വഴി സുരക്ഷിതമായിരിക്കുക.

4 – യാത്രാ സാധ്യമയിരിക്കുക.

**സ്ത്രീകളെ മാത്രമായി ബാധിക്കുന്ന കഴിവുകൾ:**

മുകളിൽ വിവരിച്ച നിബന്ധനകൾക്ക് പുറമെ സ്ത്രീകൾക്ക് മാത്രമായി രണ്ട് നിബന്ധനകൾ അധികമായുണ്ട്.

1 – മഹ്റം (വിവാഹം നിഷദ്ധമായ പുരുഷൻ) ഉണ്ടായിരിക്കണം.

2 – ഭർത്താവ് മരണപെട്ടതിനാൽ ഇദ്ദയിലിരിക്കുന്നവളാകരുത്.

**ഹജ്ജിന്റെ റുക്നുകൾ**

1 – ഇഹ്റാം.

2 – അറഫയിലെ നിറുത്തം.

3 – ത്വവാഫുൽ ഇഫാള.

4 – സഫാ മർവക്കിടയിലെ സഅ്യ്.

ഈ നാല് റുക്നുകളിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെട്ടാൽ ഹജ്ജ് സ്വീകാര്യമാകുകയില്ല.

**ഹജ്ജിന്റെ വാജിബുകൾ**

1 – മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യൽ.

2 – പകൽ അറഫയിൽ എത്തിച്ചേർന്നവർ സന്ധ്യയാകുന്നത് വരെ അറഫയിൽ നിൽക്കൽ.

3 – ദുൽഹജ്ജ് 9 – ന് അർദ്ധരാത്രി വരെയെങ്കിലും നേരത്തെ എത്തിയവർ മുസ്ദലിഫയിൽ രാപ്പാർക്കൽ.

4 – അയ്യാമുത്തശ്‌രീഖിന്റെ ദിവസങ്ങളിൽ മിനായിൽ രാപ്പാർക്കൽ.

5 – ക്രമപ്രകാരം ജംറകളിൽ കല്ലെറിയൽ.

6. തലമുടി മുണ്ഡനം ചെയ്യുകയോ വെട്ടുകയോചെയ്യൽ.

7. ആർത്തവമോ പ്രസവാശുദ്ധിയോ ഇല്ലാത്തവർ വദാഇന്റെ ത്വവാഫ് ചെയ്യൽ.

മുകളിൽ പറഞ്ഞ ഈ വാജിബുകളിൽ നിന്നും മനഷ്പൂർവം വല്ലതും ഉപേക്ഷിക്കുന്നവൻ കുറ്റക്കാരനാണ്. അയാൾ പ്രാശ്ചിത്തവും തൗബയും ചെയ്യുന്നതോടൊപ്പം ഒരു മൃഗത്തെ അറുത്ത് ദാനം ചെയ്യണം. എന്നാൽ മറന്ന് കൊണ്ടോ അറിവില്ലാതെയോ വിട്ടുപോയതാണെങ്കിൽ മൃഗത്തെ അറുത്ത് ദാനം ചെയ്യണം.

8 – തമത്തുഇന്റെയും ഖിറാനിന്റെയും ബലിയറുക്കുക.

**ഹജ്ജിന്റെ പ്രധാന സുന്നത്തുകൾ**

1 – ഇഹ്റാമിന് വേണ്ടി കുളിക്കുകയും സുഗന്ധം പൂശുകയും ചെയ്ത ശേഷം വെളുത്ത രണ്ട് വസ്ത്രങ്ങൾ ധരിക്കൽ.

2 – മുഫ്രിദോ ഖാരിനോ ആയി ഹജ്ജ് ചെയ്യുന്നവർ ത്വവാഫുൽ ഖുദൂം നിർവഹിക്കൽ.

3 ഖുദൂമിന്റെ ത്വാഫിൽ ആദ്യത്തെ മൂന്ന് ചുറ്റിൽ കാലുകൾ അടുപ്പിച്ചുവെച്ച് വേഗതയിൽ നടക്കൽ. ഇതിന് റംല് എന്ന് പറയും.

4 – ഖുദൂമിന്റെ ത്വവാഫിൽ മേൽമുണ്ട് 'ഇൾതിബാഇ'ന്റെ രൂപത്തിൽ അഥവാ അതിന്റെ മധ്യഭാഗം വലത് കക്ഷത്തിന്റെ അടിയിലൂടെയും രണ്ടറ്റങ്ങളും ഇടത് ചുമലിലുമായി ധരിക്കൽ.

5 – അറഫായുടെ തലേദിവസം മിനായിൽ രാപാർക്കൽ.

6 – ഇഹ്റാമിൽ പ്രവേശിച്ചതു മുതൽ ജംറകളിൽ കല്ലെറിയുന്നത് വരെ തൽബിയത്ത് ചൊല്ലൽ.

7 – മുസ്ദലിഫയിൽ എത്തിയ ശേഷം മഗ്രിബും ഇശായും ജംആക്കി (ജംഉത്ത്ഖീർ ) നമസ്കരിക്കൽ.

8 - സാധ്യമാണെങ്കിൽ മുസ്ദലിഫയിൽ മശ്അറുൽഹറാമിനടുത്ത് വെച്ച് ഫജ്ർ മുതൽ വെളിച്ചം പരക്കുന്നത് വരെ നിന്ന് പ്രാർത്ഥിക്കൽ..

മുകളിൽ വിവരിച്ച ഏതെങ്കിലും ഒരു സുന്നത്ത് നഷ്ടപ്പെടുകയോ മനപ്പൂർവ്വം ഒഴിവാക്കുകയോ ചെയ്താലും യാതൊരു തകരാറും ഇല്ല. നബി (ﷺ) യുടെ സുന്നത്ത് പിൻപറ്റുക എന്ന നിലക്ക് അതെല്ലാം നിർവഹിക്കലാണ് ഏറ്റവും പുണ്യം.

**ഹജ്ജിന്റെ മീഖാത്തുകൾ**

ഹജ്ജിനും ഉംറക്കും അല്ലാഹു നിശ്ചയിച്ച രണ്ടുതരം മീഖാത്തുകളുണ്ട്.

**ഒന്ന്: കാലവുായി ബന്ധപ്പെട്ട മീഖാത്ത്**

ഹജ്ജിന്ന് മാത്രം പ്രത്യേകമായ നിശ്ചിത കാലമാണിത്. ശവ്വാൽ മാസം മുതൽ ആരംഭിക്കുകയും ദുൽഹിജ്ജ മാസം പത്ത് വരെ നീണ്ടു നിൽക്കുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞു:

﴿الْحَجُّ أَشْهُرٌ مَعْلُومَاتٌ فَمَنْ فَرَضَ فِيهِنَّ الْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلاَ جِدَالَ فِي الْحَجِّ﴾

ഹജ്ജ് കാലം അറിയപ്പെട്ട മാസങ്ങളാകുന്നു. ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് കർമ്മത്തിൽ പ്രവേശിച്ചാൽ പിന്നീട് സ്ത്രീ - പുരുഷ സംസർഗമോ ദുർവൃത്തിയോ വഴക്കോ ഹജ്ജിനിടയിൽ പാടുള്ളതല്ല. (ബഖറ : 197)

എന്നാൽ ഉംറക്ക് പ്രത്യേകമായ കാല നിശ്ചയമില്ല. അതിനാൽ ഉംറ ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് ഏത് കാലത്തും ചെയ്യാവുന്നതാണ്.

**രണ്ട്: സ്ഥലവുമായി ബനന്ധപ്പെട്ട മീഖാത്ത്**

അത് ഹജ്ജിനും ഉംറക്കും ബാധകമാണ്. ഹജ്ജിനോ ഉംറക്കോ വേണ്ടി മക്കയിലേക്ക് വരുന്നവർ ഇഹ്റാമോടു കൂടിയ

ല്ലാതെ വിട്ടുകടക്കാൻ പാടില്ലാത്ത അതിർത്തിക്കാണ് മീഖാത്ത് എന്ന് പറയുന്നത്. അവ:

1) ദുൽ ഖുലൈഫ: മദീനാക്കാരുടെ മീഖാത്താണിത്.

2) ജുഹ്ഫ: സിറിയ, ഈജിപ്ത്, മൊറോക്കോ തുടങ്ങിയ നാട്ടുകാരുടെ മീഖാത്താണിത്.

3) ഖർനുൽ മനാസിൽ: നജ്ദുകാരുടെ മീഖാത്താണത്, സൈലുൽ കബീർ എന്നാണ് ഇപ്പോൾ അറിയപ്പെടുന്നത്.

4) യലംലം: യമൻകാരുടെ മീഖാത്താണിത്.

5) ദാതുഇർഖ്: ഇറാഖുകാരുടെയും കിഴക്കൻ ദേശത്തുകാരുടേയും മീഖാത്താണത്.

### മീഖാത്തുകളുമായി ബന്ധപ്പെട്ട ചില മുഖ്യ വിഷയങ്ങൾ

1 – മുകളിൽ പരാമർശിക്കപെട്ട മീഖാത്തുകൾ ഹജ്ജും ഉംറയും ഉദ്ദേശിച്ച് പുറപ്പെടുന്ന ആ നാട്ടുകാർക്കും അതുവഴി കടന്ന് പോകുന്ന മറ്റു നാട്ടുകാർക്കും ഇഹ്റാം ചെയ്യുവാനുള്ളതാണ്.

2 – ഈ മീഖാത്തുകൾക്കുള്ളിൽ താമസിക്കുന്നവർ ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്യേണ്ടത് അവരുടെ താമസസ്ഥലത്ത് വെച്ചാണ് . മക്കക്കാർ ഹജ്ജിന് ഇഹ്റാം ചെയ്യേണ്ടത് മക്കയിൽ വെച്ച് തന്നെയാണ്. എന്നാൽ ഉംറക്ക് ഇഹ്റാം ചെയ്യാൻ അവർ ഹറമിൽ നിന്നും പുറത്ത് പോകണം.

3 – വിമാന മാർഗം സഞ്ചരിക്കുന്നവർ നിശ്ചയിക്കപ്പെട്ട മീഖാത്തുകൾക്ക് നേരെ എത്തുമ്പോൾ അന്തരീക്ഷത്തിൽ വെച്ച് തന്നെ ഇഹ്റാം ചെയ്യുകയാണ് വേണ്ടത്. ജിദ്ദ എയർപോർട്ടിൽ ഇറങ്ങിയ ശേഷം ഇഹ്റാം ചെയ്യാം എന്ന് കരുതി നീട്ടിവെക്കാൻ പാടില്ല. ജിദ്ദ ഒരിക്കലും മീഖാത്തായി നിശ്ചയിക്കപ്പെട്ടിട്ടില്ല. ഇനി ആരെങ്കിലും അങ്ങിനെ ചെയ്താൽ ഹജ്ജിന്റെ ഒരു വാജിബ് നഷ്ടപ്പെടുത്തിയതിനുള്ള പ്രായശ്ചിത്തമായി ഒരു

മൃഗത്തെ അറുത്ത് മക്കയിലെ ദരിദ്രർക്കിടയിൽ വിതരണം ചെയ്യേണ്ടതാണ്.

4 – ഇഹ്റാം ചെയ്യാതെ നിശ്ചയിക്കപ്പെട്ട മീഖാത്ത് കടന്നുപോയവർ ആ മീഖാത്തിലേക്ക് തന്നെ മടങ്ങിപോയി ഇഹ്റാം ചെയ്യൽ നിർബന്ധമാണ്. ഹജ്ജിന്റെ നിർബന്ധ കാര്യങ്ങളിൽ പെട്ടതും നിർവഹിക്കുവാൻ സാധിക്കുന്നതുമായ ഈ കാര്യം നഷ്ടപ്പെടുത്തിയാൽ ഒരു മൃഗത്തെ അറുത്ത് പ്രായശ്ചിത്തം ചെയ്യണം.

## ഹജ്ജിന്റെ മനാസികുകൾ

### ഒന്ന്: ഇഹ്റാം ചെയ്യുക

ഹജ്ജിന്റെ റുക്നുകളിൽ ഒന്നാമത്തേതാണിത്. ഹജ്ജ് കർമ്മത്തിൽ പ്രവേശിക്കുന്നു എന്ന പ്രഖ്യാപനമാണത്. ഇതോടെ ഒരു മുസ്‌ലിം തനിക്ക് ഇഹ്റാമിന് മുമ്പ് അനുവദിക്കപ്പെട്ടിരുന്ന വിവാഹം, മുടിയും നഖവും വെട്ടുക, സുഗന്ധം ഉപയോഗിക്കുക തുടങ്ങിയ ധാരളം കാര്യങ്ങൾ നിഷിദ്ധമാക്കുകയാണ്. അതുകൊണ്ടാണ് ഇഹ്റാം എന്ന് പേരു വന്നത്.

### ഇഹ്റാമിന്റെ രൂപങ്ങൾ

മൂന്ന് രൂപത്തിൽ ഇഹ്റാം ചെയ്യാവുന്നതാണ്:

1) തമത്തുഅ്: ഹജ്ജ് മാസത്തിൽ ഉംറക്കുവേണ്ടി മാത്രം മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യുകയും പിന്നീട് തന്റെ നാട്ടിലേക്ക് തിരിച്ചുപോകാതെ ഉംറയിൽ നിന്ന് വിരമിച്ച ശേഷം അതേ വർഷം തന്നെ ഹജ്ജിനും ഇഹ്റാം ചെയ്യലാണിത്. ഈ ഇഹ്റാമിന്റെ സന്ദർഭത്തിൽ ഇപ്രകാരം പറയണം:

لَبَّيْكَ عُمْرَةً مُتَمَتِّعًا بِهَا إِلَى الْحَجِّ (ഹജ്ജു വരെ ഇടവേള ഉപയോഗപ്പെടുത്തിയുള്ള ഉംറക്ക് ഞാനിതാ ഉത്തരം

നൽകിയിരിക്കുന്നു) പിന്നീട് ഹജ്ജിന് വേണ്ടിയുള്ള ഇഹ്റാം അതിന്റെ സമയമാകുമ്പോൾ ചെയ്താൽ മതി.

2) ഖിറാൻ: ഒരു ഇഹ്റാമിൽ തന്നെ ഹജ്ജും ഉംറയും ഒരുമിച്ച് ചെയ്യുന്ന രീതിക്കാണ് ഖിറാൻ എന്ന് പറയുന്നത്. ഈ ഇഹ്റാമിന്റെ സന്ദർഭത്തിൽ **لَبَّيْكَ عُمْرَةً وَحَجًّا** (ഹജ്ജിനും ഉംറക്കും വേണ്ടി ഞാൻ ഉത്തരം നൽകിയിരിക്കുന്നു) എന്നാണ് പറയേണ്ടത്.

3) ഇഫ്റാദ് : ഹജ്ജിന് വേണ്ടി മാത്രം ഇഹ്റാം ചെയ്യുന്നതിനാണ് ഇഫ്റാദ് എന്ന് പറയുന്നത്. ഈ ഇഹ്റാമിന്റെ അവസരത്തിൽ **لَبَّيْكَ حَجًّا** (ഞാൻ ഹജ്ജിന് ഉത്തരം ചെയ്തിരിക്കുന്നു) എന്ന് പറയണം.

ശ്രദ്ധിക്കുക: തമത്തുഇന്റെയും ഖിറാനിന്റെയും രൂപത്തിൽ ഹജ്ജു ചെയ്യുന്നവർ ഒരു ബലി മൃഗത്തെയോ (ആടോ മാടോ ഒട്ടകമോ) അല്ലെങ്കിൽ ഒരു ഒട്ടകത്തിന്റേയോ മാടിന്റേയോ ഏഴിൽ ഒരു പങ്കോ ഹദ്‌യ നൽകണം. എന്നാൽ ഇഫ്റാദുകാരന് അതു നിർബന്ധമില്ല.

### ഇഹ്റാമിന്റെ വാജിബുകൾ

ഇഹ്റാമിന്ന് രണ്ട് വാജിബുകൾ ഉണ്ട്.

1) മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യുക: നബി (ﷺ) യുടെ കൽപനയും പ്രവർത്തിയും അതു സൂചിപ്പിക്കുന്നു.

2) പുരുഷന്മാർ തുന്നിയ വസ്ത്രങ്ങളെല്ലാം ഒഴിവാക്കുക: ഇഹ്റാമിൽ വിരോധിക്കപ്പെട്ടതെന്തെങ്കിലും ചെയ്തുപോയാൽ ന്യൂനത പരിഹരിക്കാനായി പ്രായശ്ചിത്തം ചെയ്യണം. മൂന്ന് ദിവസത്തെ നോമ്പെടുക്കുകയോ ആറ് ദരിദ്രർക്ക് ഭക്ഷണം നൽകുകയോ ഒരു ആടിനെ അറുത്ത് മക്കയിലെ ദരിദ്രർക്ക് വിതരണം ചെയ്യുകയോ (മൂന്നിൽ ഏതെങ്കിലും ഇഷ്ടമുള്ള കാര്യം) ആണ് പ്രാശ്ചിത്തം.

**ഇഹ്റാമിന്റെ സുന്നത്തുകൾ**

1) കുളിക്കിക്കുക: ഇഹ്റാം ചെയ്യുന്നവർ - ആർത്തവകാരിയും പ്രസവാശുദ്ധിയുള്ളവരായാലും - കുളിച്ച് ശുദ്ധിവരുത്തൽ സുന്നത്താണ്.

2) നഖം വെട്ടുക, കക്ഷത്തിലെയും ഗുഹ്യസ്ഥാനങ്ങളിലെയും രോമം നീക്കുക, മീശ വെട്ടുക.

3) ഇഹ്റാമിന് മുമ്പ് ശരീരത്തിൽ സുഗന്ധം പുരട്ടുക.

4) പുരുഷന്മാർ ഇഹ്റാം ചെയ്യുന്നത് വൃത്തിയുള്ളതും വെളുത്തതുമായ രണ്ട് വസ്ത്രങ്ങളിലായിരിക്കുക .

5) ഇഹ്റാമിൽ പ്രവേശിച്ചതുമുതൽ കഅ്ബയിൽ എത്തി ത്വവാഫ് ആരംഭിക്കുന്നത് വരെ പുരുഷന്മാർ ശബ്ദം ഉയർത്തിയും സ്ത്രീകൾ ശബ്ദം താഴ്ത്തിയും തൽബിയത്ത് ചൊല്ലുക.

**ഇഹ്റാമിൽ പാടില്ലാത്തവ**

**പുരുഷന്മാർക്കും സ്ത്രീകൾക്കും നിഷിദ്ധമായവ:**

1) തലയിൽ നിന്നോ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നോ മുടി നീക്കം ചെയ്യുക.

2) കൈകാലുകളിലെ നഖം മുറിക്കുക.

3) ഇഹ്റാമിന്ന് ശേഷം ശരീരത്തിലോ വ്സ്ത്രത്തിലോ മറ്റോ സുഗന്ധം ഉപയോഗിക്കുക.

4) സംയോഗവും അതിന്റെ മുന്നോടിയായുണ്ടാകുന്ന നികാഹ്, വികാരത്തോടെയുള്ള നോട്ടം തുടങ്ങിയവ

5) കയ്യുറ ധരിക്കുക.

6) മൃഗങ്ങളെ വേട്ടയാടുക.

**പുരുഷന്മാർക്ക് മാത്രം നിഷിദ്ധമായവ:**

1) ശരീരത്തിലെ ഏതെങ്കിലും അവയവത്തെ ധരിപ്പിക്കുന്ന വിധമുള്ള ഷർട്ട് പാന്റ് പോലുള്ള തുന്നിയ വസ്ത്രം ധരിക്കുക.

2) തലപ്പാവ് തൊപ്പി പോലുള്ളവ ഉപയോഗിക്കുക.

**സ്ത്രീകൾക്ക് മാത്രം നിഷിദ്ധമായവ:**

നിഖാബ് ധരിക്കുക: അതായത് രണ്ട് കണ്ണുകൾ മാത്രം പുറത്തു കാണുന്ന മുഖംമൂടി ധരിക്കുക. എന്നാൽ അന്യ പുരുഷന്മാരുടെ മുമ്പിൽ തട്ടം കൊണ്ടോ മൂടുപടം കൊണ്ടോ മുഖം മറക്കേണ്ടതാണ്.

**രണ്ട്: തൽബിയത്ത്**

ഹജ്ജോ ഉംറയോ ചെയ്യുന്നവർ ഉച്ചരിക്കുന്ന മന്ത്രമാണത്:

(لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ، إِنَّ الحَمْدَ وَالنِّعْمَةَ لَكَ وَالمُلْكَ، لاَ شَرِيكَ لَكَ)

(അല്ലാഹുവേ ഞാനിതാ നിന്റെ വിളിക്കുത്തരം നൽകി എത്തിയിരിക്കുന്നു. നിനക്ക് ഒരു പങ്കുകാരുമില്ല. മുഴുവൻ സ്തുതികീർത്തനങ്ങളും അനുഗ്രഹങ്ങളും ആധിപത്യങ്ങളും നിന്റേതാണ്. നിനക്ക് ഒരു പങ്കുകാരുമില്ല)

**തൽബിയത്തിന്റെ വിധി**

ഇഹ്റാമിൽ പ്രവേശിച്ചതു മുതൽ തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കൽ സുന്നത്താണ്. ഹജറുൽ അസ്‌വദ് ചുംബിക്കുകയും കഅബയെ ത്വവാഫ് ചെയ്യാൻ ആരംഭിക്കു കയും ചെയ്യുമ്പോൾ തൽബിയത്ത് അവസാനിക്കും.

**മൂന്ന്: ത്വവാഫ്**

കഅ്ബയെ തന്റെ ഇടത് ഭാഗത്താക്കി, ഹജറുൽ അസ്‌വദിൽ നിന്നും തുടങ്ങി അവിടെ തന്നെ അവസാനിപ്പിച്ചു കൊണ്ട് ഏഴ് പ്രാവശ്യം പ്രദിക്ഷണം ചെയ്യുന്ന പ്രത്യേക ഇബാദത്താണ് ത്വവാഫ്.

**ത്വവാഫിന്റെ വിധികൾ**

ത്വവാഫിന്റെ ഇനമനുസരിച്ച് അതിന്റെ വിധിയും മാറും.

1. ത്വവാഫുൽ ഖുദൂം. ഇഹ്റാമിലായിക്കൊണ്ട് മക്കയിൽ പ്രവേശിക്കുന്ന ഖിറാനിന്റേയും ഇഫ്റാദിന്റേയും രൂപത്തിൽ ഹജ്ജ് ചെയ്യുന്നവർക്ക് ഈ ത്വവാഫ് സുന്നത്താണ്.

2. ത്വവാഫുൽ ഇഫാള: ഇത് ഹജ്ജിന്റെ റുക്നുകളിൽ പെട്ടതാണ്.

3. ഉംറയുടെ ത്വവാഫ്: ഇത് ഉംറയുടെ റുക്നുകളിൽ പെട്ടതാണ്.

4. ത്വവാഫുൽ വദാഅ്: ഇത് ഹജ്ജിന്റെ വാജിബുകളിൽ പെട്ടതാണ്.

**ത്വവാഫിന്റെ നിബന്ധനകൾ**

1 - ത്വവാഫ് ആരംഭിക്കുമ്പോൾ നിയ്യത്തുണ്ടായിരിക്കണം.

2 - ത്വവാഫുൽ ഇഫാളക്ക് സമയമായിരിക്കുക എന്ന നിബന്ധനയുണ്ട്. ദുൽഹജ്ജ് പത്തിന്റെ തലേദിവസം അർധരാത്രി മുതലാണ് അതിന്റെ സമയം ആരംഭിക്കുന്നത്. നിശ്ചിതമായ അവസാന സമയം അതിനില്ലാത്തതിനാൽ എത്രകാലം പിന്തിപ്പിച്ച് ത്വവാഫ് ചെയ്താലും ത്വവാഫും ഹജ്ജും ശരിയാകും എന്നാണ് ഭൂരിപക്ഷാഭിപ്രായം..

3 - ചെറിയ അശുദ്ധിയിൽ നിന്നും വലിയ അശുദ്ധിയിൽ നിന്നും ശുദ്ധിയുണ്ടായിരിക്കുക.

4 - നഗ്നത മറക്കുക.

5 - ത്വവാഫ് ചെയ്യുന്നത് മസ്ജിദുൽ ഹറാമിന്റെ അകത്തായിരിക്കുക.

6 - കഅബാലയത്തെ പൂർണമായും ത്വവാഫ് ചെയ്യുക. ഹിജ്ർ ഇസ്മാഈലിന്റെ അകത്തുകൂടി ത്വവാഫ് ചെയ്താൽ ത്വവാഫ് പൂർണമാകില്ല.

7. ത്വവാഫിൽ കഅ്ബയെ ഇടതുവശത്താക്കുക വലതുവശത്താണെങ്കിൽ അസ്വീകാര്യമാണ്.

8 - ഹജറുൽ അസ്‌വദിൽ നിന്നും തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യുക.

9 - ഒരു ത്വവാഫ് ഏഴ് ചുറ്റുണ്ടായിരിക്കുക.

10 - ഫർള് നമസ്കാരം, ക്ഷീണം പോലുള്ള കാരണങ്ങളില്ലെങ്കിൽ ത്വവാഫ് തുടർച്ചയായി ചെയ്യുക.

**ത്വവാഫിന്റെ സുന്നത്തുകൾ**

1) ഖുദൂമിന്റെ ത്വവാഫിൽ ആദ്യത്തെ മൂന്ന് ചുറ്റിൽ പുരുഷൻമാർ 'റംല്' നടത്തം നടക്കുക. അതായത് കാൽപാദങ്ങൾ അടുത്തുവെച്ച് വേഗത്തിൽ നടക്കുക.

2) ഖുദൂമിന്റെ ത്വവാഫിൽ പുരുഷൻമാർ മേൽമുണ്ട് 'ഇള്തിബാഇന്റെ' രൂപത്തിൽ ധരിക്കുക. വസ്ത്രത്തിന്റെ മധ്യഭാഗം വലതു കക്ഷത്തിനടിയിലൂടെയും രണ്ടറ്റങ്ങളും ഇടത് ചുമലിലും വരുന്നവിധം ധരിക്കലാണ് ഇള്തിബാഅ്.

3) ഹജറുൽ അസ്‌വദ് ചുംബിക്കുക.

4) ത്വവാഫിന്റെ വേളയിൽ അനാവശ്യമായി സംസാരിക്കാതിരിക്കുക.

5) ത്വവാഫിൽ ദുആ ദിക്റുകൾ അധികരിപ്പിക്കുക.

6) റുക്നുൽ യമാനി കൈ കൊണ്ട് തൊടുക. ചുംബിക്കരുത്.

7) ത്വവാഫിന് ശേഷം രണ്ട് റക്അത്ത് നമസ്കരിക്കുക.

**നാല്: സഅ്‌യ്**

ഹജ്ജിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത അവിഭാജ്യ ഘടകമാണ് സഅ്‌യ്.

**സഅ്‌യ് : നിബന്ധനകൾ**

1. ശരിയായ ത്വവാഫിന് ശേഷമായിരിക്കുക.

2. ക്രമപ്രകാരമായിരിക്കുക അതായത്, സ്വഫായിൽ നിന്നും തുടങ്ങി മർവയിൽ അവസാനിപ്പിക്കുക.

3. പൂർണമായ ഏഴ് ചുറ്റ് ഉണ്ടായിരിക്കുക.

**അഞ്ച്: അറഫയിൽ നിൽക്കൽ**

ഹജ്ജിന്റെ ഏറ്റവും പ്രധാനപ്പെട്ടതും ഒഴിച്ചുകൂടാൻ പറ്റാത്തതുമായ അവിഭാജ്യ ഘടകമാണിത്. നബി (ﷺ) പറഞ്ഞു: ഹജ്ജ് എന്നാൽ തന്നെ അറഫായാണ്. (അബൂദാവൂദ്)

അറഫയിലെ നിറുത്തം എന്നത് കൊണ്ട് രണ്ട് കാലിൽ നിൽക്കുക എന്നല്ല; അവിടെ കഴിച്ചുകൂട്ടുക എന്നാണ് ഉദ്ദേശം.

**അറഫായിൽ നിൽക്കുന്നതിന്റെ നിബന്ധനകൾ**

**ഒന്ന്:** അറഫാ ഭൂമിയിൽ തന്നെയായിരിക്കണം നിൽക്കേണ്ടത്. ഇന്ന് അറഫായുടെ ചുറ്റുപാടുമുള്ള അതിർത്തികൾ വ്യക്തമാക്കുന്ന ബോർഡുകളും അടയാളങ്ങളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. തങ്ങളുടെ നിറുത്തം അറഫായുടെ പുറത്താകാതിരിക്കാനും അതുവഴി ഹജ്ജ് നഷ്ടപ്പെടാതിരിക്കാനും ഹാജിമാർ പ്രത്യേകം ശ്രദ്ധിക്കണം. ഇവിടെ രണ്ട് കാര്യങ്ങൾ പ്രത്യേകം പരാമർശിക്കട്ടെ:

1) ഉറനാ താഴ്‌വരയിലോ ഉറനാ മസ്ജിദ് എന്നറിയപ്പെടുന്ന മസ്ജിദ് ഇബ്റാഹീമിലോ നിൽക്കുന്നത് അറഫാനിർത്തമായി പരിഗണിക്കില്ല. ഉറനാ താഴ്‌വര ഒരിക്കലും അറഫായുടെ ഭാഗമല്ല. അത് ഹറമിന്റേയും ഭാഗമല്ല. അറഫാദിനം സൂര്യനുദിച്ച ശേഷം ഉച്ചയാകുന്നത് വരെ അവിടെ തങ്ങൽ സുന്നത്തുണ്ടെന്ന് മാത്രം.

2) മസ്ജിദ് നമിറയുടെ മുൻഭാഗം അറഫക്ക് പുറത്തും പിൻഭാഗം അറഫക്ക് ഉള്ളിലുമാണ് അവക്കിടയിൽ അതെല്ലാം വ്യക്തമാക്കുന്ന അടയാളങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

**രണ്ട്:** അറഫായിൽ നിൽക്കേണ്ട നിശ്ചിത സമയത്തു തന്നെയാകണം. ദുൽഹജ്ജ് മാസം ഒമ്പതിന് ഉച്ചയായതു മുതൽ ദുൽഹജ്ജ് പത്തിന്റെ ഫജ്റോടെ അവസാനിക്കുന്നതാണ് ആ സമ

യം. അതിന് ശേഷമാണ് ആരെങ്കിലും അറാഫാ നിർത്തത്തിനായി എത്തുന്നതെങ്കിൽ അയാളുടെ ഹജ്ജ് നഷ്ടപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ഇവിടെ ചില പാഠങ്ങളുണ്ട്:

1 - ദുൽഹജ്ജ് ഒമ്പതിന്ന് ഉച്ചക്കും പത്തിന്ന് ഫജ്റിനുമിടയിൽ ഒരു നിമിഷമെങ്കിലും അറഫായിൽ എത്തി നിൽക്കുകയോ ഇരിക്കുകയൊ അവിടെ വാഹനത്തിലിരിക്കുകയോ ചെയ്താൽ അറഫാ നിർത്തമായി പരിഗണിക്കപ്പെടും.

2 - പകൽ സമയത്ത് അറഫായിൽ എത്തിച്ചേർന്നവർ സൂര്യാസ്തമയം വരെ അവിടെ നിൽക്കൽ നിർബന്ധമാണ്. അതിന് മുമ്പ് വല്ലവരും പുറപ്പെടുന്നെങ്കിൽ അറഫാ നിർത്തം ശരിയാകുമെങ്കിലും പ്രായശ്ചിത്തം എന്ന നിലക്ക് ഒരു ബലിമൃഗത്തെ അറുത്ത് ദാനം ചെയ്യൽ നിർബന്ധമാണ്.

3 - സൂര്യാസ്തമയത്തിന്റെ മുമ്പ് പുറത്തുപോയവൻ പത്തിന്റെ ദിവസം ഫജ്റിന് മുമ്പായി വീണ്ടും അറഫയിൽ തിരിച്ചെത്തിയാൽ പ്രാശ്ചിത്തമില്ലാതെ തന്നെ അയാളുടെ നിർത്തം പൂർത്തിയായി.

4 - ദുൽ ഹജ്ജ് പത്തിന്റെ തലേ രാത്രി മാത്രം അറഫയിൽ നിന്നാൽ പ്രാശ്ചിത്തമില്ലാതെ തന്നെ അയാളുടെയും നിർത്തം പൂർത്തിയായി.

**മൂന്ന്:** ഇഹ്റാമിലായിട്ടാവണം അറഫായിൽ നിൽക്കേണ്ടത്.

### അറഫാ നിർത്തം നഷ്ടപെട്ടാൽ

അറഫാ നിർത്തം നഷ്ടപെട്ടാൽ ഒരു ഉംറ നിർവഹിച്ച് തന്റെ ഹജ്ജ് ഉംറയാക്കി മറ്റേണ്ടതാണ്. അതോടെ അറഫാ നിർത്തത്തോടനുബന്ധിച്ചുള്ള മുസ്ദലിഫയിലും മിനായിലും രാപ്പാർക്കുക, ജംറകളിൽ കല്ലെറിയുക തുടങ്ങിയ കാര്യങ്ങൾ ഒഴിവാകുന്നതും, ഒരു ത്വവഫും സഅ്യും നിർവഹിച്ച് മുടി നീക്കി തഹല്ലുലാകേണ്ടതുമാണ്. ഒരു ബലിമൃഗത്തെ അറുത്ത്

ദാനം ചെയ്യേണ്ടതും അതിന് കഴിവില്ലെങ്കിൽ മൂന്ന് നോമ്പ് ഹജ്ജ് യാത്രയിലും നാട്ടിലെത്തിയ ശേഷം ഏഴു നോമ്പും എടുക്കണം. നഷ്ടപ്പെട്ട ഹജ്ജ് പിന്നീട് നിർവ്വഹിച്ച് വീട്ടണം.

**അറഫാ നിറുത്തം: ചില വിധികൾ**

1 - അറഫാനിറുത്തത്തിന് ശുദ്ധി നിർബന്ധമില്ല. അതിനാൽ ആർത്തവ, പ്രസവാശുദ്ധിയുള്ളവരോ മറ്റു അശുദ്ധിയുള്ളവരോ അവിടെ നിൽക്കുന്നത് സാധുവാകും.

2 - ഒരാൾ അറഫായിൽ ഉറങ്ങിയാണ് കഴിഞ്ഞതെങ്കിലും അത് മതിയാകും. എന്നാൽ ബോധക്ഷയത്തിൽ കഴിഞ്ഞയാളുടെ നിറുത്തം പരിഗണിക്കുമോ എന്നതിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ട്. അതും മതിയാകും എന്നതാണ് പ്രബലമായ അഭിപ്രായം.

**അറഫാ നിറുത്തത്തിന്റെ സുന്നത്തുകൾ**

1) അറഫായിൽ നിൽക്കാനായി കുളിക്കുക.

2) അറഫാദിനം സൂര്യോദയത്തിന് ശേഷം മിനായിൽ നിന്ന് പുറപ്പെടക.

3) ഉച്ചയായാൽ ദുഹ്ർ നമസ്കാരത്തിന്റെ മുമ്പായി ഇമാം ഖുതുബ (പ്രസംഗം) നടത്തുക.

4) ദുഹ്റിന്റെ സമത്തുതന്നെ ഇമാം ദുഹ്റും അസറും ജംഉം ഖസ്റുമായി നമസ്കരിക്കുക.

5) അറഫാ ദിനത്തിൽ ദിക്റുകളും ദുആകളും തൽബിയത്തും വർദ്ധിപ്പിക്കുക.

6) അറഫായിൽ നിന്നും മുസ്ദലിഫയിലേക്ക് തിരക്ക്കൂട്ടാതെയും ശാന്തമായും നീങ്ങുക, തിരക്കില്ലാത്ത സ്ഥലത്ത് വേഗതയിൽ സഞ്ചരിക്കാവുന്നതാണ്.

7) ദിക്റും തൽബിയത്തും ചൊല്ലി സഞ്ചരിക്കുക.

**അറഫാ ദിനം ഹാജിമാർ ഒഴിവാക്കേണ്ടത് (കറാഹത്തായത്)**

1) അറഫാദിനം ഹാജിമാർ നോമ്പെടുക്കൽ കറാഹത്തും ഒഴിവാക്കൽ സുന്നത്തുമാണ് എന്നതാണ് അധിക പണ്ഡിതന്മാരുടേയും വീക്ഷണം.

2) കാൽ നടയായായിട്ടാണെങ്കിലും വാഹനപ്പുറത്താണെങ്കിലും മറ്റുള്ളവർക്ക് ക്ലേശമുണ്ടാക്കുന്ന വിധത്തിൽ വേഗത കൂട്ടൽ.

3) അറഫായിൽ വെച്ച് ദുഹ്റിന്റേയോ അസറിന്റേയോ ഇടക്ക് സുന്നത്ത് നമസ്കരിക്കൽ. ജാബിർ (റ)ന്റെ ഹദീസിൽ കാണാം:

...പിന്നെ ബാങ്ക് വിളിക്കുകയും ഇഖാമത്തു വിളിക്കുകയും ദുഹ്ർ നമസ്കരിക്കുകയും ചെയ്തു. പിന്നീട് വീണ്ടും ഇഖാമത്ത് കൊടുക്കുകയും അസർ നമസ്കരിക്കുകയും ചെയ്തു. അതിനടക്ക് മറ്റൊന്നും നമസ്കരിച്ചില്ല.

**ആറ്: മുസ്ദലിഫയിൽ രാപാർക്കൽ**

ഹജ്ജിന്റെ വാജിബാതുകളിൽ പെട്ട ഒന്നാണ് മുസ്ദലിഫയിൽ രാപ്പാർക്കൽ. ഉപേക്ഷിച്ചാൽ ഫിദ്‌യ (പ്രായശ്ചിത്ത ബലി) നൽകൽ അനിവാര്യമാണ്. അല്ലാഹു പറയുന്നു:

﴿فَإِذَا أَفَضْتُمْ مِنْ عَرَفَاتٍ فَاذْكُرُوا اللَّهَ عِنْدَ الْمَشْعَرِ الْحَرَامِ﴾ البقرة/١٩٩

അറഫാത്തിൽ നിന്ന് നിങ്ങൾ പുറപ്പെട്ടുകഴിഞ്ഞാൽ മശ്അറുൽ ഹറാമിനടുത്തുവെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ. (ബഖറ:199) നബി (ﷺ) പറഞ്ഞു: നമ്മുടെ ഈ നമസ്കാരത്തിൽ പങ്കെടുക്കുകയും നാം പുറപ്പെടുന്നതുവരെ ഇവിടെ (മുസ്ദലിഫയിൽ) കഴിച്ചുകൂട്ടുകയും ഇതിന് മുമ്പ് പകലോ രാത്രിയോ അറഫയിൽ നിൽക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അവന്റെ ഹജ്ജ് പൂർത്തിയായി ബാധ്യത നിർവ്വഹിച്ചു.

**രാപ്പാർക്കേണ്ട സമയം**

ഫജ്ർ വരേയാണ് രാപ്പാർക്കേണ്ട സമയം എന്നാൽ വെളിച്ചം പരക്കുന്നതു വരെ അവിടെ നിൽക്കൽ സുന്നത്താണ്.

സ്ത്രീകളോ, ദുർബലരോ കൂടെ ഉണ്ടെങ്കിൽ അർദ്ധരാത്രിക്ക് ശേഷം മുസ്ദലിഫയിൽ നിന്ന് പുറപ്പെടുന്നതിന്ന് അനുവാദമുണ്ട്.

**രാപ്പാർക്കുന്നത് ഉപേക്ഷിച്ചാൽ**

രാത്രിയുടെ അവസാനത്തിലല്ലാതെ അറഫായിലെത്താൻ സാധിക്കാതിരിക്കുക പോലുള്ള പരിഗണനീയമായ കാരണമുണ്ടായത് കൊണ്ടാണ് രാപ്പാർക്കൽ ഉപേക്ഷിച്ചതെങ്കിൽ തകരാറില്ല. എന്നാൽ ഒരു കാരണവും കൂടാതെ ഉപേക്ഷിച്ചതാണെങ്കിൽ ഒരു പ്രായശ്ചിത്ത ബലി നൽകണമെന്നാണ് ഭൂരിപക്ഷ പണ്ഡിതാഭിപ്രായം.

**മുസ്ദലിഫയിൽ സുന്നത്തായ കാര്യങ്ങൾ**

1) മുസ്ദലിഫായിൽ വെച്ച് മഗ്രിബും ഇശായും ജംആക്കി അവസാനത്തേതിന്റെ സമയത്ത് ഒരു ബാങ്കും രണ്ട് ഇഖാമത്തുമായി നമസ്കരിക്കൽ സുന്നത്താണ്.

2) മുസ്ദലിഫായിൽ രാത്രി കഴിച്ചുകൂട്ടിയ ശേഷം ഫജ്ർ നമസ്കാരം അതിന്റെ ആദ്യ സമയത്ത് നമസ്കരിക്കുകയും അനന്തരം മശ്അറുൽ ഹറാമിനടുത്ത് നിന്നുകൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്യുന്നതും സുന്നത്താണ്.

**ഏഴ്: ജംറകളിൽ കല്ലെറിയൽ**

ജംറകളിൽ കല്ലെറിയൽ ഹജ്ജിന്റെ വാജിബാതുകളിൽ പെട്ടതും അത് പൂർണമായോ ഭാഗികമായോ ഉപേക്ഷിച്ചാൽ പ്രായശ്ചിത്തബലി നിർബന്ധമാണ് എന്നുമാണ് അധിക പണ്ഡിതൻമാരുടേയും അഭിപ്രായം

**എറിയേണ്ട സമയം**

ജംറയിൽ എറിയാനുള്ള സമയം ദുൽഹജ്ജ് പത്ത് അഥവാ ബലിപെരുന്നാൾ ദിവസം സൂര്യോദയം മുതൽ സൂര്യാസ്

തമയം വരേ നീണ്ടു കിടക്കുന്നു. എന്നാൽ ദുർബലർക്ക് മുസ്ദലിഫയിൽ നിന്നെത്തിയ ഉടനെ സൂര്യോദയത്തിന് മുമ്പ് തന്നെ എറിയാവുന്നതാണ്.

അയ്യാമു ത്തശ്‌രീഖിന്റെ (ദുൽഹിജ്ജ 11, 12, 13) ദിവസങ്ങളിൽ എറിയേണ്ട സമയം ആരംഭിക്കുന്നത് ഉച്ചയായതു മുതലാണ്. അതിന്റെ മുമ്പ് എറിയാൻ പാടില്ല. ഫജ്റാകുന്നതു വരെ അതിന്റെ സമയം നീണ്ടുനിൽക്കുകയും ചെയ്യുന്നു.

**ജംറകളിൽ കല്ലെറിയുന്നതിന്റെ നിബന്ധനകൾ**

1) ഓരോ ജംറകളിലും ഏഴ് വീതം കല്ലുകൾ എറിയണം

2) ഏഴ് തവണകളായി തന്നെ എറിയണം, ഏഴും ഒന്നിച്ചോ ഈരണ്ടും മുമ്മൂന്നുമായോ പാടില്ല.

3) എറിഞ്ഞ കല്ല് തടത്തിൽ വീണു എന്ന് ഉറപ്പായിരിക്കണം.

4) ഏഴ് കല്ലുകലും തുടർച്ചയായി എറിയുക. ശക്തമായ തിരക്ക് കാരണമാണ് തുടർച്ച നഷ്ടപ്പെട്ടതെങ്കിൽ വിരോധമില്ല. അല്ലാഹു പറഞ്ഞു: നിങ്ങൾക്ക് കഴിയുന്ന വിധം അല്ലാഹുവിനെ സൂക്ഷി ക്കുവിൻ. (തഗാബുൻ: 16) ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ നാം കൽപിക്കുന്നില്ല. (ബഖറ : 268)

**പകരം എറിയൽ**

1) ശക്തമായ തിരക്കിൽ കുട്ടിയുടെ കാര്യത്തിൽ ഭയമുണ്ടെങ്കിൽ രക്ഷിതാവിന്ന് പകരം എറിയാവുന്നതാണ്.

2) രോഗം കൊണ്ടോ വാർദ്ധക്യം കൊണ്ടോ മറ്റോ അശക്ത രായവർക്ക് മറ്റുള്ളവരെ പകരം എറിയാൻ ഏൽപ്പിക്കാവുന്നതാണ്. എന്നാൽ പകരം എറിയുന്നയാൾ ഹജ്ജ് ചെയ്യുന്നവനായിരിക്കണം. കൂടാതെ തനിക്ക് വേണ്ടി എറിഞ്ഞ ശേഷമേ ഏൽപ്പിക്കപ്പെട്ട ആൾക്ക് വേണ്ടി എറിയാൻ പാടുള്ളൂ.

**എറിയുന്നതിന്റെ സുന്നത്തുകൾ**

1 – ജംറത്തുൽ അഖബയിൽ എറിയുമ്പോൾ മിനായെ തന്റെ വലതും മക്കയെ ഇടതും വശങ്ങളിലാക്കി ജംറക്കഭിമുഖമായി നിൽക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠം. അതിന് സാധിക്കുന്നില്ലെങ്കിൽ ഏത് ഭഗത്ത് നിന്നും എറിയാവുന്നതാണ്.

2 – ചെറിയ കല്ലുകൾ കൊണ്ടാണ് എറിയേണ്ടത്.

3 – നേരത്തെ എറിയപ്പെട്ട കല്ലുകൊണ്ട് എറിയരുത്. അതായിരുന്നാലും മതി എന്നാണ് ഭൂരിപക്ഷാഭിപ്രായം.

4 – ഓരോ കല്ലെറിയുമ്പോഴും തക്ബീർ ചൊല്ലുക.

5 – ദുൽഹജ്ജ് 10 ന് ജംറത്തുൽ അഖബയിൽ ആദ്യമായി എറിയുമ്പോൾ തന്നെ തൽബിയത്ത് ചൊല്ലുന്നത് നിർത്തുക.

6 – അയ്യാമുത്തശ്രീഖിന്റെ ദിവസങ്ങളിൽ ഒന്നും രണ്ടും ജംറകളിൽ എറിഞ്ഞ ശേഷം ധാരളമായി ദുആ ചെയ്യുക.

## എട്ട്: മുടി എടുക്കൽ

മുടി വെട്ടുകയോ മുണ്ഠനം ചെയ്യുകയോ ചെയ്യൽ ഹജ്ജിന്റെ വാജിബാത്തുകളിൽ പെട്ടതാണ്. അതിൽ ഉപേക്ഷ വരുത്തിയാലും പ്രായശ്ചിത്തബലി നൽകണം. അല്ലാഹു പറഞ്ഞു:

﴿ لَتَدْخُلُنَّ الْمَسْجِدَ الْحَرَامَ إِنْ شَاءَ اللَّهُ آمِنِينَ مُحَلِّقِينَ رُءُوسَكُمْ وَمُقَصِّرِينَ لَا تَخَافُونَ ﴾

അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം സമാധാനചിത്തരും തല മുണ്ഡനം ചെയ്തവരും മുടി വെട്ടിയവരും ആയികൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ പവിത്രമായ ദേവാലയത്തിൽ പ്രവേശിക്കുക തന്നെ ചെയ്യുന്നതാണ് (ഫത്ഹ്: 27)

## മുടി എടുക്കേണ്ട സമയം

മുടി എടുക്കേണ്ട സമയം ദുസ്ദലിഫയിൽ നിന്നും പുറപ്പെട്ടതു മുതൽ ആരംഭിക്കുന്നു. അയ്യാമുത്തശ്രീഖിന്റെ അവസാന സമയം വരെ പിന്തിപ്പിക്കാവുന്നതുമാണ്.

**മുടി വടിക്കലും വെട്ടലും ചില ചർച്ചകൾ**

1 - മുടി വെട്ടുന്നതിനേകാൾ മുണ്ഠനം ചെയ്യുന്നതാണ് ശ്രേഷ്ഠം എന്നതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്.

2 - തമത്തുആയി ഹജ്ജ് ചെയ്യുന്നവൻ ഉംറക്ക് ശേഷം മുടി വെട്ടുകയും ഹജ്ജിന്റെ സമയത്തു മുണ്ഠനം ചെയ്യുകയുമാണെങ്കിൽ അതാണ് നല്ലത്. എന്നാൽ ഉംറയുടേയും ഹജ്ജിന്റേയും ഇടയിൽ തലമുടി വളരാൻ മാത്രം സമയമുണ്ടെങ്കിൽ ഉംറയുടെ വേളയിലും മുടി മുണ്ഠനം ചെയ്യുന്നതാണ് നല്ലത്.

3 - തല മുടി വെട്ടുകയാണെങ്കിലും മുണ്ഠനം ചെയ്യുകയാണെങ്കിലും എല്ലാ ഭാഗങ്ങളിൽ നിന്നും എടുക്കൽ നിർബന്ധമാണ് എന്നതാണ് പ്രബലാഭിപ്രായം. കാരണം, നബി (ﷺ) തലയുടെ മുഴുവൻ ഭാഗങ്ങളിൽ നിന്നും മുടി എടുത്തിരുന്നു.

**ഒൻപത്: ബലിയറുക്കൽ**

ഹാജിമാരോ ഉംറ ചെയ്യുന്നവരോ പുണ്ണ്യകർമ്മം എന്ന നിലക്ക് ഒട്ടകം, മാട്, ആട് എന്നീ മൃഗങ്ങളിൽ നിന്ന് നടത്തുന്ന അറവാണ് ഇവിടെ ഉദ്ധേശം.

**രണ്ടുതരം ബലിയുണ്ട്:**

1) നന്ദി സൂചകമായ ബലിയറുക്കൽ: തമത്തുഇന്റെയോ ഖിറാനിന്റെയോ രൂപത്തിൽ ഹജ്ജ് ചെയ്യുന്നവർ ഈ മഹത്തായ കർമ്മം നിർവഹിക്കാൻ അനുഗ്രഹിച്ച അല്ലാഹുവിനുള്ള നന്ദി സൂചകമായി അറുക്കുന്നതാണിത്. ഇത് ഹജ്ജിന്റെ നിർബന്ധങ്ങളിൽ പെട്ടതാണ്

2) പ്രായശ്ചിത്ത ബലി: ഹജ്ജിലോ ഉംറയിലോ സംഭവിക്കുന്ന അപാകതകൾ പരിഹരിക്കാൻ വേണ്ടിയുള്ളതാണിത്. ഹജ്ജിന്റെ വാജിബുകളിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെടുത്തുകയോ വിലക്കപെട്ടതെന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്താലാണ് പ്രായശ്ചിത്ത ബലി നൽകേണ്ടത്. ഉംറയിൽ നിന്നോ ഹജ്ജിൽ

നിന്നോ തടയപ്പെടുമ്പോഴുള്ള ബലിയും ഈ ഗണത്തിൽ പെടും. ഇതെല്ലാം നിർബന്ധമായ ബലികളാണ്.

നന്ദിസൂചകമായ ബലിയും പ്രായശ്ചിത്ത ബലിയും തമ്മിലുള്ള വ്യത്യാസം നന്ദി സൂചക ബലി നൽകുന്ന ആൾക്ക് അതിൽ നിന്ന് ഭക്ഷിക്കൽ അനുവദനീയമാണ് മാത്രമല്ല, സുന്നത്തും കൂടിയാണ്. എന്നാൽ പ്രായശ്ചിത്തബലി നൽകുന്ന യാൾക്ക് അതിൽ നിന്നും ഭക്ഷിക്കാൻ പാടില്ല അതു മുഴുവനായും മക്കയിലെ ദരിദ്രർക്കിടയിൽ വിതരണം ചെയ്യൽ നിർബന്ധമാണ്.

**ബലിയുടെ നിബന്ധനകൾ**

1) ആടുമാടൊട്ടകങ്ങങ്ങളിൽ നിന്നുള്ള മൃഗമായിരിക്കണം.

2) ന്യൂനതകളിൽ നിന്നെല്ലാം സുരക്ഷിതമായതായിരിക്കണം.

3) ഒട്ടകമാണെങ്കിൽ അഞ്ച് വയസ്സും മാടാണെങ്കിൽ രണ്ടും ആടാണെങ്കിൽ ഒന്നും കോലാടാണെങ്കിൽ ആറ് മാസവും പ്രായമുള്ളതായിരിക്കണം.

4) ബലിയറുക്കുന്നത് ദുൽഹജ്ജ് പത്ത് പെരുന്നാൾ ദിവസം മുതൽ അയ്യാമുത്തശ്‌രീഖിന്റെ അവസാന ദിവസം സൂര്യാസ്തമ യം വരെയുള്ള നിശ്ചിത സമയത്തായിരിക്കണം.

5) ബലിയറുക്കുന്ന സ്ഥലം മക്കാ ഹറമിന്റെ ഉള്ളിലായിരിക്കണം.

**പത്ത്: മിനയിൽ രാപ്പാർക്കൽ**

മിനയിൽ രാപ്പാർക്കൽ ഹജ്ജിന്റെ വാജിബാതുകളിൽ പെട്ടതാണെന്നാണ് അധിക പണ്ഡിതന്മാരുടെയും അഭിപ്രായം. അതിനാൽ ഉപേക്ഷ വരുത്തുന്നവൻ പ്രായശ്ചിത്തബലി നൽക ൽ അനിവാര്യമാണ്. ഉപേക്ഷ വരുത്തിയത് ഒരു രാത്രിയായാ ലും മുഴുവൻ രാത്രികളായിരുന്നാലും ശരി. മറ്റൊരഭിപ്രായമനു സരിച്ച്, മിനായിൽ ഒരുദിവസം രാപ്പാർക്കുയും ബാക്കിയുള്ളതി ൽ കാരണങ്ങളൊന്നും കൂടാതെ ഉപേക്ഷ വരുത്തുകയും

ചെയ്താൽ സൗകര്യപ്പെടുന്ന വല്ലതും ധർമ്മം ചെയ്താൽ മതി. പതിനൊന്ന് പന്ത്രണ്ട് ദിവസങ്ങളിലെ രാപ്പാർക്കലാണ് ഉപേക്ഷിച്ചതെങ്കിൽ പ്രായശ്ചിത്തബലി നിർബന്ധമാണെന്നാണ് ഇമാം അഹ്മദിൽ നിന്നുള്ള ഒരു റിപ്പോർട്ടിലുള്ളത്. ശൈഖ് ഇബ്നു ബാസും ഇബ്നു ഉഥൈമീനും ഈ അഭിപ്രായക്കാരാണ്.

**മിനയിൽ രാത്രി താമസിക്കുന്നതിൽ ഇളവുള്ളവർ**

രോഗികൾക്കും രോഗിയെ പരിചരിക്കുന്നവർക്കും ഹാജിമാർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ജോലികളിൽ ഏർപ്പെട്ടവർക്കും രാപ്പാർക്കുന്നതിൽ ഇളവുണ്ട്. എന്നാൽ അംഗീകരിക്കപ്പെടുന്ന പണ്ഡിതന്മാരാണ് അത് തീരുമാനിക്കേണ്ടത്.

**രാത്രി താമസം കൊണ്ട് താൽപര്യപ്പെടുന്നത്**

ധൃതിയുള്ളവർ ദുൽഹജ്ജ് പതിനൊന്നിന്റെയും പന്ത്രണ്ടിന്റെ യും രാവുകളുടെ അധിക സമയവും മിനായിൽ കഴിച്ചുകൂട്ടലും പതിമൂന്നിന് കൂടി കല്ലെറിയാൻ ഉദ്ദേശിക്കുന്നവർ തലേദിവസത്തെ രാത്രി കൂടി മിനായിൽ കഴിയുക എന്നതുമാണ് അത് കൊണ്ടുദ്ദേശം.

**ഹാജിമാരിൽ സംഭവിക്കുന്ന പിഴവുകൾ**

സാധാരണയായി ഹാജിമാരിൽ കാണുന്ന ചില പിഴവുകളാണ് ഇവിടെ കൊടുക്കുന്നത്.

1) തന്റെ ഹജ്ജ് കൊണ്ട് ധന സമ്പാദനമോ ലോകമാന്യതയോ കീർത്തിയോ പൊങ്ങച്ചമോ ലക്ഷ്യമാക്കൽ.

2) സ്ത്രീകൾ മഹ്റമിനെ (വിവാഹം നിഷിദ്ധമായ അടുത്ത ബന്ധു) കൂടാതെ യാത്ര ചെയ്യൽ.

3) പാദരക്ഷയോ കണ്ണടയോ വാച്ചോ മറ്റു അവശ്യവസ്തുക്കളോ ധരിക്കാൻ പാടില്ലെന്ന ചിലരുടെ വിശ്വാസം. ഇവയൊന്നും ധരിക്കുന്നതിന്ന് യാതൊരു തകരാറുമില്ല.

4) ഇഹ്റാമിന്റെ വസ്ത്രം ധരിച്ചതോടെ ഇഹ്റാമിൽ പ്രവേശിച്ചു എന്ന് വിചാരിക്കലും അതിനാൽ ഇഹ്റാമിൽ പാടില്ലത്ത കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കലും. കേവലം വസ്ത്രം ധരിക്കുന്നത് കൊണ്ടല്ല; നിയ്യത്തു കൊണ്ടാണ് ഇഹറാമിൽ പ്രവേശിക്കുന്നത്.

5) ത്വവാഫിൽ ചില ഹാജിമാർ ഒറ്റക്കാണെങ്കിലും കൂട്ടമായിട്ടാണെങ്കിലും പ്രത്യേക പ്രാർഥനകൾ ചൊല്ലാൻ ശ്രദ്ധിക്കൽ. ഇത് തെറ്റാണ് ത്വവാഫിന്ന് ഇങ്ങനെ ഒരു പ്രത്യേക പ്രാർഥന ഇല്ല.

6) റുക്നുൽ യമാനിയെ ചുംബിക്കൽ. ഇത് തെറ്റാണ്. അതിനെ തൊട്ടുതടവുക മാത്രമാണ് സുന്നത്ത്. അതിന്ന് സൗകര്യപ്പെട്ടില്ലെങ്കിൽ ചിലർ ചെയ്യുന്നതുപോലെ കൈകൊണ്ട് ആംഗ്യം കാണിക്കേണ്ടതുമില്ല.

7) തിരക്കിനിടയിൽ ചിലർ ഹിജ്ർ ഇസ്മാഈലിനുള്ളിലൂടെ ത്വവാഫ് ചെയ്യുന്നു. ഇത്തരക്കാരുടെ ത്വവാഫ് അപൂർണമാണ്.

8) ചിലർ ത്വവാഫ് കഴിഞ്ഞാലും മേൽമുണ്ട് ഇള്തിബാഇന്റെ (വലതുചുമൽ പുറത്താവുന്ന) രൂപത്തിൽ തന്നെ നിലനിർത്തുകയും അങ്ങിനെ നമസ്കരിക്കുകയും ചെയ്യുന്നു, ഇതും തെറ്റാണ്. നമസ്കാരവേളയിൽ ചുമൽ മറക്കേണ്ടതാണ്.

9) ത്വവാഫിന്റെ രണ്ട് റക്അത്ത് നമസ്കാരം മഖാമുഇബ്റാഹീമിന്റെ പിന്നിൽ തന്നെയാവണം എന്ന് ചിലർ ധരിച്ചിരിക്കുന്നു. സൗകര്യം പോലെ പള്ളിയിലോ പുറത്തോ വെച്ച് നമസ്കരിച്ചാലും മതി. ഇതിന്റെ പേരിൽ മറ്റു വിശ്വാസികളെ ദ്രോഹിക്കുന്നത് കുറ്റകരമാണ്.

## ഹജ്ജ് നിർവഹിക്കുന്ന രൂപം

യൗമുത്തർവിയ[1] എന്ന് പറയുന്ന ദുൽഹജ്ജ് എട്ടിന് പ്രഭാത സമയത്ത് എവിടെയാണോ ഹാജിയുള്ളത് അവിടെ വെച്ച് ഇഹ്റാമിൽ പ്രവേശിക്കുക. വസ്ത്രം നീക്കി, വലിയ അശുദ്ധിയിൽ നിന്ന് കുളിക്കുന്നപോലെ സമ്പൂർണമായി കുളിച്ച് ശുദ്ധിയായ ശേഷം ശരീരത്തിൽ സുഗന്ധം പൂശുക, പിന്നീട് ഫർള് നമസ്കാര സമയമാണെങ്കിൽ നമസ്കരിക്കുക അല്ലെങ്കിൽ വുളുവിന്റെ പേരിലുള്ള രണ്ട് റക്അത്ത് നമസ്കരിക്കുക. അനന്തരം ഹജ്ജിന് ഇഹ്റാം ചെയ്ത് തൽബിയത്ത് ചൊല്ലുക. (لَبَّيْكَ حَجًّا എന്നാണ് ഇഹ്റാം ചെയ്യുമ്പോൾ പറയേണ്ടത്). ഹജ്ജ് നിർവ്വഹിക്കുന്നതിന്ന് വല്ല തടസ്സവും നേരിടാൻ സാധ്യതയുണ്ടെന്ന് ഭയപ്പെടുന്നുവെങ്കിൽ (وَإِنْ حَبَسَنِي حَابِسٌ فَمَحِلِّي حَيْثُ حَبَسْتَنِي) എന്ന് നിബന്ധന വെക്കുക. എനിക്ക് വല്ല തടസ്സവും നേരിട്ടാൽ അവിടെവെച്ച് ഞാൻ വിരമിക്കുന്നതാണ്. അത്തരം ആശങ്കകളൊന്നുമില്ലെങ്കിൽ ഈ നിബന്ധന ആവശ്യമില്ല. പിന്നീട് മിനായിലേക്ക് പുറപ്പെടുക. ദുഹ്ർ, അസർ, മഗ്രിബ് , ഇശാ, ഫജ്ർ തുടങ്ങിയ നമസ്കാരങ്ങൾ അതാതിന്റെ സമയത്ത് ഖസ്റാക്കി (നാലു റക്അത്തുള്ളത് രണ്ട് റക്അത്താക്കി ചുരുക്കി) നമസ്കരിക്കുക. നബി (ﷺ) മിനായിൽ വെച്ച് ഖസ്റാക്കിയിരുന്നു. പക്ഷെ ജംആക്കിയിരുന്നില്ല.

അറഫാ ദിവസം സൂര്യൻ ഉദിച്ചാൽ മിനായിൽ നിന്നും അറഫയിലേക്ക് പുറപ്പെടുക, സൗകര്യപ്പെടുമെങ്കിൽ അറഫയുടെ

(1) *പണ്ടു കാലത്ത് ഹാജിമാരെല്ലാം മക്കയിൽ നിന്നും തങ്ങൾക്കാവശ്യമുള്ള വെള്ളം എടുത്ത് മിനായിൽ ശേഖരിച്ചുവെച്ചിരുന്നു. അതുകൊണ്ടാണ് തർവിയ്യ വെള്ളം ശേഖരിക്കുന്ന ദിവസം എന്ന് ആ ദിവസത്തിന് പേരു വന്നത് എന്നും ഇബ്റാഹീം നബിക്ക് (അ) ക്ക് ഹജ്ജിന്റെ മനാസികുകൾ കാണിച്ചുകൊടുത്ത ദിവസമായത് കൊണ്ടാണെന്നും പറയപ്പെടുന്നു*

അടുത്തുള്ള നമിറ താഴ്‌വരയിൽ ഉച്ചവരെ കഴിച്ചുകൂട്ടൽ സുന്നത്താണ്. ഉച്ചയയാൽ ദുഹ്റും അസറും ജംഉം ഖസ്റുമായി ളുഹ്റിന്റെ ആദ്യസമയത്തുതന്നെ നമസ്കരിക്കുക. പിന്നീട് അറഫാ അതിർത്തിക്കുള്ളിൽ പ്രവേശിച്ച്, പ്രാർഥനകൾക്കും ദിക്റുകൾക്കുമായി ബാക്കി സമയം നീക്കി വെക്കുക. രണ്ട് കൈകളും ഉയർത്തി അങ്ങേയറ്റം താഴ്മയോടെയും വിനയത്തോടെയും ഖിബിലയിലേക്ക് തിരിഞ്ഞു തനിക്കിഷ്ടമുള്ളതെല്ലാം അവിടെ വെച്ച് പ്രാർഥിക്കുക.

അതിമഹത്തായ ആ സന്ദർഭത്തിൽ നബി (ﷺ) ധാരാളമായി പ്രാർഥിച്ചത്
(لاَإِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْئٍ قَدِير)
എന്ന പ്രാർഥനയായിരുന്നു. പകലിന്റെ അവസാന സമയം ഉപയോഗപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കുക. നബി (ﷺ) പറഞ്ഞു: ഏറ്റവും നല്ല പ്രാർഥന അറഫയിലെ പ്രാർഥനയാണ്.

അന്നേദിവസം സൂര്യൻ അസ്തമിച്ചുകഴിഞ്ഞാൽ മുസ്ദലിഫയിലേക്ക് പോവുക. അവിടെ എത്തിയാലുടൻ മഗ്‌രിബും ഇശാഉം ജംഉം ഖസ്റുമായി നമസ്കരിക്കണം. അർദ്ധരാത്രിക്ക് ശേഷമേ മുസ്ദലിഫയിൽ എത്തുകയുള്ളൂ എന്ന് ഭയപ്പെടുന്നവർക്ക് അവിടെ എത്തുന്നതിന് മുമ്പു തന്നെ നമസ്കരിക്കാവുന്നതാണ്. കാരണം അർദ്ധരാത്രിയേക്കാൾ ഈ നമസ്കാരത്തെ പിന്തിപ്പിക്കാൻ പാടില്ല. അന്ന് രാത്രി മുസ്ദലിഫയിൽ താമസിക്കുക. ഫജ്റിന്റെ സമയമായാൽ ഉടനെ ബാങ്കും ഇഖാമത്തും കൊടുത്തു ആദ്യ സമയത്തു തന്നെ സുബ്ഹി നമസ്കരിക്കണം. അനന്തരം മശ്അറുൽ ഹറാമിന്റെ അടുത്ത് ചെന്ന് അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിച്ചും മഹത്വപ്പെടുത്തിയും വെളിച്ചം പരക്കുന്നത് വരെ ഇഷ്ടമുള്ളതെല്ലാം പ്രാർഥിക്കുക. മശ്അറുൽ ഹറാമിന്റെ അടുത്തേക്ക് ചെല്ലാൻ

സൗകര്യപ്പെട്ടില്ലെങ്കിൽ താൻ നിൽക്കുന്നിടത്ത് വെച്ച് അല്ലാഹുവിനെ സ്മരിക്കുകയും പ്രാർഥനകൾ നിർവഹിക്കുകയും ചെയ്യുക. കൈകൾ രണ്ടും ഉയർത്തിയും ഖിബ്‌ലയിലേക്ക് തിരിഞ്ഞുമാണ് ഇവിടെ വെച്ച് പ്രാർത്ഥിക്കേണ്ടത്. നല്ലവണ്ണം വെളിച്ചം പരന്നാൽ സൂര്യൻ ഉദിക്കുന്നതിന് മുമ്പായി മിനായിലേക്ക് പുറപ്പെടുക. വാദി മുഹസ്സിർ എന്ന സ്ഥലത്ത് വേഗതയിൽ നടക്കുക. മിനായിൽ എത്തിയാൽ മിനായുടെ അവസാനത്തിലും മക്കയോട് അടുത്തതുമായ ജംറത്തുൽ അഖബയിൽ കല്ലെറിയുക. ഏഴ് കല്ലുകൾ ഒന്നിന് പുറകെ മറ്റൊന്നായി തക്ബീർ ചൊല്ലിയാണ് എറിയേണ്ടത്. ഈത്തപ്പഴക്കുരുവിനോളം വലുപ്പമുള്ള ചെറിയ കല്ലുകൾ കൊണ്ടാണ് എറിയേണ്ടത്. അതിന് ശേഷം ബലിമൃഗത്തെ അറുക്കുകയും പുരുഷനാണെങ്കിൽ തല മുണ്ഢനം ചെയ്യുകയും സ്ത്രീയാണെങ്കിൽ മുടിയുടെ അറ്റത്തു നിന്നും ഒരു വിരൽ തുമ്പോളം വലുപ്പത്തിൽ മുറിക്കുകയും ചെയ്യുക.

പിന്നീട് മക്കയിലെത്തി ഹജ്ജിന്റെ ത്വവാഫും സഅ്‌യും ചെയ്യുക. വീണ്ടും മിനായിലേക്ക് മടങ്ങി പതിനൊന്നിന്റെയും പന്ത്രണ്ടിന്റെയും രാവുകൾ അവിടെ രാപ്പാർക്കുകയും ആ രണ്ട് ദിവസങ്ങളിലും ഉച്ചയായാൽ മുന്ന് ജംറകളിലും കല്ലെറിയുകയും ചെയ്യുക. എറിയാൻ നടന്ന് പോകലാണ് ഏറ്റവും നല്ലത്. വാഹനത്തിൽ സഞ്ചരിക്കുന്നതിനും തകരാറില്ല. ആദ്യം മസ്ജിദുൽ ഖൈഫിന്റെ അടുത്തുള്ള ഒന്നാം ജംറയിൽ ഏഴ് കല്ലുകൾ ഒന്നിന് പുറകെ മറ്റൊന്നായി തക്ബീർ ചൊല്ലി എറിയുക. പിന്നീട് അൽപം മുന്നിലേക്ക് മാറി ഖിബ്‌ലയിലേക്ക് തിരിഞ്ഞ് നിന്ന് ഇരു കൈകളും ഉയർത്തി ഇഷ്ടമുള്ളതെല്ലാം പ്രാർത്ഥിക്കുക. ദീർഘമായി നിൽക്കാൻ പ്രായസമാണെങ്കിൽ സുന്നത്ത് ലഭിക്കുവാൻ സാധിക്കുന്നത്ര അവിടെ നിന്ന് പ്രാർത്ഥിക്കുക.

മധ്യത്തിലുള്ള ജംറയിലും ഇതുപോലെ ഏഴ് കല്ലുകൾ ഒന്നിന് പുറകെ മറ്റൊന്നായി തക്ബീർ ചൊല്ലി എറിയുക. പിന്നീട് അൽപം ഇടത്തോട്ട് മാറി ഖിബ്‌ലയിലേക്ക് തിരിഞ്ഞ് നിന്ന് ഇരു കൈകളും ഉയർത്തി ഇഷ്ടമുള്ളതെല്ലാം പ്രാർത്ഥിക്കുക. ദീർഘമായി നിൽക്കാൻ പ്രായസമാണെങ്കിൽ സുന്നത്ത് ലഭിക്കുവാൻ സാധിക്കുന്നത്ര അവിടെ നിന്ന് പ്രാർത്ഥിക്കുക. പിന്നീട് ജംറത്തുൽ അഖബയിൽ തുടർച്ചയായി ഏഴ് കല്ലുകൾ തക്ബീർ ചൊല്ലി എറിയുക. അതിന് ശേഷം പ്രാർത്ഥനക്ക് നിൽക്കാതെ പിരിഞ്ഞു പോവുക.

പന്ത്രണ്ടിന് ജംറകളിൽ കല്ലെറിഞ്ഞ ശേഷം ധൃതിയിൽ പോകേണ്ടവർക്ക് മിനായിൽ നിന്നും പുറപ്പെടാവുന്നതാണ്. എന്നാൽ അന്ന് രാത്രിയും അവിടെ നിൽക്കുകയും പതിമൂന്നിന്റെ ദിവസം ഉച്ചയായാൽ മൂന്ന് ജംറകളിൽ കല്ലെറിയുകയും ചെയ്യുകയാണെങ്കിൽ അതാണ് ഏറ്റവും ശ്രേഷ്ഠകരമായത്. എന്നാൽ പന്ത്രണ്ടിന്റെ ദിവസം സൂര്യൻ അസ്തമിക്കുന്നതു വരെ മിനാ വിടാതിരുന്നാൽ രാപ്പാർക്കലും പിറ്റേ ദിവസം (പതിമൂന്നിന്) ഉച്ചയായ ശേഷം മൂന്ന് ജംറകളിലും കല്ലെറിയലും നിർബന്ധമായിത്തീരുന്നു. തന്റേതല്ലാത്ത കാരണം കൊണ്ടാണ് മിനാ വിടാൻ വൈകിയതെങ്കിൽ ഉദാഹരണമായി താൻ നേരത്തെ വാഹനത്തിൽ കയറിയിരുന്നെങ്കിലും തിരക്കുകാരണം വൈകുകയും മിനായിൽ തന്നെ സൂര്യൻ അസ്തമിക്കുകയും ചെയ്തതെങ്കിൽ അന്ന് രാപ്പാർക്കലും പിറ്റേ ദിവസം എറിയലും നിർബന്ധമില്ല.

ഹജ്ജ് നിർവഹിച്ച് മക്കയിൽ നിന്നും യാത്ര തിരിക്കുമ്പോൾ വിടവാങ്ങൾ ത്വവാഫ് ചെയ്യാതെ പുറപ്പെടരുത്. നബി (ﷺ) പറ ഞ്ഞു: "കഅബാലയവുമായി അവസാന ബന്ധം നടത്തിയല്ലാതെ (ത്വവാഫ് ചെയ്തല്ലാതെ) ഒരാളും പിരിഞ്ഞു

പോകരുത്" (മുസ്‌ലിം). മറ്റൊരു റിപ്പോർട്ടിലുളളത്: "കഅ്ബാ യല യവുമായി അവസാന ബന്ധം നടത്തിയല്ലാതെ (ത്വവാഫ് ചെയ്തല്ലാതെ) ഒരാളും പിരിഞ്ഞുപോകരുതെന്ന് നബി (ﷺ) ജനങ്ങളോടു കൽപ്പിച്ചു. എന്നാൽ ആർത്തവകാരികളായ സ്ത്രീകൾക്ക് അവിടുന്ന് ഇളവു നൽകുകയും ചെയ്തു" എന്നാണ്. (ബുഖാരി).

പ്രസവാശുദ്ധിയും ആർത്തവാശുദ്ധിയും ഉളളവർക്ക് വിദാഇന്റെ ത്വവാഫ് നിർബന്ധമില്ലെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. മടക്ക യാത്ര പുറപ്പെടുന്ന ഹാജി അവസാനമായി വിടവാങ്ങൽ ത്വവാഫ് ചെയ്താണ് യാത്രതിരിക്കേണ്ടത്. എന്നാൽ യാത്രാ സംഘത്തെ പ്രതീക്ഷിച്ചോ, വാഹനം സൗകര്യപ്പെടുത്താനോ താമസം നേരിട്ടത് കൊണ്ടോ, വഴിയിൽ നിന്ന് വല്ല സാധനവും വങ്ങിയതുകൊണ്ടോ ആണ് യാത്ര വൈകിയതെങ്കിൽ വീണ്ടും വിദാഇന്റെ ത്വവാഫ് മടക്കി ചെയ്യേണ്ടതില്ല. അതേസമയം രാവിലെ പുറപ്പെടാൻ ഉദ്ദേശിച്ചിരുന്നെങ്കിലും വൈകുന്നേരത്തേക്ക് യാത്ര മാറ്റിവെക്കുകയാണെങ്കിൽ ഈ ത്വവാഫ് വീണ്ടും ചെയ്യണം. എങ്കിൽ മാത്രമേ തന്റെ അവസാന ബന്ധം കഅബയോടാകുകയുളളൂ.

ഹജ്ജിന് മുമ്പോ ശേഷമോ മദീനകൂടി സന്ദർശിക്കാൻ ഹാജി ഉദ്ദേശിക്കുന്നുണ്ടെങ്കിൽ മസ്ജിദുന്നബവി സന്ദർശിക്കുന്നു എന്ന നിയ്യത്താണുണ്ടാകേണ്ടത്. ഖബർ സന്ദർശിക്കുന്നു എന്ന നിയ്യത്തല്ല. കാരണം മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അഖ്സാ എന്നീ മൂന്ന് പളളികളിലേക്കല്ലാതെ, ഖബർ സന്ദർശനത്തിനായി തീർത്ഥാടന യാത്ര നടത്താൻ നമുക്ക് അനുവാദമില്ല. മദീനയിലെത്തിയാൽ വലതുകാൽ മുന്തിച്ചു

കൊണ്ടും പ്രാർഥന ചൊല്ലിയും മസ്ജിദുന്നബവിയയിൽ പ്രവേശിക്കുക. പള്ളിയിൽ പ്രവേശിക്കുമ്പോഴുള്ള പ്രാർഥന:

((بِسْمِ اللَّهِ، وَالسَّلَامُ عَلَى رَسُولِ اللَّهِ، اللَّهُمَّ اغْفِرْ لِي ذُنُوبِي، وَافْتَحْ لِي أَبْوَابَ رَحْمَتِكَ أَعُوذُ بِاللَّهِ الْعَظِيمِ، وَبِوَجْهِهِ الْكَرِيمِ، وَسُلْطَانِهِ الْقَدِيمِ، مِنَ الشَّيْطَانِ الرَّجِيمِ))

പിന്നീടു ഇഷ്ടമുള്ളത്രയും അവിടെവെച്ച് നമസ്കരിക്കുക. റൗളയിൽ വെച്ച് നമസ്കരിക്കാൻ സാധിച്ചാൽ അതാണ് ഏറ്റവും നല്ലത്. നബി (ﷺ) യുടെ മിമ്പറിന്റെയും ഖബ്റുള്ള വീടിന്റെയും ഇടക്കുള്ള സ്ഥലമാണ് റൗളാശരീഫ്. അത് സ്വർഗത്തോപ്പാണെന്ന് ഹദീസിൽ വിശേഷിപ്പിക്കപെട്ടിട്ടുണ്ട്. നമസ്കാരശേഷം പ്രാവചകന്റെ ഖബ്റിന്റെ മുമ്പിൽ വന്ന് ശാന്തതയോടെയും മര്യാദയോടെയും നിൽക്കുകയും സലാം പറയുകയും ചെയ്യുക:

السلام عليك أيهاالنبي ورحمة الله وبركاته، اللهم صل على محمد، وعلى آل محمد كما صليت على إبراهيم وعلى آل إبراهيم إنك حميد مجيد،اللهم بارك على محمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم إنك حميد مجيد. أشهد أنك رسول الله حقاً، وأنك قد بلغت الرسالة، وأديت الأمانة، ونصحت الأمة، وجاهدت في الله حق جهاده، فجزاك الله عن أمتك أفضل ما جزى نبيًّا عن أمته.

അനന്തരം അൽപം വലത്തോട്ട് നീങ്ങി അബൂബക്കർ (റ) വിനും വീണ്ടും അൽപം കൂടി വലത്തോട്ട് നീങ്ങി ഉമർ (റ) വിന്നും സലാം പറയുക. അവർക്ക് വേണ്ടി അവിടെവെച്ച് പ്രാർഥിക്കുന്നതും നല്ലതാണ്.

സ്ത്രീകൾ പ്രവാചകന്റെയോ മറ്റുള്ളവരുടെയോ ഖബറുകൾ സന്ദർശിക്കാൻ പാടില്ല. ഖബർ സന്ദർശിക്കുന്ന സ്ത്രീകളേയും അതിന്മേൽ പള്ളിയുണ്ടാക്കുന്നവരേയും വിളക്ക് കത്തിച്ച് വെക്കുന്നവരേയും നബി (ﷺ) ശപിച്ചിട്ടുണ്ട്. (അഹമദ്,

അബൂദാവൂദ്, തുർമുദി, നസാഇ തുടങ്ങിയവർ ഉദ്ദരിച്ചു. ബഹു. അൽബാനി അതിനെ ഹസനാക്കിയിട്ടുണ്ട്). എന്നാൽ സ്ത്രീക്ക് എവിടെ വെച്ചും പ്രവാചകന്റെ മേൽ സ്വലാത്തും സലാമും ചൊല്ലാവുന്നതാണ്. അതെല്ലാം പ്രവാചകന്ന് എത്തിക്കപ്പെടുകയും ചെയ്യുന്നതാണ്.

പുരുഷന്മാർക്ക് അടുത്തുള്ള ബഖീഅ് എന്ന ഖബ്ർസ്ഥാൻ സന്ദർശിക്കുന്നതും നല്ലതാണ്. അപ്പോൾ ഖബറാളികൾക്ക് വേണ്ടിയുള്ള പ്രാർഥന ചൊല്ലേണ്ടതാണ്, അത് താഴെ:

السلام عليكم أهل الديار من المؤمنين والمسلمين وإنا إن شاء الله بكم لاحقون، يرحم الله المستقدمين منا ومنكم والمستأخرين، نسأل الله لنا ولكم العافية، اللهم لاتحرمنا أجرهم، ولا تفتنا بعدهم، واغفر لنا ولهم *(رواه مسلم)*

ഈ പാർപ്പിടങ്ങളിൽ വസിക്കുന്ന മുസ്‌ലിംകളും മഅ്മിനുകളുമായിട്ടുള്ളവരേ, നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരുന്നതാണ്. അല്ലാഹു ഞങ്ങളിലെയും നിങ്ങളിലെയും മുൻഗാമികൾക്കും പിൻഗാമികൾക്കും കാരുണ്യം ചൊരിയട്ടെ. ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം നൽകാൻ ഞങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. അല്ലാഹുവേ, അവരുടെ പേരിലുള്ള പ്രതിഫലം ഞങ്ങൾക്ക് നീ നിഷേധിക്കരുതേ!. അവരുടെ ശേഷം ഞങ്ങളെ നീ കുഴപ്പത്തിലാക്കുകയും ചെയ്യരുതേ!. അവർക്കും ഞങ്ങൾക്കും നീ പൊറുത്ത് തരേണമേ !

# ഉംറയും വിധികളും

**ഉംറ എന്നാൽ**

ഇഹ്റാം ചെയ്തുകൊണ്ട് കഅബാലയത്തെ ത്വവാഫ് ചെയ്തും സ്വഫാ മർവക്കിടയിൽ സഅ്യ് ചെയ്തും മുടി വെട്ടുകയോ മുണ്ഠനം ചെയ്യുകയോ ചെയ്ത് കൊണ്ടും അല്ലാഹുവിന് വേണ്ടി നിർവഹിക്കുന്ന ഇബാദത്താണ് ഉംറ.

**ഉംറയുടെ വിധി**

ഹജ്ജ് പോലെ തന്നെ ജീവിതത്തിൽ ഒരിക്കൽ ഉംറ ചെയ്യലും നിർബന്ധമാണ് എന്നതാണ് പണ്ഡിതന്മാരുടെ പ്രബല മായ അഭിപ്രായം. ആയിശാ(റ) യിൽ നിന്നുള്ള ഹദീസാണ് അതിനുള്ള പ്രമാണം. മഹതി നബി (ﷺ) യോട് ചോദിച്ചു: സ്ത്രീകൾക്ക് ജിഹാദ് നിർബന്ധമുണ്ടോ? അവിടുന്ന് പ്രതിവചി ച്ചു: യുദ്ധമില്ലാത്ത ജിഹാദ് അവർക്ക് നിർബന്ധമാണ്, അതത്രെ ഹജ്ജും ഉംറയും. (അഹമദ്, ഇബ്നുമാജ, അൽബാനി സ്ഥിരീകരിച്ചു)

**ഉംറയുടെ രൂപം**

ഒരു വിശ്വാസി ഉംറക്കായി ഇഹ്റാം ചെയ്യാൻ ഉദ്ദേശി ച്ചാൽ ഹജ്ജിന്ന് ഇഹ്റാം ചെയ്യുന്നതുപോലെ തന്നെ കുളിച്ച്, സുഗന്ധം പൂശി, ഉംറക്കുള്ള ഇഹ്റാം എന്ന് നിയ്യത്ത് മനസ്സിൽ കരുതി, ' لَبَّيْكَ عُمْرَةً ' എന്ന് പറയുക. പിന്നീട് തൽബിയത്തിന്റെ വചനം സ്ത്രീകൾ ശബ്ദം താഴ്ത്തിയും പുരുഷൻമാർ ഉയർത്തി യും ചൊല്ലിക്കൊണ്ടിരിക്കുക. "ലബ്ബൈക ല്ലാഹുമ്മ ലബ്ബൈക ലബ്ബൈക ലാ ശരീക ലക ലബ്ബൈക, ഇന്നൽ ഹംദ വന്നിഅമത്ത ലക വൽമുൽക് ലാ ശരീക്ക ലക" എന്നതാണ് തൽബിയത്ത് വചനം.

ഇഹ്റാം ചെയ്യുന്ന വേളയിൽ തന്റെ കർമ്മം നിർവഹിക്കുന്നതിന്ന് വല്ല പ്രതിബന്ധവും ഭയപ്പെടുന്നുണ്ടെങ്കിൽ

നിബന്ധനവെക്കുന്നത് നല്ലതാണ്. അതിന്ന് ഇങ്ങനെ പറയുക: وَإِنْ حَبَسَنِي حَابِسٌ فَمَحِلِّي حَيْثُ حَبَسْتَنِي (എനിക്ക് വല്ല തടസ്സവും നേരിട്ടാൽ അവിടെ വെച്ച് ഞാൻ തഹല്ലുലാകും ഇഹ്റാമിൽ നിന്ന് ഒഴിവാകും)

മസ്ജിദുൽ ഹറാമിൽ എത്തിയാൽ വലതുകാൽ മുന്തിച്ച് ഇങ്ങനെ പറയുക:

بِسْمِ اللَّهِ، وَالسَّلَامُ عَلَى رَسُولِ اللَّهِ، اللَّهُمَّ اغْفِرْ لِي ذُنُوبِي، وَافْتَحْ لِي أَبْوَابَ رَحْمَتِكَ.

പിന്നീട് ത്വവാഫ് ചെയ്യുന്നതിനായി പോവുക. 'അല്ലാഹു അക്ബർ' എന്ന് ചൊല്ലി ഹജറുൽ അസ്വദ് ചുംബിച്ചോ അതിന് സാധ്യമല്ലെങ്കിൽ തൊട്ടു തടവിയോ അതുമല്ലെങ്കിൽ കൈ കൊണ്ടാംഗ്യം കാണിക്കുകയോ ചെയ്ത് ത്വവാഫ് ആരംഭിക്കുക. ത്വവാഫിന്നിടയിൽ തനിക്കിഷ്ടമുള്ളതെല്ലാം പ്രാർഥിക്കുകയും ദിക്റുകൾ ചൊല്ലുകയും ചെയ്യുക. റുക്നുൽ യമാനിയുടെ അടുത്തെത്തുമ്പോൾ സാധിക്കുമെങ്കിൽ അതിനെ തൊട്ടു തടവുക. ഇല്ലെങ്കിൽ ആംഗ്യം കാണിക്കാതെ നീങ്ങുക. ഉംറ ചെയ്യുന്നവൻ ത്വവാഫിന്റെ ആദ്യാവസാനം മേൽമുണ്ട് ഇൾത്വിബാആയി, (അതിന്റെ മധ്യം വലതു കക്ഷത്തിന്നടിയിലും രണ്ടറ്റവും ഇടത് ചുമലിന് മുകളിലുമായി) ധരിക്കണം. ഉംറക്കോ ഹജ്ജിന്നോ വേണ്ടി എത്തുമ്പോഴുള്ള ആദ്യത്തെ ത്വവാഫിൽ (ത്വവാഫ് ഖുദൂമിൽ) മാത്രമാണ് ഈ രൂപത്തിൽ മേൽമുണ്ട് ധരിക്കുക. ഈ ത്വവാഫിൽ ആദ്യത്തെ മൂന്ന് ചുറ്റിൽ റംലിന്റെ നടത്തം (കാലടികൾ ചേർത്തു വെച്ച് വേഗതയിൽ നടക്കുന്നത്) സുന്നത്താണ്. എന്നാൽ ഈ നടത്തം മറ്റുള്ളവർക്ക് പ്രയാസം ഉണ്ടാക്കുമെങ്കിൽ ഒഴിവാക്കേണ്ടതാണ്.

ത്വവാഫിൽ നിന്ന് വിരമിച്ചാൽ മഖാമു ഇബ്റാഹീമിന്റെ പുറകിൽ നിന്ന് രണ്ട് റക്അത്ത് നമസ്കരിക്കണം. അനന്തരം

സഅയ് ചെയ്യാനായി സ്വഫായുടെ ഭാഗത്തേക്ക് നീങ്ങുക, അപ്പോൾ " إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ" എന്ന് പാരായണം ചെയ്യുക. സ്വഫായിൽ കയറി കഅബായിലേക്ക് തിരിഞ്ഞ് നിന്ന് കൈകൾ ഉയർത്തി അല്ലാഹുവിനെ സ്തുതിച്ച് പ്രാർക്കുക, അതിന് ശേഷം മർവയുടെ ഭാഗത്തേക്ക് നീങ്ങുക, പച്ച നിറം അടയാളപ്പെടുത്തിയ സ്ഥലത്ത് കഴിയുന്നത്ര വേഗതയിൽ ഓടുക, മറ്റുള്ളവർക്ക് പ്രയാസമുണ്ടകരുത്, പച്ച നിറം അവസാനിച്ചാൽ സാധാരണ പോലെ നടക്കുക. മർവയിലെത്തിയാൽ സ്വഫയിലെ പോലെ പ്രാർഥിക്കുക. അങ്ങിനെ ഏഴ് തവണ പൂർത്തിയായാൽ, മുടി വെട്ടുകയോ മുണ്ഠനം ചെയ്യുകയോ ചെയ്യുക. സ്ത്രീകളാണെങ്കിൽ തല മുടിയുടെ അറ്റത്ത് നിന്ന് ഒരു വിരൽ തുമ്പിനോളം മുറിക്കുക. അതോടെ ഉംറപൂർത്തിയായി.

**ഉംറയുടെ റുക്നുകൾ**

ഉംറക്ക് മൂന്ന് റുക്നുകൾ ഉണ്ട്, അവ:

1. ഇഹ്റാംചെയ്യുക.
2. കഅബയെ ത്വവാഫ് ചെയ്യുക.
3. സ്വഫാ മർവക്കിടയിൽ സഅയ് ചെയ്യുക.

**ഉംറയുടെ വാജിബുകൾ**

1. മീഖാത്തിൽ വെച്ച് ഈഹ്റാം ചെയ്യുക.
2. മുടി മുണ്ഠനം ചെയ്യുകയോ വെട്ടുകയോ ചെയ്യുക.

# ഉള്ളടക്കം


| വിഷയങ്ങൾ | | പേജ് |
|---|---|---|
| 1. | ആമുഖം | 3 |
| 2. | ഭാഗം 1 : ഈമാൻ | 7 |
| 3. | ഈമാനിന്റെ അടിത്തറകൾ | 8 |
| 4. | അല്ലാഹുവിലുള്ള വിശ്വാസം | 9 |
| 5. | അല്ലാഹുവിന്റെ അസ്തിത്വത്തിലുള്ള വിശ്വാസം | 10 |
| 6. | അല്ലാഹുവിന്റെ ഉലൂഹിയത്തിലുള്ള വിശ്വാസം | 14 |
| 7. | അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളിലുള്ള വിശ്വാസം | 14 |
| 8. | അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ | 17 |
| 9. | മലക്കുകളിലുള്ള വിശ്വാസം | 18 |
| 10. | മലക്കുകൾ ആരാണ്? | 18 |
| 11. | മലക്കുകളിൽ വിശ്വസിക്കേണ്ടതു എങ്ങിനെ? | 18 |
| 12. | മലക്കുകളിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ | 19 |
| 13. | വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം | 19 |
| 14. | വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നത് | 19 |
| 15. | വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ | 19 |
| 16. | പ്രവാചകന്മാരിലുള്ള വിശ്വാസം | 21 |
| 17. | ആരാണ് പ്രവാചകന്മാർ | 21 |
| 18. | പ്രവാചകന്മാരിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നത് | 23 |
| 19. | പ്രവാചകന്മാരിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ | 23 |
| 20. | അന്ത്യദിനത്തിലുള്ള വിശ്വാസം | 23 |
| 21. | അന്ത്യദിനത്തിന്റെ വിവക്ഷ | 23 |
| 22. | അന്ത്യദിനത്തിലുള്ള വിശ്വാസത്തിന്റെ ഉള്ളടക്കം | 24 |
| 23. | അന്ത്യദിനത്തിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ | 26 |
| 24. | വിധിവ്യവസ്ഥയിലുള്ള (ഖദ്റിൽ) വിശ്വാസം | 27 |
| 25. | വിധിവ്യവസ്ഥയിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നത് | 27 |

| | | |
|---|---|---|
| 26. | വിധിവ്യവസ്ഥയിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ | 29 |
| 27. | അഖീദയുടെ പ്രാധാന്യം | 30 |
| 28. | ഇസ്ലാമിക വിശ്വാസത്തിന്റെ ലക്ഷ്യങ്ങൾ | 30 |
| 29. | വലാഉം ബറാഉം | 32 |
| 30. | വിശ്വാസത്തിൽ അതിന്റെ പ്രാധാന്യം | 32 |
| 31. | അവിശ്വാസികളോടുള്ള മൈത്രിയുടെ രൂപങ്ങൾ | 35 |
| 32. | ഭാഗം രണ്ട്: ശിർക്കും അതിന്റെ ഇനങ്ങളും | 36 |
| 33. | ശിർക്കിന്റെ ഇനങ്ങൾ | 36 |
| 34. | വലിയ ശിർക്ക് | 36 |
| 35. | വലിയ ശിർക്കിന്റെ നിർവചനം | 36 |
| 36. | വലിയ ശിർക്കിന്റെ ഗൗരവം | 37 |
| 37. | വലിയ ശിർക്കിന്റെ ഇനങ്ങൾ | 38 |
| 38. | ചെറിയ ശിർക്കും അതിന്റെ ഇനങ്ങളും | 40 |
| 39. | ചെറിയ ശിർക്കിന്റെ നിർവചനം | 40 |
| 40. | ചെറിയ ശിർക്കിന്റെ ഇനങ്ങൾ | 40 |
| 41. | ചെറിയ ശിർക്കിന്റെ ഗൗരവം | 40 |
| 42. | ചെറിയ ശിർക്കിന്റെ വിഭാഗങ്ങൾ | 41 |
| 43. | ചെറിയ - വലിയ ശിർക്കുകൾ തമ്മിലുള്ള വ്യത്യാസം | 42 |
| 44. | ഖബർ സന്ദർശനം | 43 |
| 45. | ഖബർ സന്ദർശനത്തിന്റെ വിഭാഗങ്ങൾ | 43 |
| 46. | സുന്നത്തായ സന്ദർശനവും മര്യാദകളും | 43 |
| 47. | ബിദ്അത്തായ സന്ദർശനം | 44 |
| 48. | ശിർക്കായ സന്ദർശനം | 44 |
| 49. | നിഫാഖും അതിന്റെ ഇനങ്ങളും | 46 |
| 50. | വലിയ നിഫാഖ് | 46 |
| 51. | ചെറിയ നിഫാഖ് | 47 |
| 52. | മാരണവും ക്ഷുദ്രവിദ്യകളും | 48 |
| 53. | സിഹ്റിന്റെ യാഥാർത്ഥ്യം | 48 |
| 54. | അതിന് സ്വാധീനമുണ്ടാക്കാൻ കഴിയുമോ? | 48 |

| | | |
|---|---|---|
| 55. | വ്യക്തിയിലും കുടുംബത്തിലും അതിന്റെ അപകടം | 49 |
| 56. | സിഹ്റിന്റെയും സാഹിറന്മാരുടേയും വിധി | 50 |
| 57. | സിഹ്റിൽ നിന്നും എങ്ങിനെ രക്ഷപ്രാപിക്കാം | 51 |
| 58. | ഭാഗം 3 : രണ്ട് സാക്ഷ്യങ്ങൾ | 54 |
| 59. | തൗഹീദ് എന്ന വിജ്ഞാന ശാഖ | 54 |
| 60. | ഇസ്ലാം എന്നതിന്റെ അർത്ഥം | 54 |
| 61. | തൗഹീദിന്റെ ഇനങ്ങൾ | 56 |
| 62. | തൗഹീദുൽ ഇൽമി വൽഇഅ്തിഖാദ് | 56 |
| 63. | തൗഹീദുൽ ഇറാദത്തി വൽ ഖസ്ദ് | 56 |
| 64. | തൗഹീദുറുബൂബിയ്യഃ | 56 |
| 65. | തൗഹീദുൽ ഉലൂഹിയ്യഃ | 58 |
| 66. | തൗഹീദുൽ അസ്മാഇ വസ്സിഫാത്ത് | 63 |
| 67. | കർമ്മങ്ങളിൽ തൗഹീദിന്റെ സ്വാധീനവും മഹത്വവും | 64 |
| 68. | ലാഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ അർഥം | 64 |
| 69. | മുഹമ്മദു റസൂലുല്ലാഹ് എന്നതിന്റെ അർഥം | 65 |
| 70. | ഇബാദത്ത് | 66 |
| 71. | ഇബാദത്തിന്റെ നിബന്ധനകൾ | 67 |
| 72. | ഇബാദത്തുകൾ നിർമ്മിക്കപ്പെടുന്ന അടിസ്ഥാനങ്ങൾ | 68 |
| 73. | ഇബാദത്തിന്റെ ഇനങ്ങൾ | 70 |
| 74. | ഭാഗം നാല്: നമസ്കാരം | 72 |
| 75. | ശുദ്ധീകരണം | 72 |
| 76. | ശുദ്ധീകരണത്തിന്റെ വിധി | 72 |
| 77. | ശുദ്ധീകരണത്തിന്റെ ഇനങ്ങൾ | 72 |
| 78. | മലമൂത്ര വിസർജ്ജന മര്യാദകൾ | 73 |
| 79. | വുളൂഅ് | 75 |
| 80. | വുളൂഇന്റെ വിവക്ഷ | 75 |
| 81. | വുളൂഇന്റെ തെളിവുകൾ | 75 |
| 82. | വുളൂഇന്റെ ശ്രേഷ്ഠത | 76 |
| 83. | വുളൂഇന്റെ ഫർളുകൾ | 78 |

84. വുളൂഇന്റെ സുന്നത്തുകൾ 79
85. വുളൂഇൽ വെറുക്കപ്പെടുന്ന കാര്യങ്ങൾ 80
86. വുളൂഇന്റെ രൂപം 80
87. വുളൂ മുറിയുന്ന കാര്യങ്ങൾ 81
88. ചില സുപ്രധാന വിഷയങ്ങൾ 82
89. ഖുഫ്ഫയിൽ തടവൽ 82
90. ഖുഫ്ഫയുടെ വിവക്ഷ 82
91. ഖുഫ്ഫയിൽ തടവുന്നതിനുള്ള തെളിവ് 82
92. ഖുഫ്ഫയിൽ തടവുന്നതിനുള്ള നിബന്ധനകൾ 83
93. തടവുന്നതിനുള്ള കാലപരിധി 83
94. തടവുന്നതിനുള്ള രൂപം 83
95. തടവുന്നതിനെ അസാധുവാക്കുന്നവ 83
96. കുളി 84
97. കുളി നിർബന്ധമാക്കുന്ന കാര്യങ്ങൾ 84
98. കുളിയുടെ രൂപം 85
99. തയമ്മും 86
100. തയമ്മും ചെയ്യേണ്ടത് എപ്പോൾ 86
101. തയമ്മും അസാധുവാക്കുന്നത് 86
102. തയമ്മുമിന്റെ രൂപം 86
103. ഹൈളും നിഫാസും ഇസ്തിഹാളയും 87
104. ഹൈളിന്റെ വിവക്ഷ 87
105. ഇസ്തിഹാളയുടെ വിവക്ഷ 87
106. ഹൈളു- നിഫാസ് ചില നിയമങ്ങൾ 87
107. മുസ്തഹാളയുടെ അവസ്ഥകൾ 88
108. മുസ്തഹാളയുടെ നിയമങ്ങൾ 88
109. നമസ്കാരം 89
110. നമസ്കാരത്തിന്റെ വിവക്ഷ 89
111. നമസ്കാരം ഉപേക്ഷിക്കുന്നവന്റെ വിധി 92
112. നമസ്കാരത്തിന്റെ റുക്നുകൾ 93

113. നമസ്കാരത്തിന്റെ നിബന്ധനകൾ 94
114. നമസ്കാരത്തിന്റെ വാജിബുകൾ 94
115. നമസ്കാരത്തിന്റെ സുന്നത്തുകൾ 95
116. ജമാഅത്ത് നമസ്കാരം 95
117. അതിന്റെ മഹത്വം 95
118. അതിന്റെ നിയമങ്ങൾ 96
119. ജമാഅത്തിന് എത്ര ആളുകളുണ്ടാവണം 97
120. ജമാഅത്തു ഉപേക്ഷിക്കാനുള്ള ഒഴിവുകൾ 98
121. മഅ്മൂമുമായി ബന്ധപെട്ട നിയമങ്ങൾ 98
122. ഇമാമുമായി ബന്ധപെട്ട നിയമങ്ങൾ 99
123. രോഗിയുടെ നമസ്കാരം 99
124. ജുമഅ നമസ്കാരം 101
125. ജുമഅയുടെ നിയമങ്ങൾ 101
126. ജുമഅ നിർബന്ധമാകുന്നത് ആർക്കെല്ലാം 101
127. ജുമഅ നിശ്ചയിക്കപെട്ടതിലെ തത്വം 101
128. ജുമഅ നമസ്കാരത്തിനുള്ള നിബന്ധനകൾ 102
129. രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ 103
130. അതിന്റെ നിയമം 103
131. പെരുന്നാൾ നമസ്കാര സമയം 103
132. പെരുന്നാൾ നമസ്കാര സ്ഥലം 103
133. പെരുന്നാൾ നമസ്കാര രൂപം 103
134. ഗ്രഹണ നമസ്കാരം 104
135. സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും 104
136. ഗ്രഹണ നമസ്കാര രൂപം 104
137. മഴക്ക് വേണ്ടിയുള്ള നമസ്കാരം 105
138. മഴക്ക് വേണ്ടിയുള്ള നമസ്കാരവിധികൾ 106
139. മഴക്ക് വേണ്ടിയുള്ള നമസ്കാര രൂപം 106
140. സുന്നത്ത് നമസ്കാരം 106
141. തറാവീഹ് നമസ്കാരം 107

142. ജനാസ നമസ്കാരം 109
143. ജനാസ വിധികൾ 109
144. ജനാസ നമസ്കാര നിയമങ്ങൾ 109
145. ജനാസ നമസ്കാര നിബന്ധനകൾ 109
146. ജനാസ നമസ്കാരത്തിന്റെ റുക്നുകൾ 110
147. ജനാസ നമസ്കാര രൂപം 110
148. ചില സുപ്രധാന വിഷയങ്ങൾ 111
149. ഭാഗം അഞ്ച് സകാത്ത് 112
150. സകാത്തിന്റെ നിർവചനം 112
151. പ്രാധാന്യവും അതു നിയമമാക്കിയതിലെ തത്വവും 112
152. നിർബന്ധമാണെന്നതിന്റെ തെളിവുകൾ 113
153. സകാത്തിന്റെയും നികുതിയുടെയും വ്യത്യാസം 115
154. സകാത്തിന് പകരം നികുതി അടച്ചാൽ മതിയോ 116
155. സകാത്തിന്റെ നിബന്ധനകൾ 116
156. സകാത്ത് തടയുന്നവന്റെ വിധി 117
157. സകാത്ത് നിർബന്ധമായ സ്വത്തുകൾ 118
158. സ്വർണ്ണത്തിന്റെയും വെള്ളിയുടേയും അതിന്റെ സ്ഥാനത്ത് നിൽക്കുന്നവയുടേയും സകാത്ത് 119
159. സ്വർണ്ണത്തിന്റെയും വെള്ളിയുടേയും സകാത്ത് നാണയമായി നൽകൽ 119
160. നിലവിലുള്ള നാണയങ്ങളുടെ നിസ്വാബ് 119
161. കച്ചവടച്ചരക്കുകൾ 119
162. കച്ചവടച്ചരക്കുകളുടെ നിബന്ധനകൾ 120
163. ചരക്കുകളുടെ ഇനങ്ങൾ 120
164. കാലികളുടെ സകാത്ത് 120
165. കാലികളുടെ സകാത്തിന്റെ നിബന്ധനകൾ 120
166. ഒട്ടകത്തിന്റെ സകാത്ത് വിശദമാക്കുന്ന ചാർട്ട് 121
167. മാടുകളുടെ സകാത്ത് വിശദമാക്കുന്ന ചാർട്ട് 121
168. ആടുകളുടെ സകാത്ത് വിശദമാക്കുന്ന ചാർട്ട് 125

169. കാർഷികോൽപന്നങ്ങളുടെ സകാത്ത് 122
170. സകാത്ത് നിർബന്ധമായ കൃഷികളും വിളകളും 122
171. കൃഷികളുടേയും വിളകളുടേയും നിസ്വാബ് 122
172. കൃഷികളുടേയും വിളകളുടേയും സകാത്തിൽ അറിഞ്ഞിരിക്കേണ്ടത് 123
173. സകാത്തിൽ അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ 123
174. സകാത്തിന്റെ അവകാശികൾ 127
175. സകാത്തിന്റെ അവകാശികളുടെ വിവക്ഷ 127
176. ദരിദ്രർ 128
177. അഗതികൾ 129
178. സകാത്തിന്റെ ഉദ്യോഗസ്ഥർ 129
179. ഹൃദയം ഇണക്കപെട്ടവർ 129
180. അടിമകൾ 130
181. കടക്കാർ 130
182. അല്ലാഹുവിന്റെ മാർഗത്തിൽ 131
183. വഴിപോക്കൻ 132
184. സകാത്ത് നൽകപ്പെടാൻ പാടില്ലാത്തവർ 132
185. ഫിത്ർ സകാത്ത് 133
186. സകാത്തുൽ ഫിത്റിന്റെ വിധി 133
187. ഫിത്ർ സകാത്ത് നിയമമാക്കിയതിലെ തത്വം 133
188. ഫിത്ർ സകാത്ത് നൽകേണ്ട സമയം 133
189. ഫിത്ർ സകാത്തിന്റെ അവകാശികൾ 134
190. ഭാഗം ആറ്: നോമ്പ് (വ്രതാനുഷ്ഠാനം) 135
191. വ്രതാനുഷ്ഠാനം 135
192. വ്രതം: ഭാഷാ നിർവചനം 135
193. വ്രതം: സാങ്കേതിക നിർവചനം 135
194. ഇസ്ലാമിൽ വ്രതത്തിന്റെ സ്ഥാനം 136
195. വ്രതത്തിന്റെ മഹത്ത്വങ്ങൾ 137
196. വ്രതം: നിർബന്ധമാണെന്നതിന്റെ തെളിവ് 139

| | |
|---|---|
| 197. ആർക്കെല്ലാമാണ് വ്രതം നിർബന്ധമുള്ളത്? | 140 |
| 198. റമദാൻ മാസപ്പിറവി കാഴ്ചയും വിധികളും | 142 |
| 199. നോമ്പു മുറിക്കാവുന്ന ഇളവുകൾ | 142 |
| 200. നോമ്പ് നഷ്ടപ്പെടുത്തുന്ന കാര്യങ്ങൾ | 145 |
| 201. നോമ്പിന്റെ മാര്യാദകൾ | 146 |
| 202. നിർബന്ധ മര്യാദകൾ | 146 |
| 203. സുന്നത്തായ മര്യാദകൾ | 146 |
| 204. സുന്നത്തായ നോമ്പുകൾ | 146 |
| 205. ഐച്ഛിക നോമ്പുകളുടെ സത്ഫലങ്ങൾ | 148 |
| 206. ഭാഗം ഏഴ് : ഹജ്ജ് | 150 |
| 207. ഹജ്ജ് | 150 |
| 208. ഹജ്ജ്: നിർവചനം | 150 |
| 209. ഹജ്ജ്: നിയമമാക്കിയതിന്റെ അടിസ്ഥാനം | 150 |
| 210. ഹജ്ജിന്റെ ശ്രേഷ്ഠതകൾ | 151 |
| 211. ഹജ്ജിന്റെ ലക്ഷ്യങ്ങൾ | 152 |
| 212. ഹജ്ജിന്റെ നിബന്ധനകൾ | 153 |
| 213. ഹജ്ജിന്റെ റുക്നുകൾ | 155 |
| 214. ഹജ്ജിന്റെറ വാജിബുകൾ | 155 |
| 215. ഹജ്ജിന്റെ പ്രധാന സുന്നത്തുകൾ | 154 |
| 216. ഹജ്ജിന്റെ മീഖാത്തുകൾ | 157 |
| 217. മീഖാത്തുകളിലെ മുഖ്യ വിഷയങ്ങൾ | 158 |
| 218. ഹജ്ജിന്റെ മനാസികുകൾ | 159 |
| 219. ഇഹ്റാം | 159 |
| 220. ഇഹ്റാമിന്റെ നിർവചനവും വിധികളും | 159 |
| 221. ഇഹ്റാമിന്റെ രൂപങ്ങൾ | 159 |
| 222. ഇഹ്റാമിന്റെ വാജിബുകൾ | 160 |
| 223. ഇഹ്റാമിന്റെ സുന്നത്തുകൾ | 160 |
| 224. ഇഹ്റാമിൽ പാടില്ലാത്തവ | 161 |
| 225. തൽബിയത്ത് | 162 |

| | |
|---|---|
| 226. തൽബിയത്ത്: അർഥം | 162 |
| 227. തൽബിയത്ത്: വിധികൾ | 162 |
| 228. ത്വവാഫ് | 162 |
| 229. ത്വവാഫ് : വിധികൾ | 162 |
| 230. ത്വവാഫ് : നിബന്ധനകൾ | 163 |
| 231. ത്വവാഫ് : സുന്നത്തുകൾ | 164 |
| 232. സഅ്‌യ് | 164 |
| 233. സഅ്‌യ് : നിബന്ധനകൾ | 164 |
| 234. അറഫാ നിറുത്തം | 165 |
| 235. അറഫാ നിറുത്തം: നിബന്ധനകൾ | 165 |
| 236. അറഫാ നിറുത്തം ൻഷ്ടപ്പെട്ടാലുള്ള വിധി | 166 |
| 237. മുസ്ദലിഫയിൽ രാപ്പാർക്കൽ | 168 |
| 238. മുസ്ദലിഫയിൽ രാപ്പാക്കുന്നതിന്റെ വിധി | 168 |
| 239. രാപ്പാർക്കുന്നത് ഉപേക്ഷിച്ചാലുള്ള വിധി | 169 |
| 240. ജംറകളിൽ കല്ലെറിയൽ | 169 |
| 241. ജംറകളിൽ കല്ലെറിയുന്നതിന്റെ വിധി | 169 |
| 242. എറിയേണ്ട സമയം | 169 |
| 243. ജംറകളിൽ കല്ലെറിയുന്നതിന്റെ നിബന്ധനകൾ | 170 |
| 244. പകരം എറിയൽ | 170 |
| 245. മുടി എടുക്കൽ | 171 |
| 246. മുടി എടുക്കൽ: വിധികൾ | 171 |
| 247. മുടി എടുക്കേണ്ട സമയം | 171 |
| 248. മുടി വടിക്കലും വെട്ടലും ചില ചർച്ചകൾ | 172 |
| 249. ബലി അറുക്കൽ | 172 |
| 250. ബലിയുടെ വിവക്ഷ | 172 |
| 251. ബലിയുടെ വിഭാഗങ്ങൾ | 172 |
| 252. ബലിയുടെ നിബന്ധനകൾ | 173 |
| 253. മിനായിൽ രാപ്പാർക്കൽ | 173 |
| 254. മിനായിൽ രാത്രി കഴിച്ചുകൂട്ടുന്നതിന്റെ വിധികൾ | 173 |

| | |
|---|---|
| 255. മിനായിൽ രാത്രി താമസിക്കുന്നതിൽ ഇളവുള്ളവർ | 174 |
| 256. രാത്രി താമസം കൊണ്ട് ആവശ്യപ്പെടുന്നത് | 174 |
| 257. ഹാജിമാരിൽ സംഭവിക്കുന്ന പിഴവുകൾ | 174 |
| 258. ഹജ്ജ് നിർവ്വഹിക്കുന്ന രൂപം | 176 |
| 259. ഉംറയും വിധികളും | 183 |
| 260. ഉംറ എന്നാൽ.. | 183 |
| 261. ഉംറയുടെ വിധി | 183 |
| 262. ഉംറയുടെ രൂപം | 183 |
| 263. ഉംറയുടെ റുക്നുകൾ | 185 |
| 264. ഉംറയുടെ വാജിബുകൾ | 185 |